എലൻ ജി. വൈറ്റ്

# പ്രത്യാശയുടെ ചരിത്രം

OWPH
IN HIS SERVICE

Printed at Oriental Watchman Publishing House, Pune, India

Malayalam
***Prathyasayude Charithram***
**Ellen G. White**

*Translated by*
**K.Y.Thankachan**

*Edited by*
**Soey Thomas**

*Type Setting & Layout*
Ebenezer, Thrissur

*Published by*
SWIU of Seventh-day Adventists
Post Bag No. 753, Evergreen Lane
Moospet Road, Thrissur - 680 005
Kerala, India
Ph: 0487 2440341 / 43
Email: swiusda5@gmail.com
soeytom@gmail.com

*Printed at*
Oriental Watchman Publishing House
Post Box 1417, Salisbury Park
Pune - 411 017, India

Copyright © 2017 Publishers
All Rights Reserved

*First Edition*
5000 Copies

*Price*
₹ 50.00

# ഉള്ളടക്കം


മുഖവുര

1. മത്സരം ........ 7
2. സൃഷ്ടിപ്പ് ........ 13
3. ദുരന്തം ........ 17
4. പരിഹാരം ........ 30
5. വിടുതൽ ........ 36
6. നീതിന്യായ വ്യവസ്ഥ ........ 47
7. രക്ഷകൻ ........ 62
8. യാഗം ........ 73
9. കീഴടക്കൽ ........ 95
10. ശക്തി ........ 103
11. വിശ്വാസ ത്യാഗം ........ 110
12. വിശുദ്ധ മന്ദിരം ........ 124
13. വീണ്ടെടുപ്പ് ........ 128
14. വിധി ........ 138
15. പുതിയ ആരംഭം ........ 149






# മുഖവുര

നമ്മുടെ ലോകം ഇത്രയും മോശമായി കുഴഞ്ഞുമറിഞ്ഞതെങ്ങനെ? എന്തുകൊണ്ടാണ് കഷ്ടതയുണ്ടായിരിക്കുന്നത്? ദുഷ്ടത എവിടെനിന്നു വന്നു? അത് എപ്പോഴെങ്കിലും അവസാനിക്കുമോ?

ചിന്തിക്കുന്ന എല്ലാവരേയും ഇതുപോലുള്ള ചോദ്യങ്ങൾ വിഷമിപ്പിക്കുന്നുണ്ട്. അതിനു ശാസ്ത്രത്തിനുത്തരമില്ല, തത്വശാസ്ത്രത്തിലെ ഉത്തരങ്ങൾ തമ്മിൽ ഖണ്ഡിക്കുന്നു. നമുക്കു സത്യം എവിടെ കണ്ടെത്താം?

The story of Redemption എന്ന പുസ്തകത്തിൽനിന്നു തെരഞ്ഞെടുത്ത ഭാഗങ്ങളാണ് ഈ ഗ്രന്ഥത്തിലുള്ളത്. ഇതിന്റെ എഴുത്തുകാരിയായ എലൻ. ജി. വൈറ്റ് അമേരിക്കയിലെ എക്കാലത്തേയും ഏറ്റവും പ്രധാനപ്പെട്ട (100) നൂറ് ലേഖകരിൽ ഒരാളായി **സ്മിത്ത് സോണിയൻ** മാസിക ഒരു പ്രത്യേക പതിപ്പിലൂടെ (Spring 2015) തെരഞ്ഞെടുത്തയാളാണ്. അവരുടെ പുസ്തകങ്ങൾ 160 – ലേറെ ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. അവരുടെ ആശയങ്ങളും ഉത്തേജനവും കോടിക്കണക്കിനാളുകൾക്കു പ്രയോജനപ്പെട്ടിട്ടുണ്ട്.

'പ്രത്യാശയുടെ ചരിത്രം' നിങ്ങൾക്കും ഒരനുഗ്രഹമായിത്തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു.





അദ്ധ്യായം - 1

# മത്സരം

*യെശ. 14:12-14; യെഹ. 28:17; വെളി. 12:7-9. ഈ വേദഭാഗങ്ങളെ ആസ്പദമാക്കിയാണ് ഈ അദ്ധ്യായം തയ്യാറാക്കിയിട്ടുള്ളത്.*

തന്റെ മത്സരത്തിനു മുമ്പ്, സ്വർഗ്ഗത്തിൽ, ദൈവപുത്രന്റെ തൊട്ടടുത്ത സ്ഥാനത്ത്, വലിയ സ്ഥാനമാനങ്ങൾ അലങ്കരിച്ചിരുന്ന ഒരു മാലാഖയായിരുന്നു ലൂസിഫർ. മറ്റു ദൂതന്മാരുടേതുപോലെ അവന്റെ മുഖവും മൃദുലവും സന്തോഷം സ്ഫുരിക്കുന്നതുമായിരുന്നു. അവന്റെ നെറ്റിത്തടം ഉയർന്നതും വിശാലവുമായിരുന്നു, നല്ല ബുദ്ധിസാമർത്ഥ്യമുള്ളവനായിരുന്നു. അവന്റെ ശരീരത്തിന്റെ ആകൃതി കുറ്റമറ്റതായിരുന്നു, അവന്റെ വ്യക്തിത്വം ശ്രേഷ്ഠവും കുലീനവുമായിരുന്നു. ഒരു പ്രത്യേക പ്രകാശം അവന്റെ മുഖത്തുനിന്നു പുറപ്പെട്ട് ശരീരത്തെ ചുറ്റിമിന്നി, മറ്റു മാലാഖമാർക്കുള്ളതിനെക്കാൾ മനോഹരവും ഉജ്ജ്വലവുമായിരുന്നു അത്; എങ്കിലും ദൈവത്തിന്റെ പുത്രനായ ക്രിസ്തുവായിരുന്നു എല്ലാ മാലാഖമാരുടേയും തലവൻ. ദൂതന്മാരെ സൃഷ്ടിക്കുന്നതിനു മുമ്പു തന്നെ അവൻ പിതാവുമായി ഒരുമിച്ചായിരുന്നു. ക്രിസ്തുവിനോടു ലൂസിഫറിന് അസൂയയായി, അവൻ തന്ത്രപൂർവ്വം ക്രമേണ ദൂതന്മാരുടെ മേലുള്ള നിയന്ത്രണം സ്വന്തമാക്കി.

സ്വർഗ്ഗത്തിന്റെ ഭരണാധിപനായി ദൂതന്മാർ ക്രിസ്തുവിനെ അംഗീകരിച്ചിരുന്നു, അവന്റെ പദവിയും അധികാരവും തുല്യമായിരുന്നു. എന്നാൽ ദൂതന്മാരുടെ ഇടയിൽ താനാണ് ഏറ്റവും പ്രിയപ്പെട്ടവൻ എന്നു ലൂസിഫർ ചിന്തിച്ചു. ദൈവം അവനൊരു വലിയ സ്ഥാനം കൊടുത്തിരുന്നു, എങ്കിലും അവൻ തന്റെ സൃഷ്ടാവിന് സ്തുതിയും നന്ദിയും അർപ്പിച്ചില്ല. അവൻ ദൈവത്തോട് സമനാകാൻ ആഗ്രഹിച്ചു. തന്റെ ഉന്നതമായ സ്ഥാനത്തെക്കുറിച്ചവൻ അഹങ്കരിച്ചു. ദൂതന്മാർ അവനെ ബഹുമാനി



ക്കുന്നുണ്ടെന്ന് അവനറിയാമായിരുന്നു. അവന് ഒരു പ്രത്യേക ദൗത്യം നിർവഹിക്കാനുണ്ടായിരുന്നു. ഉന്നതനായ സൃഷ്ടാവായ ദൈവത്തിന്റെ അടുത്തു നില്ക്കുന്നവനായിരുന്നു അവൻ, നിത്യനായ ദൈവത്തെ ചുറ്റി വലയം ചെയ്തിരുന്ന മഹത്വകരവും അനന്തവുമായ പ്രകാശവലയം അവന്റെ മേലും വീശിയിരുന്നു. ദൂതന്മാർ എത്ര സന്തോഷത്തോടെയും വേഗത്തിലും തന്റെ ആജ്ഞകൾ അനുസരിക്കുന്നു എന്നവൻ ആലോചിച്ചു. എന്റെ വസ്ത്രങ്ങൾ മനോഹരവും പ്രകാശപൂരിതവുമല്ലേ? എന്നേക്കാളധി കമായി എന്തിനു ക്രിസ്തുവിനെ ഇങ്ങനെ ബഹുമാനിക്കണം?

യേശുക്രിസ്തുവിനോട് അടങ്ങാത്ത അസൂയയും അസംതൃപ്തിയും നിറഞ്ഞവനായി അവൻ പിതാവിന്റെ സന്നിധി വിട്ടിറങ്ങി. യഥാർത്ഥ ഉദ്ദേശ്യം മറച്ചു വെച്ചുകൊണ്ട് ദൂതന്മാരെ തന്റെ ചുറ്റും വിളിച്ചുകൂട്ടി. തന്റെ വിഷയം അവരുടെ മുമ്പിൽ അവതരിപ്പിച്ചു. ദൈവം തന്നെ അവ ഗണിച്ചുകൊണ്ട് എപ്രകാരം യേശുവിനു പ്രാധാന്യം കൊടുത്ത് തന്നോട് അനീതി കാണിച്ചുവെന്ന് അവൻ വിവരിച്ചു. അവിടം മുതൽ ദൂതന്മാർ അനുഭവിച്ചതായ എല്ലാ സ്വാതന്ത്ര്യത്തിന്റെ മധുരവും അവസാനിച്ചു വെന്നവൻ പറഞ്ഞു. ഇനിമേൽ അവർ അടിമകളെപ്പോലെ ബഹുമാനി ക്കേണ്ടതായ ഒരു ഭരണാധികാരിയെയാണ് അവരുടെമേൽ നിയമിച്ചിരി ക്കുന്നതെന്നും പറഞ്ഞു.

താൻ അവരെ വിളിച്ചുകൂട്ടിയിരിക്കുന്നത്, തന്റെയും അവരുടെയും അവകാശങ്ങളുടെ മേലുള്ള ഈ കടന്നു കയറ്റം താൻ ഒരിക്കലും അനു വദിക്കുകയില്ലെന്നും, ഇനിയൊരിക്കലും ക്രിസ്തുവിന്റെ മുമ്പിൽ വണങ്ങു കയില്ലെന്നും അവർക്കുറപ്പു കൊടുക്കാൻ വേണ്ടിയാണെന്നും പ്രഖ്യാപിച്ചു. ദൈവം തന്റെ മേൽ ചൊരിയേണ്ടിയിരുന്ന ബഹുമാനം താൻ സ്വയം ഏറ്റെടുക്കുകയാണെന്നും, തന്നെ അനുഗമിച്ചു തന്റെ വാക്കുകൾ അനു സരിക്കുന്ന എല്ലാവരുടെയും കമാൻഡർ ഇനി മുതൽ താനായിരിക്കും എന്നും പ്രസ്താവിച്ചു.

മാലാഖമാരുടെ ഇടയിൽ ശക്തമായ അഭിപ്രായ ഭിന്നതകൾ ഉണ്ടായി. ലൂസിഫറും അവനോട് അനുകമ്പയുള്ളവരും ദൈവത്തിന്റെ ഭരണകൂടം അഴിച്ചു പണിയാൻ ശ്രമിച്ചു. പുത്രന്റെ അധികാരത്തിനെതിരെ അവർ മത്സരിച്ചു.

ദൈവത്തോടു കൂറുള്ളവരും സത്യസന്ധരുമായ മാലാഖമാർ ശക്തനായ ഈ മത്സരിയെ അവന്റെ സൃഷ്ടാവിന്റെ ഹിതത്തിലേക്കു മടക്കിക്കൊണ്ടു വരാൻ ആവോളം ശ്രമിച്ചു. ദൂതന്മാരെ സൃഷ്ടിക്കുന്നതിനു മുമ്പുതന്നെ പിതാവിനോടുകൂടെയുണ്ടായിരുന്ന ദൈവപുത്രനാണു ക്രിസ്തുവെന്നവർ അവനോടു വാദിച്ചു. അവൻ എല്ലായ്പോഴും പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തു നില്ക്കുന്നവനാണ്. ഇതിനു മുമ്പൊരിക്കലും അവന്റെ

ശാന്തവും സ്നേഹനിർഭരവുമായ അധികാരം ചോദ്യം ചെയ്യപ്പെട്ടിട്ടില്ല. സ്വർഗ്ഗീയ സൈന്യത്തിനു സന്തോഷവും ആനന്ദവുമായുള്ള കല്പനകൾ മാത്രമെ ഇന്നുവരേയും അവനിൽ നിന്നു വന്നിട്ടുള്ളു.

ക്രിസ്തുവിന്റെ പ്രത്യേക ബഹുമതി, ദൈവം ലൂസിഫറിനു കൊടുത്തിട്ടുള്ള ബഹുമതിയെ നിഷ്പ്രഭമാക്കുന്നില്ലെന്ന് അവർ വാദിച്ചു. ദൈവദൂതന്മാർ കരഞ്ഞു. അവന്റെ ദുഷിച്ച താല്പര്യങ്ങൾ ഉപേക്ഷിച്ച്, സ്രഷ്ടാവിന്റെ മുമ്പിൽ ആത്മസമർപ്പണം ചെയ്യാൻ, അവർ അവനെ പരമാവധി നിർബ്ബന്ധിച്ചു. ഇതുവരെ എല്ലാം സമാധാനപൂർണ്ണവും സന്തോഷപ്രദവുമായിരുന്നല്ലോ എന്നവർ ചൂണ്ടിക്കാട്ടി. കീഴടങ്ങാൻ മടിക്കുന്ന മത്സരത്തിന്റെ ഈ ശബ്ദത്തിനു വേറെ എന്തു കാരണമാണുണ്ടായിരുന്നത്?

ലൂസിഫർ ശ്രദ്ധിക്കാൻ കൂട്ടാക്കിയില്ല. പിന്നെയവൻ വിശ്വസ്തരായ ദൂതന്മാരെ അടിമകളെന്നു വിളിച്ചാക്ഷേപിച്ചുകൊണ്ട് ഒഴിഞ്ഞുമാറി. ഒരു വിപ്ലവം സൃഷ്ടിക്കാനുള്ള ലൂസിഫറിന്റെ ശ്രമം ക്രമേണ വിജയിക്കുന്നതു കണ്ട് വിശ്വസ്തരായ ദൂതന്മാർ ആശ്ചര്യത്തോടെ നോക്കി നിന്നു. ഇപ്പോഴുള്ളതിനെക്കാൾ നല്ലയൊരു ഭരണകൂടവും പൂർണ്ണമായ സ്വാതന്ത്ര്യവും അവൻ അവർക്കു വാഗ്ദാനം ചെയ്തു. തങ്ങളുടെ നേതാവും പ്രധാന കമാൻഡറും എന്ന നിലയിൽ ധാരാളം പേർ അവനെ അംഗീകരിച്ചു. തന്റെ ശ്രമങ്ങൾ വിജയിക്കുന്നു എന്നു തോന്നിയപ്പോൾ, ഏറെ താമസിയാതെ എല്ലാ ദൂതന്മാരും തന്റെ കൂടെ ചേരുമെന്നും, താൻ ദൈവത്തോടു സമനാകുമെന്നും അവൻ വീമ്പിളക്കി. അപ്പോൾ സ്വർഗ്ഗത്തിലെ സകല സൈന്യവും തന്റെ ആജ്ഞ അനുസരിക്കുന്നത് എല്ലാവരും കാണും എന്നവൻ അവകാശപ്പെട്ടു.

ഇങ്ങനെ മത്സരിച്ചു മുന്നോട്ടുപോയാൽ വരാൻ പോകുന്ന തിക്തഫലങ്ങളെക്കുറിച്ച് വിശ്വസ്തരായ ദൂതന്മാർ വീണ്ടും അവനു മുന്നറിയിപ്പു കൊടുത്തു. ദൂതന്മാരെ സൃഷ്ടിക്കാൻ ശക്തനായ ദൈവത്തിന് മത്സരികളെ കീഴടക്കാനും ശിക്ഷിക്കാനും സാധിക്കും. ദൈവത്തെപ്പോലെ തന്നെ പരിപാവനമായ ദൈവത്തിന്റെ കല്പനകളെ ഒരു ദൂതൻ എതിർക്കാൻ തീരുമാനിക്കുകയെന്നു പറഞ്ഞാൽ! ലൂസിഫറിന്റെ വഞ്ചനാപരമായ വാക്കുകൾ കേൾക്കാതെ ദൈവമുമ്പാകെ ചെന്ന്, ദൈവത്തിന്റെ അധികാരത്തെ ചോദ്യം ചെയ്യാൻ ചിന്തിച്ചുപോയതിന് മാപ്പിരക്കുവാൻ ലൂസിഫറിനോടും കൂട്ടാളികളോടും അവർ ഉപദേശിച്ചു.

ലൂസിഫറിന്റെ സംഘത്തിലെ അനേകം പേർക്ക്, വിശ്വസ്തരായ ദൂതന്മാരുടെ നല്ല ആലോചന സ്വീകരിക്കണമെന്നും ദൈവത്തോടും ദൈവപുത്രനോടും നിരപ്പിലെത്തണമെന്നും ആഗ്രഹമുണ്ടായിരുന്നു. തനിക്കു ദൈവത്തിന്റെ കല്പനകൾ നല്ലതുപോലെ അറിയാമെന്നും, കീഴടങ്ങിക്കൊണ്ട് അടിമത്വപരമായ കല്പനകൾ അനുസരിക്കാൻ താൻ



തയ്യാറായാൽ, തന്റെ മഹത്വം ദൈവം എടുത്തു കളയുമെന്നും, മത്സരിയായ നേതാവ് പ്രസ്താവിച്ചു. ഇനിയൊരിക്കലും തന്നെ ഉന്നത നേതൃസ്ഥാനത്തു വെക്കുകയില്ല. താനും അവരും ഇനി തിരിച്ചുപോകാനാകാത്ത അകലത്തിൽ ആയിപ്പോയെന്നും, തിരിച്ചടികൾ എന്തുതന്നെ ആയാലും താനിനി ഒരിക്കലും ദൈവപുത്രനെ വണങ്ങി ആരാധിക്കുകയില്ലെന്നും ലൂസിഫർ പ്രഖ്യാപിച്ചു. ദൈവം ക്ഷമിക്കുകയില്ലെന്നും, സ്വമേധയാ ലഭിക്കാതിരുന്ന സ്ഥാനവും അധികാരവും ബലം പ്രയോഗിച്ചു പിടിച്ചെടുത്തുകൊണ്ട് തങ്ങളുടെ സ്വാതന്ത്ര്യം പ്രഖ്യാപിക്കണമെന്നും അവൻ ഉപദേശിച്ചു. ഇങ്ങനെ ലൂസിഫർ, “പ്രകാശവാഹകൻ” ദൈവത്തിന്റെ മഹത്വം പങ്കിട്ടവൻ, അവന്റെ സിംഹാസനത്തിന്റെ അരികിൽ നിന്നവൻ, ലംഘനം മൂലം സാത്താനായി, “പ്രതിയോഗി” ആയി.

ദൂതന്മാരുടെ ഇടയിലെ സംഭവവികാസങ്ങൾ വിശ്വസ്തരായ ദൂതന്മാർ ദൈവപുത്രനുമായി ചർച്ചചെയ്തു. വിശ്വസ്തരായ ദൂതന്മാരുടെ നന്മക്കുവേണ്ടി, സാത്താൻ തനിക്കായി അവകാശപ്പെട്ട അധികാരം എന്നെന്നേക്കും ഇല്ലാതാക്കേണ്ടതെങ്ങനെയെന്നു തീരുമാനിക്കാൻ പിതാവായ ദൈവം പുത്രനുമായി ആലോചന നടത്തുന്നതവർ കണ്ടു. വലിയവനായ ദൈവത്തിനു വേണമെങ്കിൽ ഈ വഞ്ചകനെ പെട്ടെന്നുതന്നെ സ്വർഗ്ഗത്തിൽ നിന്നു പുറത്തെറിയാമായിരുന്നു, എന്നാൽ അവന്റെ പ്ലാൻ അതായിരുന്നില്ല. തന്റെ പുത്രന്റെയും വിശ്വസ്തരായ ദൂതന്മാരുടെയും നേരെ തങ്ങളുടെ ശക്തിയും ബലവും പരീക്ഷിക്കാൻ മത്സരികൾക്കൊരവസരം കൊടുക്കാൻ ദൈവം തീരുമാനിച്ചു.

ഈ യുദ്ധത്തിൽ എല്ലാ ദൂതന്മാരും പരസ്യമായി ഏതെങ്കിലും ഒരു വശത്തു നില്ക്കണമായിരുന്നു. സാത്താനോടു കൂറുള്ള ഒരു ദൂതൻ പോലും സ്വർഗ്ഗത്തിൽ തുടർന്നുപോകുന്നതു സുരക്ഷിതമല്ല. ദൈവത്തിന്റെ അചഞ്ചലമായ കല്പനകൾക്കെതിരെ മനഃപൂർവ്വം മത്സരിക്കാൻ അവർ



തീരുമാനിച്ചതുകൊണ്ട് അവരെ രൂപാന്തരപ്പെടുത്തുവാൻ സാദ്ധ്യമല്ല. ദൈവം മത്സരികളുടെ നേതാവിനെ ഒറ്റപ്പെടുത്തി ശിക്ഷിച്ചിരുന്നെങ്കിൽ, അസംതൃപ്തരായ ദൂതന്മാർ ആരൊക്കെയെന്നു അറിയില്ലായിരുന്നു. തന്റെ ന്യായവും ന്യായവിധിയും സർവ്വ അഖിലാണ്ഡത്തിനും വെളിപ്പെടുത്തിക്കൊടുക്കാൻ ആഗ്രഹിച്ചതുകൊണ്ട് ദൈവം മറ്റൊരു മാർഗ്ഗം തെരഞ്ഞെടുത്തു.

**സ്വർഗ്ഗത്തിൽ യുദ്ധം** – ദൈവീക ഭരണത്തിനെതിരെ മത്സരിക്കുന്നത് ഏറ്റവും വലിയ രാജ്യ ദ്രോഹക്കുറ്റമായിരുന്നു. സ്വർഗ്ഗം മുഴുവൻ പ്രശ്നവും ബഹളവുമായി. മാലാഖമാരെ സംഘങ്ങളായി തിരിച്ച്, ഓരോ സംഘത്തേയും നേതാവായ ഓരോ ദൂതന്മാരുടെ കീഴിലാക്കി. സ്വർഗ്ഗത്തിലെ ഏറ്റവും വലിയ കമാൻഡറായ ലൂസിഫർ ദൈവത്തോടു സമനാകാൻ ആഗ്രഹിക്കുകയും, ദൈവപുത്രന്റെ അധികാരത്തിനു കീഴടങ്ങാൻ വിസമ്മതിക്കുകയും ചെയ്തുകൊണ്ടു ദൈവകല്പനകൾക്കെതിരെ യുദ്ധം ചെയ്യുകയായിരുന്നു.

സ്വർഗ്ഗത്തിലെ സകല ദൂതന്മാരെയും പിതാവിന്റെ മുമ്പാകെ വിളിച്ചു കൂട്ടി. ക്രിസ്തുവിനെ എന്നേക്കാളധികം ബഹുമാനിക്കുന്നത് അംഗീകരിക്കാനാവില്ലെന്ന് ലൂസിഫർ യാതൊരു സങ്കോചവും കൂടാതെ പ്രഖ്യാപിച്ചു. അവൻ അഹംഭാവത്തോടെ തല ഉയർത്തിപ്പിടിച്ചുകൊണ്ടു ദൈവത്തോടു സമനാകണമെന്ന് നിർബന്ധം പിടിച്ചു. നല്ലവരായ ദൂതന്മാർ സാത്താന്റെ അഹങ്കാര വർത്തമാനം കേട്ടു പൊട്ടിക്കരഞ്ഞു. മത്സരികൾ ഇനി സ്വർഗ്ഗത്തിൽ നില്ക്കാൻ പാടില്ലെന്നു ദൈവം പ്രഖ്യാപിച്ചു. ഉന്നതരായ ബുദ്ധിജീവികളുടെ ജീവിതത്തേയും പ്രവർത്തനത്തേയും നിയന്ത്രി

ക്കുന്ന സ്വർഗ്ഗീയ നിയമങ്ങൾ അനുസരിച്ചുകൊള്ളാം എന്നുള്ള വ്യവസ്ഥ യിന്മേലായിരുന്നു അവരുടെ അവിടുത്തെ ഉന്നതവും സന്തോഷനിർഭരവു മായ നിലനിൽപ്പ്. എന്നാൽ ദൈവകല്പനകളെ ലംഘിക്കാൻ മനപ്പൂർവ്വം തീരുമാനിക്കുന്നവരെ രക്ഷിക്കാൻ യാതൊരു ക്രമീകരണവും ചെയ്തി രുന്നില്ല.

സ്രഷ്ടാവിന്റെ കല്പനകളോടുള്ള തന്റെ പുച്ഛം പ്രകടിപ്പിച്ചുകൊണ്ടു സാത്താൻ തന്റെ മത്സരം ശക്തമാക്കി. ദൂതന്മാരുടെ മേൽ യാതൊരു നിയമ ങ്ങളും പാടില്ലെന്നും, സ്വന്തം മനസാക്ഷിക്കനുസരിച്ചു സ്വതന്ത്രമായി ജീവിക്കാൻ അവരെ അനുവദിക്കണമെന്നും, അങ്ങനെയായാൽ അവർ എപ്പോഴും നേരായ പാതയിൽ തന്നെ പോകുമെന്നും അവൻ അവകാശ പ്പെട്ടു. നിയമങ്ങൾ സ്വാതന്ത്ര്യത്തിന്മേലുള്ള നിയന്ത്രണമാണെന്നും, എതിർ ക്കാനുള്ള തന്റെ തീരുമാനത്തിന്റെ ഏറ്റവും വലിയ ഒരു ലക്ഷ്യം നിയമ ങ്ങൾ ഇല്ലാതാക്കുകയെന്നുള്ളതാണെന്നും ലൂസിഫർ പറഞ്ഞു.

ദൈവകല്പനകൾ പൂർണ്ണമായി അനുസരിക്കുന്നതിലായിരുന്നു ദൂതന്മാ രുടെ സന്തോഷം അധിഷ്ഠിതമായിരുന്നത്. ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം ചുമതലകൾ കൊടുത്തിരുന്നു. സാത്താൻ മത്സരിക്കുന്നതുവരെ സ്വർഗ്ഗത്തിൽ സമ്പൂർണ്ണമായ ക്രമീകരണവും ചിട്ടയോടുകൂടിയ പ്രവർ ത്തനവും ഉണ്ടായിരുന്നു.

പിന്നെ സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടായി. സ്വർഗ്ഗത്തിന്റെ രാജകുമാരനായ ദൈവത്തിന്റെ പുത്രനും അവന്റെ വിശ്വസ്ത ദൂതന്മാരും സാത്താനോടും അവന്റെ ദൂതന്മാരോടും യുദ്ധം ചെയ്തു. ദൈവപുത്രനും വിശ്വസ്തദൂത ന്മാരും വിജയിച്ചു, സാത്താനും അവന്റെ സൈന്യവും സ്വർഗ്ഗത്തിൽ നിന്നു പുറന്തള്ളപ്പെട്ടു. അവശേഷിച്ച എല്ലാ ദൂതന്മാരും നീതിമാനായ ദൈവത്തെ അംഗീകരിക്കുകയും സ്തുതിക്കുകയും ചെയ്തു. മത്സരത്തിന്റെ ഒരു കണികപോലും സ്വർഗ്ഗത്തിൽ അവശേഷിച്ചില്ല. പഴയതുപോലെ തന്നെ എല്ലാം വീണ്ടും സമാധാനപൂർണ്ണവും ക്രമീകൃതവുമായി. ഇത്രയും കാലം തങ്ങളോടൊപ്പം സന്തോഷിച്ചിരുന്ന നഷ്ടപ്പെട്ടവരെക്കുറിച്ച് മാലാഖമാർ ദുഃഖിച്ചു. സ്വർഗ്ഗത്തിൽ മുഴുവനും അവരുടെ നഷ്ടം അനുഭവപ്പെട്ടു.

ഭൂമിയിൽ വസിക്കാൻ മനുഷ്യരെ സൃഷ്ടിക്കാനുള്ള തങ്ങളുടെ പദ്ധതി പെട്ടെന്നു നടപ്പിലാക്കാൻ പിതാവും പുത്രനും തീരുമാനിച്ചു. അവർക്കു നിത്യ മായ സുരക്ഷിതത്വം കൊടുക്കുന്നതിനു മുമ്പ് അവരുടെ വിശ്വസ്തത പരീക്ഷിക്കും. അവർക്കു ദൈവപ്രസാദം ഉണ്ടായിരുന്നു. അവർക്കു ദൂത ന്മാരുമായി സമ്പർക്കം ചെയ്യാമായിരുന്നു. അനുസരണക്കേടു കാണിക്കാൻ അവകാശമില്ലാത്തവരായി അവരെ നിർത്താൻ ദൈവം ആഗ്രഹിച്ചില്ല. ●



അദ്ധ്യായം - 2

# സൃഷ്ടിപ്പ്

*ഈ അദ്ധ്യായം ഉല്പത്തി 1 - ാം അദ്ധ്യായത്തെ ആസ്പദമാക്കിയാണ്.*

പിതാവും പുത്രനും അവർ പ്ലാൻ ചെയ്തതായ അത്ഭുതകരമായ വലിയ വേല ആരംഭിച്ചു. ഭൂമിയുടെ സൃഷ്ടിപ്പ്. സ്രഷ്ടാവിന്റെ കയ്യിൽ നിന്നു പുറത്തുവന്ന ഭൂമി അതിമനോഹരമായിരുന്നു. പർവതങ്ങളും കുന്നുകളും താഴ്വരകളും ഉണ്ടായിരുന്നു, നദികളും ജലാശയങ്ങളും ഇടകലർന്നു കിടന്നു. ഭൂമി മൊത്തത്തിൽ ഒരു നിരപ്പായ താഴ്വര അല്ലായിരുന്നു, ഇടവിട്ടു വന്ന പർവ്വതങ്ങളും കുന്നുകളും പ്രകൃതി ഭംഗിക്കു വ്യത്യസ്തത പകർന്നു. ഇന്നു നമ്മൾ കാണുന്നതുപോലെ വൃത്തികെട്ട മൊട്ടക്കുന്നുകളല്ലായിരുന്നു; നിരനിരയായി മനോഹരമായ ആകൃതിയിലുള്ളവയായിരുന്നു. വളരെ ഉയരത്തിലുള്ള പാറക്കെട്ടുകൾ കാണാനില്ലായിരുന്നു, എല്ലാം മണ്ണിനടിയിൽ ഭൂമിയുടെ അസ്ഥികൾ പോലെയായിരുന്നു.

ജലാശയങ്ങൾ തുല്യ അളവിൽ ഭാഗിച്ചിരുന്നു. കുന്നുകളും പർവ്വതങ്ങളും മനോഹരമായ താഴ്വരകളും, എല്ലാത്തരത്തിലുള്ള ചെടികളും പൂക്കളും ഉയരം കൂടിയ വൃക്ഷങ്ങളും കൊണ്ട് അലങ്കരിച്ചിരുന്നു. അന്നുണ്ടായിരുന്ന വൃക്ഷങ്ങൾ, ഇന്നുള്ളവയേക്കാൾ അനേക മടങ്ങു വലിപ്പമുള്ളതും മനോഹരവുമായിരുന്നു. വായു ശുദ്ധവും ആരോഗ്യകരവുമായിരുന്നു, ഭൂമി മനോഹരമായ ഒരു കൊട്ടാരം പോലെ കാണപ്പെട്ടു. ദൈവത്തിന്റെ അതിമനോഹരമായ സൃഷ്ടികണ്ട് മലാഖമാർ ആർത്തു സന്തോഷിച്ചു.

ഭൂമിയേയും മൃഗങ്ങളേയും സൃഷ്ടിച്ച ശേഷം ദൈവം തന്റെ മുൻ നിർണ്ണയമനുസരിച്ച്, ഭൂമിയിൽ വാഴുവാൻ സ്വന്തം സാദൃശ്യത്തിലും സ്വരൂപത്തിലും മനുഷ്യനെ സൃഷ്ടിക്കാൻ തീരുമാനിച്ചു. ലൂസിഫറിന്റെ വീഴ്ചയ്ക്കു മുമ്പേ തന്നേ പ്ലാൻ ചെയ്തതായിരുന്നു അത്. ഭൂമിയുടേയും അതിലുള്ള

എല്ലാ ജീവജാലങ്ങളുടേയും സൃഷ്ടിപ്പിൽ പിതാവും പുത്രനും ഒരുമിച്ചായിരുന്നു. ഇപ്പോൾ ദൈവം തന്റെ പുത്രനോടു പറഞ്ഞു: "മനുഷ്യനെ നമുക്കു നമ്മുടെ സ്വന്തം സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കാം".

ആദാം സ്രഷ്ടാവിന്റെ കരങ്ങളിൽ നിന്നു പുറത്തു വന്നപ്പോൾ നല്ല ഉയരവും മനോഹരമായ ഒത്ത ശരീരവുമായിരുന്നു. അവന്റെ ശരീര വടിവു പൂർണ്ണവും മനോഹരവുമായിരുന്നു. അവന്റെ നിറം വെളുപ്പോ, വിളറിയതോ ആയിരുന്നില്ല, ആരോഗ്യം നിറഞ്ഞു തുളുമ്പുന്ന ഒരു പ്രത്യേക നിറമായിരുന്നു. ഹവ്വായ്ക്ക് ആദാമിനെക്കാൾ ഉയരം കുറവായിരുന്നു. അവളുടെ തല അവന്റെ തോളിനു തൊട്ടു മുകളിൽ എത്തുമായിരുന്നു. അവളുടെ ശരീരവടിവ് പൂർണ്ണവും കുലീനവും അതീവ മനോഹരവുമായിരുന്നു.

ദൈവം എല്ലാ കാര്യങ്ങളും സുന്ദരമായി സൃഷ്ടിച്ചിരുന്നു, ഭൂമിയിൽ എല്ലാം സമ്പൂർണ്ണമായിരുന്നു. ആദാമിനും ഹവ്വയ്ക്കും യാതൊന്നിന്റെയും കുറവ് അനുഭവപ്പെടുകയില്ലായിരുന്നു. എങ്കിലും അവരോടുള്ള തന്റെ പ്രത്യേക സ്നേഹം പ്രകടിപ്പിക്കാൻ വേണ്ടി ദൈവം അവർക്കു വേണ്ടി മാത്രം ഒരു പൂന്തോട്ടം സൃഷ്ടിച്ചു.

അവരുടെ സമയത്തിന്റെ ഒരു ഭാഗം അവർ പൂന്തോട്ടത്തിന്റെ സംരക്ഷണത്തിനുവേണ്ടി വേല ചെയ്യണമായിരുന്നു. ബാക്കി സമയം ദൂതന്മാരുമായുള്ള സമ്പർക്കത്തിൽ പഠനത്തിനുവേണ്ടി ചെലവഴിക്കണമായിരുന്നു. അവരുടെ ജോലി ക്ഷീണമുണ്ടാക്കുന്നതായിരുന്നില്ല, സന്തോഷകരവും ഉന്മേഷദായകവുമായിരുന്നു. ആ മനോഹരമായ പൂന്തോട്ടമായിരുന്നു അവരുടെ വീട്.

ആ പൂന്തോട്ടത്തിൽ പലതരം വൃക്ഷങ്ങൾ ഉണ്ടായിരുന്നു. ആ വിശുദ്ധ ദമ്പതികൾക്ക് ഭക്ഷണത്തിനുവേണ്ടി കായ്കനികൾ നിറഞ്ഞ വൃക്ഷങ്ങൾ ഉണ്ടായിരുന്നു; ആ പഴവർഗ്ഗങ്ങൾ നല്ല മണമുള്ളതും കാഴ്ചയ്ക്കു ഭംഗിയുള്ളതും, നല്ല രുചിയുള്ളതും ആയിരുന്നു. നിറയെ മുന്തിരിക്കുലകളുമായി മുന്തിരിച്ചെടികൾ നിവർന്നു നിന്നിരുന്നു. മുന്തിരിച്ചടികളുടെ ശിഖരങ്ങൾ മറ്റു ചെടികളുമായി പിണച്ചുവെച്ച് മറ്റു ജീവജാലങ്ങൾക്കു വേണ്ടി കൂടാരങ്ങൾ ഉണ്ടാക്കുകയെന്നുള്ളത് അവരുടെ ആനന്ദകരമായ ഒരു വേലയായിരുന്നു.

ഭൂമി മനോഹരമായ പച്ച പുതച്ചിരുന്നു. ആദാമിന്റെയും ഹവ്വയുടേയും ചുറ്റുവട്ടത്ത് വിവിധയിനത്തിലും, നിറത്തിലും, മണത്തിലുമുള്ള, ആയിരക്കണക്കിനു പുഷ്പങ്ങൾ മുളച്ചു വന്നുകൊണ്ടിരുന്നു. എല്ലാം ശ്രേഷ്ഠമായും മാധുര്യതരമായും ക്രമീകരിച്ചിരുന്നു. തോട്ടത്തിന്റെ മദ്ധ്യഭാഗത്തു ജീവവൃക്ഷം നിന്നു. മറ്റെല്ലാ വൃക്ഷങ്ങളെക്കാളും മഹത്വമേറിയതായിരുന്നു



അത്. അതിന്റെ പഴം അവർ ഭക്ഷിച്ചാൽ എന്നേക്കും ജീവിച്ചിരിക്കുമായിരുന്നു. അതിന്റെ ഇലകൾക്ക് ഔഷധഗുണവും ഉണ്ടായിരുന്നു.

## ആദാമും ഹവ്വയും ഏദെനിൽ

ഏദെനിൽ ഇരുവരും അതീവ സന്തോഷത്തിലായിരുന്നു. സകല ജീവജാലങ്ങളുടെമേലും ദൈവം അവർക്ക് സമ്പൂർണ്ണ നിയന്ത്രണം കൊടുത്തിരുന്നു. സിംഹവും കുഞ്ഞാടും ഒരുമിച്ചു കളിക്കുകയും അവരുടെ കാൽച്ചുവട്ടിൽ ഉറങ്ങുകയും ചെയ്തു. എല്ലാ തരത്തിലും വർണ്ണങ്ങളിലുമുള്ള പക്ഷികൾ അവരുടെ സ്രഷ്ടാവിനെ സ്തുതിച്ചു പാടുന്ന ഇമ്പഗാനങ്ങൾ വൃക്ഷങ്ങളുടെ ഇടയിൽ പ്രതിധ്വനിച്ചുകൊണ്ടേയിരുന്നു. അവ ചെടികൾക്കിടയിലും, പൂക്കൾക്കിടയിലും ആദാമിന്റെയും ഹവ്വായുടെയും ചുറ്റിലും പാറിപ്പറന്നു നടന്നു.

ഏദെൻ ഭവനത്തിന്റെ മനോഹാരിതയിൽ ആദാമും ഹവ്വായും മതി മറന്നു സന്തോഷിച്ചു. മനോഹരമായി പാടുന്ന വർണ്ണഭംഗിയുള്ള ചെറു പക്ഷികൾ അവർക്കു ചുറ്റും വട്ടമിട്ടു പറന്നപ്പോൾ അവരുടെ സന്തോഷം അളവറ്റതായി. അവരും അവയോടൊപ്പം ചേർന്നു പിതാവിനേയും പുത്ര നേയും ഉച്ചത്തിൽ സ്തുതിച്ചുപാടി. അനന്തമായ ജ്ഞാനവും അറിവും വെളിവാക്കുന്ന സൃഷ്ടിപ്പിന്റെ ക്രമീകരണവും യോജിപ്പും അവർ മനസ്സി ലാക്കി.

അവരുടെ ഏദെൻ ഭവനത്തിന്റെ ഒരു പുതിയ മനോഹാരിതയും മഹ ത്വവും എപ്പോഴും അവർക്കു വെളിപ്പെട്ടുകൊണ്ടിരുന്നു. അത് അവരുടെ ഹൃദയങ്ങളിൽ ആഴത്തിലുള്ള സ്നേഹവും, ചുണ്ടുകളിൽ സ്രഷ്ടാവി നോടുള്ള നന്ദിയും ഭയഭക്തിയും നിറയുമാറാക്കി. ●



അദ്ധ്യായം - 3

# ദുരന്തം

*ഈ അദ്ധ്യായം ഉല്പത്തി 2:15 - 17 ഉം 3 - ാം അദ്ധ്യായവും ആസ്പദമാക്കിയാണ്.*

തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷത്തിന്റെ അരികിൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും ഉണ്ടായിരുന്നു. തന്നോടുള്ള അവരുടെ അനുസരണവും വിശ്വാസവും സ്നേഹവും തെളിയിയ്ക്കാനുള്ള ഉപകരണമായിട്ടാണ് ദൈവം ആ വൃക്ഷം സ്ഥാപിച്ചത്. നമ്മുടെ ആദിമാതാപിതാക്കൾ മരിക്കാതിരിക്കേണ്ടതിന് ആ വൃക്ഷഫലം തിന്നരുതെന്ന് അവരോടു കല്പിച്ചു. തോട്ടത്തിലുള്ള എല്ലാ വൃക്ഷങ്ങളുടേയും ഫലം അവർക്കു

തിന്നാമെന്നും; ഈ ഒരു വൃക്ഷത്തിന്റേതു മാത്രം തിന്നരുതെന്നും; തിന്നാൽ അവർ തീർച്ചയായും മരിക്കുമെന്നും ദൈവം അവരോടു പറഞ്ഞു.

ദൈവം അവരെ ഏദെൻ തോട്ടത്തിലാക്കിയപ്പോൾ, അവരുടെ സന്തോഷത്തിനാവശ്യമായതെല്ലാം അവിടെ ഉണ്ടായിരുന്നു. എന്നാൽ അവരെ നിത്യമായി സുരക്ഷിതരാക്കുന്നതിനു മുമ്പ്, അവരുടെ വിശ്വസ്തത പരീക്ഷിക്കാൻ ദൈവം തന്റെ പരിജ്ഞാനത്തിൽ തീരുമാനിച്ചു. അവരോടവനു താല്പര്യമായിരുന്നു, അവനും അവരും തമ്മിൽ മധുര സമ്പർക്കവും ചെയ്യുമായിരുന്നു. എങ്കിലും അവരെ അനുസരണക്കേടിൽ നിന്നകറ്റി നിർത്തിയില്ല. അവരെ പരീക്ഷിക്കാൻ സാത്താനെ അനുവദിച്ചു. പരീക്ഷയിൽ അവർ വിജയിച്ചാൽ ദൈവത്തിന്റെയും സ്വർഗ്ഗീയ മാലാഖമാരുടേയും സഹവർത്തിത്വത്തിൽ എന്നേക്കും ആയിരിക്കും.

സാത്താൻ തന്റെ പുതിയ അവസ്ഥയിൽ അത്ഭുതപ്പെട്ടു. അവന്റെ സന്തോഷം നഷ്ടപ്പെട്ടു. ഒരിക്കൽ സ്വർഗ്ഗത്തിൽ സന്തോഷമായി ജീവിച്ചവരും, തന്നോടൊപ്പം പുറത്താക്കപ്പെട്ടവരുമായ ദൂതന്മാരെ അവൻ ശ്രദ്ധിച്ചു. അവരുടെ ഇടയിൽ വഴക്കും, അഭിപ്രായ ഭിന്നതയും, കയ്പേറിയ കുറ്റാരോപണങ്ങളും ഉണ്ടായിരുന്നു. അവരുടെ മത്സരത്തിനു മുമ്പ് സ്വർഗ്ഗത്തിൽ ഇതൊന്നും ആർക്കും അറിയില്ലായിരുന്നു. തന്റെ മത്സരത്തിന്റെ ഭയാനകമായ ഫലങ്ങൾ സാത്താൻ കാണാൻ തുടങ്ങി.

താൻ വിശുദ്ധനും, സത്യവാനും, കൂറുള്ളവനുമായിരുന്ന സമയത്തുള്ള പദവിയിലേക്കു തിരികെപ്പോകാൻ കഴിഞ്ഞിരുന്നെങ്കിൽ, അധികാരത്തിനു വേണ്ടിയുള്ള അവകാശവാദങ്ങൾ അവൻ സന്തോഷത്തോടെ ഉപേക്ഷിക്കുമായിരുന്നു. എന്നാൽ അവൻ നഷ്ടപ്പെട്ടവനായി! അവന്റെ അടിസ്ഥാനരഹിതമായ മനപ്പൂർവ്വമുള്ള മത്സരം അവനു രക്ഷാമാർഗ്ഗം എന്നേക്കുമായി അടച്ചുകളഞ്ഞു.

അതുമാത്രവുമല്ല, അവൻ മറ്റുള്ളവരേയും മത്സരത്തിലേക്കു നയിയ്ക്കുകയും തന്റേതിനു തുല്യമായ നഷ്ടപ്പെട്ട അവസ്ഥയിലാക്കുകയും ചെയ്തു - ദൈവകല്പനകൾ ലംഘിക്കുവാനും സ്വർഗ്ഗീയ വ്യവസ്ഥിതിയെ ചോദ്യം ചെയ്യാനും താൻ അവരെ പ്രേരിപ്പിക്കുന്നതുവരെ അങ്ങനെ ചിന്തിച്ചിട്ടുപോലുമില്ലാത്ത മാലാഖമാരായിരുന്നു അവർ. ഇപ്പോൾ അവർ നിരാശയിൽ മുങ്ങി കുഴപ്പത്തിലായിരിക്കുന്നു. വലിയ നന്മ വരുമെന്നു പ്രതീക്ഷിച്ച സ്ഥാനത്ത്, ദൈവത്തിന്റെ കല്പനകളെ ധിക്കരിക്കുകയും ലംഘിക്കുകയും ചെയ്തതിന്റെ ദുഃഖകരമായ ഫലങ്ങൾ അവർ അനുഭവിക്കുകയാണ്.

സാത്താൻ തന്റെ മുന്നോട്ടുള്ള മാർഗ്ഗത്തെക്കുറിച്ചു തീരുമാനിക്കുന്നു. തന്റെ പ്രവർത്തന മേഖലയെ വീക്ഷിച്ചപ്പോൾ സാത്താൻ വിറച്ചു. കഴിഞ്ഞ കാര്യങ്ങളെക്കുറിച്ചും, ഇപ്പോഴുള്ള സാഹചര്യങ്ങളെക്കുറിച്ചും, ഭാവി

പദ്ധതികളെക്കുറിച്ചും, അവൻ ഒറ്റക്കിരുന്ന് ആലോചിച്ചു. ആവശ്യമില്ലാത്ത ഒരു മത്സരമാണ് താൻ നടത്തിയത്. താൻ സ്വയം നശിച്ചെന്നു മാത്രമല്ല വലിയൊരു കൂട്ടം ദൂതന്മാരേയുംകൂടെ നശിപ്പിച്ചിരിക്കുകയാണ്. താൻ പ്രശ്നമുണ്ടാക്കാതെ ഇരുന്നെങ്കിൽ അവരൊക്കെ ഇന്നു സ്വർഗ്ഗത്തിൽ സന്തോഷമായി വസിക്കുമായിരുന്നു. കുറ്റം വിധിക്കാൻ ദൈവത്തിന്റെ കല്പനകൾക്കു കഴിയും, എന്നാൽ മോചനം കൊടുക്കാൻ ശേഷിയില്ല.

സാത്താന്റെ ഈ പദവിമാറ്റം ദൈവത്തോടോ അവന്റെ നിയമങ്ങളോടോ ഉള്ള അവന്റെ മനോഭാവത്തിനു മാറ്റം വരുത്തിയില്ല. തന്റെ പഴയ സ്ഥാനമാനങ്ങൾ തിരികെ കിട്ടാൻ ഇനി യാതൊരു മാർഗ്ഗവുമില്ലെന്നു ബോദ്ധ്യമായപ്പോൾ അവൻ തന്റെ ദുഷ്ടതയുടെ തനി സ്വരൂപത്തിൽ തിരിച്ചടിക്കാൻ തീരുമാനിച്ചു.

ഇത്തരത്തിൽ മനപ്പൂർവ്വം മത്സരിക്കുന്നവർ വെറുതെ ഇരിക്കില്ലെന്നു ദൈവത്തിനറിയാമായിരുന്നു. സ്വർഗ്ഗീയ ദൂതന്മാർക്കിടയിൽ ആശയക്കുഴപ്പമുണ്ടാക്കി ദൈവീക അധികാരത്തോടവർക്ക് പുച്ഛമുളവാക്കുവാൻ സാത്താൻ പുതിയ തന്ത്രങ്ങൾ ആവിഷ്ക്കരിക്കുമെന്നു ദൈവത്തിനറിയാമായിരുന്നു. സ്വർഗ്ഗത്തിന്റെ വാതിലുകൾക്കുള്ളിൽ അവന് പ്രവേശനം നിഷേധിച്ചിരുന്നതുകൊണ്ട്, അവൻ വാതിൽക്കൽ പുറത്തു നിന്നുകൊണ്ട്, ദൂതന്മാർ അകത്തു വരികയും പുറത്തു പോകുകയും ചെയ്യുമ്പോൾ അവരുമായി വാദപ്രതിവാദങ്ങൾ നടത്തി, അസ്വസ്ഥതയുണ്ടാക്കും. ആദാമിന്റേയും ഹവ്വായുടേയും സന്തോഷം ഇല്ലാതാക്കാനും അവൻ ശ്രമിക്കും. സ്വർഗ്ഗത്തിലെ സമാധാനവും സന്തോഷവും നഷ്ടപ്പെടുത്താൻ വേണ്ടി ദൂതന്മാർക്കിടയിൽ മത്സരം ഉളവാക്കാൻ അവൻ എല്ലാ ശ്രമവും നടത്തും.

## മനുഷ്യ കുടുംബത്തിനെതിരേയുള്ള കെണി

ശ്രേഷ്ഠരായ ആദാമിനേയും ഹവ്വായേയും ദൈവത്തിൽ നിന്നകറ്റുവാനുള്ള തന്റെ പദ്ധതിയേക്കുറിച്ച് സാത്താൻ തന്റെ അനുയായികളോടു പറഞ്ഞു. "അവരെ എങ്ങനെയെങ്കിലും അനുസരണക്കേടിന്റെ കെണിയിൽ അകപ്പെടുത്താൻ കഴിഞ്ഞാൽ അവരെ രക്ഷിക്കാൻ ദൈവം എന്തെങ്കിലുമൊരു പദ്ധതി തയ്യാറാക്കും. അപ്പോൾ തനിക്കും തന്റെ ആളുകൾക്കും അതേ അടിസ്ഥാനത്തിൽ അവരോടൊപ്പം ദൈവത്തിന്റെ കരുണ അവകാശപ്പെടാം."

ഈ പദ്ധതി പരാജയപ്പെട്ടാൽ ആദാമും ഹവ്വയും തങ്ങൾക്കു കൂട്ടാളികളാകും. ദൈവകല്പന ലംഘിച്ചിരിക്കുന്നതിനാൽ അവരും ദൈവകോപത്തിനു പാത്രങ്ങളാണല്ലോ. ഈ അനുസരണക്കേടിലൂടെ സാത്താനേയും കൂട്ടാളികളേയുംപോലെ അവരും മത്സരികളാകും. അപ്പോൾ അവരുമായി ചേർന്ന് ഏദെൻതോട്ടം പിടിച്ചെടുത്ത് അവിടെ വസിക്കും. തോട്ടത്തിന്റെ



നടുവിലുള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്നാൻ സാധിച്ചാൽ സ്വർഗ്ഗീയ ദൂതന്മാരുടേതിനു തുല്യമായ ശക്തി തങ്ങൾക്കും ലഭിക്കുമെന്നും, ദൈവം നേരിട്ടു വന്നാൽപോലും തങ്ങളെ പുറത്താക്കാനാവില്ലെന്നും അവർ ചിന്തിച്ചു.

## ആദാമിനും ഹവ്വായ്ക്കും മുന്നറിയിപ്പ്

വരാൻ പോകുന്ന വിപത്തൊഴിവാക്കാൻ നടപടികളെടുക്കാൻ വേണ്ടി ദൈവം ദൂതന്മാരെ വിളിച്ചുകൂട്ടി. വരാൻ പോകുന്ന ആപത്തിനെക്കുറിച്ച് ആദാമിനു മുന്നറിയിപ്പു കൊടുക്കാൻ ദൂതന്മാർ ഏദെൻതോട്ടം സന്ദർശിക്കണമെന്നു സ്വർഗ്ഗീയ സമ്മേളനം തീരുമാനമെടുത്തു.

സാത്താന്റെ മത്സരത്തിന്റെയും വീഴ്ചയുടെയും ദുഃഖകരമായ കഥകൾ ദൂതന്മാർ ആദാമിനോടും ഹവ്വായോടും വിവരിച്ചു പറഞ്ഞു. ദൈവത്തോടുള്ള തങ്ങളുടെ സ്നേഹവും അനുസരണവും ഉറപ്പാക്കാൻ വേണ്ടിയാണ് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷം തോട്ടത്തിന്റെ നടുവിൽ സ്ഥാപിച്ചിരിക്കുന്നതെന്നും അവർ വ്യക്തമായി പറഞ്ഞു. അനുസരണത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് വിശുദ്ധ ദൂതന്മാർ സ്വർഗ്ഗത്തിൽ വസിക്കുന്നതെന്നും, അവരുടെ സ്ഥിതിയും അതുതന്നെയാണെന്നും അവരെ അറിയിച്ചു. അവർക്കു ദൈവകല്പനകൾ അനുസരിച്ചുകൊണ്ടു സർവ്വ സന്തോഷവും അനുഭവിക്കാം, അല്ലെങ്കിൽ കല്പനകൾ ലംഘിച്ചുകൊണ്ട് തങ്ങളുടെ ഉന്നതമായ സ്ഥാനമാനങ്ങൾ നഷ്ടപ്പെടുത്തിക്കൊണ്ട് കരകയറാനാവാത്ത നാശത്തിൽ മുങ്ങിത്താഴാം.

ദൂതന്മാരുടെ നേതാവെന്ന നിലയിൽ യേശുക്രിസ്തുവിന്റെ തൊട്ടടുത്ത സ്ഥാനം അലങ്കരിച്ചിരുന്ന ശ്രേഷ്ഠനായ മാലാഖ സ്വർഗ്ഗീയ വാസികൾക്കു വേണ്ടി ദൈവം ഏർപ്പെടുത്തിയിരുന്ന നിയമങ്ങൾ അനുസരിക്കാൻ വിസ്സമ്മതിച്ചുവെന്ന് ദൂതന്മാർ ആദാമിനോടും ഹവ്വായോടും പറഞ്ഞു. ഈ മത്സരം സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടാക്കി. അതിന്റെ ഫലമായി യഹോവയായ ദൈവത്തെ അനുസരിക്കാത്ത എല്ലാവരേയും സ്വർഗ്ഗത്തിൽ നിന്നു പുറന്തള്ളി. ഇപ്പോൾ ദൈവത്തേയും തന്റെ പുത്രനേയും സ്നേഹിക്കുന്ന എല്ലാവരോടും സാത്താനും അവന്റെ ദൂതന്മാർക്കും ശത്രുതയാണ്.

സാത്താൻ അവർക്കു ദോഷം ചെയ്യാൻ ശ്രമിക്കുമെന്നും, ഈ വീഴ്ച ഭവിച്ച ശത്രു അവരെ കണ്ടുമുട്ടാൻ സാദ്ധ്യതയുള്ളതുകൊണ്ട് അവർ സൂക്ഷിക്കണമെന്നും ദൂതന്മാർ മുന്നറിയിപ്പു കൊടുത്തു. അവർ ദൈവകല്പനകൾ അനുസരിക്കുന്ന കാലത്തോളം അവരെ ഉപദ്രവിക്കാൻ അവനു കഴിയില്ല, കാരണം സ്വർഗ്ഗത്തിലെ മാലാഖമാരുടെ മുഴുസംഘവും ആവശ്യം വന്നാൽ അവരെ സഹായിക്കാൻ പറന്നെത്തുമെന്നും ദൂതന്മാർ അവരെ ധൈര്യപ്പെടുത്തി. എന്നാൽ അവർ അനുസരണക്കേടു കാണിച്ചാൽ, ആ സമയം മുതൽ അവരെ ഉപദ്രവിക്കാനും, വിഷമിപ്പിക്കാനും, ഭയപ്പെടുത്താനുമെല്ലാം സാത്താന് അവകാശം ലഭിക്കും. സാത്താന്റെ ദുഷ്ട ആലോചനകളോട് ആദ്യമേ തന്നെ അവർ ശക്തമായി എതിർത്തു നിന്നാൽ സ്വർഗ്ഗീയ മാലാഖമാരെപ്പോലെ തന്നെ അവരും സുരക്ഷിതരാണ്. എന്നാൽ അവർ പരീക്ഷകനു കീഴ്പ്പെട്ടാൽ അനുസരണംകെട്ട ദൂതന്മാരെ വെറുതെ വിടാതിരുന്നതുപോലെ അവരേയും വെറുതേ വിടുകയില്ല. ദൈവത്തിന്റെ കല്പനകളും ദൈവത്തെപ്പോലെതന്നെ വിശുദ്ധമായിരിക്കയാൽ സ്വർഗ്ഗത്തിലും ഭൂമിയിലും എല്ലാവരും പൂർണ്ണമനസ്സോടെ ദൈവകല്പനകൾ അനുസരിക്കണമെന്നു ദൈവത്തിനു നിർബന്ധമുള്ളതുകൊണ്ട്, ദൈവകല്പനകൾ ലംഘിക്കുന്നവർ ശിക്ഷ അനുഭവിച്ചേ മതിയാവൂ.

ശത്രുവുമായി കണ്ടുമുട്ടുവാൻ സാദ്ധ്യതയുള്ളതുകൊണ്ട് ഹവ്വാ ആദാമിനെ പിരിഞ്ഞ്, തോട്ടത്തിൽ ഒറ്റയ്ക്കു സഞ്ചരിക്കരുതെന്ന് ദൂതന്മാർ മുന്നറിയിപ്പു കൊടുത്തിരുന്നു. വേർപിരിഞ്ഞിരുന്നാൽ രണ്ടുപേരും ഒരുമിച്ചായിരിക്കുന്നതിനെക്കാൾ അപകട സാദ്ധ്യത കൂടുതലായിരുന്നു.

ഒരിക്കലും ഞങ്ങൾ ദൈവകല്പനകൾ ലംഘിക്കുകയില്ലെന്ന് ആദാമും ഹവ്വായും ദൂതന്മാർക്ക് ഉറപ്പുകൊടുത്തു. മാത്രവുമല്ല, ദൈവേയിഷ്ടം ചെയ്യുന്നത് ഞങ്ങളുടെ സന്തോഷമാണെന്നും പറഞ്ഞു.

## പരീക്ഷയും വീഴ്ചയും

സാത്താൻ ഒരു സർപ്പത്തിന്റെ രൂപത്തിൽ ഏദെൻ തോട്ടത്തിൽ പ്രവേശിച്ചു. നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൽ സ്ഥാനം പിടിച്ച്, സാവകാശം പഴങ്ങൾ പറിച്ചു തിന്നാൻ തുടങ്ങി.

തോട്ടത്തിൽ വേല ചെയ്തുകൊണ്ടിരുന്നപ്പോൾ അവിചാരിതമായി ഹവ്വാ ആദാമിൽനിന്നു വേർപെട്ട് ഒറ്റയ്ക്കായി. താൻ ഒറ്റയ്ക്കാണെന്നു മനസ്സിലായപ്പോൾ, ഇത് അപകടകരമാണല്ലോ എന്ന് ആദ്യം ചിന്തിച്ചെങ്കിലും, സാരമില്ലെന്നങ്ങു സമാധാനിച്ചു. ദുഷ്ടൻ വരുകയാണെങ്കിൽ അതു മനസ്സിലാക്കാനും എതിർത്തു നില്ക്കാനും എനിക്കു ജ്ഞാനവും കഴിവും ഉണ്ടെന്നു ചിന്തിച്ചു. അങ്ങനെ ചെയ്യരുതെന്നു ദൂതന്മാർ അവർക്ക് മുന്നറിയിപ്പു കൊടുത്തിരുന്നതാണ്. അത്ഭുതത്തോടും ആകാംക്ഷയോടും കൂടെ വിലക്കപ്പെട്ട വൃക്ഷത്തിലെ പഴങ്ങളിലേക്കു ഹവ്വാ നോക്കുവാനിടയായി.

നല്ല മനോഹരമായ പഴങ്ങൾ, ദൈവം എന്തുകൊണ്ടാണവ വിലക്കിയിരിക്കുന്നതെന്ന് അവൾ അത്ഭുതപ്പെട്ടു. അപ്പോൾ സാത്താനു തന്റെ അവസരം തെളിഞ്ഞു. അവളുടെ ചിന്തകൾ വായിച്ചിട്ടെന്നപോലെ അവൻ അവളോടു ചോദിച്ചു: "തോട്ടത്തിലെ എല്ലാ വൃക്ഷങ്ങളുടേയും ഫലം തിന്നരുതെന്നു ദൈവം വാസ്തവമായി നിങ്ങളോടു കല്പിച്ചിട്ടുണ്ടോ?" അത്ഭുതസ്തബ്ധയായി നിന്ന ഹവ്വായോടു ശാന്തവും ഭവ്യവുമായ സംഗീതധ്വനിയോടുകൂടിയ ശബ്ദത്തിൽ ആണവൻ സംസാരിച്ചത്. പാമ്പുകൾക്കു ദൈവം സംസാരശേഷി കൊടുത്തിട്ടില്ലെന്ന് അവൾക്കറിയാമായിരുന്നതുകൊണ്ട്, പാമ്പു സംസാരിക്കുന്നതു കേട്ടപ്പോൾ അവൾ അശ്ചര്യപ്പെട്ടു.

ഹവ്വായുടെ ആകാംക്ഷ വർദ്ധിച്ചു. പെട്ടെന്നവിടുന്നു പോകുന്നതിനു പകരം പാമ്പിന്റെ സംസാരം കേൾക്കാനായിട്ടവൾ നിന്നു. ആ വീണുപോയ ശത്രു പാമ്പിനെ ഒരു ഇടനിലക്കാരനായി ഉപയോഗിക്കുകയാണെന്നുള്ള ചിന്ത അവളുടെ മനസ്സിൽ വന്നില്ല. സംസാരിച്ചതു പാമ്പല്ല, സാത്താനായിരുന്നു. അവന്റെ മുഖസ്തുതിയും ചക്കരവർത്തമാനവും ഹവ്വായെ ആകർഷിച്ചു. ദൂതന്മാരെപ്പോലെയുള്ള ഒരാൾ ആജ്ഞകളുമായി വന്നിരുന്നെങ്കിൽ അവൾ സൂക്ഷിക്കുമായിരുന്നു.

ആ വിചിത്രമായ അനുഭവം അവളെ, അവളുടെ ഭർത്താവിന്റെ അടുത്തേയ്ക്ക് ഓടിച്ചെന്ന്, എന്താണിതിന്റെ അർത്ഥമെന്നു ചോദിക്കാൻ പ്രേരിപ്പിക്കേണ്ടതായിരുന്നു. അവൾ അതിനുപകരം പാമ്പുമായി ഒരു വാദപ്രതിവാദത്തിലേർപ്പെട്ടു. അവന്റെ ചോദ്യത്തിനവൾ ഉത്തരം പറഞ്ഞു: "തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം ഞങ്ങൾക്കു തിന്നാം; എന്നാൽ നിങ്ങൾ മരിക്കാതിരിക്കേണ്ടതിനു തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുത്, തൊടുകയും അരുത് എന്ന് ദൈവം കല്പിച്ചിട്ടുണ്ട് എന്നു പറഞ്ഞു. പാമ്പു മറുപടി പറഞ്ഞു: "നിങ്ങൾ മരിക്കയില്ല നിശ്ചയം; അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കുകയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകയും ചെയ്യും എന്നു ദൈവം അറിയുന്നു."

ആ വൃക്ഷത്തിന്റെ ഫലം തിന്നാൽ ഇതുവരെയില്ലാത്ത ഒരു പ്രത്യേക ജ്ഞാനവും അറിവും അവർക്കു ലഭിക്കുമെന്ന് അവർ ചിന്തിക്കണമെന്നു സാത്താൻ ആഗ്രഹിച്ചു. വീഴ്ചയ്ക്കുശേഷം അവൻ സ്ഥിരമായിട്ടു വിജയകരമായി ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനമാണിത്. സർവ്വശക്തനായ ദൈവത്തിന്റെ കല്പനകൾ പ്രമാണിക്കാൻ കൂട്ടാക്കാതെയും, ദൈവം തന്നേക്കുറിച്ചു വെളിപ്പെടുത്തിയിട്ടുള്ള കാര്യങ്ങളിൽ തൃപ്തരാകാതെ, ദൈവത്തിന്റെ രഹസ്യങ്ങൾ അന്വേഷിക്കാൻ മനുഷ്യരെ പ്രേരിപ്പിക്കുകയാണവൻ. അവരെക്കൊണ്ടു ദൈവത്തിന്റെ കല്പനകളെ ധിക്കരിപ്പിച്ചശേഷം, തങ്ങൾ ഒരു അത്ഭുതകരമായ അറിവിന്റെ ലോകത്തേയ്ക്കു പ്രവേശിക്കുകയാണെന്ന് അവരെ വിശ്വസിപ്പിക്കുകയാണവൻ. ഇതു പൂർണ്ണമായും ഭാവനയാണ്, വളരെ മോശമായ ഒരു വഞ്ചനയാണ്.

ദൈവം വെളിപ്പെടുത്തിയ കാര്യങ്ങൾ ഗ്രഹിക്കാൻ അവർ പരാജയപ്പെടുന്നു, അവന്റെ വ്യക്തമായ കല്പനകളെ അവർ ധിക്കരിക്കുന്നു, ദൈവത്തെക്കൂടാതെയുള്ള ജ്ഞാനം കാംക്ഷിക്കുന്നു, അവൻ മർത്യരിൽ നിന്നു മറച്ചു വെച്ചിരിക്കുന്ന കാര്യങ്ങൾ അറിയാൻ അന്വേഷിക്കുന്നു. അഭിവൃദ്ധിയുടേതായ അവരുടെ ആശയങ്ങളിൽ അവർ അഹങ്കരിക്കുന്നു, അവരുടെ പൊള്ളയായ തത്വശാസ്ത്രത്തിൽ മതിമറക്കുന്നു. എന്നാൽ യഥാർത്ഥമായ അറിവിന്റെ വിഷയത്തിൽ വരുമ്പോൾ അവർ കൂരിരുട്ടിൽ തപ്പുകയാണ്.

വിശുദ്ധരായ ഈ ദമ്പതികൾ ദുഷ്ടതയേക്കുറിച്ചറിയേണ്ട ആവശ്യമില്ലെന്നായിരുന്നു ദൈവഹിതം. നന്മയായിട്ടുള്ളതെല്ലാം അവർക്കു ധാരാളമായി കൊടുത്തു, എന്നാൽ തിന്മ അവരിൽ നിന്നകറ്റി വെച്ചു. സർപ്പത്തിന്റെ വാക്കുകൾ ബുദ്ധിപൂർവ്വമുള്ളതാണെന്നു ഹവ്വാ ചിന്തിച്ചതുകൊണ്ട് അവന്റെ ഉറച്ച പ്രസ്താവന അവൾ സ്വീകരിച്ചു, “നിങ്ങൾ മരിക്കയില്ല നിശ്ചയം; അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകയും ചെയ്യും എന്നു ദൈവം അറിയുന്നു” എന്നാണവൻ പറഞ്ഞത്. ഇതു ദൈവത്തെ കള്ളം പറയുന്നവനാക്കുകയായിരുന്നു.



അതായത് അവർ ദൈവത്തോട് സമമാകാനുള്ള പ്രത്യേക അറിവു നേടുന്നതിൽ നിന്ന് അവരെ തടയുന്നതിലൂടെ ദൈവം അവരെ വഞ്ചിക്കുകയാണെന്നായിരുന്നു സാത്താൻ അർത്ഥമാക്കിയത്. ദൈവം പറഞ്ഞു: “നിങ്ങൾ ഭക്ഷിച്ചാൽ നിങ്ങൾ തീർച്ചയായും മരിക്കും. പാമ്പു പറഞ്ഞു: “നിങ്ങൾ ഭക്ഷിച്ചാൽ നിങ്ങൾ തീർച്ചയായും മരിക്കയില്ല.”

നീ ഈ പഴം ഭക്ഷിച്ചാലുടനെ നിനക്കൊരു ഉന്നതമായ പ്രത്യേക തരം ജ്ഞാനം ലഭിക്കുകയും, നീ ദൈവത്തെപ്പോലെയായിത്തീരുകയും ചെയ്യും എന്നു പരീക്ഷകൻ ഹവ്വായ്ക്ക് ഉറപ്പു കൊടുത്തു. അവൻ അവളുടെ ശ്രദ്ധ തന്നിലേക്കു തിരിച്ചു. തനിക്കു സംസാരശേഷി കിട്ടിയിരിക്കുന്നത്, അവർക്കു വിലക്കപ്പെട്ട പഴം താൻ ഭക്ഷിച്ചതുകൊണ്ടാണെന്ന് അവൻ പറഞ്ഞു. ദൈവം, പറഞ്ഞതുപോലെ ചെയ്യുകയില്ലെന്നും അവൻ സൂചിപ്പിച്ചു. വലിയ നന്മ വരുന്നതിൽ നിന്നവരെ ഒഴിവാക്കി നിർത്താൻ വേണ്ടിയുള്ള ഒരു ഭീഷണി മാത്രമാണത്. അവർക്കു മരിക്കാൻ സാധിക്കയില്ലെന്നും അവൻ പറഞ്ഞു. അമർത്യത പ്രദാനം ചെയ്യുന്ന ജീവവൃക്ഷത്തിന്റെ ഫലം അവർ ഇതുവരെ ഭക്ഷിച്ചില്ലേ? ഒരു ഉന്നതമായ അവസ്ഥയിൽനിന്നും വർദ്ധിച്ച സന്തോഷത്തിൽ നിന്നും അവരെ അകറ്റി നിർത്താൻ വേണ്ടി ദൈവം അവരെ വഞ്ചിക്കുകയല്ലേ?

പരീക്ഷകൻ പഴം പറിച്ചു ഹവ്വായുടെ കയ്യിൽ കൊടുത്തു. അവൾ അതു കയ്യിൽ വാങ്ങി. ഇപ്പോൾ പരീക്ഷകൻ പറഞ്ഞു. നിങ്ങൾ മരിക്കാതിരിക്കേണ്ടതിന് ഇതിൽ തൊടുന്നതുപോലും വിലക്കിയിരുന്നതാണ്. ഈ പഴം തിന്നുന്നതിലൂടെ, ഇതിൽ തൊടുകയും കയ്യിൽ വെയ്ക്കുകയും ചെയ്തപ്പോൾ ഉണ്ടായതിലും അധികമായ ദോഷമോ മരണമോ ഉണ്ടാകാൻ പോകുന്നില്ലെന്ന് അവൻ അവളോടു പറഞ്ഞു. ഹവ്വാക്കു ധൈര്യം വന്നു, കാരണം ദൈവകോപത്തിന്റെ യാതൊരു ലക്ഷണവും അവൾക്കു പെട്ടെന്നനുഭവപ്പെട്ടില്ല. പരീക്ഷകന്റെ വാക്കുകളെല്ലാം സത്യവും ജ്ഞാനവും ആണെന്നവൾ ചിന്തിച്ചു. അവൾ ഭക്ഷിച്ചു, അവൾക്കതു വളരെ ഇഷ്ടപ്പെട്ടു. അതു വളരെ രുചികരമായിട്ടു തോന്നി. ആ പഴത്തിന്റെ അത്ഭുതകരമായ സിദ്ധികൾ തനിക്കു ലഭിച്ചിരിക്കുന്നതായിട്ടവൾ ഭാവന ചെയ്തു.

## ഹവ്വാ ഒരു പരീക്ഷകയായിത്തീരുന്നു

വിലക്കപ്പെട്ട പഴത്തിന്റെ അത്ഭുതകരമായ ശക്തിയാൽ പുതിയതും ഉന്നതവുമായ ഒരു അവസ്ഥയുടെ പ്രത്യേക ഊർജ്ജവും ശക്തിയും തനിക്കു ലഭിച്ചിരിക്കുന്നു എന്നു ഭാവന ചെയ്തുകൊണ്ട് അവൾ കൂടുതൽ പഴങ്ങൾ സ്വയം പറിച്ചു തിന്നു. രണ്ടു കൈകളിലും നിറയെ വിലക്കപ്പെട്ട പഴങ്ങളുമായി ആദാമിന്റെ അടുക്കൽ ചെല്ലുമ്പോൾ അവൾ ഒരു പ്രത്യേക തരം ഉന്മാദാവസ്ഥയിലായിരുന്നു. പാമ്പു പറഞ്ഞ നല്ല ആലോചനകളെക്കുറിച്ചവൾ അവനോടു പറഞ്ഞു. ആ വൃക്ഷത്തിന്റെ ചുവട്ടിലേക്കവനെ

ഉടനെ തന്നെ കൊണ്ടുപോകാൻ അവൾ ആഗ്രഹിച്ചു. ഞാൻ കുറെ പഴങ്ങൾ തിന്നുവെന്നും, മരണത്തിന്റേതായ യാതൊരു തോന്നലുകളും എനിക്കനുഭവപ്പെടുന്നില്ലെന്നും, പകരം ഒരു പ്രത്യേകതരം ഉന്മേഷമാണനുഭവപ്പെടുന്നതെന്നും അവൾ ആദാമിനോടു പറഞ്ഞു. ഹവ്വാ അനുസരണക്കേടു കാണിച്ചയുടനെ അവൾ അവളുടെ ഭർത്താവിനെ വീഴ്ത്താൻ സാത്താന്റെ കൈകളിലെ ഒരുപകരണമായി മാറി.



തങ്ങളുടെ വിശ്വസ്തതയും സ്നേഹവും തെളിയിയ്ക്കാൻ വേണ്ടി ദൈവം വെച്ചിരുന്ന ഒരേയൊരു വിലക്കു തന്റെ പങ്കാളി ലംഘിച്ചിരിക്കുകയാണെന്ന് ആദാമിനു മനസ്സിലായി. തങ്ങൾ മരിക്കുകയില്ലെന്നു പാമ്പു പറഞ്ഞുവെന്നും, മരണത്തിന്റെ യാതൊരു ലക്ഷണങ്ങളും തനിക്കനുഭവപ്പെടുന്നില്ലെന്നും, പകരം ദൂതന്മാർക്കനുഭവപ്പെടുന്നതുപോലുള്ള ഒരു പ്രത്യേക ഉന്മേഷമാണനുഭവപ്പെടുന്നതെന്നും, അതുകൊണ്ടു പാമ്പു പറഞ്ഞതു സത്യമായിരിക്കുമെന്നും അവൾ വാദിച്ചു.

ഹവ്വായെ ഒറ്റയ്ക്കു വിട്ടതിൽ ആദാം ദുഃഖിച്ചു, പക്ഷേ ഇപ്പോൾ സംഭവം നടന്നു കഴിഞ്ഞു തനിക്കേറ്റവും പ്രിയങ്കരമായിരുന്ന തന്റെ പങ്കാളിയുടെ സഖിത്വം ഇപ്പോൾ ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. അതെങ്ങനെ ഉപേക്ഷിക്കും? ഹവ്വായോടുള്ള അവന്റെ സ്നേഹം ശക്തമായിരുന്നു. ഭയങ്കരമായ നിരാശയോടുകൂടെ അവളുടെ വിധി പങ്കിടാൻ അവൻ തീരുമാനിച്ചു. ഹവ്വാ എന്റെയൊരു ഭാഗമാണെന്നും, അവളിൽ നിന്നു വേർപെടുന്നതിനേക്കുറിച്ചു ചിന്തിക്കാൻപോലും എനിക്കു കഴിയില്ലെന്നും, അവൾ മരിക്കുന്നെങ്കിൽ ഞാനും അവളോടൊപ്പം മരിക്കട്ടേയെന്നും അവൻ ചിന്തിച്ചു.

കരുണാമയനും കൃപ നിറഞ്ഞവനുമായ തന്റെ സൃഷ്ടാവിനെ അവൻ വിശ്വസിച്ചില്ല. മണ്ണിൽ നിന്നു മനോഹര സൃഷ്ടിയായി തന്നെ ഉണ്ടാക്കുകയും, തനിക്കു ജീവിത പങ്കാളിയായി ഹവ്വായെ ഉണ്ടാക്കുകയും ചെയ്ത സ്രഷ്ടാവിന് അവളുടെ വിടവു നികത്താൻ കഴിയുമെന്നവൻ ചിന്തിച്ചില്ല. ഒരു പക്ഷേ, ബുദ്ധിമാനായ ആ പാമ്പിന്റെ വാക്കുകൾ ശരിയായിരിക്കില്ലേ? ഹവ്വാ അനുസരണക്കേടു കാണിക്കുന്നതിനു മുമ്പുണ്ടായിരുന്ന അതേ സൗന്ദര്യത്തിലും നിഷ്കളങ്കതയിലും തന്റെ മുമ്പിൽ നില്ക്കുന്നു. അവൾ

പാപം ചെയ്യുന്നതിനു മുമ്പുണ്ടായിരുന്നതിനേക്കാൾ അധികം സ്നേഹം പ്രകടിപ്പിക്കുന്നു, പഴം തിന്നതിന്റെ ഫലമാണിതെന്ന് അവകാശപ്പെടുന്നു. മരണത്തിന്റെ യാതൊരു ലക്ഷണങ്ങളും അവൻ അവളിൽ കണ്ടില്ല.

ഏതായാലും ഒന്നു പരിശോധിക്കാമെന്നവനും തീരുമാനിച്ചു. അവൻ പഴം വാങ്ങി ഭക്ഷിച്ചു. ഹവ്വായേപ്പോലെ തന്നെ അവനും ഉടനേ കുഴപ്പങ്ങളൊന്നും തോന്നിയില്ല.

## മനുഷ്യന്റെ തെരഞ്ഞെടുപ്പിൻ സ്വാതന്ത്ര്യം

വിലക്കപ്പെട്ട വൃക്ഷത്തേക്കുറിച്ചു നമ്മുടെ ആദ്യ മാതാപിതാക്കൾക്കു ദൈവം വ്യക്തമായ അറിവു കൊടുത്തിരുന്നു. സാത്താന്റെ വീഴ്ചയേക്കുറിച്ചും, അവന്റെ വാക്കുകൾ ശ്രദ്ധിക്കുന്നതിന്റെ അപകടത്തേക്കുറിച്ചും അവരോടു പറഞ്ഞിരുന്നു. വിലക്കപ്പെട്ട പഴം തിന്നാനുള്ള അവസരം ദൈവം നിഷേധിച്ചില്ല. തന്റെ വാക്കുകൾ വിശ്വസിച്ച് തന്റെ കല്പനകൾ പ്രമാണിച്ചുകൊണ്ട് ജീവിക്കാനും, പരീക്ഷകന്റെ വാക്കുകൾ വിശ്വസിച്ച് അനുസരണക്കേടു കാണിച്ചുകൊണ്ടു നശിക്കുവാനും അവകാശമുള്ള സ്വതന്ത്ര വ്യക്തികളായിട്ടാണ് ദൈവം അവരെ കരുതിയത്.

ഇതുവരെയുണ്ടായിരുന്ന സ്നേഹവും സമാധാനവും സന്തോഷവും നഷ്ടപ്പെട്ടതുപോലെ അവർക്കനുഭവപ്പെട്ടു. ഇതുവരെയില്ലാത്ത ഒരു ശൂന്യതാബോധം അവരെ വീർപ്പുമുട്ടിച്ചു. പിന്നെ അവർ ആദ്യമായി അന്യോന്യം ശരീരങ്ങളെ വീക്ഷിച്ചു. ഇതുവരെ അവർ വസ്ത്രം ധരിച്ചിരുന്നില്ല. സ്വർഗ്ഗീയ ദൂതന്മാരെപ്പോലെ പ്രകാശം അവരെ ചുറ്റി മിന്നിയിരുന്നു. ഇപ്പോൾ ആ പ്രകാശം വിട്ടുപോയിരിക്കുന്നു. തങ്ങൾക്കനുഭവപ്പെട്ട നഗ്നതയെ മറയ്ക്കാൻ എന്തെങ്കിലും തരത്തിലുള്ള ഒരു വസ്ത്രം അവർ അന്വേഷിച്ചു. ഈ അവസ്ഥയിൽ ദൈവത്തേയും ദൂതന്മാരേയും അഭിമുഖീകരിക്കാൻ അവർ ലജ്ജിച്ചു.

സാത്താൻ തന്റെ വിജയത്തിൽ ആഹ്ലാദിച്ചു. ദൈവത്തെ സംശയിക്കാനും, അവന്റെ ജ്ഞാനത്തെ ചോദ്യം ചെയ്യാനും, അവന്റെ ജ്ഞാന സമ്പൂർണ്ണമായ പദ്ധതികൾക്കു വിള്ളൽ വീഴ്ത്താനും തക്കവണ്ണം സ്ത്രീയെ വശീകരിക്കാൻ തനിക്കു സാധിച്ചു. അവളിലൂടെ ആദാമിനേയും വീഴ്ത്താൻ സാധിച്ചു. അവളോടുള്ള അമിതമായ സ്നേഹം നിമിത്തം അവനും ദൈവത്തിന്റെ കല്പന ലംഘിച്ചു, അവളോടൊപ്പം വീണു.

ദൈവം ആദാമിനേയും ഹവ്വായേയും സന്ദർശിച്ച് അവരുടെ അനുസരണക്കേടിന്റെ ഫലങ്ങൾ അവർക്കു വിവരിച്ചുകൊടുത്തു. ദൈവം അവരെ സന്ദർശിക്കാൻ ചെന്നപ്പോൾ അവന്റെ കാലൊച്ച കേട്ടിട്ട് അവർ ഭയന്ന് ഓടി ഒളിച്ചു. അവരുടെ വിശുദ്ധിയിലും നിഷ്കളങ്കതയിലും അവന്റെ സാമീപ്യം അവർ കൊതിച്ചിരുന്നു. “യഹോവയായ ദൈവം മനുഷ്യനെ



വിളിച്ചു: നീ എവിടെ എന്നു ചോദിച്ചു.""തോട്ടത്തിൽ നിന്റെ ഒച്ച കേട്ടിട്ടു ഞാൻ നഗ്നനാകകൊണ്ടു ഭയപ്പെട്ട് ഒളിച്ചു എന്നു അവൻ പറഞ്ഞു. അതിനു ദൈവം, "നീ നഗ്നനെന്നു നിന്നോട് ആർ പറഞ്ഞു? തിന്നരുതെന്നു ഞാൻ നിന്നോടു കല്പിച്ച വൃക്ഷഫലം നീ തിന്നുവോ എന്നു ചോദിച്ചു."

ദൈവം ഈ ചോദ്യം ചോദിച്ചതു വിവരശേഖരണത്തിനു വേണ്ടിയല്ല, പാപികളായ ദമ്പതികൾക്ക് അവരുടെ തെറ്റു ബോദ്ധ്യപ്പെടുത്തുന്നതിനു വേണ്ടിയായിരുന്നു. നിങ്ങൾ എങ്ങനെ ലജ്ജിതരും ഭീരുക്കളുമായി? ആദാം തന്റെ തെറ്റു സമ്മതിച്ചു, അവന്റെ വലിയ അനുസരണക്കേടിനെക്കുറിച്ച് അനുതപിച്ചിട്ടല്ല, തന്റെ കുറ്റം ദൈവത്തിന്റെ മേൽ പഴി ചാരുന്നതിനു വേണ്ടിയായിരുന്നു. "എന്നോടുകൂടെ ഇരിപ്പാൻ നീ തന്നിട്ടുള്ള സ്ത്രീ വൃക്ഷഫലം തന്നു; ഞാൻ തിന്നുകയും ചെയ്തു"എന്നു ആദാം പറഞ്ഞു. അപ്പോൾ ദൈവം സ്ത്രീയോടു ചോദിച്ചു, "നീ ഈ ചെയ്തതു എന്ത്?" ഹവ്വാ മറുപടി പറഞ്ഞു: "പാമ്പ് എന്നെ വഞ്ചിച്ചു, ഞാൻ തിന്നുപോയി."

## ശാപം

യഹോവ അപ്പോൾ പാമ്പിനോടു പറഞ്ഞു: "നീ ഇതു ചെയ്കകൊണ്ടു എല്ലാ കന്നുകാലികളിലും എല്ലാ കാട്ടു മൃഗങ്ങളിലും വെച്ചു നീ ശപിക്കപ്പെട്ടിരിക്കുന്നു; നീ ഉരസ്സുകൊണ്ടു ഗമിച്ചു നിന്റെ ആയുഷ്ക്കാലമൊക്കെയും പൊടി തിന്നും. " വയലിലെ മൃഗങ്ങളേക്കാൾ ഉന്നതമായ സ്ഥാനം

പാമ്പിനു കൊടുത്തിരുന്നു. എന്നാൽ സാത്താനു പ്രവർത്തിക്കാനുള്ള ഉപകരണമായിത്തീർന്നതുകൊണ്ട്, ഇനിമേൽ മനുഷ്യർ അതിനെ വെറുക്കുകയും എല്ലാ മൃഗങ്ങളെക്കാളും ഹീനമായ അവസ്ഥയിലേക്ക് അത് അധഃപതിക്കുകയും ചെയ്യും. ആദാമിനോടു ദൈവം പറഞ്ഞു, "നീ നിന്റെ ഭാര്യയുടെ വാക്ക് അനുസരിക്കുകയും തിന്നരുതെന്നു ഞാൻ കല്പിച്ച വൃക്ഷഫലം തിന്നുകയും ചെയ്തതുകൊണ്ടു നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു; നിന്റെ ആയുഷ്ക്കാലമൊക്കെയും നീ കഷ്ടതയോടെ അതിൽനിന്നു അഹോവൃത്തി കഴിക്കും. മുള്ളും പറക്കാരയും നിനക്ക് അതിൽ നിന്നു മുളയ്ക്കും; വയലിലെ സസ്യം നിനക്ക് ആഹാരമാകും. നിലത്തു നിന്നു നിന്നെ എടുത്തിരിക്കുന്നു; അതിൽ തിരികെ ചേരുവോളം മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും; നീ പൊടിയാകുന്നു, പൊടിയിൽ തിരികെ ചേരും."

യഹോവ ഭൂമിയേയും ശപിച്ചു: "നിന്റെ ആയുഷ്ക്കാലമൊക്കെയും നീ കഷ്ടതയോടെ അതിൽ നിന്നു അഹോവൃത്തി കഴിക്കും." യഹോവ അവർക്കു നല്ലതെല്ലാം അനുവദിച്ചുകൊടുക്കയും ദോഷമായുള്ളത് അകറ്റിവെക്കുകയും ചെയ്തു. എന്നാലിപ്പോൾ യഹോവ അരുളിചെയ്തത്, "നിന്റെ ആയുഷ്ക്കാലമൊക്കെയും നീ കഷ്ടതയോടെ അതിൽ നിന്ന് അഹോവൃത്തി കഴിക്കും."അതായത് അവരുടെ ജീവിതകാലം മുഴുവൻ ദുഷ്ടതയും, തിന്മകളും അവർ അനുഭവിച്ചുകൊണ്ടേയിരിക്കും.

അന്നുമുതൽ മനുഷ്യവർഗ്ഗം സാത്താന്റെ പരീക്ഷകളാൽ കഷ്ടപ്പെടും. ആദാം അന്നുവരെ അനുഭവിച്ചിരുന്ന സന്തോഷവും ഉത്സാഹവുമുള്ള വേലയ്ക്കു പകരം നിരന്തരമായ കഷ്ടപ്പാടും ആകാംക്ഷയും ഇനി അനുഭവിക്കണമായിരുന്നു. അവർ നിരാശയും, ദുഃഖവും, വേദനയും അനുഭവിച്ച് ഒടുവിൽ നശിച്ചുപോകും. ഭൂമിയിലെ പൊടിയിൽ നിന്നു സൃഷ്ടിച്ചിരിക്കയാൽ പൊടിയിലേയ്ക്കു തിരികെച്ചേരും.



അവരുടെ ഏദെൻ ഭവനം നഷ്ടപ്പെടും എന്നും അവരെ അറിയിച്ചു. അവർ സാത്താന്റെ വഞ്ചനയ്ക്കു കീഴ്പ്പെട്ടു, ദൈവം കള്ളം പറയുമെന്നുള്ള സാത്താന്റെ വാക്കുകൾ വിശ്വസിച്ചു. അവരുടെ അനുസരണക്കേടിനാൽ സാത്താന് അവരോടടുത്തു വരാൻ ഒരു എളുപ്പവഴി അവർ തുറന്നിട്ടിരിക്കുന്നു. ജീവവൃക്ഷത്തിന്റെ ഫലം കൂടെ പറിച്ചുതിന്ന് ദുഷ്ടതയിലും കഷ്ടതയിലും അവർ നിരന്തരം ജീവിക്കാൻ സാദ്ധ്യതയുള്ളതുകൊണ്ട്, ഇനി ഏദെൻ തോട്ടത്തിൽ അവർ തുടർന്നു ജീവിക്കുന്നത് അപകടകരമാണ്. തങ്ങൾക്കവകാശമില്ലെങ്കിലും, അവിടെത്തന്നെ തുടർന്നു ജീവിക്കാൻ അനുവദിക്കണമേയെന്ന് അവർ കേണപേക്ഷിച്ചു. ഇനിമേൽ ഞങ്ങൾ ദൈവത്തെ പൂർണ്ണമായി അനുസരിച്ചുകൊള്ളാം എന്നവർ വാഗ്ദത്തം ചെയ്തു. നിഷ്കളങ്കതയിൽ നിന്നു പാപത്തിലേക്കവർ വീണതിനാൽ ശക്തി സംഭരിക്കുകയല്ല, ബലഹീനരായിത്തീരുകയാണു ചെയ്തിരിക്കുന്നതെന്നവരോടു പറഞ്ഞു. വിശുദ്ധവും സന്തുഷ്ടവമായ നിഷ്കളങ്കതയിൽ അവർക്കു വിശ്വസ്തത പാലിക്കാൻ കഴിഞ്ഞില്ലെങ്കിൽ, പാപത്തിന്റെ അവസ്ഥയിൽ അവർ തീർത്തും ബലഹീനരായിരിക്കയാൽ വിശ്വസ്തത പാലിക്കാൻ ഏറെ പ്രയാസമാണ്. അഗാധമായ ആകാംക്ഷയും വിഷമവും അവരിൽ നിറഞ്ഞു. പാപത്തിന്റെ ശമ്പളം മരണം തന്നെയാണെന്ന് അവർക്കിപ്പോൾ ബോദ്ധ്യമായി.



ജീവവൃക്ഷത്തിങ്കലേക്കുള്ള വഴികാക്കാൻ ദൂതന്മാരെ ഉടൻ തന്നെ കാവലാക്കി. മനുഷ്യർ പാപം ചെയ്തു ദൈവകോപത്തിനിരയായ ശേഷം, ജീവവൃക്ഷത്തിന്റെ പഴം തിന്ന്, എന്നേക്കും പാപികളായി ജീവിക്കണമെന്നായിരുന്നു സാത്താന്റെ പദ്ധതി. എന്നാൽ വിശുദ്ധ ദൂതന്മാർ വഴി തടഞ്ഞു. ദൂതന്മാരുടെ ചുറ്റും എല്ലാ വശത്തേക്കും വാളുകൾ പോലെ തോന്നിക്കുന്ന പ്രകാശ രശ്മികൾ മിന്നിക്കൊണ്ടിരുന്നു.

അദ്ധ്യായം - 4

# പരിഹാരം

*ഈ അദ്ധ്യായം ഉല്പത്തി 3:15, 21 - 24 എന്ന വാകൃങ്ങളെ ആസ്പദമാക്കി യാണ്.*

മനുഷ്യവർഗ്ഗം നഷ്ടപ്പെട്ടുപോയെന്നും, തെറ്റു ചെയ്തവർക്കു രക്ഷ പെടാൻ ഒരു വഴിയുമില്ലാത്തതുകൊണ്ട്, ദൈവം സൃഷ്ടിച്ച സുന്ദരമായ ഭൂമി ഇനി കഷ്ടതയും രോഗവും മരണവും അനുഭവിക്കാൻ വിധിക്കപ്പെട്ട മർത്യരാൽ നിറയപ്പെടുമെന്നും മനസ്സിലായപ്പോൾ സ്വർഗ്ഗം മുഴുവനും ദുഃഖിച്ചു. ആദാമിന്റെ കുടുംബം മുഴുവനും മരിക്കേണ്ടിയിരിക്കുന്നു.

നഷ്ടപ്പെട്ടുപോയ മനുഷ്യവർഗ്ഗത്തിന് ഒരു രക്ഷാപദ്ധതി തയ്യാറാക്കി യിട്ടുണ്ടെന്ന് സ്വർഗ്ഗീയസംഘത്തെ യേശു അറിയിച്ചു. അതിനുവേണ്ടി താൻ പിതാവിനോടു യാചിക്കുകയായിരുന്നെന്നും, തന്റെ ജീവൻ മറു വിലയായി കൊടുക്കാമെന്നു വാഗ്ദത്തം ചെയ്തിരിക്കുകയാണെന്നും പറഞ്ഞു. മരണ ശിക്ഷ താൻ സ്വയം ഏറ്റെടുത്തുകൊണ്ടു മനുഷ്യർക്കു മോചനം കൊടുക്കും. സ്രഷ്ടാവായ താൻ മനുഷ്യജന്മം എടുത്ത് മനുഷ്യ നായി ജീവിച്ച് ദൈവകല്പനകൾ അനുസരിക്കുന്നതിലൂടെയും, തന്റെ രക്തം അവർക്കായി ചൊരിയുന്നതിലൂടെയും, അവർക്കു പിതാവായ ദൈവത്തിന്റെ പ്രീതി ലഭിക്കുകയും, ജീവവൃക്ഷത്തിന്റെ ഫലം തിന്നാൻ യോഗ്യതയുള്ളവരായി മനോഹരമായ തോട്ടത്തിലേക്കവർ ആനയിയ്ക്ക പ്പെടുകയും ചെയ്യും.





രക്ഷാപദ്ധതി യേശു അവരുടെ മുമ്പാകെ വിവരിച്ചു. പാപികളായ മനുഷ്യവർഗ്ഗത്തിന്റെയും പിതാവിന്റെ കോപത്തിന്റെയും നടുവിൽ താൻ നില്ക്കുമെന്നും, താൻ നിന്ദയും പരിഹാസവും സഹിക്കുമെന്നും, വളരെകുറച്ചു പേർ മാത്രമെ തന്നെ ദൈവപുത്രനായി അംഗീകരിക്കുകയുള്ളുവെന്നും, അവൻ അവരോടു പറഞ്ഞു. മിക്കവാറും എല്ലാവരും അവനെ വെറുക്കുകയും ഉപേക്ഷിക്കുകയും ചെയ്യും. താൻ സ്വർഗ്ഗത്തിലുള്ള തന്റെ എല്ലാ മഹിമയും ഉപേക്ഷിക്കും, ഭൂമിയിൽ ഒരു മനുഷ്യനായി ജന്മമെടുക്കും, വെറും ഒരു സാധാരണക്കാരനായി സ്വയം വിനയപ്പെടുത്തും, മനുഷ്യർ നേരിടുന്ന വിവിധ പരീക്ഷകളെ സ്വന്തം ജീവിതത്തിൽ അനുഭവിച്ചറിയും, അങ്ങനെ പരീക്ഷിക്കപ്പെടുന്നവരെ സഹായിക്കേണ്ടതെങ്ങനെയെന്ന് താൻ പഠിക്കും. ഒരു ഗുരുവെന്ന നിലയിൽ ഉള്ള തന്റെ ദൗത്യം പൂർത്തിയായിക്കഴിയുമ്പോൾ, ഒടുവിൽ താൻ ദുഷ്ടന്മാരുടെ കൈകളിൽ ഏല്പിക്കപ്പെടുകയും, സാത്താനും അവന്റെ സംഘവും ദുഷ്ടരായ മനുഷ്യരെക്കൊണ്ടു ചെയ്യിക്കാവുന്ന സകല ക്രൂരതയും കഷ്ടതയും അനുഭവിക്കുകയും ചെയ്യും. ഒരു കൊടും പാപിയെപ്പോലെ ആകാശത്തിനും ഭൂമിക്കും ഇടയിൽ തൂങ്ങിക്കിടന്നുകൊണ്ട് ഏറ്റവും ക്രൂരമായ മരണം താൻ വരിക്കും. ആ സമയത്തെ ഭയങ്കരമായ വേദനയും സങ്കടവും കണ്ടു നില്ക്കാൻ ശേഷിയില്ലാതെ ദൂതന്മാർപോലും അവരുടെ മുഖം മറയ്ക്കും. ശരീരവേദന മാത്രമല്ല, അതിനെക്കാൾ ഭയാനകമായ മാനസിക വേദനയും അനുഭവിക്കും. ലോകത്തിന്റെ മുഴുവൻ പാപഭാരം തന്റെ മേലായിരിക്കും. താൻ മരിക്കുകയും മൂന്നാം ദിവസം ഉയിർത്തെഴുന്നേല്ക്കയും ചെയ്ത് പിതാവിന്റെ അടുക്കലേക്കു കയറിപ്പോകുകയും, കുറ്റക്കാരും പാപികളുമായ മനുഷ്യർക്കുവേണ്ടി പിതാവിനോടു പക്ഷപാദം ചെയ്യുകയും ചെയ്യും.

## രക്ഷക്കുള്ള ഒരേയൊരു മാർഗ്ഗം

മാലാഖമാർ അവന്റെ മുമ്പാകെ വീണു നമസ്ക്കരിച്ചു. അവനു പകരമായി പോകാൻ അവർ തങ്ങളുടെ ജീവൻ വാഗ്ദാനം ചെയ്തു. ഒരു ദൂതന്റെ ജീവൻ അനേകരുടെ ജീവനു പകരമാകില്ലെന്നും, സ്രഷ്ടാവായ തന്റെ ജീവൻ കൊടുക്കുന്നതിലൂടെ അനേകരെ രക്ഷിക്കാമെന്നും യേശു അവരോടു പറഞ്ഞു. മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന്റെ പ്രായശ്ചിത്തമായി തന്റെ ജീവൻ മാത്രമെ പിതാവ് അംഗീകരിക്കുകയുള്ളുവെന്ന് അവൻ പറഞ്ഞു. താൻ രക്ഷിച്ചവർ ഒടുവിൽ തന്നോടുകൂടെയായിരിക്കും. തന്റെ

മരണത്താൽ താൻ അനേകരെ രക്ഷിക്കുകയും, മരണാധികാരിയായ പിശാചിനെ നശിപ്പിക്കുകയും ചെയ്യും. തന്റെ പിതാവ് രാജ്യവും അതിന്റെ മഹത്വവും തന്നെ ഏല്പിക്കുകയും താൻ എന്നേക്കും രാജാവായിരിക്കുകയും ചെയ്യും. സാത്താനും പാപികളും നശിപ്പിക്കപ്പെടും, ഇനി അവർ സ്വർഗ്ഗത്തിലും ശുദ്ധീകരിക്കപ്പെട്ട പുതിയ ഭൂമിയിലും ഒരു ശല്യവും ചെയ്യുകയില്ല.

എന്നാൽ ദൂതന്മാർക്കും അവൻ ചുമതലകൾ കൊടുത്തു. ദൈവപുത്രന്റെ കഷ്ടതയിൽ അവനെ ശുശ്രൂഷിക്കാൻ, മഹത്വത്തിന്റെ ശക്തിയുമായി അവർ കയറുകയും ഇറങ്ങുകയും ചെയ്യണമായിരുന്നു. അതുപോലെ തന്നെ കൃപയുടെ പ്രജകളെ ദുഷ്ടദൂതന്മാരിൽ നിന്നും, സാത്താൻ തുടർച്ചയായി അവരുടെ ചുറ്റും വീശിയെറിയുന്ന അന്ധകാരത്തിൽ നിന്നും അവർ സംരക്ഷിക്കണം. നഷ്ടപ്പെട്ടു നശിച്ചുകൊണ്ടിരിക്കുന്ന പാപികളെ രക്ഷിക്കാൻ വേണ്ടി തന്റെ കല്പനകൾ മാറ്റുവാൻ ദൈവത്തിനാവില്ല. അതുകൊണ്ട് അവരുടെ അനുസരണക്കേടിനു പ്രാശ്ചിത്തമായി തന്റെ പ്രിയപുത്രൻ മരിക്കുവാൻ അവൻ അനുവദിച്ചു.

മനുഷ്യരെ പാപികളാക്കിയതിലൂടെ ദൈവപുത്രനെ അവന്റെ ഉന്നതമായ മഹത്വസിംഹാസനത്തിൽ നിന്നു വലിച്ചു താഴെയിറക്കാൻ തനിക്കു സാധിച്ചതുകൊണ്ട് സാത്താൻ അധികമായി സന്തോഷിച്ചു. യേശു മനുഷ്യരൂപം എടുക്കുമ്പോൾ എനിക്കവനെ കീഴ്പ്പെടുത്താനും രക്ഷാപദ്ധതി തകിടം മറിക്കാനും സാധിക്കും എന്നു സാത്താൻ തന്റെ ദൂതന്മാരോടു പറഞ്ഞു.

ദൈവകല്പന ലംഘിക്കുന്നതുവരെ പരമ സന്തോഷത്തോടെ വസിച്ചിരുന്ന മനോഹരമായ ഏദെൻ തോട്ടത്തിൽ നിന്ന് അടക്കാനാവാത്ത സങ്കടത്തോടെ ലജ്ജിതരായി ആദാമും ഹവ്വായും പുറത്തുപോയി. അന്തരീക്ഷത്തിനു മാറ്റം വന്നു. പാപത്തിനു മുമ്പുണ്ടായിരുന്ന ഊഷ്മളമായ അന്തരീക്ഷം മാറിയിരിക്കുന്നു. ഇനി അവർ അനുഭവിക്കാൻ പോകുന്ന തണുപ്പിൽ നിന്നും ചൂടിൽ നിന്നും അവരുടെ ശരീരത്തെ സംരക്ഷിക്കാൻ ദൈവം അവർക്കു തോൽകൊണ്ട് ഉടുപ്പുണ്ടാക്കിക്കൊടുത്തു.

## ദൈവത്തിന്റെ മാറ്റമില്ലാത്ത കല്പനകൾ

മനുഷ്യവംശത്തിന്റെ മേൽ മുഴുവനും ദൈവത്തിന്റെ ക്രോധം കൊണ്ടുവന്ന, ആദാമിന്റെയും ഹവ്വായുടേയും അനുസരണക്കേടും വീഴ്ചയും നിമിത്തം സ്വർഗ്ഗം മുഴുവനും വിലപിച്ചു. ദൈവവുമായുള്ള അവരുടെ കൂട്ടായ്മയുടെ ബന്ധം അറ്റുപോയിരിക്കുന്നു, ഭീകരമായ കഷ്ടതയിൽ മുങ്ങിയിരിക്കുന്നു.



സ്വർഗ്ഗത്തിലും ഭൂമിയിലും തന്റെ ഭരണകൂടത്തിന്റെ അടിസ്ഥാനമായ യഹോവയുടെ കല്പനകൾ അവനെപ്പോലെ തന്നെ പരിശുദ്ധമാണ്. അതുകൊണ്ട് അതിന്റെ ലംഘനത്തിനു പ്രാശ്ചിത്തമായി ഒരു ദൂതന്റെ ജീവൻ യാഗമായി സ്വീകരിക്കാൻ ദൈവത്തിനു കഴിയില്ലായിരുന്നു. തന്റെ സിംഹാസനത്തിനു ചുറ്റും നില്ക്കുന്ന ദൂതന്മാരെക്കാൾ തന്റെ കല്പനകൾ ദൈവത്തിനു പ്രധാനപ്പെട്ടതായിരുന്നു. മനുഷ്യവംശത്തെ അവരുടെ വീഴ്ച ഭവിച്ച അവസ്ഥയിൽ സന്ധിക്കുന്നതിന് തന്റെ കല്പനകളിൽ ഒരെണ്ണം ഇല്ലാതാക്കുവാനോ മാറ്റുവാനോ പിതാവിനു സാധിക്കില്ലായിരുന്നു. എന്നാൽ അവരുടെ സൃഷ്ടിപ്പിൽ പങ്കാളിയായിരുന്ന ദൈവപുത്രന്, പിതാവിന്റെ കോപം ഏറ്റുവാങ്ങിക്കൊണ്ട് തന്റെ ജീവനെ ഒരു യാഗമായി അർപ്പിച്ച്, ദൈവത്തിനു സ്വീകാര്യമായ ഒരു പ്രായശ്ചിത്തം അവർക്കുവേണ്ടി അർപ്പിക്കാൻ സാധിക്കും. ആദാമിന്റെ പാപത്താൽ മരണവും കഷ്ടതയും എല്ലാവരുടെമേലും വന്നതുപോലെ, യേശുവിന്റെ യാഗത്താൽ ജീവനും അമർത്യതയും മനുഷ്യർക്കു ലഭിക്കുമെന്ന് ദൂതന്മാർ ആദാമിനെ അറിയിച്ചു.

## ഭാവിയുടെ ഒരു ദർശനം

ഏദെൻ തോട്ടം മുതൽ ജലപ്രളയം വരെയും, തുടർന്ന് യേശുവിന്റെ ഒന്നാമത്തെ വരവുവരെയും ഉള്ള പ്രധാനപ്പെട്ട സംഭവങ്ങൾ ദൈവം ആദാമിനു വെളിപ്പെടുത്തിക്കൊടുത്തു. ആദാമിനോടും അവന്റെ സന്തതി പരമ്പരകളോടും ഉള്ള ദൈവത്തിന്റെ സ്നേഹം അവനെ സ്വർഗ്ഗം വിട്ടിറങ്ങി മനുഷ്യപ്രകൃതം എടുത്ത്, സ്വന്തം താഴ്ചയിലൂടെ അവനിൽ വിശ്വസിക്കുന്ന എല്ലാവരേയും ഉയർത്തുവാൻ മനസ്സുള്ളവനാക്കി. ലോകത്തെ മുഴുവൻ രക്ഷിക്കാൻ അത്തരത്തിലുള്ള ഒരു യാഗം മതിയായിരുന്നു. എന്നാൽ അത്തരത്തിലുള്ള ഒരു യാഗത്തിലൂടെ കൊണ്ടുവരുന്ന രക്ഷയെ



വളരെക്കുറച്ചു പേർ മാത്രമേ സ്വീകരിക്കുകയുള്ളു. അവന്റെ വലിയ രക്ഷ ലഭിക്കുന്നതിന് അവൻ വെച്ചിരിക്കുന്ന വ്യവസ്ഥകൾ ഭൂരിഭാഗം ആളുകളും സ്വീകരിക്കുകയില്ല. അർപ്പിക്കപ്പെട്ട യാഗത്തിന്റെ നന്മകളെ വിശ്വാസത്താൽ മുറുകെപ്പിടിച്ചുകൊണ്ട് അനുതാപത്തോടെ അനുസരണത്തിലേക്കു കടന്നു വരുന്നതിനു പകരം പാപത്തിന്റെ സന്തോഷങ്ങളിൽ രസിക്കുന്ന ഒരു ജീവിതം അവർ തെരഞ്ഞെടുക്കും. സ്വീകരിക്കുന്ന ഏതൊരുവനെയും തങ്കത്തേക്കാൾ വിലയേറിയവനാക്കി മാറ്റാൻ തക്ക ശക്തിയുള്ളതാണ് ഈ യാഗം.

## യാഗമർപ്പിക്കൽ

ദൈവത്തിന്റെ പ്രത്യേക നിർദ്ദേശമനുസരിച്ച് ആദാം ഒരു യാഗമർപ്പിക്കുമ്പോൾ, അത് അവനൊരു വേദനാജനകമായ ശുശ്രൂഷയായിരുന്നു. ദൈവത്തിനു മാത്രം കൊടുക്കാൻ കഴിയുന്ന ജീവൻ തന്റെ കൈകൊണ്ടെടുത്തിട്ടുവേണം പാപമോചനത്തിനു യാഗം അർപ്പിക്കാൻ. അവൻ മരണം നേരിൽ കാണുന്നതാദ്യമായിട്ടായിരുന്നു. രക്തമൊഴുകുന്ന യാഗമൃഗം മരണ വെപ്രാളത്തിൽ പിടയുന്നതു കാണുമ്പോൾ, അതു പ്രതിനിധീകരിക്കുന്ന, മനുഷ്യവർഗ്ഗത്തിനുവേണ്ടി യാഗമാകാൻ പോകുന്ന ദൈവപുത്രങ്കലേക്ക് അവൻ നോക്കണമായിരുന്നു.

ദൈവം ഏർപ്പെടുത്തിയ ഈ യാഗവ്യവസ്ഥ, ആദാമിനു തന്റെ പാപത്തെക്കുറിച്ചുള്ള നിരന്തരമായ ഒരു ഓർമ്മ സ്തംഭവും, അനുതാപത്തോടെ തന്റെ പാപത്തെ അംഗീകരിക്കുന്ന ഒരനുഭവവും ആയിരിക്കണമായിരുന്നു. ജീവൻ എടുക്കുന്ന ഈ പ്രവൃത്തി ആദാമിനു തന്റെ ലംഘനത്തിന്റെ ഭയാനകതയെക്കുറിച്ച് സ്പഷ്ടവും അഗാധവുമായ ഒരു ബോധം ഉളവാക്കിയിരുന്നു. ദൈവപുത്രന്റെ മരണത്താലല്ലാതെ പാപക്കറ കഴുകിക്കളയാനാവില്ലെന്നും ഇതവനെ ഓർമ്മിപ്പിച്ചു. കുറ്റക്കാരനെ രക്ഷിക്കാൻ വേണ്ടി ഇത്ര വലിയ ത്യാഗത്തിനു തയ്യാറായിരിക്കുന്ന അനന്തമായ നന്മയേയും അളവില്ലാത്ത സ്നേഹത്തേയും കുറിച്ചോർത്തിട്ടവൻ പുളകിതനായി. നിർദ്ദോഷിയായ മൃഗത്തെ കൊല്ലുന്ന സമയത്ത് താൻ യഥാർത്ഥത്തിൽ ദൈവപുത്രനെയാണ് കൊല്ലുന്നതെന്ന് ആദാം ചിന്തിച്ചു. ദൈവത്തോടും അവന്റെ വിശുദ്ധ കല്പനകളോടും താൻ അനുസരണമുള്ളവനായിരുന്നെങ്കിൽ മൃഗങ്ങളുടെ മരണവും മനുഷ്യരുടെ മരണവും ഒന്നുംതന്നെ ഉണ്ടാകുകയില്ലായിരുന്നു എന്നവൻ ഓർത്തു. എങ്കിലും ദൈവത്തിന്റെ സ്വന്തം പുത്രന്റെ വലുതും സമ്പൂർണ്ണവുമായ യാഗത്തെ ചൂണ്ടിക്കാണിക്കുന്ന യാഗ ശുശ്രൂഷയിൽ, അന്ധകാര നിബിഢവും ഭയാനകവുമായ ഭാവിയുടെ സമ്പൂർണ്ണമായ നിരാശയും നാശവും പ്രകാശമാനമാക്കുവാൻ ഒരു പ്രത്യാശയുടെ നക്ഷത്രം വെളിപ്പെട്ടു.

ആദ്യകാലത്ത് ഓരോ ഭവനത്തിന്റെയും തലവൻ സ്വന്തം വീട്ടിലെ ഭരണകർത്താവും പുരോഹിതനുമായി ഗണിക്കപ്പെട്ടു. പിന്നീടു മനുഷ്യവർഗ്ഗം ഭൂമിയിൽ വർദ്ധിച്ചപ്പോൾ, ദൈവം തെരഞ്ഞെടുത്ത പ്രത്യേ വ്യക്തികൾ ആളുകൾക്കുവേണ്ടി ഈ പാവനമായ ശുശ്രൂഷ നിർവ്വഹിച്ചു. പാപികളുടെ മനസ്സിൽ യാഗമൃഗത്തിന്റെ രക്തം ദൈവപുത്രന്റെ രക്തമാണെന്നുള്ള ചിന്ത ഉളവാകണമായിരുന്നു. പാപത്തിന്റെ ശിക്ഷ മരണമാകുന്നുവെന്ന് യാഗമൃഗത്തിന്റെ മരണം എല്ലാവരോടും സാക്ഷ്യപ്പെടുത്തണമായിരുന്നു. യാഗശുശ്രൂഷയിലൂടെ പാപികൾ തങ്ങളുടെ തെറ്റ് അംഗീകരിക്കുകയും, മൃഗയാഗം സൂചിപ്പിച്ചിരുന്ന ദൈവപുത്രന്റെ വലുതും സമ്പൂർണ്ണവുമായ യാഗത്തിലുള്ള തങ്ങളുടെ വിശ്വാസം പ്രകടിപ്പിക്കുകയും ചെയ്തു. ദൈവപുത്രന്റെ പാപപരിഹാരയാഗമില്ലാതെ പാപികൾക്കു ദൈവത്തിങ്കൽ നിന്ന് അനുഗ്രഹമോ രക്ഷയോ ലഭ്യമല്ല. തന്റെ കല്പനകളുടെ അഭിമാനം കാത്തുസൂക്ഷിക്കാൻ ദൈവം ബദ്ധശ്രദ്ധനാണ്. ആ കല്പനകളുടെ ലംഘനം ദൈവത്തിനും പാപികൾക്കുമിടയിൽ വലിയൊരു വിടവു സൃഷ്ടിച്ചു. ആദാമിനെ പാപത്തിനു മുമ്പു ദൈവവുമായി നേരിട്ടുള്ള സ്വാതന്ത്ര്യവും സന്തോഷ നിർഭരവുമായ ഇടപെടലിനു സ്രഷ്ടാവ് അനുവദിച്ചു. പാപത്തിനു ശേഷം ദൈവം മനുഷ്യവർഗ്ഗത്തോട് ആശയവിനിമയം ചെയ്യുന്നത് ക്രിസ്തുവിലൂടെയും ദൂതന്മാരിലൂടെയും ആണ്. ●



അദ്ധ്യായം - 5

# വിടുതൽ

*പുറപ്പാട് 5 - 15 വരെ ആസ്പദമാക്കിയാണ് ഈ അദ്ധ്യായം തയ്യാറാക്കിയിരിക്കുന്നത്.*

ദൈവത്തിന് എപ്പോഴും ഒരു ജനമുണ്ട്. പലപ്പോഴും അനുസരണം കെട്ടവരെ അപേക്ഷിച്ച് അവർ എണ്ണത്തിൽ ചുരുക്കമായിരിക്കും. ഉദാഹരണത്തിന് ജലപ്രളയ സമയത്ത് നോഹയും അവന്റെ കുടുംബാംഗങ്ങളുമായി എട്ടുപേർ മാത്രമാണ്, ജലപ്രളയത്തിൽ നിന്നു രക്ഷപ്പെടാൻ മനുഷ്യവർഗ്ഗത്തിനുവേണ്ടി നോഹയെക്കൊണ്ടു ദൈവം പണിയിപ്പിച്ച പെട്ടകത്തിൽ കയറിയത്. ആളുകൾ ദൈവത്തെ മറന്നു ജീവിക്കുന്ന കാലത്താണ് ഹാനോക്ക് ദൈവത്തോടുകൂടെ നടന്നത്. ദൈവം അബ്രഹാമിനെ വിളിച്ച് തന്റെ പിതൃദേശം വിട്ടു കനാനിലേക്കു പോകാൻ ആവശ്യപ്പെട്ടു. അവന്റെ പിൻതലമുറക്കാരായ ഇസ്രായേല്യർ, ഒരു ക്ഷാമം മുഖാന്തരം ഈജിപ്തിലേക്കു പോകുന്നതുവരെ അവിടെ പാർത്തു. ഈജിപ്റ്റിൽ അവർ അടിമകളാക്കപ്പെട്ടു. ക്രിസ്തുവിനു മുമ്പ് ആയിരത്തിലേറെ വർഷങ്ങൾക്കപ്പുറം മിസ്രയീമിലെ അടിമത്വത്തിൽ ജീവിച്ചിരുന്ന ഒരു ജനസമൂഹത്തെ ദൈവം എങ്ങനെ വിടുവിച്ചുവെന്നതിന്റെ അത്ഭുതകരമായ കഥ ഇതാ.

അനേക വർഷക്കാലം ഇസ്രായേൽ മക്കൾ മിസ്രയീമിൽ അടിമത്വത്തിലായിരുന്നു. വളരെക്കുറച്ചു കുടുംബങ്ങളാണ് മിസ്രയീമിൽ താമസിക്കാൻ പോയത്. എന്നാലവർ പെറ്റുപെരുകിയവിടെ ഒരു വലിയ ജനസമൂഹമായി. വിഗ്രഹാരാധനയാൽ ചുറ്റപ്പെട്ടിരുന്നതുകൊണ്ട്, അവരിൽ അനേകർക്കും

സത്യദൈവത്തെക്കുറിച്ചുള്ള അറിവു നഷ്ടപ്പെടുകയും ദൈവത്തിന്റെ കല്പനകൾ മറന്നുപോകുകയും ചെയ്തു. അവർ മിസ്രയീമ്യരോടു ചേർന്നു സൂര്യനേയും ചന്ദ്രനേയും നക്ഷത്രങ്ങളേയും മൃഗങ്ങളേയും മനുഷ്യരുടെ കൈവേലയായ വിഗ്രഹങ്ങളേയും ആരാധിച്ചു.

എങ്കിലും എബ്രായരുടെ ഇടയിൽ, ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവായ സത്യദൈവത്തെ ആരാധിക്കുന്ന ചിലരുണ്ടായിരുന്നു. വിശ്വസ്തരായ ജനം സങ്കടത്തോടെ ദൈവത്തോടു വിടുതലിനായി നിലവിളിച്ചു. മിസ്രയീമിലെ അടിമത്വത്തിൽ നിന്നും വിഗ്രഹാരാധനയുടെ ചുറ്റുപാടുകളിൽ നിന്നും ഞങ്ങളെ രക്ഷിച്ചു പുറത്തുകൊണ്ടു പോകണമേ എന്നവർ ദൈവത്തോടു പ്രാർത്ഥിച്ചു.

ഇസ്രായേൽ മക്കളിൽ അനേകർ വിഗ്രഹാരാധികളായെങ്കിലും, വിശ്വസ്തരായ കുറച്ചുപേർ ഉറച്ചു നിന്നു. അവരുടെ വിശ്വാസം അവർ ഒളിച്ചു വച്ചില്ല. ഞങ്ങൾ ജീവനുള്ള സത്യദൈവത്തെ മാത്രമെ ആരാധിക്കുകയുള്ളുവെന്ന് അവർ മിസ്രയീമ്യരോടു തുറന്നു പറഞ്ഞു. സൃഷ്ടിപ്പു മുതൽ ഇങ്ങോട്ടുള്ള ദൈവത്തിന്റെ ശക്തിയുടേയും ഇടപെടലുകളുടേയും തെളിവുകൾ അവർ നിരത്തിവച്ചു. എബ്രായരുടെ വിശ്വാസത്തെക്കുറിച്ചും അവരുടെ ദൈവത്തെക്കുറിച്ചും മിസ്രയീമ്യർക്കു നല്ലതുപോലെ പഠിക്കാനുള്ള അവസരം ലഭിച്ചു. സത്യദൈവത്തിന്റെ വിശ്വസ്തരായ ജനത്തെ തകിടം മറിച്ചു വിഗ്രഹാരാധികളാക്കാൻ വേണ്ടി ഭീഷണിയും പ്രതിഫലവും ഉപദ്രവവുമെല്ലാം പ്രയോഗിച്ചിട്ടും മിസ്രയീമ്യർ പരാജയപ്പെട്ടു.

മിസ്രയീമിലെ സിംഹാസനത്തിലിരുന്ന അവസാനത്തെ രണ്ടു ഫറവോന്മാർ ക്രൂരന്മാരായിരുന്നു. അവർ എബ്രായരെ കഠിനമായി ഉപദ്രവിച്ചു. ദൈവം അബ്രഹാമിനോടു ചെയ്ത വാഗ്ദത്തങ്ങളും, തന്റെ മരണത്തിനു മുമ്പ് ഇസ്രായേല്യരുടെ വിമോചനത്തെക്കുറിച്ച് ജോസഫ് പറഞ്ഞ പ്രവചനവാക്കുകളും ഓർമ്മിപ്പിച്ചുകൊണ്ട്, ജനത്തിന്റെ തണുത്തുപോകുന്ന വിശ്വാസത്തെ ഉത്തേജിപ്പിക്കാൻ പ്രായമുള്ളവർ ശ്രമിച്ചു. ചിലർ ശ്രദ്ധിക്കുകയും വിശ്വസിക്കുകയും ചെയ്തു. മറ്റുള്ളവർ തങ്ങളുടെ ദുഃഖകരമായ അവസ്ഥയെ നോക്കി, പ്രത്യാശ കൈവെടിഞ്ഞു.

അവരുടെ ദൈവം തന്റെ കയ്യിൽ നിന്നവരെ രക്ഷിക്കുന്നത് തനിക്കൊന്നു കാണണമെന്നു ഫറവോൻ വീമ്പിളക്കി. ഈ വാക്കുകൾ അനേകം ഇസ്രായേല്യരെ നിരാശരാക്കി. രാജാവും മന്ത്രിമാരും അവകാശപ്പെടുന്നതു പോലെ മാത്രമെ സംഭവിക്കുകയുള്ളു എന്നൊരു ധാരണ പ്രബലമായി. തങ്ങൾ അടിമകളാണെന്നും വിചാരകന്മാർ പറയുന്നതനുസരിക്കാൻ ബാദ്ധ്യസ്ഥരാണെന്നും അവർക്കറിയാമായിരുന്നു. എന്തു പീഢനം വന്നാലും അനുഭവിച്ചേ മതിയാവൂ. എബ്രായ ഭവനങ്ങളിൽ ജനിക്കുന്ന ആൺകുട്ടികളെ വേട്ടയാടി കൊന്നുകൊണ്ടിരുന്നു. തങ്ങളുടെ സ്വന്തം

ജീവിതവും ഭാരമേറിയതാണ്, എങ്കിലും തങ്ങൾ സ്വർഗ്ഗസ്ഥനായ ദൈവത്തെ വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുകയാണ്.

മിസ്രയീമ്യരുടേയും തങ്ങളുടേയും അവസ്ഥകൾ തമ്മിൽ അവർ താരതമ്യം ചെയ്തു. രക്ഷിക്കാനും നശിപ്പിക്കാനും ശക്തിയുള്ള ഒരു ദൈവത്തിൽ അവർ വിശ്വസിക്കുന്നതേയില്ല. അവരിൽ ചിലർ കല്ലും മരവും കൊണ്ടുള്ള വിഗ്രഹങ്ങളെ ആരാധിച്ചു; മറ്റു ചിലർ സൂര്യനേയും ചന്ദ്രനേയും നക്ഷത്രങ്ങളേയും ആരാധിച്ചു. എങ്കിലും അവർ ധനികരും അഭിവൃദ്ധിയുള്ളവരും ആയിരുന്നു. എല്ലാ ദേവന്മാരെക്കാളും വലിയവനാണു തങ്ങളുടെ ദൈവമെങ്കിൽ, വിഗ്രഹാരാധികളായ ഒരു രാജ്യത്തിനു തങ്ങളെ അടിമകളായി വിട്ടു കൊടുക്കുകയില്ലായിരുന്നു എന്നു ചില എബ്രായർ ചിന്തിച്ചു.

പീഢിപ്പിക്കപ്പെടുന്ന തന്റെ ജനത്തിന്റെ പ്രാർത്ഥനകൾക്കു ദൈവം ഉത്തരം കൊടുക്കേണ്ടതായ സമയമായി. തങ്ങൾ നിന്ദിച്ചതായ എബ്രായരുടെ ദൈവം എല്ലാ ദേവന്മാരെക്കാളും ഉന്നതനാണെന്ന് മിസ്രയീമ്യർക്കു തെളിയിച്ചു കൊടുക്കത്തക്കവണ്ണം തന്റെ ശക്തിയുടെ അതുല്യമായ പ്രകടനങ്ങളോടുകൂടെ ഇടപെടാൻ ദൈവം തീരുമാനിച്ചു. ദൈവത്തിന്റെ ശക്തമായ പ്രവർത്തികൾ കണ്ടിട്ട്, മറ്റു ജാതികൾ വിറയ്ക്കുവാനും, സ്വന്തം ജനം വിഗ്രഹാരാധന വിട്ടൊഴിഞ്ഞ് സത്യ ദൈവത്തിന്റെ ആരാധനയിലേക്കു മടങ്ങിവരാനും വേണ്ടി ദൈവം തന്റെ നാമം മഹത്വപ്പെടുത്തുവാൻ ഇറങ്ങി വന്നു.

മിസ്രയീമിൽ നിന്ന് ഇസ്രയേല്യരെ വിടുവിച്ചതിലൂടെ തന്റെ ജനത്തോടുള്ള തന്റെ പ്രത്യേക കരുണ ദൈവം മിസ്രയീമ്യർക്കു കാണിച്ചു കൊടുത്തു. ഫറവോൻ ഒരു തരത്തിലും ഒതുങ്ങുകയില്ലെന്നു വന്നപ്പോൾ, ദൈവത്തിന്റെ ശക്തി മറ്റെല്ലാ ശക്തികൾക്കും മീതെയുള്ളതാണെന്ന്, അവൻ കണ്ണീരോടെ അംഗീകരിക്കത്തക്കവണ്ണം അവന്റെമേൽ ന്യായവിധി നടത്തുന്നതു നന്നായിരിക്കുമെന്നു ദൈവം കണ്ടു. ഭൂമിയിലുടനീളം തന്റെ നാമം പ്രസ്താവിക്കപ്പെടേണ്ടതിനു, എല്ലാ ദേശക്കാർക്കും തന്റെ ദിവ്യ ശക്തിയുടേയും നീതിയുടേയും വ്യക്തമായ തെളിവു താൻ കൊടുക്കാൻ പോകുകയാണ്. തന്റെ ശക്തിയുടെ ഈ വെളിപ്പെടുത്തലുകൾ തന്റെ ജനത്തിന്റെ വിശ്വാസം ബലപ്പെടുത്തുമെന്നും, അവർക്കുവേണ്ടി അത്രത്തോളം കരുണാമയമായ അത്ഭുതങ്ങൾ പ്രവർത്തിച്ച സ്വർഗ്ഗസ്ഥനായ ദൈവത്തെ മാത്രമേ അവരുടെ പിൻ തലമുറക്കാർ ആരാധിക്കാവൂ എന്നും ദൈവം ആഗ്രഹിച്ചു.

ഇനിമുതൽ ജനം സ്വയം വൈക്കോൽ ശേഖരിച്ച് പഴയ അളവിൽ ഇഷ്ടിക ഉണ്ടാക്കണമെന്നു ഫറവോൻ കല്പിച്ചപ്പോൾ, നിനക്കറിയില്ലെന്നു നീ നടിക്കുന്നതായ ഈ ദൈവത്തെ സർവ്വശക്തനും ദൈവാധിദൈവവുമായി നീ അംഗീകരിക്കേണ്ടിവരും എന്നു മോശ ഫറവോനോടു പറഞ്ഞു.

## ബാധകൾ

വടി സർപ്പമാക്കുകയും വെള്ളം രക്തമാക്കുകയും ചെയ്തിട്ടും ഇസ്രായേൽ മക്കളെ വിട്ടയയ്ക്കാൻ തക്കവണ്ണം ഫറവോന്റെ കഠിന ഹൃദയം അലിഞ്ഞില്ല. ഇസ്രായേൽ മക്കളോടുള്ള അവന്റെ വിദ്വേഷം വർദ്ധിക്കുക മാത്രമാണുണ്ടായത്. തന്റെ മന്ത്രവാദികൾ ഇതൊക്കെ ചെയ്തതുകൊണ്ട്, മോശയും മാജിക്കു കാണിക്കുകയാണെന്നാണ് ഫറവോൻ ചിന്തിച്ചത്. എന്നാൽ തവളകളുടെ ബാധ മാറിയപ്പോൾ ദൈവശക്തിയിൽ വിശ്വസിക്കാൻ അവനു മതിയായ തെളിവുകൾ ഉണ്ടായിരുന്നു. തവളകളെ ഒരു നിമിഷം കൊണ്ടു ദൈവത്തിന് മണ്ണിലേയ്ക്ക് അപ്രത്യക്ഷമാക്കിക്കളയാമായിരുന്നു. എന്നാൽ അങ്ങനെ ചെയ്താൽ ഇതുമൊരു മാജിക്കായിരുന്നുവെന്നു മിസ്രയീമ്യർ ചിന്തിക്കുമെന്നറിയാമായിരുന്നതുകൊണ്ട് ദൈവം അങ്ങനെ ചെയ്തില്ല. തവളകൾ ചത്തു, ആളുകൾ അവയെ പെറുക്കി കൂനകളാക്കി കൂട്ടി. തങ്ങളുടെ കൺമുമ്പിൽ തവളകൾ ചീഞ്ഞഴുകി ദുർഗ്ഗന്ധം വമിക്കുന്നതവർ കണ്ടനുഭവിച്ചു. ഇതു മാജിക്കല്ല, സ്വർഗ്ഗത്തിലെ ദൈവത്തിന്റെ ന്യായവിധിയാണെന്ന് മിസ്രയീമ്യർക്കു വ്യക്തമായ തെളിവായിരുന്നു.

അടുത്ത ബാധയായി പ്രത്യക്ഷപ്പെട്ട പേനിനെ ഉണ്ടാക്കാൻ മന്ത്രവാദികൾക്കു കഴിഞ്ഞില്ല. ഈജിപ്റ്റിലെ ജനങ്ങളുടെ മുമ്പാകെ അവർ പരാജയപ്പെട്ടു. ഫറവോനു ദൈവത്തെ അവിശ്വസിക്കുവാൻ യാതൊരു കാരണവും അവശേഷിക്കരുതെന്നു ദൈവം ആഗ്രഹിച്ചു. അവൻ മന്ത്രവാദികളെക്കൊണ്ടുപോലും പറയിച്ചു; “ഇതു ദൈവത്തിന്റെ കരമാണ്”

അടുത്തതായി ഈച്ചകൾ കൂട്ടമായി വന്നു. മഴക്കാലത്ത് നമ്മളെ ശല്യം ചെയ്യുന്ന സാധാരണ ഈച്ചകളായിരുന്നില്ല അവ. മിസ്രയീമിൽ ദൈവം അയച്ച ഈച്ചകൾ വലുതും വിഷമമുള്ളതുമായിരുന്നു. അവ കുത്തിയാൽ മനുഷ്യർക്കും മൃഗങ്ങൾക്കും നല്ലതുപോലെ വേദനിക്കുമായിരുന്നു. തന്റെ ജനം പാർക്കുന്ന സ്ഥലത്ത് ഈച്ച ശല്യം ഉണ്ടാകാതെ ദൈവം സംരക്ഷിച്ചതിലൂടെ ഇസ്രായേല്യർക്കും മിസ്രയീമ്യർക്കും ഇടയിൽ ദൈവം വേർതിരിവു വെച്ചു.

അടുത്തതായി ദൈവം മിസ്രയീമ്യരുടെ മൃഗങ്ങളുടെ മേൽ ബാധ അയച്ചു. അതേ സമയം എബ്രായരുടെ കന്നുകാലികളിൽ ഒന്നിനുപോലും രോഗം ബാധിച്ചില്ല. അടുത്തതായി മനുഷ്യർക്കും മൃഗങ്ങൾക്കും വ്രണങ്ങൾ ഉണ്ടായി. മന്ത്രവാദികൾക്കുപോലും ഈ രോഗത്തിൽ നിന്നു രക്ഷപ്പെടാനായില്ല. പിന്നെ ദൈവം മിസ്രയീമ്യരുടെമേൽ കല്മഴയും ഇടിമിന്നലും അയച്ചു. അതു പ്രകൃതിയുടെ ഒരു വികൃതിയായി സ്വയമേ സംഭവിച്ചുവെന്ന് ആരും പറയാതിരിക്കാൻ വേണ്ടി ഓരോന്നും സംഭവിക്കും മുമ്പേതന്നെ മുന്നറിയിപ്പു കൊടുത്തു കൊണ്ടിരുന്നു. ഭൂമി മുഴു

വനും എബ്രായരുടെ ദൈവമായ യഹോവയുടെ നിയന്ത്രണത്തിലാണെന്നു ദൈവം മിസ്രയീമ്യർക്കു കാണിച്ചു കൊടുത്തു. ഇടിമിന്നലും, കല്മഴയും, കൊടുങ്കാറ്റും അവന്റെ ആജ്ഞ അനുസരിക്കുന്നു. "ഞാൻ അവനെ അനുസരിക്കേണ്ടതിനു യഹോവ ആരാകുന്നു?"എന്ന് ഒരിക്കൽ അഹങ്കാരത്തോടെ ചോദിച്ച ഫറവോൻ ഇപ്പോൾ താണു "ഞാൻ പാപം ചെയ്തിരിക്കുന്നു... ഞാനും എന്റെ ജനങ്ങളും തെറ്റു ചെയ്തിരിക്കുന്നു, യഹോവയോ നീതിമാനാകുന്നു"എന്നു പറയേണ്ടി വന്നു. ഇടിയും മിന്നലും കല്മഴയും നിർത്തുവാൻ യഹോവയോട് എനിക്ക് വേണ്ടി അപേക്ഷിക്കണമേ എന്നു ഫറവോൻ മോശയോടു യാചിച്ചു.

അടുത്തതായി ദൈവം വെട്ടുക്കിളികളുടെ ബാധ അയച്ചു. ദൈവ മുമ്പാകെ കീഴടങ്ങിക്കൊണ്ട് ഇസ്രായേൽ മക്കളെ വിട്ടയയ്ക്കുന്നതിനു പകരം ബാധകൾ അനുഭവിക്കാനായിരുന്നു ഫറവോന്റെ തീരുമാനം. തന്റെ രാജ്യം മുഴുവനും ഈ ഭയാനകമായ ന്യായവിധിയുടെ കീഴിൽ വീർപ്പുമുട്ടുന്നതു കണ്ടിട്ടും ഫറവോൻ അനുതപിച്ചില്ല. പിന്നെ ദൈവം മിസ്രയീമ്യരുടെ മേൽ കൂരിരുട്ട് അയച്ചു. ദൈവം ജനങ്ങൾക്കു വെളിച്ചം മാത്രമല്ല നിഷേധിച്ചത്, ശ്വാസോച്ഛ്വാസം പോലും വിഷമമാകുന്ന തരത്തിൽ അന്തരീക്ഷം കടുപ്പമായി. എന്നാൽ എബ്രായരുടെ ദേശത്തു നല്ല പ്രകാശവും സാധാരണയുള്ള അന്തരീക്ഷവുമായിരുന്നു.

ഇതുവരെ അയച്ചതിലും കഠിനമായ ഒരു ബാധകൂടെ ദൈവം മിസ്രയീമ്യരുടെ മേൽ അയച്ചു. ഇതുവരെ അയച്ച എല്ലാ ബാധകളെക്കാളും കഠിനമായിരുന്നു അത്. മോശയുടെ അഭ്യർത്ഥനയെ ഇതുവരെയും എതിർത്തുകൊണ്ടിരുന്നത് രാജാവും വിഗ്രഹാരാധികളായ പുരോഹിതന്മാരുമായിരുന്നു. എബ്രായരെ ഇനി മിസ്രയീമിൽ പിടിച്ചു നിർത്തരുതെന്നാണു ജനം ആഗ്രഹിച്ചത്. അടുത്ത ബാധയുടെ രീതിയും കാഠിന്യവും, ഫറവോനേയും മിസ്രയീമ്യരേയും ഇസ്രായേല്യരേയും മോശ വ്യക്തമായി ധരിപ്പിച്ചു. എല്ലാ വീടുകളിലും ആദ്യജാതന്മാർ മരിക്കും. മിസ്രയീമ്യർക്ക് അതികഠിനവും ഇസ്രയേൽ മക്കൾക്ക് അതി മഹത്വകരവുമായിത്തീർന്ന ആ രാത്രിയിൽ പെസ്സഹായെന്ന പരിപാവനമായ ശുശ്രൂഷ സ്ഥാപിക്കപ്പെട്ടു.

സ്വർഗ്ഗസ്ഥനായ ദൈവത്തിന്റെ താല്പര്യങ്ങൾ അംഗീകരിക്കാൻ മിസ്രയീമിലെ ഫറവോനും, അഹങ്കാരികളും വിഗ്രഹാരാധികളുമായ ജനങ്ങൾക്കും, വളരെ പ്രയാസമായിരുന്നു. ബാധകൾ ഒന്നിനു പുറകേ ഒന്നായിട്ട് മിസ്രയീമ്യരുടെ മേൽ ആഞ്ഞടിച്ചു. ദൈവകോപത്തിന്റെ ഭയാനകമായ അടികൊണ്ടിട്ടും രാജാവു കീഴടങ്ങിയില്ല.

ഓരോ ബാധയും മുമ്പിലത്തേതിനെക്കാൾ കുറച്ചുകൂടി ശക്തവും ഉപദ്രവകാരിയുമായിരുന്നു. എന്നാൽ അഹങ്കാരിയായ രാജാവ് കോപാകുലനായതേയുള്ളു, കീഴടങ്ങാൻ തയ്യാറായില്ല. ആ ഭയാനകമായ രാത്രിയ്ക്കു



വേണ്ടിയുള്ള ഇസ്രായേൽ മക്കളുടെ ഒരുക്കം കണ്ടപ്പോൾ, പ്രത്യേകിച്ചു കട്ടിളപ്പടിമേൽ അവർ രക്തം പുരട്ടിയതു കണ്ടപ്പോൾ, മിസ്രയീമ്യർ അവരെ പരിഹസിച്ചു.

ദൈവം കൊടുത്ത നിർദ്ദേശങ്ങൾ ഇസ്രായേല്യർ അനുസരിച്ചു. സംഹാര ദൂതൻ മിസ്രയീമ്യരുടെ വീടുകളിൽ കയറിയിറങ്ങിയ സമയത്ത്, ഇസ്രായേല്യർ യാത്രയ്ക്കുവേണ്ടി ഒരുങ്ങി, പൊയ്ക്കൊൾവിൻ എന്നു രാജാവും അവന്റെ ആളുകളും പറയാൻ വേണ്ടി കാത്തിരിക്കുകയായിരുന്നു. "അർദ്ധ രാത്രിയിലോ സിംഹാസനത്തിലിരുന്ന ഫറവോന്റെ ആദ്യജാതൻ മുതൽ കുണ്ടറയിൽ കിടന്ന തടവുകാരന്റെ ആദ്യജാതൻ വരെയും മിസ്രയീം ദേശത്തിലെ ആദ്യജാതന്മാരെയും മൃഗങ്ങളുടെ കടിഞ്ഞൂലുകളെയും എല്ലാം യഹോവ സംഹരിച്ചു. ഫറവോനും അവന്റെ സകല ഭൃത്യന്മാരും സകല മിസ്രയീമ്യരും രാത്രിയിൽ എഴുന്നേറ്റു; മിസ്രയീമിൽ വലിയോരു നിലവിളി ഉണ്ടായി; ഒന്നു മരിക്കാതെ ഒരു വീടും ഉണ്ടായിരുന്നില്ല."

"അപ്പോൾ അവൻ മോശെയേയും അഹരോനേയും രാത്രിയിൽ വിളിപ്പിച്ചു: നിങ്ങൾ ഇസ്രായേൽ മക്കളുമായി എഴുന്നേറ്റു എന്റെ ജനത്തിന്റെ നടുവിൽനിന്നു പുറപ്പെട്ടു, നിങ്ങൾ പറഞ്ഞതുപോലെ പോയി യഹോവയെ ആരാധിപ്പിൻ. നിങ്ങൾ പറഞ്ഞതുപോലെ നിങ്ങളുടെ ആടുകളെയും കന്നുകാലികളെയും കൂടെ കൊണ്ടുപൊയ്ക്കൊൾവിൻ; എന്നെയും അനുഗ്രഹിപ്പിൻ എന്നു പറഞ്ഞു. മിസ്രയീമ്യർ ജനത്തെ നിർബന്ധിച്ചു വേഗത്തിൽ ദേശത്തു നിന്നയച്ചു: ഞങ്ങൾ എല്ലാവരും മരിച്ചുപോകുന്നു എന്നു അവർ പറഞ്ഞു."

"അതുകൊണ്ടു ജനം കുഴച്ച മാവു പുളിയ്ക്കുന്നതിനു മുമ്പെ തൊട്ടികളോടുകൂടെ ശീലകളിൽകെട്ടി ചുമലിൽ എടുത്തുകൊണ്ടുപോയി. ഇസ്രായേൽ മക്കൾ മോശെയുടെ വചനം അനുസരിച്ചു മിസ്രയീമ്യരോടു വെള്ളിയാഭരണങ്ങളും പൊന്നാഭരണങ്ങളും വസ്ത്രങ്ങളും ചോദിച്ചു.

യഹോവ മിസ്രയീമ്യർക്കു ജനത്തോടു കൃപ തോന്നിച്ചതുകൊണ്ട് അവർ ചോദിച്ചതൊക്കെയും അവർ അവർക്കു കൊടുത്തു. അങ്ങനെയവർ മിസ്രയീമ്യരെ കൊള്ളയിട്ടു.”

ഇതു സംഭവിക്കുന്നതിന് ഏകദേശം നാനൂറു വർഷം മുമ്പ് ദൈവം ഇക്കാര്യം അബ്രഹാമിനോടു പറഞ്ഞിരുന്നു. “നിന്റെ സന്തതി സ്വന്തമല്ലാത്ത ദേശത്തു നാനൂറു സംവത്സരം പ്രവാസികളായിരുന്ന് ആ ദേശക്കാരെ സേവിക്കും; അവർ അവരെ പീഡിപ്പിക്കുമെന്നു നീ അറിഞ്ഞുകൊൾക. എന്നാൽ അവർ സേവിക്കുന്ന ജാതിയെ ഞാൻ വിധിക്കും; അതിന്റെ ശേഷം അവർ വളരെ സമ്പത്തോടുംകൂടെ പുറപ്പെട്ടുപോരും.” (ഉല്പത്തി 15:13,14).

“വലിയൊരു സമ്മിശ്ര പുരുഷാരവും ആടുകളും കന്നുകാലികളുമായി അനവധി മൃഗങ്ങളും അവരോടുകൂടെ പോന്നു,”ഇസ്രായേൽ മക്കൾ തങ്ങളുടെ സമ്പത്തുകളുമായി മിസ്രയീം വിട്ടുപോന്നു. യാക്കോബും അവന്റെ പുത്രന്മാരും തങ്ങളുടെ ആടുമാടുകളും കന്നുകാലികളും മറ്റു സമ്പത്തുകളുമായിട്ടാണ് മിസ്രയീമിലേക്കു പോയത്. ഇസ്രായേല്യർ ഇപ്പോൾ എണ്ണത്തിൽ പെരുകിയിരിക്കുന്നു, അവരുടെ സമ്പത്തുകളും ഒരുപാടു വർദ്ധിച്ചു. മിസ്രയീമ്യരുടെ മേൽ ബാധകളയച്ച് ദൈവം അവരെ ന്യായം വിധിച്ചു. അതുകൊണ്ട് മിസ്രയീമ്യർ അവരെ അവർക്കുള്ള സമ്പത്തുകളുമായി ബന്ധപ്പെടുത്തി ഓടിച്ചു വിട്ടു.

## അഗ്നിസ്തംഭം

“അവർ സുക്കോത്തിൽ നിന്നു യാത്ര പുറപ്പെട്ടു മരുഭൂമിക്കരികെ ഏഥാമിൽ പാളയമിറങ്ങി. അവർ പകലും രാവും യാത്ര ചെയ്‌വാൻ തക്കവണ്ണം അവർക്കു വഴികാണിക്കേണ്ടതിനു പകൽ മേഘസ്തംഭത്തിലും അവർക്കു വെളിച്ചം കൊടുക്കേണ്ടതിനു രാത്രി അഗ്നിസ്തംഭത്തിലും യഹോവ അവർക്കു മുമ്പായി പൊയ്ക്കൊണ്ടിരുന്നു. പകൽ മേഘസ്തംഭവും രാത്രി അഗ്നിസ്തംഭവും ജനത്തിന്റെ മുമ്പിൽ നിന്നു മാറിയതുമില്ല.”

എബ്രായർ പോയശേഷം ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ, അവർ ഇനി തിരികെ വരികയില്ല എന്നു മിസ്രയീമ്യർ ഫറവോനോടു പറഞ്ഞു. അവരെ വിട്ടയച്ചതു മണ്ടത്തരമായിപ്പോയി എന്ന് അവർക്കു തോന്നി. ഇസ്രായേല്യർ ചെയ്തിരുന്ന സേവനങ്ങളെല്ലാം അവർക്കു നഷ്ടപ്പെട്ടിരിക്കുന്നു. ദൈവിക ന്യായവിധികൾ ഇത്രയേറെ അനുഭവിച്ചിട്ടും അവർ വിനയപ്പെടാതെ, ഇസ്രായേല്യരുടെ പുറകേ പോയി ബലമായി പിടിച്ചു തിരികെ കൊണ്ടുവരാൻ തീരുമാനിച്ചു. ഫറവോൻ ഒരു വലിയ സൈന്യത്തോടും അറുനൂറു വിശേഷ രഥങ്ങളോടും കൂടെ അവരുടെ പിന്നാലെ ചെന്ന്, അവർ ചെങ്കടൽക്കരയിൽ പാളയമടിച്ചിരിക്കുമ്പോൾ അവർക്കൊപ്പം എത്തി.

“ഫറവോൻ അടുത്തു വരുമ്പോൾ ഇസ്രായേൽ മക്കൾ തല ഉയർത്തി മിസ്രയീമ്യർ പിന്നാലെ വരുന്നതു കണ്ടു ഏറ്റവും ഭയപ്പെട്ടു; ഇസ്രായേൽ മക്കൾ യഹോവയോടു നിലവിളിച്ചു. അവർ മോശെയോടു: മിസ്രയീമിൽ ശവക്കുഴി ഇല്ലാഞ്ഞിട്ടോ നീ ഞങ്ങളെ മരുഭൂമിയിൽ മരിപ്പാൻ കൂട്ടിക്കൊണ്ടു വന്നതു? നീ ഞങ്ങളെ മിസ്രയീമിൽ നിന്നു പുറപ്പെടുവിച്ചതിനാൽ ഞങ്ങളോട് ഈ ചെയ്തത് എന്ത്? മിസ്രയീമ്യർക്കു വേല ചെയ്‌വാൻ ഞങ്ങളെ വിടേണം എന്നു ഞങ്ങൾ മിസ്രയീമിൽവെച്ചു നിന്നോടു പറഞ്ഞില്ലയോ? മരുഭൂമിയിൽ മരിക്കുന്നതിനേക്കാൾ മിസ്രയീമ്യർക്കു വേല ചെയ്യുന്നതായിരുന്നു ഞങ്ങൾക്കു നല്ലത് എന്നു പറഞ്ഞു.”

“അതിനു മോശെ ജനത്തോടു: ഭയപ്പെടേണ്ട; ഉറച്ചു നില്പിൻ; യഹോവ ഇന്നു നിങ്ങൾക്കു ചെയ്‌വാനിരിക്കുന്ന രക്ഷ കണ്ടു കൊൾവിൻ; നിങ്ങൾ ഇന്നു കണ്ടിട്ടുള്ള മിസ്രയീമ്യരെ ഇനി ഒരു നാളും കാണുകയില്ല. യഹോവ നിങ്ങൾക്കു വേണ്ടി യുദ്ധം ചെയ്യും; നിങ്ങൾ മിണ്ടാതിരിപ്പിൻ എന്നു പറഞ്ഞു.”



## ചെങ്കടലിലൂടെയുള്ള രക്ഷ

“അപ്പോൾ യഹോവ മോശെയോട് അരുളിച്ചെയ്തത്: നീ എന്നോടു നിലവിളിക്കുന്നതു എന്ത്? മുമ്പോട്ടു പോകുവാൻ ഇസ്രായേൽ മക്കളോടു പറക. വടി എടുത്തു നിന്റെ കൈ കടലിന്മേൽ നീട്ടി അതിനെ വിഭാഗിക്ക; ഇസ്രായേൽ മക്കൾ കടലിന്റെ നടുവെ ഉണങ്ങിയ നിലത്തുകൂടി കടന്നു പോകും.” താൻ തന്റെ ജനത്തിനുവേണ്ടി പ്രവർത്തിക്കുമെന്നു മോശെ മനസ്സിലാക്കണമെന്നു ദൈവം ആഗ്രഹിച്ചു. അവരുടെ ആവശ്യം തന്റെ അവസരമാകുന്നു. അവർക്കു പോകാൻ കഴിയുന്നത്ര ദൂരം അവർ പോയിക്കഴിയുമ്പോൾ, വീണ്ടും മുമ്പോട്ടു പോകുവാൻ മോശെ അവരോടു പറയണമായിരുന്നു. ദൈവം കൊടുത്ത വടി ഉപയോഗിച്ചു വെള്ളം രണ്ടായി ഭാഗിക്കണമായിരുന്നു.

“എന്നാൽ ഞാൻ മിസ്രയീമ്യരുടെ ഹൃദയത്തെ കഠിനമാക്കും; അവർ ഇവരുടെ പിന്നാലെ ചെല്ലും; ഞാൻ ഫറവോനിലും അവന്റെ സകല സൈന്യത്തിലും അവന്റെ രഥങ്ങളിലും കുതിരപ്പടയിലും എന്നെത്തന്നേ മഹത്വപ്പെടുത്തും.”

"അനന്തരം ഇസ്രായേല്യരുടെ സൈന്യത്തിനു മുമ്പായി നടന്ന ദൈവ ദൂതൻ അവിടെ നിന്നുമാറി അവരുടെ പിന്നാലെ നടന്നു; മേഘസ്തംഭവും അവരുടെ മുമ്പിൽ നിന്നു മാറി പിമ്പിൽ പോയി നിന്നു. രാത്രി മുഴുവനും മിസ്രയീമ്യരുടെ സൈന്യവും ഇസ്രായേല്യരുടെ സൈന്യവും തമ്മിൽ അടുക്കാതവണ്ണം അത് അവയുടെ മദ്ധ്യേ വന്നു; അവർക്കു മേഘവും അന്ധകാരവും ആയിരുന്നു; ഇവർക്കോ രാത്രിയെ പ്രകാശമാക്കിക്കൊടുത്തു."

മിസ്രയീമ്യരുടെ മുമ്പിൽ മേഘവും അന്ധകാരവുമായിരുന്നതുകൊണ്ട് അവർക്ക് എബ്രായരെ കാണാൻ കഴിഞ്ഞില്ല. അതേ മേഘം ഇസ്രായേല്യർക്കു പ്രകാശം കൊടുത്തുകൊണ്ടിരുന്നു. തന്റെ ജനത്തെ ധൈര്യപ്പെടുത്തുന്നതിനുവേണ്ടി ദൈവം ഇപ്രകാരം തന്റെ ശക്തി അവരുടെ മുമ്പിൽ പ്രദർശിപ്പിച്ചു. "മോശെ കടലിന്മേൽ കൈ നീട്ടി; യഹോവ അന്നു രാത്രി മുഴുവനും മഹാശക്തിയുള്ള ഒരു കിഴക്കൻ കാറ്റുകൊണ്ടു കടലിനെ പിൻവാങ്ങിച്ചു ഉണങ്ങിയ നിലം ആക്കി; അങ്ങനെ വെള്ളം തമ്മിൽ വേർപിരിഞ്ഞു. ഇസ്രായേൽ മക്കൾ കടലിന്റെ നടുവിൽ ഉണങ്ങിയ നിലത്തുക്കൂടി നടന്നുപോയി: അവരുടെ ഇടത്തും വലത്തും വെള്ളം മതിലായി നിന്നു."



ഇസ്രായേൽ ജനം അവരുടെ അധികാര പരിധിക്കുള്ളിൽ ആയിരിക്കയാൽ മിസ്രയീമ്യ സൈന്യം അന്നു രാത്രി സന്തോഷിച്ചു. ഇനി അവർക്കു രക്ഷയില്ല; മുമ്പിൽ ചെങ്കടലും പുറകിൽ മിസ്രയീമ്യരുടെ വൻ സൈന്യവും. പ്രഭാതത്തിൽ മിസ്രയീമ്യർ കടൽക്കരെ എത്തിയപ്പോൾ അവർ കണ്ടത്, വെള്ളം രണ്ടു വന്മതിലുകളായി ഉയർന്നു നില്ക്കുന്നു, നടുവിൽ ഉണങ്ങിയ വിശാലമായ പാത, ഇസ്രായേൽ ജനം പകുതി ദൂരം പിന്നിട്ടിരിക്കുന്നു. മിസ്രയീമ്യർ അല്പ സമയം നിന്നു, ഇനിയെന്തു ചെയ്യണമെന്നാലോചിച്ചു. അവർക്കു നിരാശയും കോപവും ഉണ്ടായി. എബ്രായരെ പിടിച്ചടക്കിയെന്നു വിചാരിച്ചിരിക്കുമ്പോൾ പെട്ടെന്നു കടലിന്റെ നടുവിൽ അപ്രതീക്ഷിതമായി ഒരു ഉണങ്ങിയ വഴി തുറന്ന് അക്കരയ്ക്കു പോകുന്നു. അവരെ പിൻതുടരുക തന്നെയെന്നു മിസ്രയീമ്യർ തീരുമാനിച്ചു.

"മിസ്രയീമ്യർ പിന്തുടർന്നു; ഫറവോന്റെ കുതിരയും രഥങ്ങളും കുതിരപ്പടയും എല്ലാം അവരുടെ പിന്നാലെ കടലിന്റെ നടുവിലേക്കു ചെന്നു.



പ്രഭാതയാമത്തിൽ യഹോവ അഗ്നിമേഘസ്തംഭത്തിൽ നിന്നു മിസ്രയീമ്യ സൈന്യത്തെ നോക്കി മിസ്രയീമ്യ സൈന്യത്തെ താറുമാറാക്കി. അവരുടെ രഥ ചക്രങ്ങളെ തെറ്റിച്ചു ഓട്ടം പ്രയാസമാക്കി. അതുകൊണ്ടു മിസ്രയീമ്യർ; നാം ഇസ്രായേലിനെ വിട്ടു ഓടിപ്പോക; യഹോവ അവർക്കു വേണ്ടി മിസ്രയീമ്യരോടു യുദ്ധം ചെയ്യുന്നു എന്നു പറഞ്ഞു."

ദൈവം തന്റെ ജനത്തെ രക്ഷിക്കാൻവേണ്ടി ഒരുക്കിയ വഴിയിൽക്കൂടെത്തന്നെ അവരെ പിടിച്ചടക്കാൻ വേണ്ടി കയറിച്ചെല്ലാൻ ശത്രുക്കൾ ധൈര്യപ്പെട്ടു. എന്നാൽ ദൈവത്തിന്റെ ദൂതന്മാർ ശത്രുപാളയത്തിൽ കടന്ന്, അവരുടെ രഥചക്രങ്ങൾ കേടാക്കി. അവരുടെ യാത്ര മന്ദഗതിയിലായി, അവർ ആശയക്കുഴപ്പത്തിലായി. മിസ്രയീമിലുണ്ടായ പത്തു ബാധകളെക്കുറിച്ച് അവർ ഓർമ്മിച്ചു. ചിലപ്പോൾ അവരെ എല്ലാവരേയും ഇസ്രായേല്യരുടെ കൈകളിൽ ഏല്പിച്ചു കൊന്നുകളയുമോ എന്നവർ ഭയപ്പെട്ടു. അവർ മടങ്ങിപ്പോകുവാനായി തിരിഞ്ഞപ്പോൾ, "യഹോവ മോശെയോടു: വെള്ളം മിസ്രയീമ്യരുടെ മേലും അവരുടെ രഥങ്ങളിന്മേലും കുതിരപ്പടയുടെ മേലും മടങ്ങിവരേണ്ടതിനു കടലിന്മേൽ കൈ നീട്ടുക എന്നു കല്പിച്ചു."

"മോശെ കടലിന്മേൽ കൈ നീട്ടി; പുലർച്ചെക്കു കടൽ അതിന്റെ സ്ഥിതിയിലേക്കു മടങ്ങി വന്നു. മിസ്രയീമ്യർ അതിന് എതിരായി ഓടി; യഹോവ മിസ്രയീമ്യരെ കടലിന്റെ നടുവിൽ തള്ളിയിട്ടു. വെള്ളം മടങ്ങിവന്നു അവരുടെ പിന്നാലെ കടലിലേക്കു ചെന്നിരുന്ന രഥങ്ങളെയും കുതിരപ്പടയെയും ഫറവോന്റെ സൈന്യത്തെയും എല്ലാം മുക്കിക്കളഞ്ഞു; അവരിൽ ഒരു

ത്തൻപോലും ശേഷിച്ചില്ല. ഇസ്രായേൽ മക്കൾ കടലിന്റെ നടുവെ ഉണങ്ങിയ നിലത്തുകൂടി കടന്നുപോയി; വെള്ളം അവരുടെ ഇടത്തും വലത്തും മതിലായി നിന്നു."

"ഇങ്ങനെ യഹോവ ആ ദിവസം ഇസ്രായേല്യരെ മിസ്രയീമ്യരുടെ കയ്യിൽ നിന്നു രക്ഷിച്ചു: മിസ്രയീമ്യർ കടൽക്കരയിൽ ചത്തടിഞ്ഞു കിടക്കുന്നത് ഇസ്രായേല്യർ കാണുകയും ചെയ്തു. യഹോവ മിസ്രയീമ്യരിൽ ചെയ്ത ഈ മഹാപ്രവൃത്തി ഇസ്രായേല്യർ കണ്ടു; ജനം യഹോവയെ ഭയപ്പെട്ടു, യഹോവയിലും അവന്റെ ദാസനായ മോശെയിലും വിശ്വസിച്ചു."

മിസ്രയീമ്യരെ സമ്പൂർണ്ണമായി നശിപ്പിച്ച യഹോവയുടെ അത്ഭുതപ്രവൃത്തി കണ്ട ഇസ്രായേല്യർ ഒരുമിച്ചുകൂടി യഹോവയ്ക്കു സ്തുതിഗീതം പാടി. ●



അദ്ധ്യായം - 6

# നീതിന്യായ വ്യവസ്ഥ

*പുറപ്പാട് 19, 20, 25, 40 ഭാഗങ്ങളെ ആസ്പദമാക്കിയാണ് ഈ അദ്ധ്യായം.*

## പത്ത് കല്പനകൾ

സീനായി പർവ്വതത്തിൽ പ്രഖ്യാപിക്കപ്പെട്ട ദൈവത്തിന്റെ കല്പനകൾ:

തന്റെ ശക്തിയുടെ ഇത്ര വലിയ വെളിപ്പെടുത്തലുകൾ നടത്തിയ ശേഷം, താൻ ആരാണെന്ന് അവരോടു പറഞ്ഞു: "അടിമ വീടായ മിസ്രയീം ദേശത്തു നിന്നു തന്നെ കൊണ്ടുവന്ന യഹോവയായ ഞാൻ നിന്റെ ദൈവമാകുന്നു.'' മിസ്രയീമ്യരുടെ ഇടയിൽ തന്റെ ശക്തി വെളിപ്പെടുത്തിയ അതേ ദൈവം ഇപ്പോൾ തന്റെ കല്പനകൾ പ്രഖ്യാപിച്ചു:

"ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്ക് ഉണ്ടാകരുത്."

"ഒരു വിഗ്രഹം ഉണ്ടാക്കരുത്; മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെ പ്രതിമയും അരുത്. അവയെ നമസ്ക്കരിക്കയോ സേവിക്കയോ ചെയ്യരുത്. നിന്റെ ദൈവമായ യഹോവയായ ഞാൻ തീഷ്ണതയുള്ള ദൈവമാകുന്നു; എന്നെ പകെക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം

മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെ മേൽ സന്ദർശിക്കയും എന്നെ സ്നേഹിച്ചു എന്റെ കല്പനകളെ പ്രമാണിക്കുന്നവർക്ക് ആയിരം തലമുറവരെ ദയ കാണിക്കയും ചെയ്യുന്നു.”

“നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുത്; തന്റെ നാമം വൃഥാ എടുക്കുന്നവനെ യഹോവ ശിക്ഷിക്കാതെ വിടുകയില്ല.”

“ശബ്ബത്തു നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക. ആറു ദിവസം അദ്ധ്വാനിച്ചു നിന്റെ വേല ഒക്കെയും ചെയ്ക. ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു; അന്നു നീയും നിന്റെ പുത്രനും പുത്രിയും നിന്റെ വേലക്കാരനും വേലക്കാരത്തിയും നിന്റെ കന്നുകാലികളും നിന്റെ പടിവാതില്ക്കകത്തുള്ള പരദേശിയും ഒരു വേലയും ചെയ്യരുത്. ആറുദിവസം കൊണ്ടു യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി, ഏഴാം ദിവസം സ്വസ്ഥമായിരുന്നു; അതുകൊണ്ടു യഹോവ ശബ്ബത്ത് നാളിനെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചിരിക്കുന്നു.”

“നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നിനക്കു ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക.”

“കൊല ചെയ്യരുത്.”

“വ്യഭിചാരം ചെയ്യരുത്.”

“മോഷ്ടിക്കരുത്.”

“കൂട്ടുകാരന്റെ നേരെ കള്ളസ്സാക്ഷ്യം പറയരുത്.”

“കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുത്; കൂട്ടുകാരന്റെ ഭാര്യയെയും അവന്റെ ദാസനെയും ദാസിയെയും അവന്റെ കാളയെയും കഴുതയെയും കൂട്ടുകാരനുള്ള യാതൊന്നിനെയും മോഹിക്കരുത്.”

ഒന്നും രണ്ടും കല്പനകൾ വിഗ്രഹാരാധനക്കെതിരെയുള്ളതാണ്. വിഗ്രഹാരാധനയിൽ ഏർപ്പെടുന്നവർ ദൈവത്തോടു മത്സരിക്കുകയും മനുഷ്യബലി പോലെയുള്ള ഹീനകൃത്യങ്ങൾ വരെ ചെയ്യാൻ തയ്യാറാകുകയും ചെയ്യുമായിരുന്നു. അത്തരത്തിലുള്ള പാപങ്ങൾ ചെറിയ അളവിൽ പോലും അനുവദിക്കാൻ സാദ്ധ്യമല്ല. ആദ്യത്തെ നാലു കല്പനകളിൽ മനുഷ്യർക്കു ദൈവത്തോടുള്ള ചുമതലകളാണുള്ളത്. വലിയവനായ ദൈവത്തെ മനുഷ്യരുമായി ബന്ധിപ്പിക്കുന്ന കണ്ണിയാണ് നാലാം കല്പന. മനുഷ്യരുടെ നന്മയ്ക്കും ദൈവത്തിന്റെ മഹത്വത്തിനുമായിട്ടാണ് നാലാം കല്പന പ്രത്യേകിച്ചും നല്കപ്പെട്ടത്. അവസാനത്തെ ആറു കല്പനകൾ മനുഷ്യർക്ക് അന്യോന്യമുള്ള ചുമതലകൾ വിവരിക്കുന്നു.

ദൈവവും തന്റെ ജനവും തമ്മിലുള്ള ബന്ധത്തിന്റെ എന്നേക്കുമുള്ള ഒരു അടയാളമായിരിക്കണമായിരുന്നു ശബ്ബത്ത്. ശബ്ബത്തനുസരിക്കുന്ന

എല്ലാവരും അങ്ങനെ ചെയ്യുന്നതിലൂടെ, തങ്ങൾ ആകാശവും ഭൂമിയും സൃഷ്ടിച്ച ജീവനുള്ള സത്യദൈവത്തെയാണ് ആരാധിക്കുന്നത് എന്നു കാണിക്കുകയായിരുന്നു. ഈ ഭൂമിയിൽ ദൈവത്തിന്റെ സ്വന്തമായ ജനത്തിന്റെ അടയാളമാകുന്നു ശബ്ബത്ത്.

“ജനം ഒക്കെയും ഇടിമുഴക്കവും മിന്നലും കാഹളധ്വനിയും പർവ്വതം പുകയുന്നതും കണ്ടു; ജനം അതു കണ്ടപ്പോൾ വിറച്ചുംകൊണ്ടു ദൂരത്തു നിന്നു. അവർ മോശെയോടു: നീ ഞങ്ങളോടു സംസാരിക്ക; ഞങ്ങൾ കേട്ടുകൊള്ളാം; ഞങ്ങൾ മരിക്കാതിരിക്കേണ്ടതിനു ദൈവം ഞങ്ങളോടു സംസാരിക്കരുതേ എന്നു പറഞ്ഞു.”

“മോശെ ജനത്തോടു: ഭയപ്പെടേണ്ട; നിങ്ങളെ പരീക്ഷിക്കേണ്ടതിനും നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ അവങ്കലുള്ള ഭയം നിങ്ങൾക്ക് ഉണ്ടായിരിക്കേണ്ടതിനും അത്രേ ദൈവം വന്നിരിക്കുന്നത് എന്നു പറഞ്ഞു. അങ്ങനെ ജനം ദൂരത്തു നിന്നു; മോശെയോ ദൈവം ഇരുന്ന ഇരുളിനു അടുത്തു ചെന്നു.

അപ്പോൾ യഹോവ മോശെയോടു കല്പിച്ചത്: “നീ ഇസ്രായേൽ മക്കളോടു ഇപ്രകാരം പറയേണം: ഞാൻ സ്വർഗ്ഗത്തിൽനിന്നു നിങ്ങളോടു സംസാരിച്ചതു നിങ്ങൾ കണ്ടിരിക്കുന്നുവല്ലോ.” സീനായ് പർവ്വതത്തിലേക്കുള്ള ദൈവത്തിന്റെ മഹത്വകരമായ എഴുന്നള്ളത്തും, അവനെ അകമ്പടി സേവിച്ചുകൊണ്ടുള്ള ഇടിമുഴക്കവും മിന്നലും കാഹളധ്വനിയും ഒക്കെ കണ്ടപ്പോൾ ജനം ഭയന്നു വിറച്ചു ദൂരേക്കു മാറി. തങ്ങൾ മരിച്ചുപോകുമോ എന്നു പ്രാണഭയം ഉണ്ടായി.

## വിഗ്രഹാരാധന എന്ന ദോഷം

വിഗ്രഹാരാധനയെക്കുറിച്ച് ദൈവം വീണ്ടും അവർക്കു മുന്നറിയിപ്പു കൊടുത്തു, “എന്റെ സന്നിധിയിൽ വെള്ളികൊണ്ടുള്ള ദേവന്മാരെയോ പൊന്നുകൊണ്ടുള്ള ദേവന്മാരെയോ നിങ്ങൾ ഉണ്ടാക്കരുത്.”അവർ മിസ്രയീമിൽ കണ്ടു പഠിച്ചതനുസരിച്ചു ദൈവത്തെ പ്രതിനിധീകരിക്കാൻ വിഗ്രഹങ്ങൾ ഉണ്ടാക്കുമെന്നു ദൈവത്തിനറിയാമായിരുന്നു.

അവരുടെ ആരാധനാമൂർത്തി താൻ മാത്രമായിരിക്കണമെന്നു ജനം മനസ്സിലാക്കണമെന്നു ദൈവത്തിനു നിർബ്ബന്ധമുണ്ടായിരുന്നു. അവർ ചുറ്റുമുള്ള വിഗ്രഹാരാധികളായ രാജ്യങ്ങളെ കീഴടക്കുമ്പോൾ അവരുടെ വിഗ്രഹങ്ങളെ നശിപ്പിച്ചുകളയണമായിരുന്നു, ആരാധനയ്ക്കു വേണ്ടി സൂക്ഷിച്ചു വെയ്ക്കരുത്. ഇത്തരം വിഗ്രഹങ്ങളിൽ പലതും വിലയേറിയതും മനോഹരമായ കൈപ്പണിയിൽ നിർമ്മിച്ചതുമായിരുന്നു. ഒറ്റ നോട്ടത്തിൽ തന്നെ മനുഷ്യരുടെ ഉള്ളിൽ ഒരു ഭയവും ഭക്തിയും ഉളവാക്കാൻ പോന്നവയായിരുന്നു. എല്ലാത്തരം ദുഷ്ടതയിലേക്കും ഈ ദേശവാസികളെ നയിച്ചതായ

അവരുടെ വിഗ്രഹാരാധന നിമിത്തമാണ് അവരേയും അവരുടെ ദൈവ ങ്ങളേയും ശിക്ഷിക്കാനും നശിപ്പിക്കാനും ദൈവം ഇസ്രായേൽ മക്കളെ ഒരു ഉപകരണമായി ഉപയോഗിക്കുന്നതെന്ന് ജനം മനസ്സിലാക്കണമാ യിരുന്നു.

മോശെ യഹോവയുടെ കല്പനകളും അനുഗ്രവചനങ്ങളും വ്യവസ്ഥ കളുമെല്ലാം പുസ്തകത്തിൽ എഴുതി ജനങ്ങളെ വായിച്ചു കേൾപ്പിച്ചു. അതെല്ലാം ഞങ്ങൾ അനുസരിച്ചുകൊള്ളാം എന്ന് അവർ വാഗ്ദത്തം ചെയ്തു. യഹോവ "പിന്നെയും മോശെയോടു: "നീയും അഹരോനും നാദാബും അബീഹൂവും ഇസ്രയേൽ മൂപ്പന്മാരിൽ എഴുപതുപേരും യഹോവയുടെ അടുക്കൽ കയറി വന്നു ദൂരത്തുനിന്നു നമസ്ക്കരിപ്പിൻ. മോശെ മാത്രം യഹോവയ്ക്കു അടുത്തു വരട്ടെ. അവർ അടുത്തു വരരുത്; ജനം അവനോടു കൂടെ കയറിവരികയുമരുത് "എന്നു കല്പിച്ചു.

"മോശെ വന്നു യഹോവയുടെ വചനങ്ങളും ന്യായങ്ങളുമെല്ലാം ജനത്തെ അറിയിച്ചു. യഹോവ കല്പിച്ച സകല കാര്യങ്ങളും ഞങ്ങൾ ചെയ്യും എന്നു ജനമൊക്കെയും ഏക ശബ്ദത്തോടെ ഉത്തരം പറഞ്ഞു." (പുറ. 24:1-3).

"മോശെ പത്തു കല്പനകളല്ല എഴുതിയത്. അവരുടെ സാമൂഹ്യ ജീവിതത്തിൽ അവർ അനുസരിക്കണമെന്നു ദൈവം പറഞ്ഞ നിർദ്ദേശ ങ്ങളും, ദൈവം അവർക്കു വ്യവസ്ഥകളോടുകൂടെ വാഗ്ദത്തം ചെയ്ത അനുഗ്രഹങ്ങളും ഒക്കെ മോശ പുസ്തകത്തിൽ എഴുതി. "അവൻ നിയമ പുസ്തകം എടുത്തു ജനം കേൾക്കെ വായിച്ചു. യഹോവ കല്പിച്ചതൊ ക്കെയും ഞങ്ങൾ അനുസരിച്ചു നടക്കുമെന്ന് അവർ പറഞ്ഞു. അപ്പോൾ മോശെ രക്തം എടുത്തു ജനത്തിന്മേൽ തളിച്ചു; ഈ സകല വചനങ്ങളും ആധാരമാക്കി യഹോവ നിങ്ങളോടു ചെയ്തിരിക്കുന്ന നിയമത്തിന്റെ രക്തം ഇതാ എന്നു പറഞ്ഞു."(പുറ. 24:7,8).

## ദൈവത്തിന്റെ നിത്യമായ കല്പനകൾ

മനുഷ്യരെ സൃഷ്ടിക്കുന്നതിനും മുമ്പേ തന്നെ ദൈവത്തിന്റെ കല്പന കൾ ഉണ്ടായിരുന്നു. ദൂതന്മാർ അതനുസരിച്ചാണ് പ്രവർത്തിച്ചത്. യഹോവ യുടെ ഭരണകൂടത്തിന്റെ നിയമങ്ങൾ ലംഘിച്ചതുകൊണ്ടാണ് സാത്താനും കൂട്ടരും സ്വർഗ്ഗത്തിൽ നിന്നു പുറത്തായത്. ആദാമിനേയും ഹവ്വായേയും സൃഷ്ടിച്ചശേഷം ദൈവം തന്റെ കല്പനകൾ അവരെ അറിയിച്ചു. അത് എഴുതിക്കൊടുത്തിരുന്നില്ല, പറഞ്ഞു പഠിപ്പിച്ചിരുന്നു.

ഏദെനിൽ, പാപം പ്രവേശിക്കുന്നതിനു മുമ്പുതന്നെ, യഹോവ തന്റെ നാലാം കല്പനയിലെ ശബ്ബത്താചരണം സ്ഥാപിച്ചു. ആദാമിന്റെ പാപ ത്തിനുശേഷം കല്പനകളിൽ ഒന്നുപോലും ദൈവം നീക്കം ചെയ്തില്ല.

പത്ത് കല്പനകളുടെ തത്വങ്ങൾ പാപത്തിനു മുമ്പേയുള്ളവയായതിനാൽ ഒരു വിശുദ്ധമായ ക്രമീകരണത്തിനു യോജിച്ചവയായിരുന്നു. പാപത്തിന്റെ ശേഷം പാപാവസ്ഥയിൽ ജീവിക്കുന്ന ജനത്തിനാവശ്യമായ കുറെയേറെ നിർദ്ദേശങ്ങൾ ദൈവം അധികമായി കൊടുത്തു.

അനുസരണക്കേടിന്റെ ശിക്ഷ മരണമാണെന്ന് മനുഷ്യരെ ഓർമ്മിപ്പിക്കാൻ വേണ്ടി ദൈവം മൃഗങ്ങളെ യാഗമർപ്പിക്കുന്ന വ്യവസ്ഥിതി സ്ഥാപിച്ചു. ഹവ്വായെ അതു വിശ്വസിപ്പിക്കാതിരിക്കാൻ സാത്താൻ ശ്രമിച്ചിരുന്നു. ദൈവകല്പന ലംഘിച്ചു പാപികളായിത്തീർന്ന മനുഷ്യരെ രക്ഷിക്കാനും ദൈവത്തിന്റെ കല്പനകളുടെ മാനം കാക്കാനും യേശുക്രിസ്തു യാഗമായിത്തീരാൻ തീരുമാനിച്ചിരുന്നു. യാഗകർമ്മങ്ങളിലൂടെ പാപികൾ പാപബോധമുള്ളവരായി വിനയപ്പെടാനും, യേശുവിന്റെ ക്രൂശിലെ യാഗം മാത്രമാണു തങ്ങളുടെ രക്ഷാമാർഗ്ഗമെന്ന് അംഗീകരിച്ചുകൊണ്ടു ദൈവത്തിങ്കലേക്ക് നോക്കുവാനും പഠിക്കണമായിരുന്നു. ദൈവകല്പനകൾ ലംഘിച്ചില്ലായിരുന്നെങ്കിൽ മരണം ഉണ്ടാകയില്ലായിരുന്നു, പാപികളായ മനുഷ്യർക്കു വേണ്ടി പ്രത്യേകം എഴുതിച്ചേർത്ത നിർദ്ദേശങ്ങളും വേണ്ടായിരുന്നു.

ആദാം തന്റെ മക്കളെ ദൈവത്തിന്റെ കല്പനകൾ പഠിപ്പിച്ചു. അവർ പിൻതലമുറകളെ പഠിപ്പിച്ചു. മനുഷ്യർ മനപ്പൂർവ്വം ദൈവകല്പനകളെ ലംഘിക്കുന്ന ഒരു അവസ്ഥ ഭൂമിയിൽ നിറഞ്ഞപ്പോൾ, ദൈവം ഒരു ജലപ്രളയം കൊണ്ടു ഭൂമിയെ ശുദ്ധീകരിക്കേണ്ടി വന്നു. ദൈവത്തിന്റെ കല്പനകളെ പ്രമാണിച്ചതായ നോഹയേയും കുടുംബത്തേയും ദൈവം ഒരു പെട്ടകത്തിലൂടെ അത്ഭുതകരമായി രക്ഷിച്ചു. നോഹ തന്റെ മക്കളെ ദൈവത്തിന്റെ പത്തു കല്പനകൾ പഠിപ്പിച്ചു. ആദാമിന്റെ കാലം മുതൽ ദൈവത്തിന്റെ കല്പനകൾ അനുസരിക്കുന്ന ഒരു ജനത്തെ ദൈവം തന്റേതായി കാത്തുസൂക്ഷിച്ചിരുന്നു. യഹോവ അബ്രഹാമിനെക്കുറിച്ചു സാക്ഷ്യപ്പെടുത്തി: “അബ്രഹാം എന്റെ വാക്കു കേട്ട് എന്റെ നിയോഗവും കല്പനകളും ചട്ടങ്ങളും പ്രമാണങ്ങളും ആചരിച്ചു.” (ഉല്പത്തി 26:5).



“യഹോവ അബ്രഹാമിനു പ്രത്യക്ഷനായി അവനോടു: ഞാൻ സർവ്വശക്തിയുള്ള ദൈവമാകുന്നു; നീ എന്റെ മുമ്പാകെ നടന്നു നിഷ്കളങ്കനാ

യിരിക്ക. എനിക്കും നിനക്കും മദ്ധ്യേ ഞാൻ എന്റെ നിയമം സ്ഥാപിക്കും; നിന്നെ അധികമധികമായി വർദ്ധിപ്പിക്കും എന്ന് അരുളിചെയ്തു." (ഉല്പത്തി 17;1,2). "ഞാൻ നിനക്കും നിന്റെ ശേഷം നിന്റെ സന്തതിക്കും ദൈവമായിരിക്കേണ്ടതിനു ഞാൻ എനിക്കും നിനക്കും നിന്റെ ശേഷം തലമുറതലമുറയായി നിന്റെ സന്തതിക്കും മദ്ധ്യേ എന്റെ നിയമത്തെ നിത്യ നിയമമായി സ്ഥാപിക്കും."(ഉല്പത്തി 17:7).

പിന്നെ ദൈവം അബ്രഹാമും അവന്റെ സന്തതികളും പരിച്ഛേദന ഏല്ക്കണമെന്നു കല്പിച്ചു. ദൈവം അവരെ ലോകജാതികളിൽ നിന്നു മുറിച്ചുമാറ്റി തന്റെ ജനമാക്കിയിരിക്കുന്നു എന്നതിന്റെ അടയാളമായി ശരീരത്തിൽ വട്ടത്തിലുള്ള ഒരു മുറിവായിരുന്നു അത്. മറ്റു ജാതികളുമായി മിശ്രവിവാഹത്തിലേർപ്പെടുകയില്ലെന്നുള്ള പാവനമായ ഒരു പ്രതിജ്ഞകൂടിയായിരുന്നു അത്. മിശ്രവിവാഹം ചെയ്താൽ അവർക്കു യഹോവയോടും അവന്റെ വിശുദ്ധ കല്പനകളോടും ഉള്ള ഭയഭക്തി നഷ്ടപ്പെടുകയും ചുറ്റുമുള്ള വിഗ്രഹാരാധികളായ രാജ്യങ്ങളെപ്പോലെ ആയിത്തീരുകയും ചെയ്യും.

ദൈവം അബ്രഹാമിനോടു ചെയ്ത ഉടമ്പടിയിലെ തങ്ങളുടെ ഭാഗമായ, ചുറ്റുമുള്ള രാജ്യങ്ങളിൽ നിന്നു വേർപെട്ട് വിശുദ്ധ ജനമായി ജീവിച്ചു കൊള്ളാമെന്നുള്ള അവരുടെ പാവനമായ പ്രതിജ്ഞയായിരുന്നു പരിച്ഛേദന. അബ്രഹാമിന്റെ പിൻതലമുറക്കാർ മറ്റു ജാതികളിൽ നിന്നു വേർപെട്ടു ജീവിച്ചിരുന്നെങ്കിൽ അവർ വീണ്ടും വിഗ്രഹാരാധനയിലേക്കു വഴുതിപ്പോകുകയില്ലായിരുന്നു. മറ്റു ജാതികളിൽ നിന്നകന്നു ജീവിക്കുന്നതിലൂടെ അവരുടെ ദുസ്വഭാവങ്ങൾ പരിചയിക്കാനും ദൈവത്തോടു മത്സരിക്കാനുമുള്ള സാഹചര്യങ്ങൾ ഒഴിവാകുമായിരുന്നു. ചുറ്റുമുള്ള ദേശവാസികളുമായി വിവാഹബന്ധത്തിലൂടെ ഇടകലർന്നതു വഴിയാണ് വലിയൊരളവുവരെ അവരുടെ വിശുദ്ധ സ്വഭാവം നഷ്ടപ്പെട്ടത്. അവരെ ശിക്ഷിക്കാൻ ദൈവം ദേശത്തൊരു ക്ഷാമം കൊണ്ടുവന്നു. അതുകൊണ്ടവർ മിസ്രയീമിൽ പോയി ജീവിക്കാൻ നിർബന്ധിതരായി. എന്നാൽ അബ്രഹാമുമായുള്ള തന്റെ ഉടമ്പടി നിമിത്തം, അവർ മിസ്രയീമിൽ ആയിരുന്നപ്പോൾ ദൈവം അവരെ ഉപേക്ഷിച്ചില്ല. മിസ്രയീമ്യർ അവരെ പീഢിപ്പിക്കാൻ ദൈവം അനുവദിച്ചു. കഷ്ടത വരുമ്പോഴെങ്കിലും അവർ ദൈവത്തിങ്കലേക്കു തിരിഞ്ഞ്, അവനെ അനുസരിക്കുകയും, കരുണയും നീതിയുമുള്ള അവന്റെ ഭരണം അംഗീകരിക്കുകയും ചെയ്യട്ടെ എന്നു കരുതി.

മിസ്രയീമിലേക്ക് ആദ്യം പോയതു വളരെക്കുറച്ചു കുടുംബങ്ങളായിരുന്നു. ക്രമേണ അവരുടെ സംഖ്യ ഒരുപാടു വർദ്ധിച്ചു. അവരിൽ ചിലരൊക്കെ അവരുടെ മക്കളെ ദൈവത്തിന്റെ കല്പനകൾ പഠിപ്പിച്ചു. എന്നാൽ കൂടുതൽ പേരും ചുറ്റുമുള്ള വിഗ്രഹാരാധനയിലേക്ക് ആകൃഷ്ടരായി.



ദൈവത്തോടു വിശ്വസ്ത രായിരുന്നവർ തങ്ങളെ അടിമത്വത്തിൽ നിന്നു വിടുവിച്ച് സ്വതന്ത്രമായി സത്യദൈവത്തെ ആരാധിക്കുന്ന സാഹചര്യത്തിലേക്കു കൊണ്ടുപോകണമേയെന്ന് ദൈവത്തോടു നിലവിളിച്ചു. ദൈവം അവരുടെ നിലവിളി കേട്ട് അവരെ വിടുവിക്കാൻ മോശെ അയച്ചു. അവരെ മിസ്രയീമിൽ നിന്നു വിടുവിച്ചു ചെങ്കടലിൽക്കൂടെ നടത്തി അക്കരെയെത്തിച്ച ശേഷം അവർ തന്റെ വാക്കു കേട്ടനുസരിക്കുമോ എന്നു പലവിധത്തിൽ ദൈവം അവരെ പരിശോധിച്ചു. എന്നാൽ എല്ലായ്പ്പോഴും അവർ പരാജയപ്പെട്ടു. വഴിയിലെ പ്രയാസങ്ങൾ നിമിത്തം അവർ ദൈവത്തോടു പിറുപിറുക്കുകയും മിസ്രയീമിലേക്കു മടങ്ങിപ്പോയാൽ നന്നായിരുന്നു എന്നു പറയുകയും ചെയ്തു.

## കല്പലകകളിലെ എഴുത്ത്

ആരും ഒഴിവുകഴിവു പറയാതിരിക്കാൻ വേണ്ടി ദൈവം തന്റെ മാലാഖമാരുമായി മഹത്വത്തോടെ സീനായ് മലയിൽ ഇറങ്ങിവന്നു. തന്റെ ശക്തിയുടെ പ്രകടനത്തോടുകൂടെത്തന്നെ ദൈവം തന്റെ പത്തു കല്പനകൾ അവരുടെ മുമ്പാകെ വിളംബരം ചെയ്തു. തന്റെ കല്പനകൾ മോശെയെക്കൊണ്ടോ ദൂതന്മാരെക്കൊണ്ടോ പഠിപ്പിക്കാമെന്നു വെയ്ക്കാതെ ദൈവം തന്നെ നേരിട്ടു പറഞ്ഞു പഠിപ്പിച്ചു. കേട്ടു പഠിച്ചതവർ മറന്നു പോകുമെന്നറിയാവുന്നതുകൊണ്ടു, തന്റെ വിശുദ്ധ വിരലുകളാൽ അവ കല്പലകകളിൽ എഴുതി. മനുഷ്യർ എഴുതുമ്പോൾ ഉണ്ടാകാവുന്ന തെറ്റുകൾ ഒഴിവാക്കാൻ അവൻ ആഗ്രഹിച്ചു.

തന്നിൽ നിന്ന് ഒരുപാട് അകന്നുപോയിരുന്ന ജനത്തോട് അവൻ വീണ്ടും അടുത്തു വന്നു. പത്തു കല്പനകൾ മാത്രം എഴുതിക്കൊടുത്ത ശേഷം അവരെ വിട്ടുപോകാൻ അവൻ ആഗ്രഹിച്ചില്ല. അവരിൽ നിന്നു താൻ എന്താണാഗ്രഹിക്കുന്നതെന്നുള്ള വിശദമായ നിർദ്ദേശങ്ങളും നിയമങ്ങളും പുസ്തകങ്ങളിൽ എഴുതി വെച്ച്, ജനത്തെ വായിച്ചു കേൾപ്പിച്ചു പഠിപ്പിക്കാൻ ദൈവം മോശെയോടു കല്പിച്ചു. ദൈവം കല്പലകകളിൽ സ്വന്തം വിരൽ കൊണ്ടെഴുതിക്കൊടുത്ത പത്തു കല്പനകളെ ഇപ്രകാരം സംരക്ഷിച്ചു. അവർ പെട്ടെന്നു തന്നെ ലംഘിക്കാൻ സാദ്ധ്യതയുള്ള തന്റെ ധാർമ്മിക നിയമങ്ങളെ അനുസരിക്കുന്ന ശീലത്തിലേക്ക് അവരെ നയി

ക്കാൻ വേണ്ടിയാണ് ഈ പ്രത്യേക നിർദ്ദേശങ്ങളും നിയമങ്ങളും അവർക്കു കൊടുത്തത്.

ദൈവം ആദാമിനു കൊടുത്തതും, നോഹ കാത്തു സൂക്ഷിച്ചതും, അബ്രഹാം അനുസരിച്ചതുമായ ദൈവത്തിന്റെ കല്പനകൾ മനുഷ്യവർഗ്ഗം അനുസരിച്ചിരുന്നെങ്കിൽ പരിച്ഛേദന കർമ്മത്തിന്റെ ആവശ്യം ഉണ്ടാവുക യില്ലായിരുന്നു. അബ്രഹാമിന്റെ സന്തതികൾ പരിച്ഛേദനാ കർമ്മം പ്രതി നിധീകരിച്ച ദൈവിക ഉടമ്പടി അനുസരിച്ചു ജീവിച്ചിരുന്നെങ്കിൽ, അവർ ഒരിക്കലും വിഗ്രഹാരാധനയിലേക്കോ മിസ്രയീമിലെ അടിമത്വത്തി ലേക്കോ പോകുകയില്ലായിരുന്നു. എങ്കിൽ ദൈവം ഇപ്പോൾ തന്റെ കല്പന കൾ സീനായി പർവ്വതത്തിൽ നിന്നുകൊണ്ടു വിളംബരം ചെയ്യുകയോ, കല് പലകകളിൽ എഴുതുകയോ, അവയെ സംരക്ഷിക്കാൻ വേണ്ടി പ്രത്യേക നിർദ്ദേശങ്ങളും ശുശ്രൂഷകളും ഏർപ്പെടുത്തുകയോ ചെയ്യേണ്ടി വരികയി ല്ലായിരുന്നു.

## നിർദ്ദേശങ്ങളും ശുശ്രൂഷകളും

മോശെ ദൈവത്തോടു കൂടെ സീനായ് പർവ്വതത്തിലായിരുന്നപ്പോൾ, യഹോവ അരുളിച്ചെയ്ത സകല വചനങ്ങളും മോശെ പുസ്തകങ്ങളിൽ എഴുതി. അവർക്കു ദൈവത്തോടും അന്യോന്യവുമുള്ള ചുമതലകൾ വിശദമായി എഴുതേണ്ടി വന്നത് അവർ പത്തു കല്പനകൾ അനുസരിക്കാ തിരുന്നതുകൊണ്ടാണ്. തമ്മിൽ തമ്മിൽ എങ്ങനെ ഇടപെടണമെന്നും, പര ദേശികളോട് എങ്ങനെ ഇടപെടണമെന്നും അക്കമിട്ട് വിശദമായി എഴുതി ക്കൊള്ളാൻ ദൈവം പറഞ്ഞു; ഈ വക കാര്യങ്ങളിൽ ഇനി ജനങ്ങൾക്കു തെറ്റുപറ്റാൻ പാടില്ല.





ക്രിസ്തുവിന്റെ മരണത്തോടുകൂടി അവസാനിക്കാനുള്ള ആചാരപരമായ യാഗശുശ്രൂഷകളെക്കുറിച്ചും മോശെക്കു നിർദ്ദേശങ്ങൾ കൊടുത്തു. ഊനമില്ലാത്ത കുഞ്ഞാടായ യേശുവിന്റെ യാഗത്തെയാണ് എല്ലാ യാഗശുശ്രൂഷകളേയും ചൂണ്ടിക്കാണിച്ചത്.

ആദാം പാപം ചെയ്തു കഴിഞ്ഞപ്പോൾ പാപത്തിന്റെ പ്രായശ്ചിത്തമായി യാഗം അർപ്പിക്കേണ്ടതെങ്ങനെയെന്ന് ദൈവം ആദാമിനെ പഠിപ്പിച്ചു. ആദാം അതു തന്റെ പിൻതലമുറയെ പഠിപ്പിച്ചു. ജലപ്രളയകാലം ആയപ്പോൾ ഇതെല്ലാം ദുഷിച്ചുപോയിരുന്നു. ബാബേൽ ഗോപുരം പണിതവർ ദൈവജനത്തിൽനിന്നു വേർപെട്ടു ദൈവത്തെ വെല്ലുവിളിക്കുകയായിരുന്നു. അവർ സ്വർഗ്ഗത്തിലെ ദൈവത്തെ ഉപേക്ഷിച്ചു വിഗ്രഹങ്ങൾക്കു ബലികഴിക്കുകയായിരുന്നു. അവർ ബലികഴിച്ചതു വരുവാനുള്ള മശിഹായെ ഓർമ്മിച്ചിട്ടല്ല. തങ്ങളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും നിവർത്തിച്ചു തരാൻ വേണ്ടി ദേവീദേവന്മാരെ പ്രീതിപ്പെടുത്താൻ വേണ്ടിയായിരുന്നു. അവരുടെ മുൻവിധികൾ നിമിത്തം അവർ അളവില്ലാതെ മൃഗബലികൾ അർപ്പിച്ചു. യാഗത്തിന്റെ ചെലവു വർദ്ധിക്കുന്തോറും ദേവപ്രീതി വർദ്ധിക്കുകയും അനുഗ്രഹം അളവില്ലാതെ ഒഴുകുകയും ചെയ്യും എന്നവർ ജനങ്ങളെ പഠിപ്പിച്ചു. അതുകൊണ്ട് പലപ്പോഴും മനുഷ്യരേയും ബലികഴിച്ചിരുന്നു. ജനങ്ങളുടെ പ്രവർത്തികളെ നിയന്ത്രിക്കാൻ അത്തരം ദേശങ്ങളിൽ അതിക്രൂരമായ നിയമങ്ങളായിരുന്നു നിലനിന്നത്. അവരുടെ നിയമങ്ങൾ നിർമ്മിച്ചത് നിഷ്ഠൂരന്മാരായ രാജാക്കന്മാരായിരുന്നു. വളരെ മോശമായ കുറ്റങ്ങളുടെ നേരെ അവർ കണ്ണടക്കുകയും, നിസ്സാരമായ കുറ്റങ്ങൾക്കു കഠിനമായ ശിക്ഷ കൊടുക്കുകയും ചെയ്തിരുന്നു.

മോശെ ഇതെല്ലാം മനസ്സിൽ വെച്ചുകൊണ്ടാണ് ജനത്തോടു പറഞ്ഞത്: "നിങ്ങൾ കൈവശമാക്കുവാൻ ചെല്ലുന്ന ദേശത്തു നിങ്ങൾ അനുസരിച്ചു നടപ്പാനായി എന്റെ ദൈവമായ യഹോവ എന്നോടു കല്പിച്ചതു പോലെ ഞാൻ നിങ്ങളോടു ചട്ടങ്ങളും വിധികളും ഉപദേശിച്ചിരിക്കുന്നു. അവയെ പ്രമാണിച്ചു നടപ്പിൻ; ഇതു തന്നേയല്ലോ ജാതികളുടെ ദൃഷ്ടിയിൽ നിങ്ങളുടെ ജ്ഞാനവും വിവേകവും ആയിരിക്കുന്നത്." അവർ ഈ കല്പനകളൊക്കെയും കേട്ടിട്ടു: ഈ ശ്രേഷ്ഠജാതി ജ്ഞാനവും വിവേകവും ഉള്ള ജനം തന്നേ എന്നു പറയും. നമ്മുടെ ദൈവമായ യഹോവയോടു നാം വിളിച്ചപേക്ഷിക്കുമ്പോൾ ഒക്കെയും അവൻ നമുക്കടുത്തിരിക്കുന്നതു പോലെ ദൈവം ഇത്ര അടുത്തിരിക്കുന്ന ശ്രേഷ്ഠജാതി ഏതുള്ളു? ഞാൻ ഇന്നു നിങ്ങളുടെ മുമ്പിൽ വെയ്ക്കുന്ന ഈ സകല ന്യായപ്രമാണവും പോലെ ഇത്ര നീതിയുള്ള ചട്ടങ്ങളും വിധികളും ഉള്ള ശ്രഷ്ഠജാതി ഏതുള്ളു? (ആവ. 4:5-8).

## ഭൗമിക സമാഗമന കൂടാരം

ദൈവത്തിന്റെ കല്പനപ്രകാരം സമാഗമന കൂടാരമുണ്ടാക്കി. അതിശ്രേഷ്ഠമായ വേല ചെയ്യാൻ ദൈവം നല്ല വേലക്കാരെ തെരഞ്ഞെടുക്കുകയും അവർക്കു പ്രത്യേക ജ്ഞാനവും കഴിവുകളും കൊടുക്കുകയും ചെയ്തു. മോശെയോ ശില്പികളോ കൂടാരത്തിന്റെ പ്ലാനോ പണിശൈലിയോ തീരുമാനിക്കാൻ ദൈവം അനുവദിച്ചില്ല. ദൈവം തന്നെ പ്ലാൻ തീരുമാനിച്ചു മോശെയെ ഏല്പിച്ചു. അതിന്റെ അളവും രൂപവും ഉപയോഗിക്കേണ്ടതായ സാമഗ്രികളും ദൈവം നിർദ്ദേശിച്ചു. അതിന്റെ ഉള്ളിൽ ഉണ്ടായിരിക്കേണ്ടതായ ഓരോ ഉപകരണത്തെക്കുറിച്ചും വിശദമായ നിർദ്ദേശം കൊടുത്തു. സ്വർഗ്ഗീയ ദൈവാലയത്തിന്റെ ഒരു മാതൃക പ്രകാരം എല്ലാം ഉണ്ടാക്കുവാൻ കല്പിച്ചു. ദൈവിക നിർദ്ദേശങ്ങളെല്ലാം മോശെ ഒരു പുസ്തകത്തിൽ എഴുതി പ്രമാണികളായ ആളുകളെ വായിച്ചു കേൾപ്പിച്ചു.

താൻ ജനങ്ങളുടെ ഇടയിൽ വസിക്കേണ്ടതിന്, ഒരു സമാഗമന കൂടാരം പണിയുവാൻ ജനങ്ങൾ സ്വമേധയാ ദാനമായി ഒരു കാണിക്ക കൊണ്ടുവരാൻ ദൈവം ആവശ്യപ്പെട്ടു. ജനമെല്ലാം തങ്ങളുടെ കൂടാരങ്ങളിലേക്കും പോയശേഷം ഓരോരുത്തൻ താന്താന്റെ ഹൃദയത്തിൽ തോന്നിയതു പോലെ കാണിക്കകൾ കൊണ്ടുവന്നു. കൂടാരത്തിന്റെ പണികൾക്കും അവിടുത്തെ ശുശ്രൂഷകൾക്കും വിശുദ്ധ വസ്ത്രങ്ങൾക്കും വേണ്ടതെല്ലാം അവർ കൊണ്ടുവന്നു. അവർ പുരുഷന്മാരും സ്ത്രീകളും, അവരുടെ കമ്മൽ, മൂക്കുത്തി, വളകൾ, മാലകൾ, വിവിധ തരത്തിലുള്ള മറ്റു സ്വർണ്ണാഭരണങ്ങൾ എന്നിവ കൊണ്ടുവന്നു.

വലിയ വിലയേറിയ ഒരുക്കങ്ങൾ ആവശ്യമായിരുന്നു. വിലയേറിയതും അപൂർവ്വവുമായ വസ്തുക്കൾ ശേഖരിക്കണമായിരുന്നു. എന്നാൽ സ്വമേധയാ ദാനമായ കാണിക്കകൾ മാത്രമേ കർത്താവു സ്വീകരിച്ചുള്ളു. ഒരു ദൈവാലയത്തിന്റെ പണിയിൽ ആദ്യമായിട്ടാവശ്യമായിരുന്നത് ദൈവവേലയോടുള്ള സമർപ്പണവും, ഹൃദയാന്തർഭാഗത്തു നിന്നുള്ള ത്യാഗവും ആയിരുന്നു. കൂടാരത്തിന്റെ പണി പുരോഗമിച്ചുകൊണ്ടിരുന്നു, ജനങ്ങൾ കാണിക്കകൾ കൊണ്ടുവന്നിരുന്നു. പണിക്കു മേൽനോട്ടം വഹിച്ചിരുന്നവർ കാണിക്കകളുടെ കണക്കെടുത്തശേഷം, ജനങ്ങൾ ആവശ്യത്തിലധികം കൊണ്ടുവന്നിരിക്കുന്നു എന്നു മോശെ അറിയിച്ചു. അപ്പോൾ മോശെ ജനത്തോട്, ഇനി ആരും കാണിക്ക കൊണ്ടുവരേണ്ട എന്നറിയിച്ചു.

## പിൻ തലമുറകൾക്കു വേണ്ടി എഴുതപ്പെട്ടിരിക്കുന്നു

ഇസ്രായേൽ മക്കൾ തുടർച്ചയായി പിറുപിറുത്തതും, അവരുടെമേൽ ദൈവകോപത്തിന്റെ ശിക്ഷകൾ വന്നതും, വിശുദ്ധ തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്, പിൽക്കാലത്ത് ഭൂമിയിൽ ജീവിക്കാൻ പോകുന്ന മനുഷ്യർക്കു സാക്ഷ്യമായിട്ടാകുന്നു. പ്രത്യേകിച്ചും കാലത്തിന്റെ അന്ത്യത്തിൽ ജീവിക്കുന്ന ആളുകൾക്ക് അതൊരു മുന്നറിയിപ്പിൻ ദൂതും കൂടിയാകുന്നു. കൂടാതെ അവരുടെ സമർപ്പണവും, സ്വമേധയാ ദാനങ്ങൾ കൊണ്ടുവരാൻ കാണിച്ച ശുഷ്കാന്തിയും രേഖപ്പെടുത്തിയിരിക്കുന്നത് എല്ലാവരുടേയും നന്മയ്ക്കു വേണ്ടിയാണ്. കൂടാര നിർമ്മാണത്തിനുവേണ്ടി അവർ ഉത്സാഹത്തോടെ സാമഗ്രികൾ തയ്യാറാക്കിയത്, ദൈവത്തിന്റെ ആരാധനയെ യഥാർത്ഥമായി സ്നേഹിക്കുന്ന എല്ലാവർക്കും ഒരു മാതൃകയാണ്. ദൈവത്തിനൊരു ആരാധനാലയം പണിയുവാൻ ശ്രമിക്കുന്നവർ, വിശുദ്ധമായ ദൈവിക സാന്നിദ്ധ്യത്താലുള്ള അനുഗ്രഹങ്ങളുടെ മഹത്വം ദർശിച്ചിരിക്കണം. തങ്ങളുടെ ദർശനത്തിനനുസരിച്ചായിരിക്കും അവർ തങ്ങളേയും തങ്ങൾക്കുള്ളതിനേയും ദൈവമുമ്പാകെ സമർപ്പിക്കുന്നത്. തങ്ങൾ യഹോവയ്ക്കൊരു മന്ദിരം പണിയുകയാണെന്നുള്ള ബോധം അവർക്കെപ്പോഴും ഹൃദയത്തിലുണ്ടായിരിക്കണം.

ദൈവത്തിനു തന്റെ ജനത്തോടടുത്തു വരാൻ വേണ്ടി ഉണ്ടാക്കുന്ന ഒരു മന്ദിരത്തിൽ എല്ലാ കാര്യങ്ങളും നന്നായി ക്രമീകരിക്കണം. വൃത്തിയും വെടിപ്പും ഉള്ളതും സൗകര്യപ്രദവുമായിരിക്കണം. ദൈവം അതിനുള്ളിൽ വസിക്കാനും തന്റെ സാന്നിദ്ധ്യത്താൽ അവിടം വിശുദ്ധീകരിക്കാനും തക്കവണ്ണം അതു ദൈവത്തിനു സമർപ്പിച്ചു പ്രതിഷ്ഠിക്കാനുള്ളതാണ്. വേല ഭംഗിയായി പൂർത്തീകരിക്കാൻ വേണ്ടി ജനം മനസ്സു തുറന്ന് ധാരാളമായി കൊടുക്കണം. ഇത്രയും മതി, ഇനികൊണ്ടുവരേണ്ടായെന്നു നേതാക്കന്മാർ പറയണം.

## മാതൃക അനുസരിച്ച്

അവർ സമാഗമന കൂടാരത്തിന്റെ പണിപൂർത്തിയാക്കിയപ്പോൾ, മോശെ എല്ലാ കാര്യങ്ങളും പരിശോധിച്ച്, ദൈവം കാണിച്ച മാതൃക പ്രകാരമാണെന്ന് ഉറപ്പു വരുത്തി. എല്ലാ കാര്യങ്ങളും മാതൃകപ്രകാരം നന്നായിരിക്കുന്നു എന്നു കണ്ടപ്പോൾ മോശെ ജനത്തെ അനുഗ്രഹിച്ചു.

നിയമപെട്ടകം എങ്ങനെയാണുണ്ടാക്കേണ്ടതെന്നുള്ള പ്രത്യേക നിർദ്ദേശങ്ങളും, ഒരു മാതൃകയും ദൈവം മോശെക്കു കൊടുത്തു. ദൈവം സ്വന്തം വിരൽ കൊണ്ടെഴുതിയ പത്തു കല്പനകൾ ഉള്ള കല്പലകകൾ വെക്കാൻ വേണ്ടിയായിരുന്നു പെട്ടകം ഉണ്ടാക്കേണ്ടിയിരുന്നത്. അതൊരു പെട്ടിയുടെ ആകൃതിയിൽ ഉണ്ടാക്കിയിട്ട്, അകവും പുറവും സ്വർണ്ണം പൊതിയണമായിരുന്നു. അതിന്റെ മുകളിൽ ചുറ്റിലും സ്വർണ്ണം കൊണ്ടുള്ള ഒരു വക്ക് അലങ്കാരമായി പണിയണമായിരുന്നു. ഈ പരിശുദ്ധമായ പെട്ടകത്തിന്റെ അടപ്പിന്റെ പേര് കൃപാസനം എന്നായിരുന്നു, അതു തങ്കം കൊണ്ടുണ്ടാക്കിയതായിരുന്നു. കൃപാസനത്തിന്റെ രണ്ടറ്റത്തും തങ്കം കൊണ്ടുണ്ടാക്കിയ ഓരോ കെരുബുകൾ ചിറകു വിടർത്തി നിന്നിരുന്നു. അവർ മുഖാമുഖം നില്ക്കുകയും ഭയഭക്തിയോടെ കൃപാസനത്തിലേക്കു നോക്കുകയും ചെയ്തിരുന്നു. സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തിൽ പെട്ടകത്തിനകത്തു വെച്ചിരിക്കുന്ന ദൈവകല്പനകളെ എല്ലാ സ്വർഗ്ഗീയ ദൂതന്മാരും ഭയഭക്തിയോടെ നോക്കുന്നതിനെ ഇതു പ്രതിനിധീകരിച്ചു. ഈ കെരുബുകൾക്കു ചിറകുകളുണ്ടായിരുന്നു. കെരൂബുകൾ മേലോട്ടു ചിറകുവിടർത്തി ചിറകുകൊണ്ടു കൃപാസനത്തെ മൂടണമായിരുന്നു. സ്വർഗ്ഗത്തിലുള്ള പെട്ടകത്തിന്റെ മാതൃകയിലായിരുന്നു ഭൂമിയിലെ സമാഗമനകൂടാരത്തിലെ പെട്ടകവും പണിതത്. അവിടെ സ്വർഗ്ഗീയ പെട്ടകത്തിന്റെ അരികിൽ ജീവനുള്ള മാലാഖമാർ നില്ക്കുന്നു.

കല്പലകകൾ പെട്ടകത്തിനകത്തു വെക്കാൻ മോശെയോടു ദൈവം കല്പിച്ചു. ഇവയെ സാക്ഷ്യപ്പലകകൾ എന്നും, പെട്ടകത്തെ സാക്ഷ്യപേടകം



എന്നും പേർ വിളിച്ചു, കാരണം അവയിൽ പത്തു കല്പനകളിലൂടെയുള്ള ദൈവത്തിന്റെ സാക്ഷ്യങ്ങളാണുണ്ടായിരുന്നത്.

## രണ്ടു ഭാഗങ്ങൾ

സമാഗമന കൂടാരത്തിനു രണ്ടു ഭാഗങ്ങൾ, അഥവാ മുറികൾ ഉണ്ടായിരുന്നു.ഒരു തിരശ്ശീലകൊണ്ട് അവ തമ്മിൽ വേർതിരിച്ചിരുന്നു. സമാഗമന കൂടാരത്തിലെ എല്ലാ ഉപകരണങ്ങളും സ്വർണ്ണംകൊണ്ട് പൊതിയുകയോ ഉണ്ടാക്കുകയോ ചെയ്തിരുന്നു. തിരശ്ശീലകൾ വിവിധ വർണ്ണങ്ങളിലുള്ളവയായിരുന്നു. അവ നന്നായി ക്രമീകരിച്ചിരുന്നു. സ്വർണ്ണത്തിന്റെയും വെള്ളിയുടെയും നൂലുകൾ ഉപയോഗിച്ച് തിരശ്ശീലകളിൽ കെരൂബുകളെ ചിത്രത്തയ്യലായി തുന്നിയിരുന്നു. സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തിലെ ശുശ്രൂഷയിലും ഭൂമിയിൽ ദൈവമക്കളായിരിക്കുന്നവരുടെ സഹായത്തിലും ഏർപ്പെട്ടിരിക്കുന്ന കോടിക്കണക്കിനു മാലാഖമാരെയാണ് ഇവ പ്രതിനിധീകരിച്ചത്.

രണ്ടാമത്തെ തിരശ്ശീലയുടെ ഉള്ളിലായിരുന്നു യഹോവയുടെ നിയമപ്പെട്ടകം വെച്ചിരുന്നത്. നിയമപെട്ടകത്തിന്റെ മുമ്പിലുണ്ടായിരുന്ന തിരശ്ശീല മനോഹരവും വില കൂടിയതുമായിരുന്നു. ഈ തിരശ്ശീല കെട്ടിടത്തിന്റെ മുകളറ്റം വരെ എത്തിയിരുന്നില്ല. അതുകൊണ്ട് കൃപാസനത്തിന്റെ മുകളിലുള്ള ദൈവതേജസ്സ് ചെറിയൊരളവിൽ പ്രാകാരത്തിൽ നില്ക്കുന്നവർക്കുപോലും ദൃശ്യമായിരുന്നു.

പെട്ടകത്തിന്റെ നേരേ മുമ്പിൽ തിരശ്ശീലക്കിപ്പുറത്തു സ്വർണ്ണ ധൂപപീഠം ഉണ്ടായിരുന്നു. ഈ ധൂപപീഠത്തിൽ യഹോവ തന്നെ നേരിട്ട് അഗ്നി കത്തിക്കുകയായിരുന്നു.ആ അഗ്നി അണഞ്ഞുപോകാതെ തുടർച്ചയായി വിശുദ്ധ ധൂപ വർഗ്ഗം ഇട്ടുകൊടുത്തുകൊണ്ടിരുന്നു. ധൂപ വർഗ്ഗത്തിന്റെ നല്ലമണമുള്ള പുക രാവും പകലും ആലയത്തിൽ നിറഞ്ഞു നിന്നു. അതിന്റെ സുഗന്ധം കൂടാരത്തിന്റെ ചുറ്റിലും മൈലുകളോളം ദൂരത്തിൽ അനുഭവപ്പെട്ടിരുന്നു. പുരോഹിതൻ ദൈവമുമ്പാകെ സുഗന്ധവർഗ്ഗം അർപ്പിക്കുമ്പോൾ കൃപാസനത്തിലേക്കു നോക്കുമായിരുന്നു. നേരിൽ കാണാൻ കഴിയില്ലെങ്കിലും അതവിടെയുണ്ടെന്ന് അവനറിയാമായിരുന്നു. ധൂപവർഗ്ഗത്തിന്റെ പുക ഉയരുമ്പോൾ യഹോവയുടെ തിരുസാന്നിദ്ധ്യം അതിപരിശുദ്ധ സ്ഥലത്തു കൃപാസനത്തിന്മീതെ ഇറങ്ങി വന്നിരുന്നു. വിശുദ്ധ സ്ഥലത്ത് നില്ക്കുന്നവർക്കും അതു കാണാമായിരുന്നു. ചില അവസരങ്ങളിൽ ദൈവമഹത്വം തിരുനിവാസത്തെ മൊത്തമായി മൂടിയിരുന്നു. അത്തരം സന്ദർഭങ്ങളിൽ അകത്തു പ്രവേശിക്കാൻ കഴിയാത്തതുകൊണ്ട് പുരോഹിതൻ വാതിൽക്കൽ ത്തന്നെ നില്ക്കുമായിരുന്നു.

വിശുദ്ധ സ്ഥലത്തു നില്ക്കുന്ന പുരോഹിതൻ തനിക്കു കാണാൻ കഴിയാത്ത കൃപാസനത്തിലേക്കു വിശ്വാസത്തോടെ നോക്കി പ്രാർത്ഥിച്ചത്,

സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തിലെ കൃപാസനത്തിലെ ക്രിസ്തുവിനെ വിശ്വാസത്തോടെ നോക്കിക്കൊണ്ട് പാപികളായ മനുഷ്യർ അർപ്പിക്കുന്ന പ്രാർത്ഥനയെ പ്രതിനിധീകരിക്കുന്നു. തങ്ങളുടെ മദ്ധ്യസ്ഥനെ അവർക്കു കാണാൻ കഴിയുന്നില്ല, എന്നാൽ വിശ്വാസത്തിന്റെ കണ്ണുകളിലൂടെ ക്രിസ്തു കൃപാസനത്തിനരികിൽ നില്ക്കുന്നതവർ കാണുന്നു. അവർ അവങ്കലേക്കു നോക്കി പ്രാർത്ഥിക്കുന്നു; അവന്റെ മദ്ധ്യസ്ഥതയുടെ അനുഗ്രഹങ്ങൾ അവർ ധൈര്യത്തോടെ അവകാശപ്പെടുന്നു.

ഈ വിശുദ്ധ മുറികൾക്കു വെളിച്ചം ഉള്ളിൽ വരാൻ ജനാലകളില്ലായിരുന്നു. സ്വർണ്ണംകൊണ്ടു നിർമ്മിച്ച നിലവിളക്ക് രാവും പകലും അണയാതെ കത്തിക്കൊണ്ടിരുന്നു. അതിന്റെ പ്രകാശം മന്ദിരത്തെ മുഴുവനും നിറച്ചിരുന്നു. അവിടുത്തെ ഉപകരണങ്ങളുടെ സ്വർണ്ണത്തകിടുകളിലും തിരശ്ശീലകളിലെ സ്വർണ്ണനൂലുകളിലും വെളിച്ചം തട്ടി പ്രതിഫലിച്ച് ഒരു വർണ്ണ പ്രപഞ്ചം ചമച്ചു. ആ കാഴ്ച വിവരിക്കാനാകാത്തവണ്ണം മഹത്വകരമായിരുന്നു. ഈ മുറികളിൽ കാണപ്പെട്ട സൗന്ദര്യവും, മനോഹാരിതയും, വിശുദ്ധമായ മഹത്വവും ഒരു ഭാഷയ്ക്കും വർണ്ണിക്കാൻ സാദ്ധ്യമല്ല. അവിടുത്തെ സ്വർണ്ണപ്പാളികൾ തിരശ്ശീലകളുടെ വർണ്ണങ്ങൾ പ്രതിഫലിച്ചപ്പോൾ മഴവില്ലിന്റെ വർണ്ണങ്ങൾ പോലെ കാണപ്പെട്ടു.

വർഷത്തിലൊരിക്കൽ മാത്രം പ്രത്യേക വ്രതാനുഷ്ഠാനങ്ങളോടുകൂടി മഹാപുരോഹിതൻ അതിപരിശുദ്ധ സ്ഥലത്തു പ്രവേശിച്ചിരുന്നു. അവിടം ദൈവത്തിന്റെ ദൃശ്യമഹത്വത്തിന്റെ വാസസ്ഥലമായിരുന്നതിനാൽ മഹാപുരോഹിതനല്ലാതെ മറ്റൊരു മനുഷ്യനും അങ്ങോട്ടു നോക്കുവാൻ അനുവാദമില്ലായിരുന്നു. മഹാപുരോഹിതൻ വിറച്ചുകൊണ്ടായിരുന്നു അവിടെ പ്രവേശിച്ചിരുന്നത്. അദ്ദേഹം മടങ്ങി വരുന്നതുവരെ ജനങ്ങൾ പ്രാർത്ഥനയോടെ നിശ്ശബ്ദമായി പുറത്തു കാത്തു നിന്നു. ദൈവാനുഗ്രഹത്തിനു വേണ്ടി അവർ മനമുരുകി പ്രാർത്ഥിച്ചിരുന്നു. കൃപാസനത്തിങ്കൽ ദൈവം മഹാപുരോഹിതനുമായി സംസാരിച്ചു. അവൻ കുറച്ചധികം സമയം അവിടെ നിന്നു പോയാൽ ജനങ്ങൾ ഭയപ്പെടുമായിരുന്നു. തങ്ങളുടെ പാപങ്ങളോ, അദ്ദേഹത്തിന്റെ തന്നെ പാപങ്ങളോ നിമിത്തം ദൈവം അദ്ദേഹത്തെ കൊന്നുകളഞ്ഞിരിക്കുമോ എന്നവർ ഭയപ്പെട്ടു. എന്നാൽ അദ്ദേഹത്തിന്റെ വസ്ത്രത്തിൽനിന്നു മണികിലുക്കം കേൾക്കുമ്പോൾ അവർക്കാശ്വാസമാകും. അദ്ദേഹം പിന്നെ പുറത്തുവന്നു ജനങ്ങളെ അനുഗ്രഹിക്കും.

സമാഗമനകൂടാരത്തിന്റെ പണി പൂർത്തിയായിക്കഴിഞ്ഞപ്പോൾ, "മേഘം കൂടാരത്തിന്റെ മേൽ ഇറങ്ങി വരികയും, യഹോവയുടെ മഹത്വം കൂടാരത്തിൽ നിറയുകയും ചെയ്തു. മേഘം കൂടാരത്തെ മൂടുകയും, യഹോവയുടെ മഹത്വം കൂടാരത്തിൽ നിറയുകയും ചെയ്തതുകൊണ്ട് മോശെക്കു കൂടാരത്തിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല." "അവരുടെ യാത്രയിലുട



നീളം, ഇസ്രായേൽ മക്കളുടെ കൺമുമ്പിൽ പകൽ മേഘസ്തംഭവും രാത്രി അഗ്നിസ്തംഭവും സമാഗമനകൂടാരത്തെ മൂടിയിരുന്നു.

അവരുടെ യാത്രയിലുടനീളം അവർക്കഴിച്ചെടുത്തു ചുമന്നുകൊണ്ടു പോകാവുന്ന രീതിയിലാണ് സമാഗമന കൂടാരം പണിതിരുന്നത്.

## വഴികാണിക്കുന്ന മേഘസ്തംഭം

മരുഭൂമിയിലെ യാത്രയിലുടനീളം ദൈവമാണ് ഇസ്രായേൽ മക്കൾക്കു വഴികാണിച്ചു കൊടുത്തത്. ജനങ്ങളുടെ നന്മയ്ക്കും ദൈവനാമ മഹത്വത്തിനുമായി അവർ ഒരു സ്ഥലത്തു വിശ്രമിക്കട്ടെയെന്നു നിശ്ചയിക്കുമ്പോൾ മേഘം താണിറങ്ങി വന്നു കൂടാരത്തിന്റെ മുകളിൽ നിൽക്കും. അവർ വീണ്ടും യാത്ര ചെയ്യണമെന്നു ദൈവം തീരുമാനിക്കുന്നതുവരെ മേഘം അങ്ങനെ നിൽക്കും. യാത്ര തുടരേണ്ടതായ സമയമാകുമ്പോൾ മേഘം ഉയർന്നു പൊങ്ങും, അപ്പോൾ അവർ യാത്ര തുടരും.

യാത്രയിലുടനീളം പൂർണ്ണമായ ക്രമീകരണമായിരുന്നു. എല്ലാ ഗോത്രങ്ങൾക്കും പ്രത്യേകം പ്രത്യേകം കൊടികളുണ്ടായിരുന്നു.അതതു ഗോത്രത്തിലുള്ള ആളുകൾ അവരവരുടെ കൊടികൾക്കു സമീപമായി കൂടാരമടിക്കണമായിരുന്നു. അവർ യാത്ര ചെയ്യുമ്പോഴും അതതു ഗോത്രത്തിലുള്ളവർ അവരവരുടെ കൊടികളുടെ പുറകിൽ ക്രമമായി നടക്കണമായിരുന്നു. അവർ വിശ്രമിക്കാനായി യാത്ര നിർത്തുമ്പോൾ യഹോവയുടെ കൂടാരം നിവിർക്കുകയും, അതിന്റെ ചുറ്റിലുമായി ഒരു പ്രത്യേക അകലത്തിൽ ഓരോ ഗോത്രത്തിനും ദൈവംതന്നെ നിശ്ചയിച്ച സ്ഥലത്ത് അവർ കൂടാരമടിക്കുകയും ചെയ്യണമായിരുന്നു.

ജനം യാത്ര ചെയ്യുമ്പോൾ സാക്ഷ്യപെട്ടകം അവർക്കു മുമ്പിൽ ചുമന്നു കൊണ്ടുപോകും. "അവർ പാളയം വിട്ടു പുറപ്പെടുമ്പോൾ പകൽ സമയത്തു യഹോവയുടെ മേഘസ്തംഭം അവരുടെ തലയ്ക്കു മുകളിൽ പൊയ്ക്കൊണ്ടിരുന്നു. യഹോവയുടെ നിയമപ്പെട്ടകം പുറപ്പെടുമ്പോഴൊക്കെയും മോശെ പറയും: "യഹോവേ, എഴുന്നേല്ക്കണമേ! നിന്റെ ശത്രുക്കൾ ചിതറിപ്പോകട്ടെ, നിന്നെ പകെക്കുന്നവരൊക്കെയും നിന്റെ മുമ്പിൽ നിന്ന് ഓടിപ്പോകട്ടെ! അതു വിശ്രമിക്കുമ്പോൾ അവൻ പറയും, "യഹോവേ, മടങ്ങിവരണമേ, ആയിരക്കണക്കായ ഇസ്രായേൽ ജനങ്ങളുടെ അടുത്തേക്ക്!" ●

അദ്ധ്യായം - 7

# രക്ഷകൻ

ദൈവപുത്രൻ മനുഷ്യപ്രകൃതം എടുത്ത്, ഒരു മനുഷ്യനായി സ്വയം താഴ്ത്തി, സാത്താന്റെ പരീക്ഷകളെ നേരിടേണ്ടതായ സമയം വന്നു.

ഭൗമികമായ മഹത്വമൊന്നുമില്ലാതെ, ഒരു കാലിത്തൊഴുത്തിലെ പുൽക്കൂട്ടിൽ അവൻ ജാതനായി. എങ്കിലും അവന്റെ ജനനം മറ്റേതൊരു മനുഷ്യജന്മത്തെക്കാളും ബഹുമാനിക്കപ്പെട്ടു. സ്വർഗ്ഗത്തിലെ മാലാഖമാരുടെ സംഘം യേശുവിന്റെ വരവിനെക്കുറിച്ച് ഇടയന്മാരെ അറിയിച്ചു. ദൈവത്തിങ്കൽ നിന്നുള്ള പ്രകാശവും മഹത്വവും ആ സാക്ഷ്യത്തെ അനുഗമിച്ചു. സ്വർഗ്ഗീയ സംഘം വീണമീട്ടി ദൈവത്തെ മഹത്വപ്പെടുത്തി. രക്ഷാപദ്ധതി നടപ്പിലാക്കാൻവേണ്ടി പാപത്തിൽ വീണുപോയ ഭൂമിയിലേക്കുള്ള ദൈവപുത്രന്റെ പ്രവേശനത്തെ അവർ വിജയോന്മത്തരായി പ്രഘോഷിച്ചു. അവന്റെ മരണത്താൽ മനുഷ്യവർഗ്ഗത്തിനു സമാധാനവും സന്തോഷവും നിത്യജീവനും ലഭ്യമാകണം. ദൈവപുത്രന്റെ ആഗമനത്തെ ദൈവം ആദരിച്ചു. ദൂതന്മാർ അവനെ ആരാധിച്ചു.

## യേശുവിന്റെ സ്നാനം

ഏകദേശം മുപ്പതു വർഷങ്ങൾക്കു ശേഷം, അവന്റെ സ്നാനശുശ്രൂഷ നടന്നയിടത്ത് സ്വർഗ്ഗീയ ദൂതന്മാർ ചുറ്റി നിന്നു. പരിശുദ്ധാത്മാവ് പ്രാവിന്റെ





രൂപത്തിൽ ഇറങ്ങിവന്ന്, അവന്റെമേൽ ആവസിച്ചു. ജനങ്ങൾ അത്ഭുത സ്തബ്ധരായി അവന്റെ മുഖത്തേക്കു നോക്കി നില്ക്കുമ്പോൾ, സ്വർഗ്ഗത്തിൽ നിന്ന് പിതാവിന്റെ ശബ്ദം മുഴങ്ങിക്കേട്ടു: "ഇവനെന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു."(മർക്കൊസ് 1:11).

യോർദ്ദാൻ നദിയിൽ തന്റെയടുത്ത് സ്നാനപ്പെടാൻ വന്നിരിക്കുന്നത് ലോകരക്ഷിതാവാണെന്ന് യോഹന്നാന് ആദ്യം അറിയില്ലായിരുന്നു. എന്നാൽ ദൈവം ഒരടയാളം കൊടുക്കുമെന്ന് യോഹന്നാനോടു പറഞ്ഞിരുന്നു. സ്വർഗ്ഗത്തിൽ നിന്നുള്ള പ്രാവ് ഇറങ്ങി അവന്റെമേൽ ആവസിക്കുകയും ഒരു പ്രത്യേക തേജസ്സ് അവനെ ചുറ്റിമിന്നുകയും ചെയ്യുന്നത് യോഹന്നാൻ ദർശിച്ചു. യോഹന്നാൻ അവന്റെ നേരെ കൈ ചൂണ്ടിക്കൊണ്ട് ഉറക്കെ വിളിച്ചുപറഞ്ഞു: "ഇതാ, ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്!" (യോഹ. 1:29).

## യോഹന്നാന്റെ ശുശ്രൂഷ

ലോകരക്ഷിതാവായ, വാഗ്ദത്തം ചെയ്യപ്പെട്ട മശിഹാ, യേശുവാണെന്നു യോഹന്നാൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞു. യോഹന്നാന്റെ ശുശ്രൂഷ അവസാനിക്കാറായപ്പോൾ യേശുവിനെ മഹാഗുരുവായി അംഗീകരിച്ച്, അവനെ അനുഗമിക്കാൻ യോഹന്നാൻ തന്റെ ശിഷ്യന്മാരെ ഉപദേശിച്ചു. യോഹന്നാന്റെ ജീവിതം ദുഃഖപൂർണ്ണവും ആത്മത്യാഗത്തോടു കൂടിയതും ആയിരുന്നു. ക്രിസ്തുവിന്റെ ഒന്നാമത്തെ വരവിനെക്കുറിച്ചവൻ പ്രസംഗിച്ചു. എന്നാൽ അവൻ നടത്തിയ അത്ഭുതങ്ങൾ കാണുവാനോ, അവന്റെ ശക്തിയുടെ പ്രകടനങ്ങൾ കണ്ടു സന്തോഷിക്കാനോ ഉള്ള അവസരം അവനു ലഭിച്ചില്ല. യേശു ഒരു ഗുരുവായി സ്ഥാനം പിടിച്ചപ്പോൾ, ഇനി താൻ മരിക്കേണ്ടിയിരിക്കുന്നു എന്നു യോഹന്നാന് മനസ്സിലായി. മരുഭൂമിയിലല്ലാതെ മറ്റെങ്ങും അവന്റെ ശബ്ദം കേട്ടില്ല. അവന്റെ ജീവിതം ഏകാന്തത നിറഞ്ഞതായിരുന്നു. അവൻ തന്റെ പിതാവിന്റെ കുടുംബാഗങ്ങളോടു ചേർന്നു നടക്കാനും, അവരുടെ സാമൂഹ്യബന്ധം അനുഭവിക്കാനും ആഗ്രഹിച്ചില്ല. തന്റെ ദൗത്യം നിർവഹിക്കാനായി എല്ലാവരെയും വിട്ടു പുറപ്പെട്ടു. ഈ പ്രവാചകന്റെ പ്രത്യേകതയുള്ള ദൂതുകൾ കേൾക്കാനായി പട്ടണങ്ങളിൽ നിന്നും ഗ്രാമപ്രദേശങ്ങളിൽ നിന്നും ജനങ്ങൾ കൂട്ടംകൂട്ടമായി മരുഭൂമിയിലേക്കു കടന്നുവന്നു. യോഹന്നാൻ അവരുടെ ഹൃദയാന്തർഭാഗത്തെ

പ്രശ്നങ്ങളെ തൊട്ടു. അനന്തരഫലങ്ങളേക്കുറിച്ച് ഭയപ്പെടാതെ അവൻ പാപത്തെ ശാസിക്കുകയും, ദൈവത്തിന്റെ കുഞ്ഞാടിനു വഴിയൊരുക്കുകയും ചെയ്തു.

യോഹന്നാന്റെ അതിശക്തമായ ദൂതുകൾ കേട്ടപ്പോൾ ഹെരോദാ രാജാവിനു വീണ്ടും കേൾക്കാനുള്ള താല്പര്യമുണ്ടായി. നിന്റെ ശിഷ്യനായിത്തീരാൻ ഞാനെന്തു ചെയ്യണമെന്ന് വലിയ താല്പര്യത്തോടെ യോഹന്നാനോടു ചോദിച്ചു. തന്റെ സഹോദരൻ ജീവിച്ചിരിക്കുമ്പോൾ തന്നെ സഹോദരന്റെ ഭാര്യയെ വിവാഹം കഴിക്കാൻ ഹെരോദാവ് ഒരുങ്ങുകയാണെന്ന് യോഹന്നാന് അറിയാമായിരുന്നു. ഇതു നിയമവിരുദ്ധമാണെന്നു യോഹന്നാൻ വ്യക്തമായി ഹെരോദാവിനോടു പറഞ്ഞു. തന്റെ തീരുമാനത്തിൽ മാറ്റം വരുത്താൻ ഹെരോദാവു തയ്യാറായില്ല. അവൻ മുൻതീരുമാനപ്രകാരം തന്റെ സഹോദരന്റെ ഭാര്യയെ വിവാഹം ചെയ്തു. അവളുടെ നിർബ്ബന്ധത്താൽ യോഹന്നാനെ തടവിലാക്കി. പിന്നീട് വിട്ടയയ്ക്കാമെന്നുള്ള ചിന്തയായിരുന്നു ഹെരോദാവിനുണ്ടായിരുന്നത്. യോഹന്നാൻ ജയിലിലായിരുന്നപ്പോൾ യേശുവിന്റെ അത്ഭുതപ്രവർത്തികളെക്കുറിച്ച് ശിഷ്യന്മാരിൽ നിന്നറിവു കിട്ടി. അവിടെ നേരിൽ പോയി അവന്റെ ദൂതുകൾ കേൾക്കുവാനോ അത്ഭുതങ്ങൾ കാണുവാനോ യോഹന്നാനു കഴിയില്ലായിരുന്നു. എങ്കിലും അതിനെക്കുറിച്ചൊക്കെ ശിഷ്യന്മാരിൽ നിന്നു കേട്ടു തൃപ്തനായി. ഏറെ വൈകാതെ യോഹന്നാൻ ശിരച്ഛേദം ചെയ്യപ്പെട്ടു.

യേശുവിന്റെ ആദ്യത്തെ വരവിനെക്കുറിച്ചു പ്രസംഗിക്കാൻ വേണ്ടി യോഹന്നാൻ ഏലിയാവിന്റെ ആത്മാവിലും ശക്തിയിലും കടന്നുവന്നു. (ലൂക്കൊസ് 1–17). ദൈവത്തിന്റെ കോപദിവസത്തെക്കുറിച്ചും യേശുവിന്റെ രണ്ടാം വരവിനെക്കുറിച്ചും പ്രസംഗിക്കാൻ അവസാന നാളുകളിൽ ഏലിയാവിന്റെ ആത്മാവോടും ശക്തിയോടും കൂടെ പുറപ്പെടുന്നവരെയാണ് യോഹന്നാൻ സ്നാപകൻ പ്രതിനിധീകരിച്ചത്.

## പരീക്ഷ

യേശു യോർദ്ദാൻ നദിയിൽ സ്നാനപ്പെട്ടു കഴിഞ്ഞപ്പോൾ, പിശാചിനാൽ പരീക്ഷിക്കപ്പെടേണ്ടതിന് ആത്മാവ് അവനെ മരുഭൂമിയിലേക്കു നടത്തി. ആ ഭയാനകമായ പരീക്ഷകൾക്കായിട്ടു പരിശുദ്ധാത്മാവ് അവനെ ഒരുക്കി. നാല്പതു ദിവസം സാത്താൻ അവനെ പരീക്ഷിച്ചുകൊണ്ടിരുന്നു. ആ ദിവസങ്ങളിൽ അവൻ യാതൊന്നും ഭക്ഷിച്ചിരുന്നില്ല. അവന്റെ ചുറ്റുപാടുകളെല്ലാം അസംതൃപ്തമായിരുന്നു. മനുഷ്യപ്രകൃതത്തിൽ അതൊഴിവാക്കാൻ മാത്രമേ ആഗ്രഹിക്കുകയുള്ളൂ. അവൻ ഏകാന്തമായ, വിജനമായ ഒരു പ്രദേശത്ത് വന്യമൃഗങ്ങളുടെ നടുവിൽ സാത്താനോടൊപ്പമായി

രുന്നു. ഉപവാസത്താലും കഷ്ടപ്പാടിനാലും ദൈവപുത്രൻ മെലിഞ്ഞു വിളറിയിരുന്നു. എന്നാൽ തന്റെ ദൗത്യം അവന് വ്യക്തമായിരുന്നു; താൻ ചെയ്യാൻ വേണ്ടിവന്ന വേല പൂർത്തീകരിക്കണമായിരുന്നു.

ദൈവപുത്രന്റെ കഷ്ടപ്പാടുകൾ പ്രയോജനപ്പെടുത്താൻ സാത്താൻ തീരുമാനിച്ചു. പലവിധ പരീക്ഷകളാൽ അവനെ മുട്ടുകുത്തിക്കാൻ തയ്യാറായി. അവൻ ഒരു മനുഷ്യനായി താഴ്മ ധരിച്ചിരിക്കയാൽ അവന്റെമേൽ വിജയം നേടാനാവുമെന്നു വിശ്വസിച്ചു. സാത്താൻ കൊണ്ടുചെന്ന ഒരു പരീക്ഷ: “നീ ദൈവപുത്രനാകുന്നുവെങ്കിൽ ഈ കല്ലുകളോട് അപ്പമാകുവാൻ കല്പിക്ക.” തന്റെ ദിവ്യശക്തി ഉപയോഗിച്ചു, താൻ മശിഹായാണെന്നു തെളിയിക്കാൻ, അവൻ യേശുവിനെ പരീക്ഷിച്ചു. യേശു ശാന്തനായി മറുപടി പറഞ്ഞു: “മനുഷ്യൻ അപ്പംകൊണ്ടുമാത്രമല്ല, ദൈവത്തിന്റെ വായിൽ നിന്നു വരുന്ന സകല വചനങ്ങൾകൊണ്ടും ജീവിക്കുന്നു എന്ന് എഴുതിയിരിക്കുന്നു” (ലൂക്കൊസ് 4:3,4).

ഞാൻ പുത്രനാണോയെന്ന വിഷയത്തിൽ യേശുവുമായി ഒരു വാഗ്വാദം ആരംഭിക്കുവാൻ സാത്താൻ ആഗ്രഹിച്ചു. യേശുവിന്റെ ബലഹീനമായ കഷ്ടപ്പെടുന്ന അവസ്ഥയെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ നിന്നെക്കാൾ ശക്തനാണെന്നു സാത്താൻ വീമ്പിളക്കി. എന്നാൽ സ്വർഗ്ഗത്തിൽ നിന്നുള്ള പിതാവിന്റെ സാക്ഷ്യം: “നീ എന്റെ പ്രിയപുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു”(ലൂക്കൊസ് 3:22), എന്നുള്ളതുമത്രം മതിയായിരുന്നു, യേശുവിന് തന്റെ കഷ്ടപ്പാടുകളിലൂടെ വിജയകരമായി കടന്നുപോകാൻ. താൻ ലോകരക്ഷിതാവാണെന്നോ, തന്റെ ശക്തിയെക്കുറിച്ചോ സാത്താനെ ബോദ്ധ്യപ്പെടുത്തേണ്ടയാവശ്യം യേശുവിനില്ലായിരുന്നു. ദൈവപുത്രന്റെ ഉന്നതമായ സ്ഥാനത്തെക്കുറിച്ചും അധികാരത്തെക്കുറിച്ചും സാത്താന് ആവശ്യംപോലെ തെളിവുകൾ ഉണ്ടായിരുന്നു. ക്രിസ്തുവിന്റെ അധികാരത്തിനു കീഴ്പ്പെടാൻ താൻ വിസ്സമതിച്ചതുകൊണ്ടാണ് സ്വർഗ്ഗത്തിൽ നിന്നു പുറത്താക്കപ്പെട്ടത്.

തന്റെ ശക്തി പ്രദർശിപ്പിക്കാൻ സാത്താൻ യേശുവിനെ യെരൂശലേം ദൈവാലയത്തിന്റെ ഒരു ഗോപുരത്തിലേക്കു കൂട്ടിക്കൊണ്ടുപോയശേഷം, നീ ഇവിടെ നിന്നു താഴേക്കു ചാടി, ദൈവപുത്രനാണെന്നു തെളിയിക്ക് എന്നു പറഞ്ഞ്, അവനെ രണ്ടാമതും പരീക്ഷിച്ചു. സാത്താൻ തിരുവചനവും ഉദ്ധരിച്ചുകൊണ്ടാണ് സംസാരിച്ചത്: “അവൻ തന്റെ ദൂതന്മാരോടു കല്പിക്കും; നിന്റെ കാൽ കല്ലിൽ തട്ടിപ്പോകാതിരിക്കേണ്ടതിന് അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും, എന്ന് എഴുതിയിരിക്കുന്നുവല്ലോ.” യേശു മറുപടി പറഞ്ഞു: “നിന്റെ ദൈവമായ യഹോവയെ പരീക്ഷിക്കരുത് എന്നുംകൂടെ എഴുതിയിരിക്കുന്നുവല്ലോ” (ലൂക്കോസ് 4:10–12). തന്റെ ദൗത്യം പൂർത്തീകരിക്കുന്നതിനു മുമ്പ്, യേശു പിതാവിന്റെ കരുണയിൽ ആശ്രയി



ച്ചതുകൊണ്ടു തന്റെ ജീവൻ അപകടപ്പെടുത്തണമെന്ന് സാത്താൻ ആഗ്രഹിച്ചു. രക്ഷാപദ്ധതി പരാജയപ്പെടുമെന്നാണ് സാത്താൻ പ്രതീക്ഷിച്ചത്. എന്നാൽ സാത്താനു തകർക്കാനോ കളങ്കപ്പെടുത്താനോ കഴിയാത്തത്ര ഗഹനമായിട്ടായിരുന്നു രക്ഷാപദ്ധതി തയ്യാറാക്കിയിരുന്നത്.

എല്ലാ ക്രിസ്ത്യാനികൾക്കും മാതൃക ക്രിസ്തുവാകുന്നു. അവർ പരീക്ഷിക്കപ്പെടുകയോ, അവരുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുകയോ, ചെയ്യുമ്പോൾ, അവർ അതു ക്ഷമയോടെ സഹിക്കണം. തങ്ങളുടെ ശത്രുക്കളുടെമേൽ വിജയം വരിക്കാൻവേണ്ടി ദൈവം തന്റെ ശക്തിയുടെ ഒരു അത്ഭുതപ്രകടനം നടത്തുവാൻ ആവശ്യപ്പെടാൻ തനിക്കവകാശമുണ്ടെന്ന് ആരും ചിന്തിക്കരുത്. അങ്ങനെ ചെയ്യുന്നതിലൂടെ ദൈവനാമം നേരിട്ടു മാനിക്കപ്പെടുകയും മഹത്വപ്പെടുകയും ചെയ്യുമെങ്കിൽ അങ്ങനെ ആഗ്രഹിക്കാം. ദൈവാലയഗോപുരത്തിൽ നിന്ന് യേശു താഴേക്കു ചാടിയിരുന്നെങ്കിൽ, അതു കാണാൻ മനുഷ്യരാരും അവിടെ ഇല്ലാത്തതുകൊണ്ട് ദൈവനാമം മഹത്വപ്പെടുകയില്ലായിരുന്നു. ദൈവദൂതന്മാരും സാത്താനും മാത്രമായിരുന്നു കാഴ്ചക്കാർ. ആ പ്രവൃത്തിയിലൂടെ ദൈവത്തിന്റെ ശക്തി ഏറ്റവും വലിയ ശത്രുവിന്റെ മുമ്പിൽ അനാവശ്യമായി പ്രകടിപ്പിക്കേണ്ടി വരുമായിരുന്നു. യേശു പരാജയപ്പെടുത്താൻ വേണ്ടി ലക്ഷ്യമിട്ടു വന്നിരിക്കുന്ന ശത്രുവിന്റെ മുമ്പിൽ അതൊരു കീഴടങ്ങലാകുമായിരുന്നു.

“പിന്നീടു സാത്താൻ യേശുവിനെ ഒരു ഉയർന്ന മലമുകളിൽ കൊണ്ടുപോയിട്ട്, ഒരു നിമിഷനേരംകൊണ്ട് സർവ്വലോകവും അതിന്റെ മഹത്വവും അവനെ കാണിച്ചു. അതിനു ശേഷം സാത്താൻ അവനോട്, ഈ കാണുന്ന സകല അധികാരവും മഹത്വവും ഞാൻ നിനക്കു തരാം; ഇത് എങ്കൽ

ഏല്പിച്ചിരിക്കുന്നു, എനിക്കിഷ്ടമുള്ളവനു ഞാൻ കൊടുക്കുന്നു. അതുകൊണ്ട് വീണ് എന്നെ നമസ്ക്കരിച്ചാൽ ഇതൊക്കെയും നിനക്കു തരാം" എന്നു പറഞ്ഞു.

"അതിനു യേശു അവനോടു മറുപടി പറഞ്ഞത്: "സാത്താനേ എന്നെ വിട്ടു പോ; നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ എന്ന് എഴുതിയിരിക്കുന്നുവല്ലോ." (മത്തായി 4:10).

സാത്താൻ ലോകരാജ്യങ്ങളെ ഏറ്റവും ആകർഷമായ വർണ്ണങ്ങളിൽ യേശുവിനു കാണിച്ചുകൊടുത്തു. യേശു അവിടെവച്ച് അവനെ നമസ് കരിക്കുമെങ്കിൽ, ലോകത്തിന്റെമേലുള്ള തന്റെ അവകാശവാദങ്ങൾ താൻ ഉപേക്ഷിക്കും. രക്ഷാപദ്ധതി നടപ്പിലാക്കുകയും യേശു പാപികൾക്കുവേണ്ടി മരിക്കുകയും ചെയ്താൽ, തന്റെ ശക്തി കുറയുകയും, ഒടുവിലതു നഷ്ട പ്പെടുകയും, താൻ നശിച്ചു പോകുകയും ചെയ്യും എന്നു സാത്താനറിയാമായിരുന്നു. അതുകൊണ്ട് യേശു ആരംഭിച്ച വേല പൂർത്തീകരിക്കാതെ എങ്ങനെയെങ്കിലും തടയുകയെന്നുള്ളതു സാത്താൻ കരുതിക്കൂട്ടി തയ്യാറാക്കിയ പദ്ധതിയായിരുന്നു. ദൈവത്തിന്റെ രക്ഷാപദ്ധതി പരാജയപ്പെട്ടാൽ, താൻ തന്റേതെന്ന് അവകാശപ്പെട്ട ലോകം അതേപടി നിലനിർത്തും. എങ്കിൽ ഞാൻ പിന്നീട് സ്വർഗ്ഗത്തിലെ ദൈവത്തെ എതിർത്തുകൊണ്ടു വാഴും എന്നവൻ ചിന്തിച്ചു.

## പരീക്ഷകനെ ശാസിച്ചു

യേശു തന്റെ അധികാരവും മഹത്വവും ഉപേക്ഷിച്ച് സ്വർഗ്ഗം വിട്ടു താണിറങ്ങിയപ്പോൾ സാത്താൻ അഹങ്കരിച്ചു. ഇങ്ങനെ ദൈവപുത്രൻ തന്റെ അധികാരത്തിൻ കീഴിലായിരിക്കുന്നു എന്നവൻ ചിന്തിച്ചു. ഏദെൻ തോട്ടത്തിൽ താൻ എത്ര എളുപ്പത്തിൽ വിജയിച്ചു എന്ന ഓർമ്മ; ഇപ്പോൾ ദൈവപുത്രനെയും വളരെ എളുപ്പത്തിൽ വീഴ്ത്താം എന്ന വിശ്വാസം അവനിൽ ഉളവാക്കി. അങ്ങനെ തന്റെ ജീവനും സാമ്രാജ്യവും രക്ഷിക്കാം എന്നു ചിന്തിച്ചു. പിതാവിന്റെ ഇഷ്ടത്തിൽ നിന്നകലാൻ യേശുവിനെ പ്രേരിപ്പിക്കാൻ കഴിഞ്ഞാൽ താൻ തന്റെ ലക്ഷ്യം നേടും. എന്നാൽ യേശു പരീക്ഷകനെ ശാസിച്ചു, "സാത്താനേ, എന്നെ വിട്ടു പോ! താൻ തന്റെ പിതാവിന്റെ മുമ്പിൽ മാത്രമേ നമസ്കരിക്കുകയുള്ളൂ."

ഭൂമിയിലെ രാജ്യങ്ങൾ തന്റേതാണെന്നും, അവ സ്വന്തമാക്കാൻ വേണ്ടി നീ കഷ്ടപ്പാടും മരണവും വരിക്കേണ്ടയാവശ്യമില്ലെന്നും സാത്താൻ നിർദ്ദേശിച്ചു. നീ എന്നെ ഒന്നു വീണു നമസ്കരിച്ചാൽ ഇതെല്ലാം ഞാൻ നിനക്കു തരും. എന്നാൽ യേശു കുലുങ്ങിയില്ല. സ്വന്തം ജീവൻ മറുവിലയായി കൊടുത്തുകൊണ്ട്, കുറച്ചുനാൾ കഴിഞ്ഞു താൻ ഇതെല്ലാം സാത്താന്റെ കൈകളിൽ നിന്നു തിരിച്ചു പിടിക്കാൻ പോകുകയാണെന്ന് കർത്താവിനറി

യാമായിരുന്നു. ഒരു സമയം കഴിയുമ്പോൾ സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള എല്ലാവരും തന്റെ അധികാരത്തെ അംഗീകരിക്കാൻ പോകുകയാണ്. ഭൂമിയിലെ രാജ്യങ്ങളുടെമേൽ നിയമപരമായ അവകാശം ലഭിക്കാൻ പിതാവു ക്രമീകരിച്ചിരിക്കുന്ന മാർഗ്ഗം തന്റെ കഷ്ടപ്പാടും ഭയാനകമായ മരണവുമാണ്. ആ മാർഗ്ഗത്തിലൂടെ ഈ ഭൂമിയുടെ അവകാശം പിതാവ് എന്നെന്നേക്കും തന്റെ കരങ്ങളിൽ ഏല്പിക്കാൻ പോകുകയാണ്. സാത്താനെയും നശിപ്പിച്ചുകളയാൻവേണ്ടി തന്റെ കരങ്ങളിൽ ഏല്പിക്കും. അവൻ ഇനി ഒരിക്കലും യേശുവിനെയും വീണ്ടെടുക്കപ്പെട്ട ദൈവജനത്തെയും ഉപദ്രവിക്കാൻ പാടില്ല.

## ക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷ

സാത്താൻ തന്റെ പരീക്ഷകൾ തീർത്തശേഷം കുറച്ചു നാളത്തേക്ക് യേശുവിനെ വിട്ടുമാറി. ദൂതന്മാർ മരുഭൂമിയിൽ യേശുവിനു ഭക്ഷണം ഒരുക്കി അവനെ ശുശ്രൂഷിച്ചു ശക്തിപ്പെടുത്തി. പിതാവിന്റെ അനുഗ്രഹവും അവന്റെ മേൽ ഉണ്ടായിരുന്നു. സാത്താന്റെ ഭയാനകമായ പരീക്ഷകൾ കഴിഞ്ഞുവെങ്കിലും യേശുവിന്റെ ശുശ്രൂഷയുടെ അവസരങ്ങളിൽ, സാത്താൻ അവനെതിരേ പുതിയ തന്ത്രങ്ങൾ മെനഞ്ഞുകൊണ്ടിരുന്നു. യേശുവിനോടു ശത്രുതയുള്ള ആളുകളെ അവനെതിരെ ഇളക്കി വിട്ട്, അവന്റെ ശുശ്രൂഷയെയും അവനെയും നശിപ്പിക്കാൻ ശ്രമിച്ചുകൊണ്ടേയിരുന്നു.

ക്രിസ്തുവിന്റെ ശുശ്രൂഷാകാലത്ത് സാത്താനും അവന്റെ ദൂതന്മാരും വളരെ തിരക്കിലായിരുന്നു. ജനങ്ങളുടെ ഇടയിൽ അവിശ്വാസവും, വിദ്വേഷവും, പരിഹാസവും ഇളക്കിവിടാൻ അവർ ശ്രമിച്ചുകൊണ്ടിരുന്നു. പലപ്പോഴും അവരുടെ പാപങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് ചില നഗ്നസത്യങ്ങൾ യേശു വിളിച്ചു പറഞ്ഞപ്പോൾ ജനങ്ങൾ കോപിഷ്ഠരായി. അവനെ കൊന്നു കളയാൻ സാത്താനും അവന്റെ ദൂതന്മാരും ജനങ്ങളെ ഉത്സാഹിപ്പിച്ചു. ഒന്നിലധികം തവണ അവനെ എറിഞ്ഞുകൊല്ലുവാൻ അവർ കല്ലുകളെടുത്തു. എന്നാൽ ദൂതന്മാർ അവനെ സംരക്ഷിക്കുകയും വിറളിപൂണ്ട ജനക്കൂട്ടത്തിന്റെ ഇടയിൽ നിന്ന് സുരക്ഷിതമായ ഒരു സ്ഥലത്തേക്കവനെ മാറ്റുകയും ചെയ്തു. അവന്റെ വിശുദ്ധ അധരങ്ങൾ സത്യം പ്രസ്താവിച്ചപ്പോൾ, ഒരിക്കൽ ജനക്കൂട്ടം അവനെ പിടിച്ച് ഒരു മലയുടെ കുത്തനേയുള്ള മുനമ്പിൽ നിന്നു തള്ളിയിട്ടു കൊല്ലാൻ ഭാവിച്ചു. അവനെ എന്തു ചെയ്യണമെന്നുള്ള വിഷയത്തിൽ പെട്ടെന്നവരുടെ ഇടയിൽ ഒരു തർക്കം ഉടലെടുത്തു. ദൂതന്മാർ അവനെ മറച്ചുകൊണ്ടതിനാൽ ബഹളത്തിനിടയിൽ അവൻ അവരുടെ മുമ്പിൽക്കൂടെത്തന്നെ നടന്നു പുറത്തിറങ്ങി രക്ഷപ്പെട്ടു.

ദൈവത്തിന്റെ വലിയ രക്ഷാപദ്ധതി പരാജയപ്പെടുമെന്നു തന്നെ സാത്താൻ വിശ്വസിച്ചു. ജനങ്ങളുടെ ഹൃദയങ്ങൾ കഠിനപ്പെടുത്താനും

യേശുവിനെതിരേ ജനങ്ങളെ തിരിച്ചുവിടാനും സാത്താനും അവന്റെ സംഘവും സർവ്വശക്തിയും പ്രയോഗിച്ചു. വളരെക്കുറച്ചുപേർ മാത്രമേ അവനെ ദൈവപുത്രനായി അംഗീകരിക്കുകയുള്ളൂവെന്നും, അത്രയും പേർക്കുവേണ്ടി മാത്രം ഞാനെന്തിനു കഷ്ടപ്പെടുകയും മരിക്കയും ചെയ്യണം എന്നു യേശു നിരാശപ്പെടുമെന്നും സാത്താൻ പ്രതീക്ഷിച്ചു. എന്നാൽ യേശുവിൽ വിശ്വസിക്കുകയും അവനെ രക്ഷിതാവും ദൈവപുത്ര നുമായി അംഗീകരിക്കുകയും ചെയ്യുന്ന വെറും രണ്ടുപേർ മാത്രമേ ഉള്ളു വെങ്കിൽപ്പോലും, യേശു തന്റെ രക്ഷാപദ്ധതി പൂർത്തീകരിക്കുമായിരുന്നു.

## കഷ്ടതകൾക്കു ശമനം വരുത്തി

കഷ്ടപ്പെടുന്നവരുടെ മേലുള്ള സാത്താന്റെ അധികാരത്തെ തകർത്തു കൊണ്ടാണ് യേശു തന്റെ വേല ആരംഭിച്ചത്. അവൻ രോഗികളെ സൗഖ്യ മാക്കി, അന്ധന്മാർക്കു കാഴ്ചകൊടുത്തു, മുടന്തന്മാരെ സൗഖ്യമാക്കി, അവരൊക്കെയും സന്തോഷംകൊണ്ടു തുള്ളിച്ചാടി ദൈവത്തെ മഹത്വ പ്പെടുത്തി. സാത്താൻ അനേക വർഷങ്ങളായി രോഗബന്ധനങ്ങളിൽ തളർത്തിയിട്ടിരുന്ന അനേകരെ യേശു സൗഖ്യമാക്കി. ബലഹീനരും, വിറയ്ക്കുന്നവരും, നിരാശരുമായിരുന്നവരെ അവൻ കരുണാമയമായ വാക്കുകളാൽ ആശ്വസിപ്പിച്ചു. അവൻ മരിച്ചവരെ ജീവനിലേക്കുയിർപ്പിച്ചു. അതിനു സാക്ഷ്യം വഹിച്ചവരെല്ലാം ദൈവത്തെ സ്തുതിച്ചു മഹത്വപ്പെ ടുത്തി. അവനിൽ വിശ്വസിച്ച എല്ലാവർക്കും വേണ്ടി അവൻ അധികാര ത്തോടും ശക്തിയോടുംകൂടെ പ്രവർത്തിച്ചു.

ക്രിസ്തുവിന്റെ ജീവിതം മുഴുവനും ദയയും, അനുകമ്പയും, സ്നേഹവും ഉള്ള വാക്കുകളാലും പ്രവൃത്തികളാലും നിറയപ്പെട്ടിരുന്നു. അവന്റെ അടു ക്കൽ വരുന്നവരെ ശ്രദ്ധിക്കാനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും അവൻ എപ്പോഴും തയ്യാറായിരുന്നു. സൗഖ്യം പ്രാപിച്ച ശരീരങ്ങളോടു കൂടിയ ആയിരക്കണക്കിനാളുകൾ അവന്റെ ദൈവീക ശക്തികളുടെ ജീവനുള്ള തെളിവുകളായിരുന്നു. അവർക്കുവേണ്ടി അവൻ ഇത്രയധിക മെല്ലാം ചെയ്തിട്ടും അനേകർ അവനെക്കുറിച്ചു ലജ്ജിച്ചു. നേതാക്കന്മാർ അവനിൽ വിശ്വസിക്കാത്തതുകൊണ്ട്, ജനങ്ങൾ അവനെ സ്വീകരിക്കാൻ മടിച്ചു. അവനെപ്പോഴും ദുഃഖിതനും സങ്കടപ്പെടുന്നവനും ആയിരുന്നു. അവന്റെ നിസ്വാർത്ഥവും സംശുദ്ധവുമായ ജീവിത ശൈലി അവർക്ക് അംഗീ കരിക്കാൻ കഴിഞ്ഞില്ല. ലോകം കൊടുക്കുന്ന ബഹുമാനം ആസ്വദിക്കാ നവർ ആഗ്രഹിച്ചു. എങ്കിലും അനേകം ആളുകൾ ദൈവപുത്രനെ അനുഗ മിച്ച് അവന്റെ ദൂതുകൾ ശ്രദ്ധിച്ചു. അവന്റെ നാവിൽ നിന്നുതിരുന്ന മധുര വാക്കുകൾ അവർ ആസ്വദിച്ചു. അവന്റെ സംഭാഷണം അർത്ഥവത്തായി രുന്നു, എന്നാൽ വെറും സാധാരണക്കാർക്കുപോലും മനസ്സിലാകുമാ യിരുന്നു.



## ഫലപ്രദമാകാതിരുന്ന എതിർപ്പ്

സാത്താനും സംഘവും യെഹൂദന്മാരുടെ കണ്ണുകളെ കുരുടാക്കുകയും, അവരുടെ ഗ്രഹിക്കാനുള്ള ശേഷിയെ ഇരുട്ടാക്കുകയും ചെയ്തു. രക്ഷിതാവിന്റെ ജീവനെടുക്കാൻ വേണ്ടി ഭരണാധികാരികളെയും മതനേതാക്കന്മാരെയും അവൻ ഇളക്കിവിട്ടു. യേശുവിനെ പിടിച്ചു തങ്ങളുടെ അടുത്തു കൊണ്ടുവരാൻവേണ്ടി അവർ ചില ആളുകളെ പറഞ്ഞയച്ചു. എന്നാൽ അവർ യേശുവിന്റെ അടുത്തു വന്നപ്പോൾ അത്ഭുതപ്പെട്ടുപോയി. മനുഷ്യരുടെ കഷ്ടതകൾ കണ്ടിട്ടു മനസ്സലിഞ്ഞ് അനുകമ്പ നിറഞ്ഞ ഒരുവനെയാണവർ കണ്ടത്. ബലഹീനരും കഷ്ടപ്പെടുന്നവരുമായ ആളുകളോട് സ്നേഹത്തോടും അനുകമ്പയോടും ഉത്തേജന വാക്കുകൾ പറയുന്നതാണവർ കണ്ടത്. അതോടൊപ്പംതന്നെ അധികാര സ്വരത്തിൽ സാത്താന്റെ ശക്തിയെ ശാസിക്കുകയും, സാത്താന്റെ അടിമകളെ സ്വതന്ത്രരാക്കുകയും ചെയ്യുന്നതവർ കണ്ടു. അവന്റെ ജ്ഞാനമുള്ള വാക്കുകൾ ശ്രദ്ധിച്ച് അവർ ആകൃഷ്ടരായി. അവനെ അവർ അറസ്റ്റു ചെയ്തില്ല. യേശുവിനെക്കൂടാതെ അവർ പുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ മടങ്ങിവന്നു.

"നിങ്ങൾ അവനെ കൊണ്ടുവരാഞ്ഞത് എന്ത്?"എന്ന് അവർ ചോദിച്ചപ്പോൾ, അവർ തങ്ങൾ കണ്ട അത്ഭുതങ്ങളെക്കുറിച്ചും, അവന്റെ വായിൽ നിന്നു കേട്ട സ്നേഹമുള്ള ജ്ഞാനത്തിന്റെ വചനങ്ങളെക്കുറിച്ചും അവരോടു വിവരിച്ചു. "ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരുനാളും സംസാരിച്ചിട്ടില്ല" എന്നു പറഞ്ഞ് അവർ ഉപസംഹരിച്ചു (യോഹ. 7:45,46). "നിങ്ങളും തെറ്റിപ്പോയോ?"എന്നു പുരോഹിതന്മാർ അവരെ ശാസിച്ചു. യേശുവിനെ ബന്ധിച്ചുകൊണ്ടുവരാൻ കഴിയാത്തതിൽ ചില ഉദ്യോഗസ്ഥന്മാർ ലജ്ജിച്ചു. "ഭരണാധികാരികളിൽ ആരെങ്കിലും അവനിൽ വിശ്വസിച്ചുവോ?"എന്നു പുരോഹിതന്മാർ അവരെ പരിഹസിച്ചു. ഭരണാധിപന്മാരും മൂപ്പന്മാരുമായ അനേകർ അവനിൽ വിശ്വസിച്ചിരുന്നു, എന്നാൽ അതു പരസ്യമാക്കാതെ സാത്താൻ അവരെ തടഞ്ഞു. അവർ ദൈവത്തേക്കാളധികം മനുഷ്യരെ ഭയപ്പെട്ടു.

ഇതുവരെയും സാത്താന്റെ വിദ്വേഷവും കുതന്ത്രങ്ങളും, രക്ഷാപദ്ധതിക്കു വിള്ളൽ വീഴ്ത്തിയിരുന്നില്ല. യേശു ഈ ലോകത്തിലേക്കു വന്നതിന്റെ ഉദ്ദേശ്യം നിവർത്തിക്കാനുള്ള സമയം അടുത്തു വരികയായിരുന്നു. സാത്താനും സംഘവും കൂടിയാലോചിച്ചിട്ട് ക്രിസ്തുവിന്റെ സ്വന്തം ജനത്തെ തന്നെ അവനെതിരായി ഇളക്കിവിട്ട്, അവന്റെ രക്തത്തിനായി നിലവിളിക്കാനും, അവന്റെമേൽ ക്രൂരതയും പരിഹാസവും കുന്നുകൂട്ടുവാനും തീരുമാനിച്ചു. അത്തരത്തിലുള്ള ഒരു ഇടപെടലിനെ യേശു ചെറുക്കുകയും അവന്റെ താഴ്മയും വിനയവും കൈവെടിയുകയും ചെയ്യും എന്നവർ കണക്കുകൂട്ടി.

സാത്താൻ അവന്റെ പദ്ധതികൾ തയ്യാറാക്കിക്കൊണ്ടിരുന്നപ്പോൾ, താൻ കടന്നുപോകുവാനുള്ള കഷ്ടതകളെക്കുറിച്ച് യേശു തന്റെ ശിഷ്യന്മാർക്കു വിവരിച്ചു കൊടുത്തു. താൻ ക്രൂശിക്കപ്പെടുമെന്നും മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കുമെന്നും യേശു അവരോടു പറഞ്ഞു. എന്നാൽ അവൻ പറഞ്ഞതു ഗ്രഹിക്കാൻ അവർക്കു കഴിഞ്ഞില്ല.

## രൂപാന്തരം

യേശുക്രിസ്തുവിന്റെ രൂപാന്തരദൃശ്യം ശിഷ്യന്മാരുടെ വിശ്വാസത്തെ വളരെയേറെ വർദ്ധിപ്പിച്ചു. അവർ ക്രിസ്തുവിന്റെ യഥാർത്ഥ മഹത്വം കാണുകയും, അവന്റെ ദിവ്യത്വം തെളിയിക്കുന്ന സ്വർഗ്ഗീയ ശബ്ദം കേൾക്കുകയും ചെയ്തു. (മത്തായി 17:1–8 വായിക്കുക). യേശു വാഗ്ദത്ത മശിഹായാണെന്ന് ശിഷ്യന്മാർക്കു ശക്തമായ തെളിവു കൊടുക്കാൻ ദൈവം ആഗ്രഹിച്ചു. അവന്റെ ക്രൂശീകരണത്തിങ്കൽ അവർക്കുണ്ടാകുന്ന കയ്പേറിയ ദുഃഖത്തിലും നിരാശയിലും അവരുടെ വിശ്വാസം പൊയ്പോകരുത്. മറുരൂപ മലയിൽ വെച്ചു യേശുവിനോട് അവന്റെ കഷ്ടപ്പാടുകളെക്കുറിച്ചും മരണത്തെക്കുറിച്ചും അറിയിക്കാൻ ദൈവം മോശെയേയും ഏലീയാവിനെയും അവന്റെ അടുക്കൽ അയച്ചു. തന്റെ പുത്രനോടു സംസാരിക്കാൻ ദൂതന്മാരെ തെരഞ്ഞെടുക്കുന്നതിനു പകരം, ഭൂമിയിലെ കഷ്ടതകൾ അനുഭവിച്ചറിഞ്ഞിട്ടുള്ള വ്യക്തികളെത്തന്നെ ദൈവം തെരഞ്ഞെടുത്തു.

ഏലീയാവു ദൈവത്തോടുകൂടെ നടന്നിട്ടുള്ള വ്യക്തിയാണ്. അവന്റെ വേല ദുഃഖകരവും വേദനാജനകവുമായിരുന്നു, അവൻ യിസ്രായേലിന്റെ പാപങ്ങളെ ചൂണ്ടിക്കാണിച്ചിരുന്നു. ഏലീയാവു ദൈവത്തിന്റെ പ്രവാചകനായിരുന്നു, എങ്കിലും തന്റെ ജീവനെ രക്ഷിക്കാൻ ഓരോരോ സ്ഥലങ്ങളിലേക്കോടിക്കൊണ്ടിരുന്നു. സ്വന്തം രാജ്യക്കാർ അവന്റെ ജീവനുവേണ്ടി, ഒരു വന്യമൃഗത്തെ വേട്ടയാടുന്നതുപോലെ വേട്ടയാടിക്കൊണ്ടിരുന്നു. എന്നാൽ ദൈവം ഏലീയാവിനെ കാത്തുസൂക്ഷിച്ചു. ഒടുവിലവനെ മരണം കാണാതെ സ്വർഗ്ഗത്തിലേക്കെടുത്തു രൂപാന്തരപ്പെടുത്തി. മാലാഖമാർ അത്യാഹ്ലാദത്തോടെ അവനെ സ്വർഗ്ഗത്തിലേക്കു മഹത്വത്തിൽ എതിരേറ്റു.

തനിക്കു മുമ്പു ജീവിച്ചിരുന്ന എല്ലാവരെക്കാളും മഹാനായിരുന്നു മോശെ. ദൈവം അവനെ അളവില്ലാതെ ബഹുമാനിച്ചു. ഒരു മനുഷ്യൻ തന്റെ സ്നേഹിതനോടെന്നപോലെ ദൈവത്തോടു മുഖാമുഖം സംസാരിക്കാനുള്ള പദവി അവനു ദൈവം കൊടുത്തു. പിതാവിനെ ചുറ്റിയിരിക്കുന്ന വലിയ പ്രകാശവും ഉന്നതമായ മഹത്വവും കാണുവാൻ അവനെ അനുവദിച്ചു. ദൈവം മോശെയിലൂടെ ഇസ്രായേൽ മക്കളെ മിസ്രയീമിൽ നിന്നു വിടുവിച്ചു. ഇസ്രായേൽ മക്കൾക്കുവേണ്ടി ദൈവകോപത്തിന്റെ മുമ്പിൽ നില്ക്കുന്ന ഒരു മദ്ധ്യസ്ഥനായിരുന്നു മോശെ. ഇസ്രായേല്യരുടെ അവിശ്വാസവും, പിറുപിറുപ്പും, മഹാപാപവും നിമത്തം ദൈവകോപം അവരുടെ നേരെ ജ്വലിച്ചപ്പോൾ, ജനത്തോടുള്ള അവന്റെ സ്നേഹം പരീക്ഷിക്കപ്പെട്ടു. ഞാൻ ഈ ജനത്തെ നശിപ്പിച്ചിട്ടു നിന്നെയൊരു മഹാജാതിയാക്കും എന്നരുളിച്ചെയ്തു. എന്നാൽ മോശ ജനത്തിനുവേണ്ടി അപേക്ഷിച്ചു. തന്റെ വലിയ നിരാശയിൽ മോശ ദൈവത്തോട്, “ദൈവമേ, നിന്റെ ഉഗ്രകോപം വിട്ടുതിരിഞ്ഞ് ഇസ്രായേലിനോടു ക്ഷമിക്കണമേ, അല്ലെങ്കിൽ നിന്റെ ജീവന്റെ പുസ്തകത്തിൽ നിന്ന് എന്റെ പേർ മായിച്ചുകളയണമേ”എന്നു പ്രാർത്ഥിച്ചു.

മോശെ മരണത്തിൽക്കൂടി കടന്നുപോയി, എന്നാൽ അവന്റെ ശരീരം അഴുകുംമുമ്പു മിഖായേൽ ഇറങ്ങി വന്ന് അവനെ ഉയിർപ്പിച്ചു. ഇത് എന്റേതാണെന്നു പറഞ്ഞുകൊണ്ടു സാത്താൻ മോശെയുടെ ശരീരം പിടിച്ചുവെക്കാൻ ശ്രമിച്ചു. എന്നാൽ മീഖായേൽ മോശെയെ ഉയിർപ്പിച്ച് സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയി. തന്റെ ഇരയെ അന്യായമായിട്ടാണെടുത്തുകൊണ്ടു പോകുന്നതെന്നു പറഞ്ഞുകൊണ്ടു സാത്താൻ ദൈവത്തോടെതിർത്തു നിന്നു. ദൈവത്തിന്റെ ദാസനു വീഴ്ച ഭവിച്ചതു സാത്താന്റെ പരീക്ഷകളിലൂടെയായിരുന്നെങ്കിലും, ക്രിസ്തു തന്റെ എതിരാളിയെ ശാസിച്ചില്ല. ക്രിസ്തു അവനെ ശാന്തമായി പിതാവിങ്കലേക്കു തിരിച്ചുകൊണ്ടു പറഞ്ഞു; “യഹോവ നിന്നെ ഭർത്സിക്കുന്നു!” (യൂദാ 9).

തന്നോടുകൂടെ നില്ക്കുന്ന ശിഷ്യന്മാരിൽ ചിലർ, ദൈവരാജ്യം ശക്തിയോടെ വരുന്നതു കാണുവോളം മരണം രുചിക്കുകയില്ലെന്ന് യേശു പറഞ്ഞിരുന്നു. മറുരൂപ മലയിൽ വെച്ച് ഈ വാഗ്ദത്തം നിറവേറി. അവിടെ യേശുവിന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു. അവന്റെ വസ്ത്രം പളുങ്കുപോലെ വെണ്മയായിരുന്നു. യേശുവിന്റെ രണ്ടാം വരവിങ്കൽ ഉയിർത്തെഴുന്നേല്ക്കുന്ന വിശുദ്ധന്മാരെ പ്രതിനിധീകരിച്ചു മോശെ അവിടെയുണ്ടായിരുന്നു. കർത്താവു വരുമ്പോൾ ജീവനോടെയിരിക്കുന്ന വിശുദ്ധന്മാർ മരണം കാണാതെ രൂപാന്തരപ്പെടും. അവരുടെ പ്രതിനിധിയായി ഏലീയാവും അവിടെയുണ്ടായിരുന്നു. അത്യാശ്ചര്യത്തോടും ഭയത്തോടും കൂടെയാണു ശിഷ്യന്മാർ യേശുവിന്റെ മഹത്വം കണ്ടത്. ഒരു മേഘം അവരുടെ മേൽ നിഴലിട്ടു. അവർ സ്വർഗ്ഗത്തിൽ നിന്നു ദൈവത്തിന്റെ ശബ്ദം കേട്ടു, “ഇവനെന്റെ പ്രിയപുത്രൻ, ഇവനു ചെവി കൊടുപ്പിൻ!” ●

അദ്ധ്യായം - 8

# യാഗം

## യേശുവിനെ ഒറ്റിക്കൊടുക്കുന്നു.

യൂദാസിനെ സാത്താൻ വഞ്ചിച്ചു. താൻ ക്രിസ്തുവിന്റെ ഒരു യഥാർത്ഥ ശിഷ്യനാണെന്ന് അവൻ ചിന്തിച്ചിരുന്നു. എന്നാൽ അവന്റെ ഹൃദയം എപ്പോഴും കഠിനമായിരുന്നു. അവൻ യേശുവിന്റെ ശുശ്രൂഷാ കാലം മുഴുവൻ അവനോടുകൂടെയായിരുന്നു. അവൻ ചെയ്ത എല്ലാ അത്ഭുതങ്ങളും കണ്ടിട്ടുണ്ട്. അവൻ മശിഹായാണെന്നു മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും യൂദാസു ലുബ്ധനും അത്യാഗ്രഹിയുമായിരുന്നു. അവൻ പണത്തെ സ്നേഹിച്ചു. മറിയ യേശുവിന്റെ തലയിലൊഴിച്ച വിലയേറിയ സുഗന്ധതൈലത്തെക്കുറിച്ച് അവൻ കോപത്തോടെ പരാതി പറഞ്ഞു.

മറിയ അവളുടെ കർത്താവിനെ സ്നേഹിച്ചു. അവളുടെ അനേകമായ പാപങ്ങൾ അവൻ മോചിച്ചുകൊടുത്തിരുന്നു. അവൾ ആത്മാർത്ഥമായി





സ്നേഹിച്ചിരുന്ന സഹോദരനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിച്ചു. യേശുവിനുവേണ്ടി എന്തുചെയ്താലും അത് അധികമല്ലെന്ന് അവൾ വിശ്വസിച്ചു. സുഗന്ധതൈലം എത്രയേറെ വിലപ്പെട്ടതാണോ, അത് അവനു സമർപ്പിക്കുന്നതിലൂടെ തന്റെ നന്ദി അത്രയേറെ പ്രദർശിപ്പിക്കാൻ കഴിയുമല്ലോ എന്നവൾ ചിന്തിച്ചു.

തന്റെ അത്യാഗ്രഹത്തിനൊരു മറയെന്ന നിലയിൽ യൂദാസു വാദിച്ചു, ഇതൊരു വലിയ വിലയ്ക്കു വിറ്റു ദരിദ്രർക്കു കൊടുക്കാമല്ലോയെന്ന്. എന്നാൽ അതവനു ദരിദ്രരോടു താല്പര്യം ഉണ്ടായിട്ടല്ലായിരുന്നു. അവൻ സ്വാർത്ഥനായിരുന്നു; ദരിദ്രർക്കു കൊടുക്കാൻവേണ്ടി അവനെ ഏല്പിച്ചിരുന്ന പണം പലപ്പോഴും അവൻ സ്വന്തമാക്കുകയായിരുന്നു. യേശുവിന്റെ സൗകര്യങ്ങളെക്കുറിച്ചോ, ആവശ്യങ്ങളെക്കുറിച്ചോ യൂദാസ് ശ്രദ്ധിച്ചിരുന്നതേയില്ല, തന്റെ സ്വാർത്ഥതയെ മറയ്ക്കാൻ വേണ്ടി അവൻ എപ്പോഴും ദരിദ്രരുടെ കാര്യം പറയുമായിരുന്നു. മറിയയുടെ ഔദാര്യപ്രവൃത്തി അവന്റെ അത്യാഗ്രഹ സ്വഭാവത്തിന് ഒരു കടുത്ത ശാസനയായിരുന്നു. ഇതു യൂദാസിന്റെ ഹൃദയത്തിൽ സാത്താനുവേണ്ടി ഒരു നല്ല പ്രവർത്തന മേഖലയുണ്ടാക്കി.

യെഹൂദന്മാരുടെ പുരോഹിതന്മാരും ഭരണാധിപന്മാരും യേശുവിനെ വെറുത്തു. എന്നാൽ അവന്റെ വിജ്ഞാനപ്രദമായ ദൂതുകൾ കേൾക്കാനും അത്ഭുതങ്ങൾ കാണാനുമായി വലിയ ജനക്കൂട്ടം എപ്പോഴും അവന്റെ ചുറ്റിലുമുണ്ടായിരുന്നു. ഈ അത്ഭുതവാനായ ഗുരുവിന്റെ വാക്കുകൾ കേൾക്കാനായി ജനക്കൂട്ടം വലിയ താല്പര്യത്തോടുകൂടിയാണ് അവനെ അനുഗമിച്ചത്. ഭരണാധിപന്മാരിൽ പലരും അവനിൽ വിശ്വസിച്ചു. എന്നാലതു തുറന്നു പറഞ്ഞാൽ, സിനഗോഗിൽ നിന്നു പുറത്താക്കപ്പെടുമെന്നു

ഭയപ്പെട്ടതുകൊണ്ട്, പുറത്തു പറഞ്ഞില്ല. യേശുവിൽ നിന്നു ജനങ്ങളുടെ ശ്രദ്ധ തിരിക്കാൻ എന്തെങ്കിലും ഉടനേ ചെയ്തേ മതിയാവൂ എന്നു മൂപ്പന്മാരും പുരോഹിതന്മാരും തീരുമാനിച്ചു. അല്ലെങ്കിൽ എല്ലാവരും അവനിൽ വിശ്വസിച്ചു പോകുമെന്നവർ ഭയപ്പെട്ടു. തങ്ങൾക്കു യാതൊരു സുരക്ഷിതത്വവുമില്ലെന്നവർക്കു തോന്നി. ഒന്നുകിൽ തങ്ങളുടെ സ്ഥാനമാനങ്ങൾ ഒഴിയണം, അല്ലെങ്കിൽ യേശുവിനെ കൊല്ലണം. അവനെ കൊന്നുകളഞ്ഞാലും, അവന്റെ ശക്തിയുടെ ജീവിക്കുന്ന സ്മാരകങ്ങളായിരിക്കുന്നവർ ഉണ്ട്.

യേശു ലാസറിനെ മരിച്ചവരുടെ ഇടയിൽനിന്നുയിർപ്പിച്ചു. തങ്ങൾ യേശുവിനെ കൊന്നാലും, യേശുവിന്റെ ശക്തിയെക്കുറിച്ചു ലാസർ സാക്ഷ്യം പറയുമെന്നവർ ഭയപ്പെട്ടു. മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റ മനുഷ്യനെ കാണാൻവേണ്ടി ആളുകൾ കൂട്ടംകൂട്ടമായി വന്നുകൊണ്ടിരുന്നു. അതുകൊണ്ടു ലാസറിനെയുംകൂടെ കൊന്ന്, ജനങ്ങളുടെ ഇടയിലെ ആകാംക്ഷ തണുപ്പിക്കണമെന്നു നോതാക്കന്മാർ തീരുമാനിച്ചു. അപ്പോൾ, പിന്നെയവർ ജനങ്ങളെ പഴയതുപോലെ മാനുഷിക പാരമ്പര്യങ്ങളിലേക്കും ആചാരങ്ങളിലേക്കും ശ്രദ്ധ തിരിച്ചുവിട്ട്, അവരുടെ മേലുള്ള സ്വാധീനം ഉറപ്പിക്കും. യേശു ഒറ്റയ്ക്കായിരിക്കുമ്പോൾ അവനെ അറസ്റ്റു ചെയ്യാൻ അവർ തീരുമാനിച്ചു. ജനങ്ങളുടെ ഇടയിൽ വെച്ച് അറസ്റ്റു ചെയ്താൽ ജനങ്ങൾ തങ്ങളെ കല്ലെറിയുമെന്നവർ ഭയപ്പെട്ടു.

യേശുവിനെ പിടിക്കാൻ അവർക്കെന്തുമാത്രം ആകാംക്ഷയുണ്ടെന്നു യൂദാസിനറിയാമായിരുന്നു. ഏതാനും വെള്ളിക്കാശുകൾ പ്രതിഫലമായി കിട്ടിയാൽ, മൂപ്പന്മാർക്കും പുരോഹിതന്മാർക്കും യേശുവിനെ താൻ കാണിച്ചുകൊടുക്കാമെന്നു യൂദാസ് അവരുമായി ഉടമ്പടി ചെയ്തു. പണത്തോടുള്ള അവന്റെ സ്നേഹം, കർത്താവിനെ ഏറ്റവും വലിയ ശത്രുക്കൾക്ക് ഒറ്റിക്കൊടുക്കുവാനുള്ള തീരുമാനത്തിലേക്കവനെ നയിച്ചു. സാത്താൻ യൂദാസിലൂടെ നേരിട്ടു പ്രവർത്തിക്കുകയായിരുന്നു. അവസാനത്തെ അത്താഴം കഴിച്ചുകൊണ്ടിരിക്കുമ്പോൾ, തന്റെ യജമാനനെ ഒറ്റിക്കൊടുക്കാനുള്ള പദ്ധതികൾ യൂദാസു തയ്യാറാക്കുകയായിരുന്നു. ആ രാത്രിയിൽ അവരെല്ലാവരും തങ്കൽ ഇടറിപ്പോകും എന്നു യേശു ദുഃഖത്തോടെ പറഞ്ഞു. എല്ലാവരും ഇടറിയാലും ഞാൻ ഇടറുകയില്ലെന്നു പത്രൊസു തറപ്പിച്ചു പറഞ്ഞു. യേശു പത്രൊസിനോടു പറഞ്ഞു: “ശീമോനെ, ശീമോനേ, സാത്താൻ നിങ്ങളെ കോതമ്പുപോലെ പാറ്റേണ്ടതിനു കല്പന ചോദിച്ചു. ഞാനോ നിന്റെ വിശ്വാസം പൊയ്പോകാതിരിപ്പാൻ നിനക്കുവേണ്ടി അപേക്ഷിച്ചു; എന്നാൽ, നീ ഒരു സമയം തിരിഞ്ഞുവന്നശേഷം നിന്റെ സഹോദരന്മാരെ ഉറപ്പിച്ചുകൊൾക” (ലൂക്കൊസ് 22:31, 32).

## പൂന്തോട്ടത്തിൽ

യേശു തന്റെ ശിഷ്യന്മാരുമായി ഗെത്ത്ശേമന തോട്ടത്തിലേക്കു ചെന്നു. "നിങ്ങൾ പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ"എന്നു സങ്കടത്തോടെ അവൻ അവരോടു പറഞ്ഞു. അവരുടെ വിശ്വാസം പരീക്ഷിക്കപ്പെടുമെന്നും അവരുടെ പ്രതീക്ഷകൾ നഷ്ടപ്പെടുമെന്നും അവനറിയാമായിരുന്നു. അവർ ശ്രദ്ധയോടെ പ്രാർത്ഥിക്കുന്നതിലൂടെ നേടുന്ന സകല ശക്തിയും ഇപ്പോൾ അവർക്കാവശ്യമാണെന്ന് അവൻ ഓർമ്മിപ്പിച്ചു. യേശു ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടു പ്രാർത്ഥിച്ചു, "പിതാവേ, നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നു നീക്കണമേ; എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം തന്നെ ആകട്ടെ എന്നു പ്രാർത്ഥിച്ചു." (ലൂക്കൊസ് 22:42). ദൈവപുത്രൻ മരണവേദനയോടെ പ്രാർത്ഥിച്ചു. അവന്റെ മുഖത്തു നിന്നു രക്തത്തുള്ളികൾ വിയർപ്പുതുള്ളികളായി നിലത്തുവീണു. മാലാഖമാർ ആ പ്രദേശം ചുറ്റിനിന്നു രംഗനിരീക്ഷണം നടത്തിക്കൊണ്ടിരുന്നു. എന്നാൽ വേദനയിൽ പുളയുന്ന ദൈവപുത്രനെ സഹായിക്കാനും ശക്തീകരിക്കാനും ഒരാൾക്കു മാത്രമേ അനുവാദം ലഭിച്ചിരുന്നുള്ളൂ.

യേശു ഒരുവട്ടം പ്രാർത്ഥിച്ചശേഷം തന്റെ ശിഷ്യന്മാരുടെ അടുത്തു വന്നു; എന്നാലവർ ഉറങ്ങുകയായിരുന്നു. ആ ഭയാനകമായ മണിക്കൂറിൽ അവനു തന്റെ ശിഷ്യന്മാരുടെ പ്രാർത്ഥനയുടെ സഹായംപോലും ലഭിച്ചില്ല. അല്പം മുമ്പ് അത്യുത്സാഹത്തോടെ കാണപ്പെട്ട പത്രൊസുപോലും ഗാഢനിദ്രയിലായിരുന്നു. യേശു അവനെ തട്ടിയുണർത്തി, അവന്റെ വീരവാദങ്ങളേക്കുറിച്ചോർമ്മിപ്പിച്ചുകൊണ്ടു ചോദിച്ചു: "എന്നോടുകൂടെ ഒരു നാഴികപോലും ഉണർന്നിരിപ്പാൻ നിങ്ങൾക്കു കഴിഞ്ഞില്ലയോ?" (മത്തായി 26:40). ദൈവപുത്രൻ മൂന്നു പ്രാവശ്യം മരണവേദനയോടെ പ്രാർത്ഥിച്ചു.

## യൂദാസ് യേശുവിനെ ഒറ്റിക്കൊടുക്കുന്നു

പിന്നെ യൂദാസു പടയാളുകളുമായി കടന്നുവന്നു. സാധാരണപോലെ തന്റെ ഗുരുവിനെ അഭിവാദ്യം ചെയ്യാൻ മുന്നോട്ടുവന്നു. സായുധസംഘം അവനെ വളഞ്ഞു. അപ്പോൾ അവൻ തന്റെ ദിവ്യശക്തി അവർക്കു പ്രദർശിപ്പിച്ചുകൊണ്ടു ചോദിച്ചു: "നിങ്ങൾ ആരെ തിരയുന്നു?""അതു ഞാൻ തന്നേ എന്നു പറഞ്ഞപ്പോൾ അവർ പിൻവാങ്ങി നിലത്തുവീണു."യേശു ഈ ചോദ്യം ചോദിച്ചുകൊണ്ട് അവരെ നേരിട്ടത്, തന്റെ ദിവ്യശക്തി അവർ കാണണമെന്നും, വേണമെങ്കിൽ തനിക്കു രക്ഷപെടാം എന്ന് അവർ മനസ്സിലാക്കണം എന്ന് ആഗ്രഹിച്ചതുകൊണ്ടും ആണ്.

വാളുകളും വടികളുമായി വന്ന ജനക്കൂട്ടം പെട്ടെന്നു നിലത്തു വീഴുന്നതു കണ്ടപ്പോൾ ശിഷ്യന്മാർക്കു പ്രതീക്ഷ ഉദിച്ചു. അവർ വീണ്ടും എഴുന്നേറ്റു യേശുവിനെ വളഞ്ഞപ്പോൾ പത്രൊസു തന്റെ വാളൂരി മഹാപുരോഹിതന്റെ ഭൃത്യനെ വെട്ടി, കാത് അറുത്തു കളഞ്ഞു. യേശു അവനോടു വാൾ ഉറയിലിടാൻ ആജ്ഞാപിച്ചുകൊണ്ടു ചോദിച്ചു: "എന്റെ പിതാവിനോട് ഇപ്പോൾ ത്തന്നേ പന്ത്രണ്ടു ലെഗ്യോനിലും അധികം ദൂതന്മാരെ എന്റെ അരികെ നിർത്തേണ്ടതിന് എനിക്ക് അപേക്ഷിച്ചു കൂടാ എന്നു തോന്നുന്നുവോ?" (മത്തായി 26:53). അവൻ ഈ വാക്കുകൾ പ്രസ്താവിച്ചപ്പോൾ മാലാഖമാരുടെ മുഖങ്ങളിൽ പ്രതീക്ഷ ഉണർന്നു. തങ്ങളുടെ നേതാവിനെ അവിടെ അപ്പോൾത്തന്നെ ചുറ്റിവളഞ്ഞു സംരക്ഷിച്ചുകൊണ്ടു കോപാകുലരായ ജനക്കൂട്ടത്തെ ആട്ടിപ്പായിയ്ക്കാൻ അവർ ആഗ്രഹിച്ചു. "എന്നാൽ ഇങ്ങനെ സംഭവിക്കണം എന്നുള്ള തിരുവെഴുത്തുകൾക്ക് എങ്ങനെ നിവൃത്തിവരും?" എന്നുംകൂടെ യേശു ചോദിച്ചപ്പോൾ (മത്തായി 26:54). വീണ്ടും അവരുടെ മുഖത്തു ദുഃഖം പടർന്നു. ശത്രുക്കൾ ബന്ധിച്ചുകൊണ്ടുപോകാൻ യേശു സ്വയം അനുവദിക്കുന്നതു കണ്ടപ്പോൾ ശിഷ്യന്മാരുടെ ഹൃദയവും കടുത്ത നിരാശയിൽ മുങ്ങിപ്പോയി.

ശിഷ്യന്മാർക്കു മരണഭയം ഉണ്ടായി, അവർ എല്ലാവരും അവനെ ഉപേക്ഷിച്ചു പ്രാണരക്ഷാർത്ഥം ഓടിപ്പോയി. യേശു ഏകനായി കൊലയാളിക്കൂട്ടങ്ങളുടെ കൈകളിൽ അവശേഷിച്ചു. ഹോ! സാത്താന് എന്തോരു വിജയം! മാലാഖമാരുടെ ഇടയിൽ എന്തൊരു സങ്കടവും ദുഃഖവും! രംഗനിരീക്ഷണം നടത്തുവാൻ ദൂതന്മാരുടെ അനേക സംഘങ്ങളെ അയച്ചിരുന്നു. ഓരോ സംഘത്തിനും നല്ല പൊക്കമുള്ള ബലവാനായ ഓരോ നേതാവും ഉണ്ടായിരുന്നു. ദൈവപുത്രന്റെ മേൽ അഴിച്ചുവിട്ടതായ ഓരോ നിന്ദയും ക്രൂരതയും അവർ രേഖപ്പെടുത്തണമായിരുന്നു. അവൻ അനുഭവിച്ചതായ ഓരോ വേദനയും വെപ്രാളവും രേഖപ്പെടുത്തണമായിരുന്നു. ഈ ഭയാനകമായ രംഗം സൃഷ്ടിക്കാൻ ഒരുമിച്ചുനിന്നു പ്രവർത്തിച്ചതായ ആളുകൾ തങ്ങളുടെ പ്രവൃത്തി അതേ രീതിയിൽ വീണ്ടും കാണേണ്ടിയിരിക്കുന്നു.

## ക്രിസ്തുവിന്റെ വിചാരണ

ന്യായവിസ്താര സഭയിൽ സാത്താനും സംഘവും പ്രവർത്തനാനിരതനായിരുന്നു. അവർ അവിടെയുണ്ടായിരുന്ന മനുഷ്യരുടെ സഹതാപവും അനുകമ്പയും ഇല്ലായ്മ ചെയ്യുകയായിരുന്നു. അവിടുത്തെ അന്തരീക്ഷം മുഴുവനും അവരുടെ സാന്നിദ്ധ്യത്താൽ ദുഷിച്ചതും അസ്വസ്ഥവും ആയിരുന്നു. മനുഷ്യപ്രകൃതത്തിനു സഹിക്കാനാവാത്ത രീതിയിൽ ഏറ്റവും കഠിനമായി യേശുവിനെ നിന്ദിക്കാനും പരിഹസിക്കാനും അവർ മൂപ്പന്മാരെയും പുരോഹിതന്മാരെയും പ്രേരിപ്പിച്ചുകൊണ്ടിരുന്നു. അത്തരത്തിലുള്ള നിന്ദയും പരിഹാസവും അസ്സഹനീയമാകുമ്പോൾ ദൈവപുത്രന്റെ ക്ഷമ

നഷ്ടപ്പെടുമെന്നും, ഏന്തെങ്കിലും സാഹസം പ്രവർത്തിച്ചു സ്വയം രക്ഷപ്പെടുമെന്നും സാത്താൻ പ്രതീക്ഷിച്ചു. അങ്ങനെ രക്ഷാപദ്ധതി അവസാന മണിക്കൂറിൽ പരാജയപ്പെടുത്താമെന്നു സാത്താൻ ചിന്തിച്ചു.

## പത്രോസിന്റെ തള്ളിപ്പറച്ചിൽ

കർത്താവിന്റെ അറസ്റ്റിനുശേഷവും പത്രോസ് ദൂരെക്കൂടി അവന്റെ പിന്നാലെ പോയി. യേശുവിനെന്തു സംഭവിക്കുന്നു എന്നു കാണാൻ അവന് ആകാംക്ഷയുണ്ടായിരുന്നു. എന്നാൽ നീയും അവന്റെ ശിഷ്യന്മാരിൽ ഒരുവനല്ലയോ എന്ന ചോദ്യം വന്നപ്പോൾ സ്വന്തം സുരക്ഷിതത്വത്തെക്കുറിച്ചുള്ള ഭയത്താൽ, 'എനിക്കവനെ അറിയില്ലെന്നു' പത്രോസു കള്ളം പറഞ്ഞു. ശിഷ്യന്മാർക്കു നല്ല ഭാഷാശുദ്ധിയുണ്ടെന്ന് എല്ലാവർക്കും അറിയാമായിരുന്നു. താൻ ക്രിസ്തുവിന്റെ ശിഷ്യന്മാരിൽ ഒരുവനല്ലെന്ന് എതിരാളികളെ ബോദ്ധ്യപ്പെടുത്താൻവേണ്ടി മൂന്നാമത്തെ തവണ പത്രോസു പ്രാകുവാനും ആണയിടാനും തുടങ്ങി. അവന്റെ മുമ്പിൽ കുറച്ചകലെയായി നിന്നിരുന്ന യേശു തിരിഞ്ഞു ദുഃഖത്തോടും ശാസനയോടുംകൂടെ അവനെ ഒന്നു നോക്കി. മാളിക മുറിയിൽ വെച്ചു യേശു തന്നോടു പറഞ്ഞ വാക്കുകളും, താൻ പറഞ്ഞ മറുപടിയും, ("എല്ലാവരും നിങ്കൽ ഇടറിയാലും ഞാൻ ഒരു നാളും ഇടറുകയില്ല."മത്തായി 26:33). പത്രോസ് ഓർത്തു, അവൻ തന്റെ കർത്താവിനെ പ്രാക്കോടും ആണയോടും കൂടെ തള്ളിപ്പറഞ്ഞിരിക്കുന്നു. എന്നാൽ കർത്താവിന്റെ ആ നോട്ടം അവന്റെ ഹൃദയത്തെ അലിയിച്ചു, അവനെ രക്ഷിച്ചു. അവൻ പുറത്തുപോയി പൊട്ടിക്കരഞ്ഞുകൊണ്ട് അവന്റെ പാപത്തെക്കുറിച്ചനുതപിച്ചു. അവൻ മാനസ്സാന്തരപ്പെട്ട്, അങ്ങനെ തന്റെ സഹോദരന്മാരെ ശക്തീകരിക്കാൻ അവൻ ഒരുക്കമുള്ളവനായിത്തീർന്നു.



## ന്യായവിസ്താര സഭയിൽ

യേശുവിന്റെ രക്തത്തിനുവേണ്ടി ജനക്കൂട്ടം മുറവിളി കൂട്ടി. പടയാളികൾ അവനെ നിഷ്ഠൂരമായി ഉപദ്രവിച്ചു; ഒരു പഴയ ചുവന്ന മേലങ്കി ധരിപ്പിച്ചു; അവന്റെ വിശുദ്ധമായ ശിരസ്സിൽ ഒരു മുൾക്കിരീടം വെച്ചു. അവന്റെ വലങ്കയ്യിൽ ഒരു കോലും പിടിപ്പിച്ചു. എന്നിട്ടു പരിഹസിച്ചുകൊണ്ട് അവന്റെ മുമ്പിൽ മുട്ടുകുത്തി "യെഹൂദന്മാരുടെ രാജാവേ ജയ ജയ"എന്നു പറഞ്ഞു. (യോഹ. 19:3). പിന്നെയവർ അവന്റെ കയ്യിലിരുന്ന കോൽ പിടിച്ചുവാങ്ങി, അതുകൊണ്ട്



അവന്റെ തലയിലടിച്ചു. തലയിലിരുന്ന മുൾക്കിരീടത്തിലെ മുള്ളുകൾ തലയോട്ടിയിൽ കുത്തിക്കയറുകയും രക്തമൊഴുകുകയും ചെയ്തു. അവന്റെ മുഖവും താടിയുമെല്ലാം രക്തവർണ്ണമായി.

തന്റെ ലജ്ജാകരമായ അവസ്ഥ ദൂതന്മാർ കണ്ടുകൊണ്ടിരിക്കുകയാണെന്നു യേശുവിനറിയാമായിരുന്നു. ആ കൂട്ടത്തിലെ ഏറ്റവും ബലഹീനനായ ഒരു മാലാഖയ്ക്കുപോലും, ആ ജനക്കൂട്ടത്തെ നിഷ്പ്രഭമാക്കിക്കൊണ്ട് അവനെ രക്ഷിക്കാൻ കഴിയുമായിരുന്നു. താൻ പിതാവിനോടാവശ്യപ്പെട്ടാൽ, ദൂതന്മാർ പെട്ടെന്നു വന്നു തന്നെ രക്ഷിക്കുമെന്നും യേശുവിനറിയാമായിരുന്നു. എന്നാൽ രക്ഷാപദ്ധതി പൂർത്തിയാക്കാൻ, ദുഷ്ടന്മാരായ ആളുകളുടെ ഉപദ്രവം അവൻ സഹിക്കേണ്ടിയിരുന്നു.

കോപിഷ്ടരായ ജനക്കൂട്ടം അവനെ ഏറ്റവും മോശമായ രീതിയിൽ അവഹേളിക്കുമ്പോഴും അവൻ താഴ്മയോടെ നിശബ്ദമായി നിന്നു. അവർ അവന്റെ മുഖത്തു തുപ്പി; ഇനിയൊരിക്കൽ ആ മുഖത്തു നോക്കുവാൻ ഞങ്ങൾക്കു ശേഷിയില്ല എന്നു പറഞ്ഞുകൊണ്ട് അവർ ഒളിച്ചോടാൻ ആഗ്രഹിക്കുന്ന മുഖം; സൂര്യനെക്കാൾ ഉജ്ജ്വലമായി പ്രകാശിക്കുന്നതും വിശുദ്ധനഗരത്തിനു മുഴുവൻ പ്രകാശം പകരുന്നതുമായ മുഖം. ക്രിസ്തു തന്റെ ശത്രുക്കളെ കോപത്തോടെ ഒന്നു തുറിച്ചുനോക്കുകപോലും ചെയ്തില്ല. അവർ ഒരു പഴയ തുണിയെടുത്ത് അവന്റെ കണ്ണു മൂടിക്കെട്ടിയ ശേഷം മുഖത്തടിച്ചിട്ടു പറഞ്ഞു: “പ്രവചിക്ക; നിന്നെ അടിച്ചവൻ ആർ” (ലൂക്കൊസ് 22:64).

ശിഷ്യന്മാരിൽ ചിലരൊക്കെ ന്യായവിസ്താരം നടക്കുന്ന ഹാളിൽ കയറാനും കുറ്റവിചാരണ കാണാനും ധൈര്യപ്പെട്ടു. അവൻ തന്റെ ദിവ്യശക്തി പ്രകടിപ്പിച്ച്, അവരുടെ കയ്യിൽ നിന്നു രക്ഷപ്പെടുകയും, തന്നോടു കാണിച്ച ക്രൂരതയ്ക്കു തക്കശിക്ഷ അവർക്കു കൊടുക്കുകയും ചെയ്യുമെന്നവർ പ്രതീക്ഷിച്ചു. അവിടുത്തെ ഓരോരോ ദൃശ്യങ്ങൾ അരങ്ങേറുമ്പോഴും അവരുടെ പ്രതീക്ഷകൾ ഉയരുകയും താഴുകയും ചെയ്തുകൊണ്ടിരുന്നു. ചില സമയത്ത്, തങ്ങൾ വഞ്ചിക്കപ്പെട്ടിരിക്കുന്നു എന്നവർ സംശയിച്ചു. എന്നാൽ മറുരൂപമലയിൽ തങ്ങൾ കണ്ട തേജസ്സും, സ്വർഗ്ഗത്തിൽ നിന്നു കേട്ടതായ സാക്ഷ്യവും, അവൻ ദൈവപുത്രൻ തന്നെയെന്ന വിശ്വാസം അവരിൽ നിലനിർത്തി. അവന്റെ കൂടെയായിരുന്ന കാലത്തു കണ്ടതായ

സാക്ഷ്യങ്ങൾ അവരുടെ ഓർമ്മയിൽ വന്നു; യേശു നടത്തിയ അത്ഭുതങ്ങൾ, രോഗികളെ സൗഖ്യമാക്കിയത്, കുരുടന്മാരുടെ കണ്ണുകൾ തുറന്നത്, ചെകിടന്മാർക്കു കേൾവിശക്തി കൊടുത്തത്, ഭൂതങ്ങളെ ശാസിക്കുകയും പുറത്താക്കുകയും ചെയ്തത്, മരിച്ചവരെ ജീവനിലേക്കുയിർപ്പിച്ചത്, കാറ്റിനെയും കടലിനെയുംപോലും ശാന്തമാക്കിയത്.

അവൻ മരിക്കുമെന്നവർക്കു വിശ്വസിക്കാൻ സാദ്ധ്യമല്ല. അവൻ തന്റെ ശക്തി പ്രയോഗിച്ച്, ആ രക്തക്കൊതിയന്മാരായ ജനക്കൂട്ടത്തെ ഓടിച്ചു വിടുമെന്നു തന്നെയാണവൻ ചിന്തിച്ചത്. അവൻ ദൈവാലയത്തിൽ ചെന്നു വില്ക്കുന്നവരെയും വാങ്ങുന്നവരെയും പണം കൈമാറ്റം ചെയ്യുന്നവരെയുമെല്ലാം ചാട്ടവാറെടുത്ത് അടിച്ചോടിക്കുന്നത് അവർ കണ്ടിട്ടുള്ളതാണ്. ഒരു കൂട്ടം പടയാളികളുടെ മുമ്പിൽ നിന്ന് ഓടുന്നതുപോലെയായിരുന്നു അന്നവർ ഓടിയത്. യേശു തന്റെ ശക്തി വെളിപ്പെടുത്തിക്കൊണ്ട്, താൻ യിസ്രായേലിന്റെ രാജാവാണെന്ന് എല്ലാവരെയും ബോദ്ധ്യപ്പെടുത്തും എന്നു തന്നെയായിരുന്നു ശിഷ്യന്മാർ പ്രതീക്ഷിച്ചത്.

## യൂദാസിന്റെ ഏറ്റുപറച്ചിൽ

യേശുവിനെ ഒറ്റിക്കൊടുത്തതായ തന്റെ ഹീനമായ പ്രവൃത്തിയിൽ യൂദാസിനു കഠിനമായ നിരാശയും ലജ്ജയും പിടിപെട്ടു. രക്ഷിതാവ് അനുഭവിക്കുന്ന പരിഹാസവും നിന്ദയും കണ്ടപ്പോൾ അവന്റെ നിയന്ത്രണം നഷ്ടപ്പെട്ടു. അവൻ യേശുവിനെ സ്നേഹിച്ചിരുന്നു, എന്നാൽ യേശുവിനെക്കാളധികമായി അവൻ പണത്തെ സ്നേഹിച്ചു. തന്റെ കൂടെയുണ്ടായിരുന്ന ജനക്കൂട്ടത്തിന്റെ മുമ്പിൽ യേശു കീഴടങ്ങുമെന്ന് അവൻ ചിന്തിച്ചില്ല.



യേശു ഒരു അത്ഭുതം പ്രവർത്തിച്ച്, അവരുടെ കയ്യിൽ നിന്നു രക്ഷപ്പെടുമെന്ന് അവൻ വിചാരിച്ചു. എന്നാൽ ന്യായവിസ്താരസഭയിലെ കോപാകുലരായ ജനക്കൂട്ടം അവന്റെ രക്തത്തിനുവേണ്ടി മുറവിളി കൂട്ടുന്നതു കണ്ടപ്പോൾ, അവനു ഭയങ്കരമായ കുറ്റബോധം ഉണ്ടായി. അനേകർ യേശുവിനെതിരേ കുറ്റാരോപണങ്ങൾ ചൊരിഞ്ഞുകൊണ്ടിരുന്നപ്പോൾ. യൂദാസു ജനക്കൂട്ടത്തിന്റെ ഇടയിലൂടെ തള്ളിക്കയറിച്ചെന്നു, കുറ്റമില്ലാത്ത രക്തത്തെ ഒറ്റിക്കൊടുത്തതിലൂടെ താൻ പാപം ചെയ്തിരിക്കുന്നു എന്നു വിളിച്ചു പറഞ്ഞു. പുരോഹിതന്മാർ കൊടുത്ത പണം തിരികെ കൊടുക്കാമെന്നും യേശുവിനെ വിട്ടയയ്ക്കണമെന്നും അവൻ കരഞ്ഞപേക്ഷിച്ചു. അവൻ തീർത്തും നിർദ്ദോഷിയാണെന്ന് അവൻ നിലവിളിച്ചു പറഞ്ഞു.

കുറച്ചു സമയത്തേക്കു കോപവും അസ്വസ്ഥതയും നിമിത്തം പുരോഹിതന്മാർ നിശ്ശബ്ദരായി. യേശുവിനെ തങ്ങളുടെ കരങ്ങളിലേക്ക് ഒറ്റി ഏല്പിക്കാൻ വേണ്ടി യേശുവിന്റെ ഒരു ശിഷ്യനെതന്നെ തങ്ങൾ വിലയ്ക്കെടുത്തുവെന്നു ജനങ്ങൾ അറിയുന്നത് അവർക്കിഷ്ടമല്ലായിരുന്നു. ഒരു കള്ളനെ പിന്തുടരുന്നതുപോലെ പിൻതുടർന്നു രഹസ്യമായിട്ടാണു യേശുവിനെ പിടിച്ചതെന്നുള്ള യാഥാർത്ഥ്യം ഒളിച്ചു വെയ്ക്കാനാണവർ ആഗ്രഹിച്ചത്. എന്നാൽ യൂദാസിന്റെ ഏറ്റുപറച്ചിലും, അവന്റെ കുറ്റബോധത്തോടെയുള്ള നില്പും പുരോഹിതന്മാരുടെ കള്ളത്തരം ജനങ്ങൾക്കു വെളിപ്പെടുത്തി. വിദ്വേഷം മൂലമാണു യേശുവിനെ അവർ അറസ്റ്റു ചെയ്തിരിക്കുന്നതെന്നു ജനങ്ങൾക്കു ബോദ്ധ്യപ്പെട്ടു. യേശു നിർദ്ദോഷിയാണെന്നു യൂദാസ് ഉറക്കെ വിളിച്ചു പറഞ്ഞപ്പോൾ, “അതു ഞങ്ങൾക്കെന്ത്? നീ തന്നെ നോക്കിക്കൊൾക എന്ന്”പുരോഹിതന്മാർ പറഞ്ഞു (മത്തായി 27:4). ഇപ്പോൾ യേശു തങ്ങളുടെ കൈകളിലാണ്, തങ്ങളുടെ പ്ലാൻ പൂർത്തിയാക്കാൻ തന്നെ അവർ തീരുമാനിച്ചു. യൂദാസിന്റെ മനസ്സിൽ നിരാശ നിറഞ്ഞിട്ട്, തന്റെ കൈകളിലിരുന്ന പണം വെറുപ്പോടെ, അതു കൊടുത്തവരുടെ കാല്ക്കൽ വലിച്ചെറിഞ്ഞു. അവൻ വലിയ വിഷമത്തോടും ഭീതിയോടും കൂടെ ഇറങ്ങി, ഓടിപ്പോയി തൂങ്ങി മരിച്ചു.

യേശുവിന്റെ ചുറ്റുമുള്ള ജനക്കൂട്ടത്തിൽ അവനോട് അനുഭാവമുള്ള ആളുകളും ഉണ്ടായിരുന്നു. അവൻ ഒരു ചോദ്യത്തിനും ഉത്തരം പറയാതെ മിണ്ടാതെ നിന്നതു ജനങ്ങളെ അത്ഭുതപ്പെടുത്തി. ജനക്കൂട്ടത്തിന്റെ പരിഹാസവും ഉപദ്രവും എല്ലാം ഏറ്റു വാങ്ങുമ്പോഴും അവന്റെ മുഖത്ത് ഒരു നിരാശയോ, അസ്വസ്ഥതയോ ഒന്നുംതന്നെ കാണ്മാനില്ലായിരുന്നു. അവൻ ആത്മസംയമനത്തോടെ ആക്ഷോഭ്യനായി നില്ക്കുന്നു. കാണികൾ അത്ഭുതത്തോടെ അവനെ നോക്കി. അവർ അവന്റെ കുറ്റമറ്റ ഉറച്ച നിലപാടും, അന്തസ്സുള്ള നില്പും കണ്ടിട്ട്, അവനെ ന്യായം വിധിക്കാനിരുന്ന ആളുകളുമായി അവനെ താരതമ്യം ചെയ്തു. ഇവൻ ഈ നോതാക്കന്മാരിൽ

ഏതൊരുവനെക്കാളും ശ്രേഷ്ഠനും ഒരു രാജകീയ പ്രൗഢിയുള്ളവനുമാകുന്നു എന്ന് ആളുകൾ തമ്മിൽ പറഞ്ഞു. ഒരു കുറ്റവാളിയുടേതായ യാതൊരു ലക്ഷണവും അവനിൽ ഇല്ലായിരുന്നു. അവന്റെ കണ്ണുകൾ ശാന്തവും വ്യക്തവും, ഇമവെട്ടാത്തതുമായിരുന്നു; അവന്റെ നെറ്റിത്തടം വിശാലവും ഉയർന്നതുമായിരുന്നു. എല്ലാ ലക്ഷണങ്ങളിലും ദയയും കുലീനതയും മുഖമുദ്രയായിരുന്നു. അവന്റെ ക്ഷമയും ആത്മസംയമനവും ഒരിക്കലും ഒരു മനുഷ്യനിലും ദർശിച്ചിട്ടില്ലാത്തതായിരുന്നു. അതുകണ്ട് അനേകർ വിറച്ചു. ഹെരോദാവും പീലാത്തോസുംപോലും അവന്റെ കുലീനവും ദൈവികവുമായ നില്പുകണ്ട് അസ്വസ്ഥരായി.

## യേശു പീലാത്തോസിന്റെ മുമ്പിൽ

യേശു ഒരു സാധാരണ മനുഷ്യനല്ലെന്ന് ആദ്യമേ തന്നെ പീലാത്തോസു മനസ്സിലാക്കി. അവൻ ശ്രേഷ്ഠ സ്വഭാവമുള്ളവനും, അവനെതിരേ ആരോപിക്കപ്പെട്ട കുറ്റങ്ങളൊന്നും ചെയ്തിട്ടില്ലാത്തവനുമാണെന്നു പീലാത്തോസു വിശ്വസിച്ചു. രംഗനിരീക്ഷണം നടത്തിക്കൊണ്ടിരുന്ന മാലാഖമാർ റോമൻ ഗവർണറുടെ മാനസിക നിരൂപണങ്ങൾ ശ്രദ്ധിച്ചു. യേശുവിനെ ക്രൂശിക്കാൻ ഏല്പിക്കുക. എന്ന ഭയാനകമായ തെറ്റിൽ അയാൾ അകപ്പെടാതിരിക്കാൻ മുന്നറിയിപ്പുകൊടുക്കാൻ ഒരു മാലാഖയെ പീലാത്തോസിന്റെ ഭാര്യയുടെ അടുക്കൽ അയച്ചു. അവളുടെ ഭർത്താവു വിചാരണ ചെയ്യുന്ന വ്യക്തി ദൈവത്തിന്റെ പുത്രനാണെന്നും, അവനൊരു കുറ്റവും ചെയ്തിട്ടില്ലെന്നും ദൈവത്തിന്റെ ദൂതൻ സ്വപ്നത്തിലവളെ അറിയിച്ചു. യേശു നിമിത്തം അവൾ സ്വപ്നത്തിൽ വല്ലാതെ കഷ്ടപ്പെട്ടുവെന്നും, ആ വിശുദ്ധനായ മനുഷ്യന്റെ കാര്യത്തിൽ ഒരു തരത്തിലും ഇടപെടരുതെന്നും കാണിച്ചുകൊണ്ടുള്ള ഒരു സന്ദേശം, ഉടനെതന്നെ ഒരു ദൂതന്റെ കൈവശം അവൾ പീലാത്തോസിനു കൊടുത്തയച്ചു. അയാൾ ആളുകളെ തള്ളിമാറ്റിക്കൊണ്ടു കയറിച്ചെന്നു പീലാത്തോസിന്റെ കയ്യിൽ കത്തു കൊടുത്തു. അയാൾ കത്തു വായിച്ചപ്പോൾ വിളറി വിറച്ചു. ക്രിസ്തുവിനെ കൊല്ലുന്ന കാര്യത്തിൽ തനിക്കൊരു പങ്കും ഉണ്ടാകില്ലെന്നു തീരുമാനിച്ചു. യെഹൂദന്മാർക്കു യേശുവിന്റെ രക്തം വേണമെങ്കിൽ, തന്റെ സ്വാധീനം അതിനു കൊടുക്കുകയില്ല, താൻ അവനെ വിടുവിക്കാൻവേണ്ടി ശ്രമിക്കും.

## ഹെരോദാവിന്റെ അടുക്കലേക്ക് അയയ്ക്കപ്പെട്ടു

ഹെരോദാവു യെരൂശലേമിൽ ഉണ്ടെന്നു കേട്ടപ്പോൾ പീലാത്തോസിനു വലിയ ആശ്വാസം തോന്നി. യേശുവിന്റെ വിചാരണയുടെയും ശിക്ഷാവിധിയുടേയും എല്ലാവിധ ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞിരിക്കാമല്ലോ എന്നു വിചാരിച്ചു. ഉടൻതന്നേ അവൻ യേശുവിനേയും എതിരാളികളെയും ഹെരോദാവിന്റെ അടുക്കലേക്ക് അയച്ചു. ഈ രാജാവു പാപത്തിൽ മുഴുകി

ഹൃദയം കഠിനപ്പെട്ടവനായിരുന്നു. യോഹന്നാൻ സ്നാപകന്റെ കൊല പാതകനു മനസ്സാക്ഷിയിൽ മായിക്കാൻ കഴിയാത്ത ഒരു കളങ്കമുണ്ടായി രുന്നു. അവൻ യേശുവിനേക്കുറിച്ചും അവൻ ചെയ്യുന്ന അത്ഭുതപ്രവർത്തി കളെക്കുറിച്ചും കേട്ടപ്പോൾ, യോഹന്നാൻ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്നു ചിന്തിച്ചു ഭയപ്പെടുകയും വിറയ്ക്കു കയും ചെയ്തു. പീലാത്തോസ് യേശുവിനെ തന്റെ അടുക്കൽ അയച്ചപ്പോൾ, ഹെരോദാവ് അതു തന്റെ പദവിയുടെയും അധികാരത്തിന്റെയും ന്യായ വിസ്താരശേഷിയുടെയും അംഗീകാരമായിട്ടു കരുതി. ഇതുവരെ ശത്രു ക്കളായിരുന്ന രണ്ടു നേതാക്കന്മാരും ഇതോടുകൂടി സ്നേഹിതരായി. ഹെരോദാവിനു യേശുവിനെ കാണുന്നതു സന്തോഷമായിരുന്നു. തനിക്കു വേണ്ടി അവൻ എന്തെങ്കിലുമൊരു വലിയ അത്ഭുതം പ്രവർത്തിക്കുമെന്ന് അവൻ വിചാരിച്ചു. എന്നാൽ ആരുടെയെങ്കിലും ആകാംക്ഷയെ തൃപ്തി പ്പെടുത്താനോ, സ്വന്തം സുരക്ഷിതത്വത്തിനു വേണ്ടിയോ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനല്ല യേശു. അവൻ തന്റെ ദിവ്യശക്തി മറ്റുള്ളവരുടെ രക്ഷയ്ക്കുവേണ്ടി മാത്രമേ ഉപയോഗിക്കുകയുള്ളൂ, സ്വന്തം ആവശ്യത്തിന് എടുക്കുകയില്ല.

ഹെരോദാവു ചോദിച്ച ചോദ്യങ്ങൾക്കൊന്നും യേശു ഉത്തരം പറ ഞ്ഞില്ല. അവനെതിരെ ആരോപണങ്ങൾ കുന്നുകൂട്ടിക്കൊണ്ടിരുന്ന ശത്രു ക്കളോടും അവൻ ഒന്നും മിണ്ടിയില്ല. യേശു തന്റെ അധികാരത്തെ ഭയ പ്പെടുന്നില്ലെന്നു കണ്ടപ്പോൾ ഹെരോദാവു കോപിഷ്ഠനായി. അവനും അവന്റെ ആളുകളും യേശുവിനെ അവഹേളിക്കുകയും നിന്ദിക്കുകയും പരിഹസിക്കുകയും ചെയ്തു. ഇത്രയും ലജ്ജാകരമായി അവഹേളിച്ചിട്ടും ഒരു കുലുക്കവുമില്ലാതെ യേശു അന്തസ്സായി ദൈവികമായി നില്ക്കു ന്നതു കണ്ടപ്പോൾ ഹെരോദാവു ഭയപ്പെട്ട്, അവനെതിരെ വിധി പറയാതെ അവനെ പീലാത്തോസിന്റെ അടുക്കൽ മടക്കി അയച്ചു.

സാത്താനും സംഘവും പീലാത്തോസിനെ പരീക്ഷിക്കുകയായിരുന്നു, അവനെ സ്വന്തം നാശത്തിലേക്കു നയിക്കുകയായിരുന്നു. യേശുവിനെതിരെ നീ ന്യായവിധി നടത്തിയില്ലെങ്കിൽ മറ്റുള്ളവർ അതു ചെയ്യും എന്ന് അവനെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. ജനക്കൂട്ടം അവന്റെ രക്തത്തിനു വേണ്ടി മുറവിളികൂട്ടുന്നു. അതുകൊണ്ടു യേശുവിനെ ക്രൂശിക്കാൻ ഏല്പി ച്ചില്ലെങ്കിൽ രാജ്യദ്രോഹിയുടെ അനുഭാവിയെന്നു മുദ്രയടിക്കപ്പെടും. അതോടുകൂടി അവന്റെ പദവിയും അധികാരവുമെല്ലാം നഷ്ടപ്പെടും. അതുകൊണ്ട് യേശുവിനെ ക്രൂശിക്കാൻ അവൻ അനുവാദം കൊടുത്തു. അവൻ യേശുവിന്റെ രക്തം അവന്റെ ശത്രുക്കളുടെ മേൽ വെച്ചങ്കിലും, "അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വരട്ടേ" (മത്തായി 27:25), എന്നു നിലവിളിച്ചുകൊണ്ടു ജനം അതു സ്വീകരിച്ചെങ്കിലും,

പീലാത്തോസിനു തന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുനില്ക്കാൻ സാദ്ധ്യമല്ലായിരുന്നു. സ്വന്തം സ്വാർത്ഥ താല്പര്യങ്ങൾക്കുവേണ്ടി, ഭൂമിയിലെ വലിയ ആളുകളിൽ നിന്നുള്ള ബഹുമാനത്തിനുവേണ്ടി, അവൻ നിർദ്ദോഷിയായ ഒരു മനുഷ്യനെ ക്രൂശിക്കാൻ ഏല്പിച്ചു. പീലാത്തോസ് തന്റെ മനസാക്ഷിക്കനുസരിച്ചു പ്രവൃത്തിച്ചിരുന്നെങ്കിൽ യേശുവിന്റെ ശിക്ഷാവിധിയിൽ അവനൊരു പങ്കും ഉണ്ടാകില്ലായിരുന്നു.

യേശുവിന്റെ വിസ്താരസമയത്തെ വാക്കുകളും ഭാവപ്രകടനങ്ങളും അവിടെയുണ്ടായിരുന്ന അനേകരുടെ മനസ്സുകളിൽ അഗാധമായ സ്വാധീനം ചെലുത്തി. അവന്റെ പുനരുത്ഥാനത്തിനു ശേഷം ഈ സ്വാധീനത്തിന്റെ ഫലം ദൃശ്യമായിരുന്നു. സഭയോടു ചേർക്കപ്പെട്ട പല ആളുകളുടെയും മാനസാന്തരം യേശുവിന്റെ ന്യായവിസ്താര ദിവസത്തേക്കു കണക്കിൽപെടുത്തിയിരുന്നു.

യേശുവിന്റെ മേൽ യഹൂദന്മാരേക്കൊണ്ട് ഇത്രയേറെ ക്രൂരത വർഷിച്ചിട്ടും, അവനു യാതൊരു കുലുക്കവുമില്ലെന്നു കണ്ടപ്പോൾ സാത്താന്റെ കോപം ഇരട്ടിച്ചു. അവൻ മനുഷ്യപ്രകൃതം തന്റെ മേൽ എടുത്തിരുന്നെങ്കിലും, അവനൊരു ദൈവീകമായ ഭാവം ഉണ്ടായിരുന്നു. തന്റെ പിതാവിന്റെ ഹിതത്തിൽ നിന്ന് അവനൊരു അല്പം പോലും വ്യതിചലിച്ചില്ല.

## ക്രിസ്തുവിന്റെ ക്രൂശീകരണം

വിലയേറിയ ദൈവപുത്രനായ ക്രിസ്തു, ക്രൂശിക്കപ്പെടുവാൻ വേണ്ടി ഏല്പിക്കപ്പെട്ടു. കാൽവരിയിലേക്കു യേശുവിനെ അനുഗമിച്ച ജനക്കൂട്ടത്തിൽ യേശുവിന്റെ ശിഷ്യന്മാരും ചുറ്റുപാടുമുള്ള പ്രദേശങ്ങളിൽ നിന്നുള്ള വിശ്വാസികളും ഉണ്ടായിരുന്നു. യേശുവിന്റെ അരുമ ശിഷ്യനായ യോഹന്നാന്റെ സഹായത്തോടെ യേശുവിന്റെ അമ്മ മറിയയും കൂട്ടത്തിലുണ്ടായിരുന്നു. അവളുടെ ഹൃദയത്തിൽ വിവരിക്കാനാവാത്ത വേദന തിങ്ങിനിറഞ്ഞുവെങ്കിലും ശിഷ്യന്മാരെപ്പോലെ അവളും പ്രതീക്ഷിച്ചു, കാര്യങ്ങൾ മാറിമറിയുമെന്ന്. യേശു തന്റെ ശക്തി ഉപയോഗിച്ചു ശത്രുക്കളെ കീഴടക്കി, താൻ ദൈവപുത്രനാണെന്നു തെളിയിക്കുമെന്ന് അവർ വിചാരിച്ചു. അന്ന് അരങ്ങേറിയ സംഭവങ്ങളെക്കുറിച്ചു യേശു മുന്നമേ പറഞ്ഞിരുന്ന ചുരുങ്ങിയ വാക്കുകൾ ഓർമ്മിച്ചപ്പോൾ അവളുടെ മാതൃഹൃദയം വീണ്ടും വിങ്ങി.

യേശു പീലാത്തോസിന്റെ വീടിന്റെ ഗേറ്റു കടന്നയുടനെ, ബറബ്ബാസിനു വേണ്ടി ഉണ്ടാക്കിയിരുന്ന ഭാരമേറിയ മരക്കുരിശ്, അടികൊണ്ടു വ്രണമായ യേശുവിന്റെ ചുമലിലേക്കവർ വെച്ചുകൊടുത്തു. യേശുവിനോടൊപ്പം ക്രൂശിക്കാനുള്ള, ബറബ്ബാസിന്റെ രണ്ടു കൂട്ടാളികളുടെ തോളിലും മരക്കുരിശു വെച്ചുകൊടുത്തു. രക്ഷിതാവു തന്റെ ഭാരം അല്പദൂരം ചുമന്നപ്പോഴേക്കും, രക്തക്കുറവും അസാധാരണമായ വേദനയും ക്ഷീണവും നിമിത്തം അവൻ മയങ്ങി നിലത്തുവീണു.

അവനു ബോധം വന്നപ്പോൾ, വീണ്ടും കുരിശു ചുമലിൽ വെച്ചു മുമ്പോട്ടു പോകാൻ നിർബ്ബന്ധിച്ചു. വലിയ ഭാരം ചുമന്നുകൊണ്ട്, വേച്ചു വേച്ച് ചില ചുവടുകൾ വെച്ചു, വീണ്ടും മരിച്ചവനെപ്പോലെ നിലത്തുവീണു. അവൻ മരിച്ചുപോയന്നാണാദ്യം അവർ ചിന്തിച്ചത്. എന്നാൽ അവനു വീണ്ടും ബോധം തെളിഞ്ഞു. കഷ്ടപ്പെടുന്ന ഇരയോടു പുരോഹിതന്മാർക്കും നേതാക്കന്മാർക്കും യാതൊരനുകമ്പയും തോന്നിയില്ല. എന്നാൽ അവനെ പീഡിപ്പിക്കാനുള്ള ഉപകരണം ഇനി മുന്നോട്ടു ചുമക്കാൻ അവനു ശേഷിയില്ലെന്നവർക്കു മനസ്സിലായി. എന്തു ചെയ്യണമെന്നവർ ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ, കുറേനക്കാരനായ ഒരു ശീമോൻ, എതിർ ദിശയിൽ നിന്നു വന്നുകൊണ്ടിരുന്നവൻ ജനക്കൂട്ടത്തിന്റെ അടുത്തെത്തി. പുരോഹിതന്മാരുടെ നിർദ്ദേശമനുസരിച്ച്, ചേവകർ അവനെ പിടിച്ച്, നിർബന്ധിച്ചു കുരിശു ചുമപ്പിച്ചു. ശീമോന്റെ പുത്രന്മാർ യേശുവിന്റെ ശിഷ്യന്മാരായിരുന്നു. എന്നാൽ ശീമോൻ ഇതുവരെ യേശുവുമായി ബന്ധപ്പെട്ടിരുന്നില്ല.

ഒരു വലിയ ജനക്കൂട്ടം കാൽവറിയിലേക്കു യേശുവിനെ അനുഗമിച്ചു. അനേകർ അവനെ അവഹേളിക്കുകയും പരിഹസിക്കുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ മറ്റു ചിലർ കരയുകയും വിലപിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. യേശുവിന്റെ കരങ്ങളാൽ സൗഖ്യമാക്കപ്പെട്ടവരും മരണത്തിൽ നിന്നുയിർപ്പിക്കപ്പെട്ടവരും, അവന്റെ അത്ഭുത പ്രവർത്തികളെക്കുറിച്ചു പ്രസ്താവിക്കുകയും, അവൻ എന്തു തെറ്റു ചെയ്തിട്ടാണ് ഒരു കുറ്റവാളിയെപ്പോലെ ഉപദ്രവമേൽക്കുന്നതെന്നു ചോദിച്ചുകൊണ്ടുമിരുന്നു. ഏതാനും ദിവസങ്ങൾക്കു മുമ്പാണ് അവൻ യെരൂശലേമിലേക്കു കഴുതക്കുട്ടിയുടെപ്പുറത്തു രാജകീയ യാത്ര നടത്തിയത്. അന്നവർ സന്തോഷത്തോടെ ഒലീവിലകൾ വീശിക്കൊണ്ടു ഹോശന്നാ പാടി അവനെ അനുഗമിച്ചതാണ്.



എന്നാൽ അന്നവനു ഹോശന്നാ പാടിയ അനേകർ ഇന്ന് "അവനെ ക്രൂശിക്ക! അവനെ ക്രൂശിക്ക!"എന്ന് ആർത്തുകൊണ്ടിരുന്നു.

## ക്രൂശിൽ തറയ്ക്കപ്പെട്ടു

അവർ ശിക്ഷ നടപ്പാക്കേണ്ടതായ സ്ഥലത്ത് എത്തിയപ്പോൾ, ശിക്ഷ വിധിക്കപ്പെട്ടവരെ ശിക്ഷാ ഉപകരണങ്ങളിൽ കെട്ടി മുറിക്കി. കള്ളന്മാരെ പിടിച്ചു നിവർത്തിക്കിടത്തിയപ്പോൾ, പിടിവിടുവിക്കാൻ വേണ്ടി അവർ കുതറുന്നുണ്ടായിരുന്നു. യേശുമാത്രം ഒരു എതിർപ്പും പ്രകടിപ്പിച്ചില്ല. യേശു രക്ഷപെടാൻ വേണ്ടി ഒരു അത്ഭുതം പ്രവർത്തിക്കുമെന്നുള്ള പ്രതീക്ഷയോടെ യേശുവിന്റെ അമ്മ ആകാംക്ഷാഭരിതയായി നോക്കിനിന്നു. അവന്റെ കൈകൾ കുരിശിൽ നിവർത്തിവെച്ചതവൾ കണ്ടു. എപ്പോഴും അനുഗ്രഹം ചൊരിയുകയും കഷ്ടപ്പെടുന്നവരെ സൗഖ്യമാക്കാൻവേണ്ടി നീട്ടപ്പെടുകയും ചെയ്തിരുന്ന ആ പ്രിയപ്പെട്ട കരങ്ങൾ. ചുറ്റികയും ആണികളും കൊണ്ടുവന്നു; കൈവെള്ളകളിൽ ആണി തറച്ചു തടിയോടു ചേർത്തുറപ്പിച്ചപ്പോൾ; ഹൃദയം നുറുങ്ങിയ ശിഷ്യന്മാർ മയങ്ങി വീഴാൻ ഭാവിച്ച അമ്മ മറിയത്തെ ആ ക്രൂരമായ രംഗത്തു നിന്നു കുറച്ചു ദൂരേക്കു മാറ്റിക്കൊണ്ടുപോയി.

യേശു യാതൊരു എതിർപ്പും പ്രകടിപ്പിച്ചില്ല. അവന്റെ മുഖം വിളറി വെളുത്തിരുന്നു. അവന്റെ നെറ്റിത്തടത്തിൽ വലിയ വിയർപ്പുതുള്ളികൾ ഉണ്ടായിരുന്നു. അവന്റെ നെറ്റിയിൽനിന്നു മരണവിയർപ്പു തുടയ്ക്കാൻ ഒരു കരവും ഇല്ലായിരുന്നു. അവന്റെ മനുഷ്യഹൃദയത്തെ ആശ്വസിപ്പിക്കാൻ ഒരു സഹതാപ വാക്കുപോലും ആരും ഉച്ചരിച്ചില്ല. അവൻ മുന്തിരിച്ചക്കു തനിയെ ചവിട്ടുകയായിരുന്നു; ഒരു മനുഷ്യൻ പോലും അവനു സഹായത്തിനില്ലായിരുന്നു. പടയാളികൾ അവരുടെ ഭയാനകമായ ദൗത്യം നിർവഹിച്ചുകൊണ്ടിരിക്കുമ്പോൾ, യേശു അതിഭയങ്കരമായ വേദനകൊണ്ടു പുളയുകയാണ്. അപ്പോഴും അവൻ തന്റെ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു: "പിതാവേ, ഇവർ ചെയ്യുന്നതെന്തെന്നറിയായ്കകൊണ്ട് ഇവരോടു ക്ഷമിക്കണമെ." (ലൂക്കൊസ് 23:34). യേശുവിന്റെ ആ പ്രാർത്ഥന കാലാന്ത്യം വരെ ഭൂമിയിൽ ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന എല്ലാ പാപികളേയും ഉൾക്കൊണ്ടിരുന്നു.

യേശുവിനെ ക്രൂശിൽ തറച്ചശേഷം ബലവാന്മാരായ കുറച്ചാളുകൾ കുരിശോടുകൂടി അവന്റെ ശരീരം ഉയർത്തി, അതിനുവേണ്ടി തയ്യാറാക്കിയിരുന്ന കുഴിയിലേക്ക് ഊക്കോടെ ഇറക്കി. അപ്പോൾ ഉണ്ടായ ശരീരവേദന അതിഭയങ്കരമായിരുന്നു. അപ്പോൾ ഭയാനകമായ മറ്റൊരു സംഭവം അരങ്ങേറി. പുരോഹിതന്മാരും, ശാസ്ത്രിമാരും, അധികാരികളും, തങ്ങളുടെ വിശുദ്ധമായ പദവികൾ മറന്നു ജനങ്ങളുടെ ഇടയിൽ അഴിഞ്ഞാടാൻ തുടങ്ങി. മരിച്ചുകൊണ്ടിരിക്കുന്ന ദൈവപുത്രനെ അവഹേളിച്ചുകൊണ്ടവർ

പറഞ്ഞു: "നീ യെഹൂദന്മാരുടെ രാജാവാകുന്നുവെങ്കിൽ നിന്നെത്തന്നേ രക്ഷിക്ക" (ലൂക്കൊസ് 23:37). മറ്റു ചിലർ തമ്മിൽ തമ്മിൽ പറഞ്ഞുകൊണ്ടിരുന്നു, "അവൻ മറ്റുള്ളവരെ രക്ഷിച്ചു; ഇപ്പോൾ തന്നെത്തന്നേ രക്ഷിക്കാൻ കഴിയുന്നില്ല" (മർക്കൊസ് 15:31). ദൈവാലയത്തിലെ ഉന്നതന്മാരും, കഠിനഹൃദയരായ പടയാളികളും, ക്രൂശിലെ ക്രൂരനായ കള്ളനും, ജനക്കൂട്ടത്തിലെ ദുഷ്ടന്മാരും ക്രൂരന്മാരും; എല്ലാവരും യേശുവിനെ പരിഹസിക്കാൻ ഒരുമിച്ചണിനിരന്നു.

യേശുവിനോടൊപ്പം ക്രൂശിക്കപ്പെട്ട കള്ളന്മാർ, അവനെപ്പോലെ തന്നെ പീഡനം അനുഭവിച്ചു; എന്നാൽ ഒരുവൻ വേദന നിമിത്തം നിരാശനും കഠിനഹൃദയനും ആയി. അവൻ യേശുവിനെതിരെ പുരോഹിതന്മാരുടെ പരിഹാസവാക്കുകൾ ഏറ്റുപറഞ്ഞു, "നീ ക്രിസ്തുവെങ്കിൽ നിന്നെത്തന്നെയും ഞങ്ങളേയും രക്ഷിക്ക" (ലൂക്കൊസ് 23:39). ശിക്ഷിക്കപ്പെട്ട മറ്റേ മനുഷ്യൻ കഠിന ഹൃദയനല്ലായിരുന്നു. തന്റെ കൂട്ടാളിയായ കുറ്റവാളിയുടെ വെല്ലുവിളി കേട്ടപ്പോൾ അവൻ "അവനെ ശാസിച്ചു: സമശിക്ഷാവിധിയിൽ തന്നെ ആയിട്ടും നീ ദൈവത്തെ ഭയപ്പെടുന്നില്ലയോ? നാമോ ന്യായമായിട്ടു ശിക്ഷ അനുഭവിക്കുന്നു; നാം പ്രവർത്തിച്ചതിനു യോഗ്യമായതല്ലോ കിട്ടുന്നത്; ഇവനോ അരുതാത്തത് ഒന്നും ചെയ്തിട്ടില്ല എന്നു പറഞ്ഞു" (ലൂക്കൊസ് 23:40,41). അവന്റെ ഹൃദയം യേശുവിങ്കലേക്കു ചാഞ്ഞപ്പോൾ സ്വർഗ്ഗീയ വെളിച്ചം അവന്റെ ഹൃദയത്തിൽ നിറഞ്ഞു. മുറിവേറ്റ്, പരിഹസിക്കപ്പെട്ട്, ക്രൂശിൽ തൂങ്ങിക്കിടക്കുന്ന യേശുവിൽ, അവൻ തന്റെ ഏകപ്രത്യാശയായ വീണ്ടെടുപ്പുകാരനെ കണ്ടു. വിനയപൂർവം വിശ്വാസ





ത്തോടെ അവൻ അപേക്ഷിച്ചു: "യേശുവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തുകൊള്ളണമേ'' (ലൂക്കൊസ് 23:42,43). നിശ്ചയമായും അവൻ തന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്നു യേശു അവനുറപ്പു കൊടുത്തു.

യേശുവിന്റെ ഈ അതുല്യമായ സ്നേഹം മാലാഖമാർ അത്ഭുതത്തോടെ നോക്കി നിന്നു. ശരീരത്തിലും മനസ്സിലും അസാധാരണമായ വേദന അനുഭവിക്കുമ്പോഴും, മറ്റുള്ളവരെക്കുറിച്ചു മാത്രം ചിന്തിക്കുകയും, അനുതപിച്ച പാപിയെ വിശ്വാസത്തിൽ ഉറച്ചു നില്ക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. തന്റെ ജീവൻ മരണത്തിലേക്കു പകർന്നു കൊടുക്കുമ്പോഴും, നഷ്ടപ്പെട്ട മനുഷ്യർക്കു വേണ്ടിയുള്ള, മരണത്തെക്കാൾ ശക്തമായ തന്റെ സ്നേഹം അവൻ പ്രകടിപ്പിച്ചു. അന്നു കാൽവറിമലയിൽ ഈ രംഗങ്ങൾ വീക്ഷിച്ച പലരും, യേശുവിലുള്ള വിശ്വാസത്തിൽ തങ്ങളെ ഉറപ്പിച്ച അടിസ്ഥാന സംഭവങ്ങളായിട്ട് ഇവയൊക്കെ ഓർമ്മിച്ചിരുന്നു.

യേശുവിന്റെ ശത്രുക്കൾ അക്ഷമരായി അവന്റെ മരണത്തിനായി കാത്തിരുന്നു. അവന്റെ മരണത്തോടുകൂടെ, അവന്റെ ദിവ്യശക്തിയെക്കുറിച്ചും അത്ഭുതങ്ങളെക്കുറിച്ചുമുള്ള ശ്രുതികൾ കെട്ടടങ്ങും എന്നവർ പ്രതീക്ഷിച്ചു. പിന്നെയൊരിക്കലും അവന്റെ സാന്നിദ്ധ്യത്തിൽ തങ്ങൾക്കു വിറക്കേണ്ടി വരികയില്ലല്ലോ എന്നവർ ആശ്വസിച്ചു. യേശുവിനെ ക്രൂശിൽ തറച്ചതായ കഠിനഹൃദയരായ പടയാളികൾ, അവന്റെ വസ്ത്രം പകുത്തെടുത്തു. അവന്റെ അങ്കിയുടെ അവകാശത്തെക്കുറിച്ചു വാഗ്വാദമായി. അവർ ഒടുവിൽ അതിനുവേണ്ടി ചീട്ടിട്ടു തീരുമാനമെടുത്തു. ഇതു സംഭവിക്കുന്നതിനു നൂറ്റാണ്ടുകൾക്കു മുമ്പു തന്നേ പ്രവാചകൻ ഇതിനെക്കുറിച്ചു പ്രവചിച്ചിരുന്നു. "നായ്ക്കൾ എന്നെ വളഞ്ഞു; ദുഷ്ടന്മാരുടെ കൂട്ടം എന്നെ ചുറ്റിയിരിക്കുന്നു; അവർ എന്റെ കൈകളെയും കാലുകളെയും തുളെച്ചു. എന്റെ വസ്ത്രം അവർ പകുത്തെടുത്തു; എന്റെ അങ്കിക്കായി അവർ ചീട്ടിടുന്നു. (സങ്കീ. 22:16, 18).

## മാതാപിതാക്കളോടുള്ള സ്നേഹത്തിന്റെ ഒരു ഗുണപാഠം

തന്റെ മരണം കാണാൻ കൂടിവന്നിരിക്കുന്ന ജനക്കൂട്ടത്തിന്റെ മേൽ യേശുവിന്റെ കണ്ണുകൾ ഒന്നു സഞ്ചരിച്ചു. ക്രൂശിന്റെ ചുവട്ടിൽ തന്റെ അമ്മയായ മറിയയെ യോഹന്നാൻ താങ്ങിപ്പിടിച്ചിരിക്കുന്നതു യേശു കണ്ടു. തന്റെ മകനെ വിട്ടു ദൂരെ മാറിയിരിക്കാൻ മനസ്സില്ലാത്തതുകൊണ്ട്, അവൾ വീണ്ടും ആ ക്രൂര സദസ്സിലേക്കു വന്നു. യേശു പഠിപ്പിച്ച അവസാനത്തെ പാഠം മാതാപിതാക്കളോടുള്ള സ്നേഹത്തിന്റേതായിരുന്നു. അമ്മയുടെ കരഞ്ഞുകലങ്ങിയ കണ്ണുകളിലേക്കവൻ നോക്കി, പിന്നെ യോഹന്നാനേയും വീണ്ടും മാതാവിനെ നോക്കിക്കൊണ്ടവൻ പറഞ്ഞു: "സ്ത്രീയേ, ഇതാ, നിന്റെ മകൻ!" എന്നിട്ടു ശിഷ്യനോടു പറഞ്ഞു, "ഇതാ നിന്റെ അമ്മ!" (യോഹ. 19:26,27). യേശുവിന്റെ വാക്കുകൾ യോഹന്നാനു ഭംഗിയായിട്ടു മനസ്സിലായി. തന്നെ ഏല്പിച്ചിരിക്കുന്ന വിശുദ്ധമായ ആ ദൗത്യവും മനസ്സിലായി. കാൽവറിയിലെ ഭയാനകമായ രംഗത്തു നിന്ന്, അവൻ ഉടനെ തന്നെ കർത്താവിന്റെ അമ്മയെ ദൂരേക്കു കൊണ്ടുപോയി. ആ നാഴിക മുതൽ അവൻ അവളെ വീട്ടിൽ ചേർത്തുകൊണ്ട്, ഒരു നല്ല മകൻ അമ്മയ്ക്കു വേണ്ടി ചെയ്യുന്ന എല്ലാ ശുശ്രൂഷകളും ചെയ്തുകൊടുത്തു. യേശുക്രിസ്തു കാണിച്ചതായ മാതൃസ്നേഹത്തിന്റെ ഉത്തമമാതൃക എല്ലാ കാലത്തും വാഴ്ത്തപ്പെടും. അതിഭയാനകമായ പീഡനത്തിന്റെ നടുവിലും അവൻ തന്റെ അമ്മയെ മറന്നില്ല, അവളുടെ സംരക്ഷണത്തിനു വേണ്ടതെല്ലാം ചെയ്തുകൊടുത്തു.

ക്രിസ്തുവിന്റെ ഭൗമിക ജീവിതത്തിന്റെ ദൗത്യങ്ങളെല്ലാം മിക്കവാറും പൂർത്തിയായി. അവന്റെ നാവു വരണ്ടു, അവൻ പറഞ്ഞു: "എനിക്കു ദാഹിക്കുന്നു!"അവർ അവനു കണ്ടിവെണ്ണ കലർത്തിയ വീഞ്ഞു കുടിക്കാൻ കൊടുത്തു. അവൻ അതു നിരസിച്ചു. ജീവന്റെയും മഹത്വത്തിന്റെയും കർത്താവായവൻ മനുഷ്യവംശത്തിന്റെ പാപ പരിഹാര ബലിയായിട്ടിപ്പോൾ മരിക്കുകയാണ്. നമ്മുടെ പാപങ്ങളുടെ ഫലമായി, നമ്മുടെ പകരക്കാരനായി പിതാവിന്റെ കോപം തന്റെമേൽ ഏറ്റുവാങ്ങിയതുകൊണ്ടാണ് അവൻ ഈ കയ്പേറിയ പാനപാത്രം കുടിക്കേണ്ടി വന്നത്. അതു ദൈവപുത്രന്റെ ഹൃദയം തകർത്തു കളഞ്ഞു.

മനുഷ്യവംശത്തിന്റെ പാപഭാരം നമ്മുടെ പകരക്കാരനായ യേശുവിന്റെ മേൽ വെച്ചു. ന്യായപ്രമാണ ലംഘനത്തിന്റെ ശാപത്തിൽ നിന്നു ലംഘനക്കാരെ വീണ്ടെടുക്കുവാൻ വേണ്ടി അവനെ ഒരു ലംഘനക്കാരനായി കണക്കാക്കി. എല്ലാ കാലഘട്ടത്തിലുമുള്ള, ആദാമിന്റെ എല്ലാ സന്തതികളുടെയും അകൃത്യം അവന്റെ ഹൃദയത്തിന്മേൽ ഭാരമായി. ദൈവകോപവും പാപം നിമിത്തമുള്ള അവന്റെ അസംതൃപ്തിയുടെ ഭയാനകമായ വെളിപ്പെടുത്തലും ദൈവപുത്രന്റെ മനസ്സിൽ വിഷമം നിറച്ചു. തന്റെ വേദനയുടെ

പാരമ്യത്തിലായിരുന്ന നാഴികയിൽ പിതാവു തന്റെ മുഖം മറച്ചത്, മനുഷ്യർക്കൊരിക്കലും മനസ്സിലാക്കാനാവാത്ത അതിഭയങ്കരമായ ഒരു വേദനയാൽ അവന്റെ ഹൃദയത്തെ കീറിമുറിച്ചു. ദൈവപുത്രൻ ക്രൂശിൽ സഹിച്ചതായ ഓരോ വേദനയും; അവന്റ തലയിൽ നിന്നും, കൈകളിൽ നിന്നും, കാലുകളിൽ നിന്നും, ഒഴുകിയ രക്തത്തുള്ളികൾ; വേദന നിമിത്തം അവന്റെ ശരീരത്തിലുണ്ടായ പുളച്ചിലുകൾ; പിതാവു തന്റെ മുഖം മറച്ചപ്പോൾ ഉണ്ടായ വിവരിക്കാനാവാത്ത മനോവിഷമം; എല്ലാം നമ്മോടു പറയുന്നത്, നിന്നോടുള്ള വലിയ സ്നേഹം നിമിത്തമാണു ദൈവപുത്രൻ ഇത്രയും ഭയങ്കരമായ സങ്കടങ്ങൾ ഏറ്റുവാങ്ങിയത്. നിനക്കുവേണ്ടി അവൻ മരണത്തിന്റെ അധികാരത്തെ കീഴ്പ്പെടുത്തി, നിത്യജീവിതത്തിന്റെയും സ്വർഗ്ഗത്തിന്റെയും വാതിലുകൾ തുറന്നിട്ടിരിക്കുന്നു. കോപത്തോടെ അലറിയടിച്ച തിരമാലകളെ തന്റെ ആജ്ഞയാൽ അടക്കുകയും, പതഞ്ഞു പൊങ്ങിയ തിരമാലകളുടെ മുകളിലൂടെ നടക്കുകയും ചെയ്തവൻ, പിശാചുക്കളെ വിറപ്പിക്കുകയും, തന്റെ സ്പർശനത്താൽ രോഗങ്ങളെ പറപ്പിക്കുകയും ചെയ്തവൻ, മരിച്ചവനെ ഉയിർപ്പിക്കുകയും കുരുടന്റെ കണ്ണു തുറപ്പിക്കുകയും ചെയ്തവൻ, പാപികൾക്കുവേണ്ടിയുള്ള അവസാന യാഗമായി ക്രൂശിന്മേൽ തന്നെത്താൻ ഏല്പിച്ചു കൊടുക്കുന്നു. അവൻ, പാപവാഹകൻ, പാപത്തിനുള്ള കോടതിവക ശിക്ഷ അനുഭവിക്കുന്നു; നമുക്കുവേണ്ടി പാപമായിത്തീരുന്നു.

സാത്താൻ തന്റെ ഭയാനകമായ പരീക്ഷകളാൽ യേശുവിന്റെ ഹൃദയത്തെ ഞെരുക്കി. തന്റെ ദൃഷ്ടിയിൽ ഏറ്റവും വെറുക്കപ്പെട്ട പാപത്തെ അവന്റെ മേൽ കുന്നുകൂട്ടി, ഒടുവിൽ പാപഭാരത്തിനടിയിൽ കിടന്നവൻ ഞരങ്ങി. ആ ഭയാനകമായ നാഴികയിൽ അവന്റെ മനുഷ്യപ്രകൃതം വിറച്ചതിൽ അത്ഭുതപ്പെടാനില്ല. ദൈവപുത്രന്റെ ഭീതിപ്പെടുത്തുന്ന മനോവേദന ദൂതന്മാർ അത്ഭുതത്തോടെ നോക്കി നിന്നു. അവന്റെ മനസ്സിന്റെ വേദന ശരീരത്തിന്റെ വേദനയെക്കാൾ പല മടങ്ങായിരുന്നതുകൊണ്ടു ശരീരവേദനയുടെ ബുദ്ധിമുട്ട് അവൻ വലുതായിട്ടറിഞ്ഞില്ല. സ്വർഗ്ഗീയ സൈന്യം ഈ ഭയാനകമായ ദൃശ്യം കാണാൻ ശേഷിയില്ലാതെ തങ്ങളുടെ മുഖം മറച്ചു.

പ്രകൃതിയിലെ അചേതന വസ്തുക്കൾ, അവഹേളിതനായി മരിക്കുന്ന തങ്ങളുടെ സ്രഷ്ടാവിനോട് ആദരവും അനുകമ്പയും കാണച്ചു. ആ ഭയാനകമായ രംഗത്തേക്കു നോക്കാൻ സൂര്യൻ വിസമ്മതിച്ചു. മദ്ധ്യാഹ്ന സൂര്യൻ ജ്വലിച്ചു പ്രകാശിക്കുകയായിരുന്നു, എന്നാൽ പെട്ടെന്നതു മുഖം മറച്ചു, നട്ടുച്ചക്ക് ഇരുട്ടായി. ക്രൂശിനെയും അതിന്റെ ചുറ്റുപാടുകളേയും കൂരിരുട്ടു വലയം ചെയ്തു. അന്ധകാരം മൂന്നു മണിക്കൂർ നേരം ഉണ്ടായിരുന്നു. ഒമ്പതാം മണിനേരത്തു കടുത്ത അന്ധകാരം ജനങ്ങളുടെമേൽ

നിന്നു നീക്കപ്പെട്ടു; എങ്കിലും ഒരു പുതപ്പുകൊണ്ടെന്നപോലെ രക്ഷിതാവിന്റെ ശരീരത്തെ ചുറ്റി മൂടിയിരുന്നു. അവൻ ക്രൂശിൽ തൂങ്ങിക്കിടക്കുമ്പോൾ കോപത്തോടെ മിന്നലുകൾ അവന്റെ മേൽ അടിക്കുന്നതുപോലെ കാണപ്പെട്ടു. "ഒമ്പതാം മണിനേരത്തു യേശു: എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതു് എന്ത് എന്ന് അർത്ഥമുള്ള എലോഹീ, എലോഹീ, ലമ്മാ ശബ്ബക്താനി എന്ന് അത്യുച്ചത്തിൽ നിലവിളിച്ചു (മർക്കൊസ് 15:34).



## എല്ലാം നിവർത്തിയായി

ഈ ഭയാനകമായ രംഗത്തിന്റെ അവസാനം കാണാൻ വേണ്ടി ജനങ്ങൾ നിശ്ശബ്ദരായി നോക്കിനിന്നു. വീണ്ടും സൂര്യൻ പ്രകാശിച്ചു, എന്നാൽ ക്രൂശിനു ചുറ്റും അന്ധകാരമായിരുന്നു. പെട്ടെന്നു ക്രൂശിനെ വലയം ചെയ്ത അന്ധകാരം മാറ്റപ്പെട്ടു. കാഹളധ്വനിപോലെ വ്യക്തമായ ശബ്ദത്തിൽ യേശു വിളിച്ചു പറഞ്ഞു: "നിവൃത്തിയായി!" "പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏല്പിക്കുന്നു" (ലൂക്കൊസ് 23:46). ഒരു പ്രകാശം ക്രൂശിനെചുറ്റി വലയം ചെയ്തു, രക്ഷിതാവിന്റെ മുഖം സൂര്യപ്രഭപോലെ ശോഭിച്ചു. പിന്നെയവൻ നെഞ്ചത്തോടു തല ചായിച്ചു മരിച്ചു.

യേശു മരിച്ച സമയത്ത്, ദൈവാലയത്തിൽ വിശുദ്ധ സ്ഥലവും അതിപരിശുദ്ധ സ്ഥലവും തമ്മിൽ വേർതിരിക്കുന്ന തിരശ്ശീലയുടെ മുമ്പിൽ ശുശ്രൂഷ ചെയ്യുന്ന പുരോഹിതന്മാർ ഉണ്ടായിരുന്നു. പെട്ടെന്ന് അവരുടെ കാല്ക്കീഴിൽ ഭൂമി കുലുങ്ങുന്നതായി അനുഭവപ്പെട്ടു; നല്ല കട്ടിയും ബലവുമുള്ള നൂൽകൊണ്ടു നെയ്തതായ ദൈവാലയത്തിലെ തിരശ്ശീല മുകൾതൊട്ട് അടിവരെ രണ്ടായി ചീന്തിപ്പോയി. ബേൽശസ്സറിന്റെ കൊട്ടാരത്തിന്റെ ഭിത്തികളിൽ ന്യായവിധിയുടെ സന്ദേശം എഴുതിയതായ അദൃശ്യമായ കരങ്ങൾ തന്നെയാണു ദൈവാലയത്തിലെ തിരശ്ശീലയും വലിച്ചു കീറിയത്.

താൻ ചെയ്തു തീർക്കാൻ വന്നതായ വേല പൂർത്തീകരിക്കുന്നതുവരെ യേശു തന്റെ ജീവൻ വെച്ചു കൊടുത്തില്ല. പിന്നെയവൻ തന്റെ അവസാന ശ്വാസത്തോടൊപ്പം പറഞ്ഞു: "നിവൃത്തിയായി!"ആ വാക്കുകൾ കേട്ടു ദൂതന്മാർ സന്തോഷിച്ചു. അതിമഹത്തായ രക്ഷാപദ്ധതി ഉജ്ജ്വലമായി പൂർത്തീ

കരിച്ചിരിക്കുന്നു. അനുസരണമുള്ള ഒരു ജീവിതത്തിലൂടെ, ആദാമിന്റെ സന്തതികൾക്കു ദൈവസന്നിധിയിലേക്കു പ്രവേശിക്കുവാനുള്ള അവസരം ഒടുവിൽ ലഭിച്ചിരിക്കയാൽ സ്വർഗ്ഗം സന്തോഷിച്ചു. സാത്താനെ പരാജയപ്പെടുത്തിയിരിക്കുന്നു. തന്റെ സാമ്രാജ്യം നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് അവനു മനസ്സിലായി.

## ശവസംസ്കാരം

തന്റെ പ്രിയപ്പെട്ട ഗുരുവിന്റെ ശരീരം എന്തു ചെയ്യണമെന്നു യോഹന്നാൻ ചിന്തിച്ചു. ക്രൂരന്മാരായ പടയാളികൾ ആ ശരീരമെടുത്ത് ഏതെങ്കിലും വൃത്തികെട്ട സ്ഥലത്തു കുഴിച്ചിടുമല്ലോ എന്നോർത്തു യോഹന്നാൻ നടുങ്ങി. യെഹൂദ നേതാക്കന്മാരിൽ നിന്നു തനിക്കു യാതൊരു സഹായവും കിട്ടുകില്ലെന്നു യോഹന്നാന് അറിയാമായിരുന്നു. പീലാത്തോസിൽനിന്നും യാതൊരു അനുഭാവവും പ്രതീക്ഷിച്ചില്ല. എന്നാൽ ഈ പ്രതിസന്ധിഘട്ടത്തിൽ ജോസഫും നിക്കോദിമോസും മുന്നോട്ടു വന്നു. അവർ രണ്ടുപേരും സൻഹെദ്രിൻ സംഘത്തിലെ അംഗങ്ങളായിരുന്നു, പീലാത്തോസുമായിട്ട് അടുപ്പമുള്ളവരുമായിരുന്നു. രണ്ടുപേരും ധനികരും സ്വാധീനമുള്ളവരുമായിരുന്നു. യേശുവിന്റെ ശരീരം മാന്യമായി സംസ്കരിക്കണമെന്ന് അവർ തീരുമാനിച്ചിരുന്നു.

ജോസഫ് ധൈര്യമായി പീലാത്തോസിന്റെ അടുത്തുചെന്നു യേശുവിന്റെ ശരീരം സംസ്ക്കകരിക്കുന്നതിനുവേണ്ടി ചോദിച്ചു. യേശുവിന്റെ ശരീരം ജോസഫിനു വിട്ടുകൊടുക്കാൻ പീലാത്തോസ് ഒരു ഔദ്യോഗികമായ കല്പന കൊടുത്തു. ശിഷ്യനായ യോഹന്നാൻ യേശുവിന്റെ ശവസംസ്കാരത്തെക്കുറിച്ചു നിസ്സഹായനായി നില്ക്കുമ്പോൾ അരിമത്യക്കാരനായ ജോസഫ് ഗവർണറുടെ കല്പനയുമായി വന്നു. ജോസഫ് കല്പന വാങ്ങി വരുമെന്നുള്ള പ്രതീക്ഷയിൽ നിക്കോദിമോസ് ഏകദേശം നൂറു റാത്തൽ തൂക്കം വരുന്ന മൂറും അകിലും കൊണ്ടുള്ള സുഗന്ധവർഗ്ഗക്കൂട്ടും തയ്യാറാക്കി കൊണ്ടുവന്നു. അതു വളരെ വിലയേറിയ സുഗന്ധവർഗ്ഗം ആയിരുന്നു. യെരൂശലേമിലെ ഏറ്റവും ബഹുമാന്യമായ വ്യക്തിക്കുപോലും ഇതിനേക്കാൾ മാന്യമായ ഒരു സംസ്കാരം ലഭിക്കാനില്ലായിരുന്നു.

സാവകാശം ഭയഭക്തിയോടെ, അവർ സ്വന്തം കൈകൾകൊണ്ടു യേശുവിന്റെ ശരീരം ക്രൂശിൽ നിന്നിറക്കി. മുറിവേറ്റു തകർന്നതായ അവന്റെ ശരീരത്തു നോക്കിയപ്പോൾ അവരുടെ കണ്ണുകൾ നിറഞ്ഞു കണ്ണുനീർ ഒഴുകി. അവർ യേശുവിന്റെ ശരീരം ശ്രദ്ധയോടെ കഴുകി, രക്തക്കറകൾ നീക്കം ചെയ്തു. ജോസഫ് തനിക്കു വേണ്ടി പാറയിൽ വെട്ടിച്ചിരുന്ന ഒരു പുതിയ കല്ലറ ഉണ്ടായിരുന്നു. അതു കാൽവറിക്കു സമീപമായിരുന്നു. ഇപ്പോൾ അവനത് യേശുവിനുവേണ്ടി സമർപ്പിച്ചു. യേശുവിന്റെ ശരീ

രവും, നിക്കോദിമോസു കൊണ്ടുവന്ന സുഗന്ധവർഗ്ഗവും അവർ വളരെ ശ്രദ്ധയോടെ ഒരു വെള്ളത്തുണിയിൽ പൊതിഞ്ഞു കെട്ടി. ഇതിനു മുമ്പ് ആരെയും വെച്ചിട്ടില്ലാത്ത ആ പുതിയ കല്ലറയിലേക്കു മൂന്നു ശിഷ്യന്മാരും ചേർന്നു യേശുവിന്റെ ശരീരം കൊണ്ടുപോയി വെച്ചു. പിന്നെയവർ അവന്റെ കാലുകൾ നേരേ വെച്ചു, മിടിപ്പു നിലച്ച നെഞ്ചത്തു മുറിവേറ്റ കൈത്തലങ്ങൾ രണ്ടും പിണെച്ചു വെച്ചു. തങ്ങളുടെ പ്രിയങ്കരനായ ഗുരുവിന്റെ ചേതനയറ്റ ശരീരത്തിനു ചെയ്യേണ്ടതെല്ലാം ശരിയായിട്ടു ചെയ്തുവോ എന്നു കാണാൻ ഗലീലക്കാരായ സ്ത്രീകൾ അടുത്തു വന്നു. കല്ലറയുടെ വാതിൽക്കൽ വലിയ കല്ല് ഉരുട്ടിവച്ച് അടച്ചിരിക്കുന്നതാണവർ കണ്ടത്. ദൈവപുത്രൻ കല്ലറയ്ക്കുള്ളിൽ വിശ്രമിക്കുന്നു. ക്രൂശിങ്കൽ അവസാനം വരെ നിന്നതു സ്ത്രീകളായിരുന്നു. കല്ലറയ്ക്കലും സ്ത്രീകളാണവസാനം എത്തിയത്.

യഹൂദാ നേതാക്കന്മാർ ദൈവപുത്രനെ കൊല്ലുന്നതിൽ വിജയിച്ചെങ്കിലും അവരുടെ അസ്വസ്ഥത മാറിയില്ല. ക്രിസ്തുവിനോടുള്ള അവരുടെ അസൂയയും മാറിയില്ല. പ്രതികാരം നിവർത്തിക്കാൻ സാധിച്ചതിന്റെ സന്തോഷം ഉള്ളിലുണ്ടായിരുന്നെങ്കിലും, ജോസഫിന്റെ കല്ലറയിലുള്ള അവന്റെ മൃതശരീരം ജീവൻ പ്രാപിച്ചു പുറത്തു വരുമോ, എന്നവർ ഭയപ്പെട്ടു. അതുകൊണ്ട് "മഹാപുരോഹിതന്മാരും പരീശന്മാരും പീലാത്തോസിന്റെ അടുക്കൽ ചെന്നു: യജമാനനേ, ആ ചതിയൻ ജീവനോടിരിക്കുമ്പോൾ: മൂന്നുനാൾ കഴിഞ്ഞിട്ടു ഞാൻ ഉയിർത്തെഴുന്നേല്ക്കും എന്നു പറഞ്ഞതു ഞങ്ങൾക്കു ഓർമ്മ വന്നു. അതുകൊണ്ട് അവന്റെ ശിഷ്യന്മാർ ചെന്നു അവനെ മോഷ്ടിച്ചിട്ട്, അവൻ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്നു ജനത്തോടു പറകയും ഒടുവിലത്തെ ചതിവു മുമ്പിലത്തേതിലും വിഷമമായിത്തീരുകയും ചെയ്യാതിരിക്കേണ്ടതിനു മൂന്നാംനാൾവരെ കല്ലറ ഉറപ്പാക്കുവാൻ കല്പിക്ക എന്നു പറഞ്ഞു" (മത്തായി 27:62–64). യെഹൂദന്മാരെപ്പോലെ തന്നെ പീലാത്തോസിനും യേശുവിന്റെ ഉയിർത്തെഴുന്നേല്പു തടയേണ്ടതാവശ്യമായി



രുന്നു. അവൻ ശക്തനായി ഉയിർത്തെഴുന്നേറ്റാൽ, അവനെ ദ്രോഹിച്ച എല്ലാവരോടും പ്രതികാരം ചെയ്യും എന്നവർ ഭയപ്പെട്ടിരുന്നു. അതുകൊണ്ടവൻ കല്ലറ കാക്കുവാൻ പുരോഹിതന്മാരുടെ കീഴിൽ ഒരു കൂട്ടം പടയാളികളെ അയച്ചുകൊടുത്തു.

യേശുവിന്റെ കല്ലറയ്ക്കു ചുറ്റും പടയാളികളുടെ ഒരു കാവൽ ഏർപ്പെടുത്തുന്നതിന്റെ പ്രയോജനം യെഹൂദന്മാർ മനസ്സിലാക്കി. അവർ കല്ലറ മുദ്രവച്ചു ബലവത്താക്കി. ഇനി ഗവർണറുടെ അനുവാദമില്ലാതെ ആർക്കും കല്ലറ തുറക്കാനാവില്ല. യേശുവിന്റെ ശരീരം സംബന്ധിച്ചു ശിഷ്യന്മാർ എന്തെങ്കിലും വഞ്ചന നടത്താനുള്ള എല്ലാ പഴുതുകളും കുറ്റമറ്റ രീതിയിൽ അവർ അടച്ചു. എന്നാൽ അവരുടെ എല്ലാ പ്ലാനുകളും മുൻകരുതലുകളും, പുനരുത്ഥാനത്തിന്റെ വിജയം പൂർണ്ണമാക്കുവാനും, അതിന്റെ യാഥാർത്ഥ്യം പൂർണ്ണമായി സ്ഥാപിതമാകാനും മാത്രമേ പ്രയോജനപ്പെട്ടുള്ളൂ. ●

അദ്ധ്യായം - 9

# കീഴടക്കൽ

## പുനരുത്ഥാനം

ശബ്ബത്തിൽ ശിഷ്യന്മാർ തങ്ങളുടെ കർത്താവിന്റെ മരണത്തെക്കുറിച്ചു ദുഃഖിച്ചു, വിശ്രമിച്ചു. മഹത്വത്തിന്റെ രാജാവായ യേശു കല്ലറയിൽ വിശ്രമിച്ചു. സന്ധ്യയായി, രക്ഷിതാവിന്റെ വിശ്രമസ്ഥലത്തു പടയാളികളെ കാവലേല്പിച്ചു. അദൃശ്യരായി മാലാഖമാർ ആ വിശുദ്ധ സ്ഥലത്തിനു ചുറ്റും നിന്നു. നേരം പതിയെ പുലർന്നു വരുന്നു. ദൈവത്തിന്റെ പുത്രനും തങ്ങളുടെ പ്രിയങ്കരനായ കമാൻഡറുമായവന്റെ വിടുതലിനുള്ള സമയം അടുത്തു വരുന്നുവെന്നവർക്കറിയാമായിരുന്നു. അവന്റെ വിജയത്തിന്റെ നാഴികയ്ക്കു വേണ്ടി അവർ അക്ഷമരായി കാത്തിരിക്കുമ്പോൾ, പെട്ടെന്നു ബലവാനായ ഒരു ദൂതൻ സ്വർഗ്ഗത്തിൽ നിന്നു പറന്നിറങ്ങി വന്നു. അവന്റെ മുഖം മിന്നലിനു സദൃശവും, വസ്ത്രം തൂവെള്ളയുമായിരുന്നു. അവന്റെ പ്രകാശം അവന്റെ മുമ്പിൽ നിന്ന് അന്ധകാരത്തെ അകറ്റുകയും, യേശുവിന്റെ ശരീരത്തേക്കുറിച്ചു വിജയോന്മാദത്തോടെ അവകാശം ഉന്നയിച്ചുകൊണ്ടുനിന്ന പിശാചുക്കളെ പറപ്പിക്കുകയും ചെയ്തു. അവന്റെ മഹത്വവും പ്രകാശവും അവരുടെയുള്ളിൽ ഭീതിയുളവാക്കി. ക്രിസ്തുവിന്റെ അവഹേളനത്തിനു സാക്ഷ്യം വഹിച്ചശേഷം, അവന്റെ വിശ്രമസ്ഥലത്തിനു കാവൽ നിന്നിരുന്ന ഒരു ദൂതനും കൂടെ അവന്റെകൂടെ കൂടി, രണ്ടുപേരും ഒരുമിച്ചു കല്ലറയുടെ അരികിലേക്കു ചെന്നു. പെട്ടെന്നു വലിയൊരു ഭൂകമ്പം ഉണ്ടായി.

റോമൻ പടയാളികൾ ഭയന്നു വിറച്ചു. യേശുവിന്റെ ശരീരം പിടിച്ചു വെയ്ക്കാൻ അവർക്കു ശക്തിയെവിടെ? അവർ തങ്ങളുടെ ഡ്യൂട്ടി മറന്നു, ശിഷ്യന്മാർ ശരീരം മോഷ്ടിച്ചുകൊണ്ടു പോകുമെന്നുള്ളതും മറന്നു. സൂര്യനെക്കാൾ ശോഭയോടുകൂടി ദൂതന്മാരുടെ പ്രകാശം അവരെ ചുറ്റിമിന്നിയപ്പോൾ, റോമൻ പടയാളികൾ മരിച്ചവരെപ്പോലെ നിലത്തുവീണു. ദൂതന്മാരിൽ ഒരുവൻ ആ വലിയ കല്ലുരുട്ടി മാറ്റി, അതിന്മേൽ ഇരിപ്പുറപ്പിച്ചു. മറ്റവൻ കല്ലറക്കുള്ളിൽ പ്രവേശിച്ചു യേശുവിന്റെ ശരീരത്തുണ്ടായിരുന്ന കെട്ടുകൾ അഴിച്ചു.



## “നിന്റെ പിതാവു നിന്നെ വിളിക്കുന്നു”

പിന്നെ ഭൂമി കുലുങ്ങുമാറു ഉച്ചത്തിൽ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ദൂതൻ വിളിച്ചു പറഞ്ഞു: “ദൈവപുത്രാ, നിന്റെ പിതാവു നിന്നെ വിളിക്കുന്നു! പുറത്തു വരിക!” പിന്നെ അവന്റെ മേൽ മരണത്തിനധികാരമില്ല. യേശു മരിച്ചവരുടെ ഇടയിൽ നിന്നെഴുന്നേറ്റു, വിജയശ്രീലാളിതനായി ഒരു ജേതാവായിട്ട്. പരിപാവനമായ ഭയഭക്തിയോടെ മാലാഖമാർ രംഗം വീക്ഷിച്ചു കൊണ്ടിരുന്നു. യേശു കല്ലറയിൽ നിന്നു പുറത്തു വന്നപ്പോൾ, കാവൽ നിന്ന മാലാഖമാർ കമഴ്ന്നു വീണവനെ വണങ്ങി ആരാധിച്ചു. വിജയ ഗീതങ്ങളോടും ഹർഷോന്മാദത്തോടും കൂടെ അവർ അവനെ എതിരേറ്റു.

## റോമൻ പടയാളികളുടെ പ്രസ്താവന

സ്വർഗ്ഗീയ സൈന്യം കല്ലറവിട്ടു പോകുകയും, വെളിച്ചവും മഹത്വവും മാഞ്ഞുപോകുകയും ചെയ്തശേഷം, റോമൻ പടയാളികൾ തലയുയർത്തി അന്യോന്യം നോക്കി. കല്ലറവാതില്ക്കൽ നിന്നു വലിയ കല്ലുരുട്ടി മാറ്റിയിരിക്കുന്നതായും, യേശുവിന്റെ ശരീരം അപ്രത്യക്ഷമായതായും കണ്ടപ്പോൾ, അവർ അത്ഭുതസ്തബ്ധരായി. വിവരം അറിയിക്കാൻവേണ്ടി അവർ പട്ടണത്തിൽ മൂപ്പന്മാരുടേയും പുരോഹിതന്മാരുടേയും അടുക്കൽ ഓടിയെത്തി. ആ കൊലയാളികൾ ഇവരുടെ അവിശ്വസനീയമായ പ്രസ്താവന കേട്ടപ്പോൾ, എല്ലാ മുഖവും വിളറി വെളുത്തു. തങ്ങൾ ചെയ്ത പ്രവൃത്തിയെക്കുറിച്ചു ചിന്തിച്ചപ്പോൾ അവർ ഭയചകിതരായി. റിപ്പോർട്ടു ശരിയാ



ണെങ്കിൽ തങ്ങളുടെ കഥ കഴിഞ്ഞുവെന്നവർ ചിന്തിച്ചു. കുറച്ചുനേരം അവർ നിശ്ശബ്ദരായിരുന്നു. എന്തുപറയണമെന്നോ എന്തു ചെയ്യണ മെന്നോ അറിയാൻ വയ്യാതെ അവർ അന്യോന്യം നോക്കി. റിപ്പോർട്ട് അതേ പടി അംഗീകരിച്ചാൽ സ്വയം കുറ്റവാളികളായി മാറുകയാണ്. അവർ മാറി യിരുന്ന് എന്തു ചെയ്യണമെന്നാലോചിച്ചു. പടയാളികളുടെ റിപ്പോർട്ടു ജന ങ്ങളുടെ ഇടയിൽ പ്രസിദ്ധമായാൽ, ക്രിസ്തുവിനെ ക്രൂശിച്ചവരെ അവന്റെ കൊലയാളികളായി മുദ്രകുത്തി ജനങ്ങൾ കല്ലെറിഞ്ഞു കൊല്ലും.

സംഗതി രഹസ്യമാക്കിവെയ്ക്കാൻ വേണ്ടി പടയാളികൾക്കു കൈക്കൂലി കൊടുക്കാൻ അവർ തീരുമാനിച്ചു. പുരോഹിതന്മാരും മൂപ്പന്മാരും അവർ ക്കൊരു വലിയ തുക വാഗ്ദാനം ചെയ്തുകൊണ്ടു പറഞ്ഞു, "അവന്റെ ശിഷ്യന്മാർ രാത്രിയിൽ വന്നു ഞങ്ങൾ ഉറങ്ങുമ്പോൾ അവനെ കട്ടുകൊണ്ടു പോയി എന്നു പറവിൻ" (മത്തായി 28:13). ഡ്യൂട്ടി സമയത്ത് ഉറങ്ങിയതിനു ഞങ്ങൾ കുറ്റക്കാരാവുകില്ലേയെന്നു പടയാളികൾ ചോദിച്ചപ്പോൾ. ഗവർണ്ണ റോടു ഞങ്ങൾ സംസാരിച്ച്, നിങ്ങൾക്കു ദോഷം വരാതെ നോക്കിക്കൊ ള്ളാമെന്നു പറഞ്ഞു. പണത്തിനുവേണ്ടി റോമൻ പടയാളികൾ അവരുടെ അഭിമാനം വിറ്റു, മൂപ്പന്മാരും പുരോഹിതന്മാരും പറഞ്ഞതുപോലെ പ്രവർ ത്തിക്കാൻ സമ്മതിച്ചു.

## വീണ്ടെടുക്കപ്പെട്ടവരുടെ ആദ്യഫലങ്ങൾ

യേശു ക്രൂശിൽ കിടന്നുകൊണ്ട് "നിവൃത്തിയായി"എന്നു വിളിച്ചു പറഞ്ഞപ്പോൾ, ഭൂമി കുലുങ്ങി, പാറകൾ പിളർന്നു, ചില കല്ലറകൾ തുറന്നു. മരണത്തിന്റെമേലും പാതാളത്തിന്റെ മേലും വിജയശ്രീലാളിതനായി അവൻ എഴുന്നേറ്റു വന്നപ്പോൾ, സ്വർഗ്ഗീയ മഹത്വം ആ പ്രദേശത്തു വിളങ്ങി നില്ക്കവേ, നീതിമാന്മാരായ പലരും അവന്റെ വിളിക്കനുസരണമുള്ളവരായി കല്ലറകളെവിട്ടു പുറത്തുവന്ന്, അവന്റെ ഉയിർപ്പിനു സാക്ഷികളായി. ഭാഗ്യ വാന്മാരായ ആ വിശുദ്ധന്മാർ മഹത്വധാരികളായി പുറത്തുവന്നു. സൃഷ്ടിപ്പു മുതൽ ക്രിസ്തുവിന്റെ കാലംവരെ എല്ലാ കാലഘട്ടങ്ങളിലും ഉള്ള വിശുദ്ധ ന്മാരുടെ പ്രതിനിധികളായിരുന്നു അവർ. ക്രിസ്തുവിന്റെ പുനരുത്ഥാ നത്തെ യഹൂദനേതാക്കന്മാർ മറച്ചു വെയ്ക്കാൻ ശ്രമിച്ചപ്പോൾ, അതിനെ ക്കുറിച്ചു സാക്ഷീകരിക്കാനും അവന്റെ മഹത്വം പ്രഖ്യാപിക്കാനും, ദൈവം അവരുടെ ഇടയിലെ കല്ലറകളിൽ നിന്ന്, ഒരുകൂട്ടം ആളുകളെ എഴുന്നേല് പിച്ചു.

യേശു ക്രിസ്തുവിന്റെ പുനരുത്ഥാനശേഷം ഉയിർത്തെഴുന്നേറ്റവർ അനേകർക്കു പ്രത്യക്ഷപ്പെട്ട്, യെഹൂദന്മാർ ക്രൂശിച്ചു കൊന്നവനായ യേശു ഉയിർത്തെഴുന്നേറ്റിരിക്കുന്നെന്നും, മനുഷ്യവർഗ്ഗത്തിനുവേണ്ടിയുള്ള യാഗം പൂർണ്ണമായിരിക്കുന്നെന്നും അറിയിച്ചു. തങ്ങളുടെ പ്രസ്താവനക്കു തെളിവായി അവർ പറഞ്ഞു: "ഞങ്ങളും ഉയിർത്തെഴുന്നേറ്റിരിക്കുന്നു"

അവരെ അവരുടെ കല്ലറകളിൽ നിന്നു വിളിച്ചുണർത്തിയത് അവന്റെ അധികാരമുള്ള ശബ്ദമായിരുന്നുവെന്നും അവർ സാക്ഷീകരിച്ചു. കള്ള റിപ്പോർട്ടുകൾ പ്രചരിച്ചെങ്കിലും, സാത്താനോ, സംഘത്തിനോ, പുരോഹിത ന്മാർക്കോ, ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ ഒളിച്ചുവെയ്ക്കാൻ സാദ്ധ്യ മല്ലായിരുന്നു. കല്ലറകളിൽ നിന്നു പുറത്തു വന്ന വിശുദ്ധന്മാരുടെ സംഘം, സന്തോഷമുള്ള അത്ഭുത വാർത്ത എല്ലായിടവും പരത്തി. യേശു തന്റെ ദുഃഖിതരായ ഹൃദയം നുറുങ്ങിയ ശിഷ്യന്മാർക്കു സ്വയം വെളിപ്പെടുത്തി. അങ്ങനെ അവൻ അവരുടെ ഭയം മാറ്റി സന്തോഷവാന്മാരാക്കി.

## കല്ലറക്കലെ സ്ത്രീകൾ

ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം അതികാലത്ത്, ഇരുട്ടുള്ളപ്പോൾ തന്നെ, ഭക്തിയുള്ള സ്ത്രീകൾ യേശുവിന്റെ ശരീരത്ത് അഭിഷേകം ചെയ്യാ നായി തങ്ങൾ ഒരുക്കിയ സുഗന്ധവർഗ്ഗവുമായി കല്ലറക്കൽ എത്തി. കല്ലറ യുടെ വാതില്ക്കൽ വെച്ചിരുന്ന വലിയ കല്ല് ഉരുട്ടിമാറ്റിയിരിക്കുന്നതായി അവർ കണ്ടു, യേശുവിന്റെ ശരീരം അവിടെ ഇല്ലായിരുന്നു. അവരുടെ ഹൃദയം തളർന്നുപോയി, ശത്രുക്കൾ അവന്റെ ശരീരം എടുത്തുമാറ്റിയിരിക്കു മെന്നവർ ഭയപ്പെട്ടു. പെട്ടന്നവർ ശുഭ്രവസ്ത്രധാരികളായ രണ്ടു ദൂതന്മാരെ കണ്ടു, അവരുടെ മുഖം ശോഭിച്ചിരുന്നു. ഈ സ്ത്രീകൾ എന്തു ചെയ്യാ നാണു വന്നിരിക്കുന്നതെന്നു ദൂതന്മാർക്കു മനസ്സിലായി; യേശു അവിടെ യില്ലെന്നു ഉടനെതന്നെ അവർ സ്ത്രീകളോടു പറഞ്ഞു. അവൻ ഉയിർ ത്തെഴുന്നേറ്റിരിക്കുന്നു, അവനെ കിടത്തിയിരുന്ന സ്ഥലം അവർക്കു കാണാ മായിരുന്നു. അവൻ നിങ്ങൾക്കു മുമ്പായി ഗലീലെക്കു പോകുന്നുവെന്ന് അവന്റെ ശിഷ്യന്മാരോടു പോയി പറവിൻ എന്നും പറഞ്ഞു. ഭയത്തോടും നിറഞ്ഞ സന്തോഷത്തോടും കൂടെ സ്ത്രീകൾ പോയി ശിഷ്യന്മാരോടു തങ്ങൾ കണ്ടതും കേട്ടതുമായ കാര്യങ്ങളെല്ലാം അറിയിച്ചു.

ക്രിസ്തു ഉയിർത്തെഴുന്നേറ്റുവെന്നുള്ളതു ശിഷ്യന്മാർക്കു വിശ്വസി ക്കാൻ കഴിഞ്ഞില്ല. വാർത്തയുമായി വന്ന സ്ത്രീകൾക്കൊപ്പം അവർ കല്ലറ യിലേക്കോടി. അവർ യേശുവിനെ അവിടെ കണ്ടില്ല. അവന്റെ ശരീരം പൊതിഞ്ഞു കെട്ടാൻ ഉപയോഗിച്ച തുണി അവർ അവിടെ കണ്ടു. എന്നാല വൻ ഉയിർത്തെഴുന്നേറ്റുവെന്നു വിശ്വസിക്കാൻ പ്രയാസമായിരുന്നു. കണ്ട കാഴ്ചയെക്കുറിച്ചും സ്ത്രീകൾ പറഞ്ഞ വാർത്തയെക്കുറിച്ചും ആശ്ചര്യ പ്പെട്ടുകൊണ്ടവർ വീടുകളിലേക്കു മടങ്ങി.

എന്നാൽ മറിയ കല്ലറയുടെ സമീപത്തു തന്നെ നിന്നു. ഇതിലെന്തോ വഞ്ചനയുണ്ടെന്നു ചിന്തിച്ച്, അവൾ അസ്വസ്ഥയായി. അവളുടെ മുമ്പിൽ പുതിയ പരീക്ഷകൾ വരുകയാണെന്നു തോന്നി. അവളുടെ ദുഃഖം അണ പൊട്ടി, അവൾ ഉറക്കെ കരഞ്ഞു. അവൾ വീണ്ടു കല്ലറയിലേക്കു കുനിഞ്ഞു നോക്കി. അവിടെ അവൾ വെള്ളവസ്ത്രം ധരിച്ച രണ്ടു പുരുഷന്മാരെ

കണ്ടു. ഒരു ദൂതൻ യേശുവിന്റെ ശിരസ്സിരുന്നിടത്തും, മറ്റവൻ കാല്ക്കലും ഇരിക്കുകയായിരുന്നു. അവർ അവളോടു "നീ എന്തിനാ കരയുന്നതെന്നു സമാധാനമായി ചോദിച്ചു. അവൾ മറുപടി പറഞ്ഞു: "എന്റെ കർത്താവിനെ എടുത്തു കൊണ്ടുപോയി; അവനെ എവിടെ വെച്ചു എന്നു ഞാൻ അറിയുന്നില്ല" (യോഹ. 20:13). "എന്നെ തൊടരുത്" അവൾ കല്ലറയിൽ നിന്നു പിറകോട്ടു തിരിഞ്ഞപ്പോൾ, യേശു അടുത്തു നില്ക്കുന്നതു കണ്ടു. എന്നാൽ അതു യേശുവാണെന്നവൾക്കു മനസ്സിലായില്ല. അവൻ അവളോടു നീ എന്തിനാണു കരയുന്നതെന്നും, ആരെ തിരയുന്നുവെന്നും മൃദുവായി ചോദിച്ചു. അതു തോട്ടക്കാരനാണെന്നു ചിന്തിച്ചുകൊണ്ട്: എന്റെ കർത്താവിനെ നീ എടുത്തുകൊണ്ടുപോയെങ്കിൽ, അവനെ എവിടെ വെച്ചുവെന്നു പറഞ്ഞാൽ ഞാനവനെ എടുത്തുകൊണ്ടു പൊയ്ക്കൊള്ളാം എന്നു പറഞ്ഞു. യേശു തന്റെ സ്വർഗ്ഗീയ ശബ്ദത്തിൽ അവളെ വിളിച്ചു, "മറിയയേ!"ആ പ്രിയപ്പെട്ട ശബ്ദത്തിന്റെ സ്വരം അവൾക്കു മനസ്സിലായി, വിളികേട്ടു, "റബ്ബൂനി" അവളുടെ അളവറ്റ സന്തോഷത്തിൽ അവൾ അവനെ ആലിംഗനം ചെയ്യാനൊരുങ്ങി. എന്നാൽ "യേശു അവളോടു: എന്നെ തൊടരുത്: ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല; എങ്കിലും നീ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്നു; എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറിപ്പോകുന്നു എന്ന് അവരോടു പറക എന്നു പറഞ്ഞു (യോഹ. 20:17). അവൾ നല്ല വാർത്തയുമായി ശിഷ്യന്മാരുടെ അടുക്കലേക്കു സന്തോഷത്തോടെ പോയി. തന്റെ യാഗം സ്വീകരിച്ചിരിക്കുന്നുവെന്നു പിതാവിന്റെ നാവിൽ നിന്നു കേൾക്കാനും, സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും സ്വീകരിക്കാനും, അവൻ പെട്ടെന്നു തന്റെ പിതാവിന്റെ അടുത്തേക്കു കയറിപ്പോയി.

യേശു തന്റെ പിതാവിന്റെ സന്നിധിയിൽ മഹത്വപൂർണ്ണനായിരിക്കുമ്പോഴും ഭൂമിയിലെ തന്റെ ശിഷ്യന്മാരെ മറന്നില്ല. താൻ മടങ്ങിവന്ന്, അവർക്കു ശക്തി പകരേണ്ടതിന്, അവൻ പിതാവിൽ നിന്നു ശക്തി പ്രാപിച്ചു. അന്നു തന്നെ അവൻ മടങ്ങിവന്നു ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടു. താൻ പിതാവിന്റെ അടുക്കൽ കയറിപ്പോയി ശക്തി പ്രാപിച്ചിരിക്കയാൽ തന്നെ തൊട്ടുകൊള്ളാൻ അവൻ അവരെ അനുവദിച്ചു.

സംശയാലുവായ തോമസ് - ആ സമയത്തു ശിഷ്യനായ തോമസ് അവിടെയില്ലായിരുന്നു. മറ്റു ശിഷ്യന്മാരുടെ സാക്ഷ്യം തോമസു വെറുതെയങ്ങു വിശ്വസിക്കുകയില്ല. അവന്റെ ആണിപ്പഴുതേറ്റ കൈകളിലും കുന്തംകൊണ്ടു മുറിവേറ്റ വിലാപ്പുറത്തും വിരലിട്ടു നോക്കിയിട്ടല്ലാതെ താൻ വിശ്വസിക്കുകയില്ലെന്നു തോമസ് തറപ്പിച്ചു പറഞ്ഞു. ഈ വിഷയത്തിൽ അവൻ സഹശിഷ്യന്മാരെ വിശ്വസിക്കാൻ അല്പം അറച്ചു. എല്ലാവരും ഇങ്ങനെ ചിന്തിച്ചിരുന്നെങ്കിൽ യേശുവിൽ വിശ്വസിക്കുന്നവരായി ആരും

തന്നെ ഇന്നു കാണുകയില്ലായിരുന്നു. ഉയിർത്തെഴുന്നേറ്റ രക്ഷിതാവിനെ നേരിട്ടു കാണാൻ സാധിക്കാത്തവർ, ശിഷ്യന്മാരുടെ സാക്ഷ്യത്തിൽ വിശ്വസിക്കണമെന്നുള്ളതാണു ദൈവഹിതം.

തോമസിന്റെ അവിശ്വാസം ദൈവം ഇഷ്ടപ്പെട്ടില്ല. യേശു പിന്നീടു ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടപ്പോൾ തോമസും അവരോടൊപ്പം ഉണ്ടായിരുന്നു. യേശുവിനെ കണ്ടപ്പോൾ അവൻ യേശുവിൽ വിശ്വസിച്ചു. എന്നാൽ കാഴ്ചയോടൊപ്പം അനുഭവമില്ലാതെ താൻ വിശ്വസിക്കുകയില്ലെന്നവൻ പ്രഖ്യാപിച്ചിരുന്നു. അവൻ ആഗ്രഹിച്ചതായ തെളിവു യേശു അവനു കൊടുത്തു. "എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ" എന്നവൻ വിളിച്ചു. എന്നാൽ അവന്റെ അവിശ്വാസത്തെ ശാസിച്ചുകൊണ്ടവൻ പറഞ്ഞു: "നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു; കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ" (യോഹ. 20:28,29).

## ക്രിസ്തുവിന്റെ കൊലയാളിയുടെ വീഴ്ച

പട്ടണത്തിൽനിന്നു പട്ടണത്തിലേക്കും, ഗ്രാമഗ്രാമാന്തരങ്ങളിലേക്കും വാർത്ത കാട്ടുതീപോലെ പടർന്നപ്പോൾ യെഹൂദ നേതാക്കന്മാർക്കു മരണഭയമുണ്ടായി. ശിഷ്യന്മാരോടുള്ള വിദ്വേഷം അതുകൊണ്ടവർ മറച്ചുവച്ചു. അവരുടെ കള്ള റിപ്പോർട്ടു പ്രചരിപ്പിക്കുക മാത്രമായിരുന്നു അവർക്കു രക്ഷാമാർഗ്ഗം. ഈ കള്ളം സത്യമാകാൻ ആഗ്രഹിച്ചവർ ഇതു വിശ്വസിച്ചു. ക്രിസ്തു ഉയിർത്തെഴുന്നേറ്റുവെന്നു കേട്ടപ്പോൾ പീലാത്തോസു ഞെട്ടിവിറച്ചു. അതു ശരിയാണെന്നവനു ബോദ്ധ്യമുണ്ടായിരുന്നു. ആ നിമിഷം മുതൽ അവന്റെ സമാധാനം നഷ്ടപ്പെട്ടു. ഭൗമികമായ ബഹുമാനത്തിനു വേണ്ടി, തന്റെ അധികാരവും ജീവനും നഷ്ടപ്പെടുമോയെന്നുള്ള ഭയം മൂലം, അവൻ യേശുവിനു മരണശിക്ഷ വിധിച്ചു. ഇപ്പോൾ അവനു മനസ്സിലായി, താൻ ഒരു നിർദ്ദോഷിയുടെ രക്തം സംബന്ധിച്ചു മാത്രമല്ല, ദൈവപുത്രന്റെ രക്തം സംബന്ധിച്ചും കുറ്റക്കാരനായിരിക്കുന്നുവെന്നും, പീലാത്തോസിന്റെ ജീവിതം പിന്നീടു കുറ്റബോധത്താൽ ദുരിതപൂർണ്ണമായിത്തീർന്നു. നിരാശയും ഭീതിയും അവന്റെ മനസ്സിനെ കീഴടക്കി. അവനെ ആശ്വസിപ്പിക്കാൻ ആർക്കും കഴിഞ്ഞില്ല. അവൻ ഏറ്റവും ദയനീയമായ രീതിയിൽ മരിച്ചു.

## ശിഷ്യന്മാരോടൊപ്പം നാല്പതു ദിവസം

ദൈവരാജ്യത്തിന്റെ യാഥാർത്ഥ്യങ്ങളെ കൂടുതൽ വ്യക്തമായി തന്റെ ശിഷ്യന്മാർക്കു വെളിപ്പെടുത്തിക്കൊണ്ട്, അവർക്കു സന്തോഷവും ആനന്ദവും നല്കുന്നവനായി, യേശു നാല്പതു നാൾ അവരോടുകൂടെ ചെലവഴിച്ചു. തന്റെ കഷ്ടപ്പാടുകളെക്കുറിച്ചും, മരണത്തെക്കുറിച്ചും, ഉയർത്തെഴുന്നേല്പിനെക്കുറിച്ചും, അവർ കണ്ടതും കേട്ടതും അനുഭവിച്ചതുമെല്ലാം മറ്റുള്ളവരോടു സാക്ഷീകരിക്കാൻ അവൻ അവർക്കു കല്പന

നല്കി. അവൻ പാപത്തിനു പ്രായശ്ചിത്തമായി എല്ലാ മനുഷ്യർക്കും വേണ്ടി തന്റെ ജീവൻ ബലി നല്കിയെന്നും, ആഗ്രഹിക്കുന്ന ഏതൊരുവനും അവനിൽ വിശ്വസിച്ചാൽ പാപമോചനവും നിത്യജീവനും ലഭിക്കുമെന്നും അവർ എല്ലാവരോടും പറയണമായിരുന്നു. അവർ പീഡിപ്പിക്കപ്പെടുമെന്നും നിരാശരാകുമെന്നും അനുകമ്പയോടെ മുന്നറിയിപ്പു കൊടുത്തു. എന്നാൽ താൻ പറഞ്ഞിട്ടുള്ള വാക്കുകളും, തന്റെ അനുഭവങ്ങളും ഓർമ്മിക്കുമ്പോൾ അവർക്കാശ്വാസം ലഭിക്കും. താൻ സാത്താന്റെ പരീക്ഷകളെ അതിജീവിച്ചു വിജയം വരിച്ചതു കഷ്ടപ്പാടുകളിലൂടെയും വേദനകളിലൂടെയും ആണെന്ന് അവൻ അവരോടു പറഞ്ഞു. ഇനി സാത്താനു തന്റെ മേൽ യാതൊരധികാരവുമില്ല. എന്നാൽ ഇനി അവൻ തന്റെ പരീക്ഷകൾ നേരിട്ട് അവരുടെ മേലും, തന്റെ നാമത്തിൽ വിശ്വസിക്കുന്ന എല്ലാവരുടെമേലും കൊണ്ടുവരും. എന്നാൽ താൻ വിജയിച്ചതുപോലെ അവർക്കും വിജയിക്കാം. അത്ഭുതങ്ങൾ പ്രവർത്തിക്കാനുള്ള ശക്തിയും യേശു തന്റെ ശിഷ്യന്മാർക്കു കൊടുത്തു. ദുഷ്ടന്മാർ അവരെ ഉപദ്രവിക്കുമെങ്കിലും, സമയാസമയങ്ങളിൽ അവരെ രക്ഷിക്കാനായി താൻ തന്റെ ദൂതന്മാരെ അയയ്ക്കും. അവരുടെ ദൗത്യം പൂർത്തീകരിക്കുന്നതുവരെ അവരുടെ ജീവനെടുക്കാൻ അനുവദിക്കുകയില്ല. പിന്നെ അവർ വഹിച്ച സാക്ഷ്യത്തെ അവരുടെ രക്തംകൊണ്ട്, അവർ മുദ്രയിടേണ്ടിവന്നേക്കും.

സന്തുഷ്ടരായ തന്റെ ശിഷ്യന്മാർ അവന്റെ പഠിപ്പിക്കലുകളെ ആകാംക്ഷയോടെ ശ്രദ്ധിച്ചു. അവന്റെ വിശുദ്ധ അധരങ്ങളിൽ നിന്നു പുറപ്പെട്ട ഓരോ വാക്കും അവർ തേൻപോലെ വിഴുങ്ങി. അവൻ ലോകത്തിന്റെ രക്ഷിതാവാണെന്ന് ഇപ്പോൾ അവർക്കു നിശ്ചയമുണ്ടായിരുന്നു. അവന്റെ വാക്കുകൾ അവരുടെ ഹൃദയാന്തർഭാഗത്തേക്കു താണിറങ്ങി. അധികം താമസിയാതെ അവൻ അവരിൽനിന്നു മാറ്റപ്പെടുമെന്നും, പിന്നീട് അവന്റെ തേൻമൊഴികൾ കേൾക്കാൻ കഴിയില്ലെന്നുമുള്ള ചിന്ത അവരെ ദുഃഖിപ്പിച്ചു. താൻ പോയാൽ അവരും തന്നോടുകൂടെ ഇരിക്കേണ്ടതിന്, അവർക്കു വേണ്ടി താൻ സ്ഥലം ഒരുക്കുമെന്നും, വീണ്ടും വന്ന് അവരെ തന്റെയടുക്കൽ ചേർക്കുമെന്നും അവൻ വാഗ്ദത്തം ചെയ്തപ്പോൾ അവരുടെ മുഖം പ്രസന്നമായി. പിന്നീട് അവർക്കെപ്പോഴും തന്നോടുകൂടെ ഇരിക്കാമെന്നും അവൻ ഉറപ്പു കൊടുത്തു. അവരെ എല്ലാ സത്യവും പഠിപ്പിക്കുവാൻ പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ അയയ്ക്കാമെന്നും വാഗ്ദത്തം ചെയ്തു. “പിന്നെയവൻ കൈകളുയർത്തി അവരെ അനുഗ്രഹിച്ചു”(ലൂക്കൊസ് 24:50).

## ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം

യേശു തന്റെ പിതാവിന്റെയടുത്തേക്ക് ആരോഹണം ചെയ്യുന്ന വിജയത്തിന്റെ നാഴികയ്ക്കായി സ്വർഗ്ഗം മുഴുവനും കാത്തിരിക്കുകയായിരുന്നു. മഹത്വത്തിന്റെ രാജാവിനെ സ്വീകരിക്കാനും, സ്വർഗ്ഗത്തിലേക്കുള്ള അവന്റെ

മഹത്വപ്രവേശനത്തിന് അകമ്പടി സേവിക്കാനും ദൂതന്മാർ കടന്നുവന്നു. യേശു തന്റെ ശിഷ്യന്മാരെ അനുഗ്രഹിച്ചശേഷം, അവൻ അവരെ വിട്ടു പിരിഞ്ഞു സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തു. അവൻ മുകളിലേക്കു വഴിതെളിച്ചപ്പോൾ, അവനോടൊപ്പം ഉയിർത്തെഴുന്നേറ്റിരുന്ന വിശുദ്ധന്മാരുടെ സംഘവും അവനെ അനുഗമിച്ചു. സ്വർഗ്ഗീയ ദൂതന്മാരുടെ ഒരു സംഘം അവനെ അനുഗമിച്ചു. സ്വർഗ്ഗത്തിൽ അസംഖ്യം ദൂതന്മാരുടെ സംഘങ്ങൾ അവനായി കാത്തിരുന്നു.

പിന്നെ മുഴുവൻ സ്വർഗ്ഗീയ സംഘവും അവരുടെ മഹാനായ കമാൻഡറെ വലയം ചെയ്യുകയും, വെട്ടിത്തിളങ്ങുന്ന തങ്ങളുടെ കിരീടങ്ങളെ അവന്റെ കാല്ക്കൽ അർപ്പിച്ചുകൊണ്ട്, പൂർണ്ണമായ ആരാധനയിൽ അവന്റെ മുമ്പാകെ ശിരസ്സു നമിക്കുകയും ചെയ്തു. പിന്നെയവർ തങ്ങളുടെ സ്വർണ്ണവീണകൾ മീട്ടി. മാധുര്യമേറിയ ഇമ്പ സംഗീതം സ്വർഗ്ഗത്തിൽ നിറഞ്ഞു. അറുക്കപ്പെട്ട കുഞ്ഞാട്, മഹത്വവും ശക്തിയും ധരിച്ചു വാഴുന്നു, എന്നവർ പാടി.

## വീണ്ടും വരുമെന്നുള്ള വാഗ്ദത്തം

സ്വർഗ്ഗാരോഹണം ചെയ്യുന്ന തങ്ങളുടെ പ്രിയഗുരുവിനെ ദുഃഖിതരായി ഇമവെട്ടാതെ പ്രിയശിഷ്യന്മാർ നോക്കിനില്ക്കുമ്പോൾ, “വെള്ള വസ്ത്രം ധരിച്ച രണ്ടു ദൂതന്മാർ അവരുടെ അടുക്കൽ നിന്നു: ഗലീലാ പുരുഷന്മാരെ, നിങ്ങൾ ആകാശത്തിലേക്കു നോക്കി നില്ക്കുന്നതെന്ത്? നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നേ അവൻ വീണ്ടും വരും എന്നു പറഞ്ഞു” (അ. പ്ര. 1:11). ചുരുങ്ങിയ കാലത്തിനുള്ളിൽ അരങ്ങേറിയ വിചിത്രവും അത്ഭുതകരവുമായ സംഭവങ്ങളെക്കുറിച്ചും യേശുവിന്റെ അത്ഭുതപ്രവൃത്തികളെക്കുറിച്ചും ശിഷ്യന്മാർ സംസാരിച്ചുകൊണ്ടിരുന്നു.

## സാത്താന്റെ കോപം

സാത്താൻ വീണ്ടും തന്റെ അനുയായികളുമായി കൂടിയാലോചിച്ചു. ദൈവത്തിന്റെ ഭരണകൂടത്തിനെതിരേയുള്ള തന്റെ കയ്പേറിയ വിദ്വേഷം നിമിത്തം സാത്താൻ തന്റെ അനുയായികളോടു പറഞ്ഞത്; യേശുവിനു ഭൂമിമേൽ അധികാരം ലഭിച്ചിരിക്കയാൽ, യേശുവിന്റെ അനുയായികൾക്കെതിരെയുള്ള ഉപദ്രവം പതിന്മടങ്ങു വർദ്ധിപ്പിക്കണം. ക്രിസ്തുവിനെതിരെയുള്ള ആക്രമണങ്ങളിൽ ഒരിക്കൽപോലും വിജയം ലഭിച്ചില്ല. എന്നാൽ കഴിയുമെങ്കിൽ അവന്റെ അനുയായികളെ തോല്പിക്കണം. എല്ലാ തലമുറകളിലും യേശുവിൽ വിശ്വസിക്കുന്നവരെ കെണികളിൽ കുടുക്കി തോല്പിക്കാൻ അവർ ശ്രമിക്കണം. പിന്നെ യേശുവിന്റെ അനുയായികളെ നശിപ്പിക്കുവാൻ സാത്താന്റെ ദൂതന്മാർ അലറുന്ന സിംഹങ്ങളെപ്പോലെ പുറപ്പെട്ടു. ●

അദ്ധ്യായം - 10

# ശക്തി

*ഈ അദ്ധ്യായം അപ്പൊസ്തല പ്രവൃത്തികൾ 2 - ാം അദ്ധ്യായം ആസ്പദമാക്കിയുള്ളതാണ്.*

യേശുക്രിസ്തു തന്നെക്കുറിച്ചുള്ള പ്രവചനങ്ങളുടെ അർത്ഥം ശിഷ്യന്മാർക്കു വിവരിച്ചു കൊടുത്തുകൊണ്ടിരുന്നപ്പോൾ സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും തനിക്കു നല്കപ്പെട്ടിരിക്കുന്നുവെന്നും, അവർ ധൈര്യമായി ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കണമെന്നും ആജ്ഞാപിച്ചു. കർത്താവു യെരുശലേമിൽ ദാവീദിന്റെ സിംഹാസനത്തിൽ വാഴും എന്നുള്ള അവരുടെ പഴയ പ്രതീക്ഷ പെട്ടെന്ന് ഒരിക്കൽകൂടി ഉണർന്നു. ശിഷ്യന്മാർ അവനോടു ചോദിച്ചു, "കർത്താവേ, നീ ഇസ്രായേലിനു ഈ കാലത്തിലോ രാജ്യം യഥാസ്ഥാനത്താക്കിക്കൊടുക്കുന്നത്? (അ. പ്ര. 1:7).

പരിശുദ്ധാത്മാവിന്റെ അത്ഭുതകരമായ വരവ്, യേശുക്രിസ്തുവിനെ അംഗീകരിക്കാൻ യെഹൂദജനത്തെ സ്വാധീനിക്കുമെന്നു ശിഷ്യന്മാർ ചിന്തിച്ചുതുടങ്ങി, കർത്താവു കൂടുതലായി വിശദീകരിച്ചില്ല. പരിശുദ്ധാത്മാവു വരുമ്പോൾ അവരുടെ സംശയങ്ങൾ ദുരീകരിക്കുമെന്ന് അവനറിയാ



മായിരുന്നു. അപ്പോൾ അവർ തങ്ങളുടെ മുമ്പിലുള്ള വേലയെന്താണെന്നു ശരിയായി മനസ്സിലാക്കുകയും, താൻ നിർത്തിയ ഇടത്തുനിന്ന് അവർ വേല തുടർന്നു ചെയ്യുകയും ചെയ്യും.

ശിഷ്യന്മാർ മാളിക മുറിയിൽ ഒരുമിച്ചുകൂടി യേശുക്രിസ്തുവിന്റെ സഹോദരന്മാരോടും, അമ്മയോടും, വിശുദ്ധ സ്ത്രീകളോടുമൊപ്പം, ഒരുമിച്ചിരുന്നു പ്രാർത്ഥിച്ചു. ഈ സഹോദരന്മാർ നേരത്തെ അവിശ്വാസികളായിരുന്നെങ്കിലും; ക്രൂശീകരണവും, ഉയിർത്തെഴുന്നേല്പും, യേശുവിന്റെ സ്വർഗ്ഗാരോഹണവും കണ്ടശേഷം അവർ വിശ്വാസത്തിൽ ഉറച്ചു. ഏകദേശം നൂറ്റിയിരുപതു പേർ ആ പ്രാർത്ഥനാമുറിയിൽ ഒരുമിച്ചുകൂടിയിരുന്നു.

## പരിശുദ്ധാത്മാവിന്റെ വരവ്

പെന്തെക്കോസ്തു നാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ചുകൂടിയിരുന്നു പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തുനിന്ന് ഒരു മുഴക്കം ഉണ്ടായി, അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറച്ചു. അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാവു നിറഞ്ഞവരായി. ആത്മാവ് അവർക്കുച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചുതുടങ്ങി. പരിശുദ്ധാത്മാവ്, തീജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകളുടെ രൂപത്തിൽ ഇറങ്ങിവന്ന്, പ്രാർത്ഥിച്ചുകൊണ്ടിരുന്ന ആളുകളുടെമേൽ ആവസിച്ചു. അവർ മുമ്പു പഠിച്ചിട്ടില്ലാത്ത വിവിധ ഭാഷകളിൽ , ഇപ്പോൾ അനായാസം സംസാരിക്കാനുള്ള ദൈവാനുഗ്രഹം ലഭിച്ചിരിക്കുന്നു എന്നതിന്റെ അടയാളമായിരുന്നു പിളർന്ന നാവുകൾ. ഇനി അവരുടെ പ്രവർത്തനത്തിന്റെ വേഗതയും, വാക്കുകളിൽ നിന്നു പുറപ്പെടാൻ പോകുന്ന ശക്തിയുമാണു തീജ്വാല സൂചിപ്പിച്ചത്.

ഈ സ്വർഗ്ഗീയ വെളിച്ചത്തിൽ, കർത്താവ് അവർക്കു വിവരിച്ചു കൊടുത്തിരുന്ന വേദഭാഗങ്ങൾ വ്യക്തവും ശക്തവുമായ സത്യത്തിന്റെ നൈർമ്മല്യത്തിൽ, അവരുടെ മനസ്സുകളിൽ വിളങ്ങിനിന്നു. കർത്താവു ക്രൂശിൽ നിവർത്തിയാക്കിയതെന്താണെന്ന് ഇപ്പോൾ അവർക്കു വ്യക്തമായി. ക്രിസ്തുവിന്റെ ദൗത്യത്തിന്റെ ഉദ്ദേശവും, അവന്റെ രാജ്യത്തിന്റെ പ്രകൃതവും ഇപ്പോൾ അവർക്കു ശരിക്കും മനസ്സിലായി.

## പെന്തെക്കോസ്തിന്റെ ശക്തിയിൽ

യെഹൂദന്മാർ എല്ലാ ലോകരാജ്യങ്ങിലേക്കും ചിതറിപ്പോയിരുന്നു. അതുകൊണ്ട് ഓരോ രാജ്യങ്ങളിൽ പാർത്തിരുന്നവർ അതാതു ദേശത്തെ ഭാഷയായിരുന്നു സംസാരിച്ചിരുന്നത്. അവർ ഒരുപാടു ദൂരം യാത്ര ചെയ്താണ്; യെരൂശലേമിൽ വഴിപാടുകൾ അർപ്പിക്കാനും, പെരുന്നാളുകളിൽ പങ്കുകൊള്ളാനുമായി, പ്രിയപ്പെട്ടവരുടെ വീടുകളിൽ അതിഥികളായി പാർക്കുന്നതിനും, അക്കാലത്ത് അറിയപ്പെട്ട എല്ലാ ഭാഷക്കാരും അവിടെ



ആരാധനക്കെത്തിയിരുന്നു. ലോകത്തിന്റെ വിവിധ ദേശങ്ങളിലേക്കു ക്രിസ്തുവിന്റെ സന്ദേശമെത്തിക്കാൻ, ഈ ഭാഷാ വൈവിദ്ധ്യം, കർത്താവിന്റെ വേലക്കാർക്ക് ഒരു തടസ്സമായിരുന്നു. എന്നാൽ അപ്പൊസ്തലന്മാരുടെ പ്രശ്നം ദൈവം അത്ഭുതകരമായി പരിഹരിച്ചു. അവിടെ കൂടിവന്ന ആളുകൾക്ക്, ഇതു ദൈവിക പ്രവർത്തനമാണെന്നുള്ളതിന്റെ വ്യക്തമായ തെളിവായിരുന്നു ഭാഷാവരം. ഒരു ജീവിതകാലം മുഴുവൻ പ്രയത്നിച്ചാലും നേടാൻ കഴിയാത്തത്, പരിശുദ്ധാത്മാവ് അന്നവർക്കു നിർവഹിച്ചു കൊടുത്തു. ഇപ്പോഴവർക്കു സുവിശേഷം ദേശദേശാന്തരങ്ങളിലേക്കു കൊണ്ടുപോകാൻ വഴിതെളിഞ്ഞു. ഏതൊരു പ്രദേശത്തുള്ള ആളുകളുടെ ഭാഷയും തെറ്റു കൂടാതെ ഒഴുക്കോടെ സംസാരിക്കാൻ പരിശുദ്ധാത്മാവ് അവരെ ശക്തീകരിച്ചിരിക്കുന്നു. ലോകത്തിന്റെ മുമ്പാകെ, അവരുടെ ദൗത്യം ദൈവഹിത പ്രകാരമുള്ളതാണെന്നുള്ളതിന്റെ വ്യക്തമായ തെളിവായിരുന്നു, ഈ അത്ഭുതകരമായ ഭാഷാവരം.

“അന്ന് ആകാശത്തിൻ കീഴിലുള്ള സകല ജാതികളിൽ നിന്നും യെരൂശലേമിൽ വന്നു പാർക്കുന്ന യെഹൂദന്മാരായ ഭക്തിയുള്ള പുരുഷന്മാർ ഉണ്ടായിരുന്നു. ഈ മുഴക്കം ഉണ്ടായപ്പോൾ പുരുഷാരം വന്നുകൂടി, ഓരോരുത്തൻ താന്താന്റെ ഭാഷയിൽ അവർ സംസാരിക്കുന്നതു കേട്ടു അമ്പരന്നുപോയി. എല്ലാവരും ഭ്രമിച്ചു ആശ്ചര്യപ്പെട്ടു: ഈ സംസാരിക്കുന്നവർ എല്ലാം ഗലീലക്കാർ അല്ലയോ? പിന്നെ നാം ഓരോരുത്തൻ ജനിച്ച നമ്മുടെ സ്വന്തഭാഷയിൽ അവർ സംസാരിച്ചു കേൾക്കുന്നത് എങ്ങനെ?”എന്ന് അന്യോന്യം ചോദിച്ചു.

ഈ വാർത്ത യെരൂശലേമിലും ചുറ്റുവട്ടത്തും കാട്ടുതീപോലെ പടർന്നു. പുരോഹിതന്മാരും, മൂപ്പന്മാരും, ഭരണാധിപന്മാരുമെല്ലാം കോപാകുലരായി. എങ്കിലും അവരുടെ ഹൃദയങ്ങളിലെ ദുഷ്ടലക്ഷ്യങ്ങൾ പെട്ടെന്നു പുറത്തെടുക്കാൻ അവർ ഭയപ്പെട്ടു. ജനങ്ങൾ തങ്ങൾക്കെതിരെ തിരിയുമോ എന്നവർ ഭയപ്പെട്ടു. ഗുരുവിനെ അവർ കൊലപ്പെടുത്തി. എന്നാൽ ഇവിടെ ഇപ്പോൾ, അവന്റെ ശിഷ്യന്മാരായ, വെറും സാധാരണക്കാരായ ഗലീലാപുരുഷന്മാർ, പ്രവചനത്തിന്റെ അത്ഭുതകരമായ നിറവേറൽ വിവരിച്ചുകൊണ്ടു, യേശുവിനെക്കുറിച്ചുള്ള സത്യം, അന്ന് അറിയപ്പെട്ട എല്ലാ ലോകഭാഷകളിലും പഠിപ്പിക്കുന്നു. രക്ഷിതാവിന്റെ അത്ഭുതപ്രവൃത്തികളെക്കുറിച്ച് അവർ ശക്തമായി സംസാരിച്ചു. ദൈവപുത്രന്റെ യാഗത്തിലും

കരുണയിലും നിറവേറിയിരിക്കുന്ന രക്ഷാപദ്ധതിയുടെ മർമ്മങ്ങളെ അവർ കേൾവിക്കാർക്കു നന്നായി വിവരിച്ചുകൊടുത്തു. അവരുടെ പ്രസംഗം കേട്ടുകൊണ്ടിരുന്ന ആയിരക്കണക്കിനാളുകൾ കുറ്റബോധമുള്ളവരാകുകയും മാനസാന്തരപ്പെടുകയും ചെയ്തു. പുരോഹിതന്മാർ പഠിപ്പിച്ചിരുന്ന പാരമ്പര്യങ്ങളും കെട്ടുകഥകളും അവർ ദൂരെയെറിഞ്ഞു. ദൈവവചനത്തിലെ നിർമ്മലമായ ഉപദേശങ്ങൾ അവർ സ്വീകരിച്ചു.

## പത്രൊാസിന്റെ പ്രസംഗം

അവർ കണ്ടുകൊണ്ടിരിക്കുന്നത് യോവേൽ പ്രവചന നിവൃത്തിയാണെന്നു പത്രൊാസ് അവരോടു വിവരിച്ചു. ഒരു പ്രത്യേക വേല ചെയ്തു തീർക്കേണ്ടിവരുമ്പോൾ വേലക്കാരെ അതിനായി പ്രാപ്തരാക്കുവാൻ പരിശുദ്ധാത്മാവിന്റെ പ്രത്യേക അഭിഷേകം ഉണ്ടാകുമെന്നു യോവേൽ പ്രവാചകൻ പ്രവചിച്ചിരുന്നു.

യേശുക്രിസ്തുവിന്റെ പിതൃപാരമ്പര്യം ബഹുമാന്യനായ ദാവീദു രാജാവിന്റെ ഭവനത്തിൻ നിന്നുള്ളതാണെന്നു പത്രൊാസു പ്രസ്താവിച്ചു. തന്റെ വാദങ്ങളെ ന്യായീകരിക്കാൻ യേശുക്രിസ്തുവിന്റെ ഏതെങ്കിലും പഠിപ്പിക്കലുകളൊ പ്രവൃത്തികളൊ പത്രൊാസ് എടുത്ത് ഉദ്ധരിച്ചില്ല. അവനോടുള്ള യെഹൂദന്മാരുടെ വിദ്വേഷം എത്ര വലുതാണെന്നു പത്രൊാസിനറിയാമായിരുന്നു അത്തരം ഉദ്ധരണികൾ ഗുണത്തേക്കാളേറെ ദോഷം ചെയ്യുമെന്ന് അവൻ മനസ്സിലാക്കി. എന്നാൽ അവൻ, എല്ലാ യെഹൂദന്മാരും അവരുടെ രാജ്യത്തിന്റെ ഒരു വലിയ പൂർവ്വ പിതാവായി ബഹുമാനിക്കുന്ന ദാവീദിങ്കലേക്ക്, അവരുടെ ശ്രദ്ധ തിരിച്ചു. പത്രൊാസു പറഞ്ഞു:

ദാവീദ് അവനെക്കുറിച്ചു പറഞ്ഞിരിക്കുന്നത്: "ഞാൻ കർത്താവിനെ എപ്പോഴും എന്റെ മുമ്പിൽ കണ്ടിരിക്കുന്നു; അവൻ എന്റെ വലതു ഭാഗത്ത് ഇരിക്കയാൽ ഞാൻ കുലുങ്ങിപ്പോകയില്ല. അതുകൊണ്ട് എന്റെ ഹൃദയം സന്തോഷിച്ചു, എന്റെ നാവ് ആനന്ദിച്ചു, എന്റെ ജഡവും പ്രത്യാശയോടെ വസിക്കും. നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല നിന്റെ പരിശുദ്ധനെ ദ്രവത്വം കാണാൻ സമ്മതിക്കയുമില്ല."

ഇവിടെ ദാവീദു തന്നെക്കുറിച്ചല്ല പറഞ്ഞത് എന്നു പത്രൊാസ് സമർത്ഥിച്ചു. അതു യേശുവിനെക്കുറിച്ചുള്ള ഒരു പ്രവചനമായിരുന്നു. ദാവീദും മറ്റു മനുഷ്യരെപ്പോലെ തന്നെയാണു മരിച്ചതും അടക്കപ്പെട്ടതും. അവന്റെ കല്ലറ, ഈ കാലംവരെ നല്ല രീതിയിൽ സംരക്ഷിച്ചിരിക്കുകയാണ് ഒരു പ്രവാചകനെന്ന നിലയിലും ഇസ്രായേലിലെ രാജാവെന്ന നിലയിലും ദാവീദിനെ ദൈവം പ്രത്യേകമായി ബഹുമാനിച്ചിരുന്നു. പ്രവാചക ദർശനത്തിൽ ക്രിസ്തുവിന്റെ ഭാവിജീവിതത്തെയും ശുശ്രൂഷയെയും ദൈവം അവനു കാണിച്ചു കൊടുത്തു. യെഹൂദന്മാർ അവനെ തള്ളിക്കളയുന്നതും, ന്യായവിസ്താരവും, ക്രൂശീകരണവും, അടക്കവും, പുനരുത്ഥാനവും, സ്വർഗ്ഗാരോഹണവും, ദാവീദിന്റെ ദർശനത്തിൽ കണ്ടു.



ക്രിസ്തുവിന്റെ പ്രാണനെ പാതാളത്തിൽ (ശവക്കുഴിയിൽ) വിട്ടുകളയുകയില്ലെന്നു, അവന്റെ ശരീരം ദ്രവത്വം കാണുകയില്ലെന്നും, ദാവീദു സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. നസ്രായനായ യേശു ഈ പ്രവചനം നിവർത്തിയാക്കിയെന്നു പത്രോസു കാണിച്ചുകൊടുത്തു. അവന്റെ ശരീരം ദ്രവിക്കാനാരംഭിക്കുന്നതിനു മുമ്പുതന്നെ, ദൈവം അവനെ കല്ലറയിൽ നിന്ന് എഴുന്നേല്പിച്ചു. അവനിപ്പോൾ സ്വർഗ്ഗത്തിൽ ഏറ്റവും ഉന്നതനായ പിതാവിനോടുകൂടെയിരിക്കുന്നു.

മറക്കാനാവാത്ത ആ സന്ദർഭത്തിൽ, ധാരാളം ആളുകൾ സത്യം ഗ്രഹിച്ചു, യേശുവിനെ തങ്ങളുടെ രക്ഷിതാവായി സ്വീകരിച്ചു. യേശുവിനെപ്പോലുള്ള ഒരു സാധാരണക്കാരൻ എങ്ങനെ ദൈവപുത്രനാകും എന്നായിരുന്നു ഇതുവരെ ജനങ്ങളുടെ സംശയം. അന്നു മൂവായിരം പേർ സഭയോടു ചേർന്നു. അപ്പൊസ്തലന്മാർ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ സംസാരിച്ചപ്പോൾ, ആർക്കും അവരോടു വാദിച്ചു ജയിക്കാൻ സാധിച്ചില്ല. പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ അവർ ചെയ്ത അത്ഭുതങ്ങൾ, അവരുടെ ദൂതുകളെ ഉറപ്പിച്ചു. ദൈവശക്തിയുടെ പ്രകടനത്തിന്റെ ഫലങ്ങൾ കണ്ടും, പെട്ടെന്നു ധാരാളം ആളുകൾ വിശ്വാസം സ്വീകരിക്കുന്നതു കണ്ടും, ശിഷ്യന്മാർ തന്നെ ആശ്ചര്യര്യപ്പെട്ടു. ജനങ്ങളെല്ലാം അത്ഭുതപ്പെട്ടു. തങ്ങളുടെ മുൻവിധിയും പണത്തോടുള്ള ആർത്തിയും വിട്ടുകളയാൻ മടിച്ചവരുപോലും വല്ലാതെ പേടിച്ചുപോയി. അതുകൊണ്ടവരും വാക്കുകൾ കൊണ്ടോ അക്രമം കൊണ്ടോ ദൈവവേലയെ തടസ്സപ്പെടുത്താൻ ശ്രമിച്ചില്ല. തല്ക്കാലത്തേക്കവരുടെ എതിർപ്പു ശമിച്ചതുപോലെ കാണപ്പെട്ടു.

അത്രയേറെ തെളിവുകളുണ്ടായിട്ടും ചെറുത്തു നിന്നതായ യെഹൂദന്മാരുടെ മുൻവിധി അകറ്റാൻ അപ്പൊസ്തലന്മാരുടെ വാദഗതികൾ കൊണ്ടു മാത്രം സാധിക്കില്ലായിരുന്നു. പരിശുദ്ധാത്മാവ് അവരുടെ ഹൃദയങ്ങളി

ലേക്കു ദിവ്യശക്തിയോടുകൂടി ആ സത്യങ്ങൾ കടത്തിവിട്ടു അവ സർവ്വ ശക്തന്റെ മൂർച്ചയേറിയ അസ്ത്രങ്ങൾപോലെ ഹൃദയങ്ങളിൽ തറച്ചു. മഹത്വത്തിന്റെ കർത്താവിനെ തള്ളിക്കളഞ്ഞതും ക്രൂശിച്ചതും എത്ര ഭയങ്കര പാപമായിപ്പോയി എന്ന് അവരുടെ ഹൃദയങ്ങളിൽ കുത്തുകൊണ്ടു. "ഇതു കേട്ടിട്ട് അവർ ഹൃദയത്തിൽ കുത്തുകൊണ്ടു പത്രൊസിനോടും ശേഷം അപ്പൊസ്തലന്മാരോടും: "സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചു". പത്രൊസ് അവരോടു: "നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും," എന്നു പറഞ്ഞു.

പുരോഹിതന്മാരും മൂപ്പന്മാരും അവരെ വഞ്ചിച്ചതുകൊണ്ടാണ്, അവർ ക്രിസ്തുവിനെ വിശ്വസിക്കാതിരുന്നതെന്ന്, മാനസാന്തരപ്പെട്ട ജനങ്ങൾക്കു പത്രൊസു ചൂണ്ടിക്കാണിച്ചുകൊടുത്തു. അങ്ങനെയുള്ള നേതാക്കന്മാരോട് അഭിപ്രായമാരാഞ്ഞ ശേഷമോ, അവർ ക്രിസ്തുവിനെ സ്വീകരിച്ച ശേഷമോ ക്രിസ്തുവിൽ വിശ്വാസിക്കാമെന്നു വിചാരിച്ചാൽ, ഒരിക്കലും അവർ ക്രിസ്തുവിൽ വിശ്വസിക്കാനിടവരില്ല. വലിയവരായ ഈ ആളുകൾ വിശുദ്ധി നടിച്ചെങ്കിലും, ഭൗമികമായ ധനത്തിനും മഹത്വത്തിനും വേണ്ടി അത്യാർത്തിയുള്ളവരായിരുന്നു. അവർ ഒരിക്കലും ക്രിസ്തുവിന്റെ അടുത്തു വന്നു വെളിച്ചം സ്വീകരിക്കുകയില്ല. യേശു ദൈവപുത്രനാണെന്നുള്ളതിന്റെ ഏറ്റവും ശക്തമായ തെളിവുകൾ കൊടുത്തിട്ടും, മനഃപൂർവ്വം ഹൃദയം കഠിനപ്പെടുത്തി അവിശ്വാസത്തിലുറച്ചുനിന്ന അത്തരം ആളു



കൾക്ക്, അതികഠിനമായ ഒരു പ്രത്യേകതരം ശിക്ഷാവിധി ഉണ്ടാകാമെന്നു യേശു മുൻകൂട്ടി പ്രവചിച്ചു.

ഈ സമയം മുതൽ ശിഷ്യന്മാർ അവരുടെ മാതൃഭാഷ സംസാരിച്ചാലും, ഒരു വിദേശഭാഷ സംസാരിച്ചാലും, അവരുടെ ഭാഷ ശുദ്ധവും ലളിതവും യാതൊരുവിധമായ തെറ്റും ഇല്ലാത്തതുമായിരുന്നു. പ്രവചകന്മാരുടെ വിദ്യാലയത്തിൽ പഠിച്ചിട്ടില്ലാത്ത സാധാരണക്കാരായ ഈ ആളുകൾ, തിരുവചനസത്യങ്ങൾ ശുദ്ധമായും ഗഹനമായും അവതരിപ്പിക്കുന്നതു കേട്ടപ്പോൾ ആളുകൾ അത്ഭുതപ്പെട്ടുപോയി. അവർക്കു ലോകത്തിന്റെ എല്ലാ ഭാഗത്തേക്കും നേരിട്ടു പോകാൻ സാധിക്കുകയില്ലായിരുന്നു. എന്നാൽ ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നുള്ള ആളുകൾ പെരുന്നാളിനു വന്നിരുന്നു. അവർ ഈ അത്ഭുതസത്യങ്ങൾ അവരുടെ ദേശത്തു കൊണ്ടുപോയി ആളുകൾക്കിടയിൽ പ്രചരിപ്പിച്ചു, ക്രിസ്തുവിങ്കലേക്ക് ആളുകളെ ആദായപ്പെടുത്തി.

## നമുക്കൊരു ഗുണപാഠം

ക്രിസ്തീയസഭയുടെ സ്ഥാപനത്തെക്കുറിച്ച്, ഈ സാക്ഷ്യം നമുക്കു വിശുദ്ധ ചരിത്രത്തിന്റെ ഒരു ഭാഗമായിരിക്കുമെന്നു മാത്രമല്ല, ഒരു ഗുണപാഠവും കൂടിയാണ്. ക്രിസ്തുവിന്റെ നാമം ധരിക്കുന്നവർ ഏകമനസ്സോടെ കാത്തിരുന്നു പ്രാർത്ഥിക്കണം. നമ്മൾ അഭിപ്രായ ഭിന്നതകളെല്ലാം ദൂരെയെറിഞ്ഞിട്ട്, അന്യോന്യമുള്ള നിർമ്മലമായ സ്നേഹത്തിലും ഐക്യതയിലും ഒരുമിച്ചുവരണം. അപ്പോൾ നമ്മുടെ പ്രാർത്ഥനകൾ ശക്തമായ വിശ്വാസത്തിൽ പിതാവിന്റെ അടുക്കലേക്ക് ഒരുമിച്ചു കയറിപോകും. പിന്നെ നമ്മൾ വാഗ്ദത്ത നിവൃത്തിക്കായി ക്ഷമയോടെ പ്രത്യാശയോടെ കാത്തിരിക്കണം.

പ്രാർത്ഥനയുടെ ഉത്തരം ചിലപ്പോൾ വൻവേഗതയിൽ അതീവ ശക്തിയോടെ വന്നെന്നിരിക്കും. ചിലപ്പോൾ ആഴ്ചകളോളം കാത്തിരിക്കേണ്ടിവരും, നമ്മുടെ വിശ്വാസം പരീക്ഷിക്കപ്പെടാം. എന്നാൽ നമ്മുടെ പ്രാർത്ഥനയ്ക്ക് എപ്പോൾ എങ്ങനെ ഉത്തരം തരണമെന്നു ദൈവത്തിനറിയാം. ദൈവീകമായ പാതയിൽ ബന്ധപ്പെട്ടിരിക്കുകയെന്നുള്ളതാണു നമ്മുടെ ചുമതല. തന്റെ ഭാഗം നിർവ്വഹിക്കാൻ ദൈവം ബാദ്ധ്യസ്ഥനാണ്. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനാണ്. എല്ലാ അസൂയയും പിണക്കവും ദൂരെയകറ്റി ഏകമനസ്സോടെ ഏക ഹൃദയത്തോടും കൂടെ ശ്രദ്ധയോടെ കാത്തിരിക്കുക എന്നുള്ളതാണ്, നമ്മുടെ ഭാഗത്തുനിന്നുള്ള ഏറ്റവും വലുതും പ്രധാനവുമായ കാര്യം. നമ്മുടെ പ്രതിനിധിയും നേതാവുമായ യേശു, പെന്തെക്കോസ്തുനാളിൽ കാത്തിരുന്നു പ്രാർത്ഥിച്ച ശിഷ്യന്മാർക്കു വേണ്ടി ചെയ്തത്, ഇന്നു നമുക്കുവേണ്ടിയും ചെയ്യാൻ തയ്യാറാണ്. ●

അദ്ധ്യായം - 11

# വിശ്വാസ ത്യാഗം

യെരൂശലേമിന്റെ നാശത്തെക്കുറിച്ചും, തന്റെ രണ്ടാം വരവിന്റെ അടയാളങ്ങളെക്കുറിച്ചും, യേശു തന്റെ ശിഷ്യന്മാരോടു സംസാരിച്ചപ്പോൾ, താൻ അവരെ വിട്ടുപിരിയുമ്പോൾ മുതൽ, അവരെ വിടുവിക്കാനായി ശക്തിയിലും മഹത്വത്തിലും മടങ്ങിവരുന്നതുവരെ, തന്റെ ജനത്തിന്റെ അനുഭവമെന്തായിരിക്കുമെന്നും മുന്നറിയിപ്പു കൊടുത്തു. അപ്പൊസ്തലന്മാർ സ്ഥാപിക്കുന്ന സഭയുടെമേൽ ആഞ്ഞടിക്കാൻ പോകുന്ന കൊടുങ്കാറ്റുകളെ ഒലിവുമലയിൽ നിന്നുകൊണ്ടു കർത്താവു കണ്ടു. ഭാവിയിലേക്കു മുന്നോട്ടു നോക്കിയപ്പോൾ വരാനിരിക്കുന്ന അന്ധകാര കാലഘട്ടങ്ങളിൽ തന്റെ അനുയായികളുടെമേൽ വീശാൻ പോകുന്ന ഭയാനകവും നാശകരവുമായ പീഡനത്തിന്റെ ചുഴലിക്കാറ്റുകളും അവൻ ദർശിച്ചു. ദൈവത്തിന്റെ സഭയുടെമേൽ ഈ ലോകത്തിന്റെ ഭരണാധികാരികൾ വരുത്താൻ പോകുന്ന കഷ്ടതകളേക്കുറിച്ച്, ഭയാനകമായ പ്രാധാന്യമുള്ള ചില ചെറു പ്രസ്താവനകളും യേശു ചെയ്തു. ക്രിസ്തുവിന്റെ അനുയായികളും അവരുടെ ഗുരു കടന്നുപോയതായ ലജ്ജയുടെയും, കുറ്റാരോപണങ്ങളുടേയും, കഷ്ടപ്പാടിന്റെയും പാതയിലൂടെ കടന്നു പോയേ മതിയാവൂ. ലോകത്തിന്റെ രക്ഷിതാവിന്റെ നേരെ പൊട്ടിപ്പുറപ്പെട്ട വിദ്വേഷം, അവന്റെ നാമത്തിൽ വിശ്വസിക്കുന്ന എല്ലാവരുടെ നേരെയും ഉണ്ടാകും.

രക്ഷിതാവിന്റെ വാക്കുകൾ സത്യമായിരുന്നുവെന്ന് ആദിമ സഭയുടെ ചരിത്രം സാക്ഷിക്കുന്നു. ക്രിസ്തുവിന്റെ അനുയായികൾക്കെതിരെ ഭൂലോകത്തിന്റെയും പാതാളത്തിന്റെയും ശക്തികൾ ഒരുമിച്ചെതിർത്തു. സുവിശേഷം വിജയിച്ചാൽ തങ്ങളുടെ ക്ഷേത്രങ്ങളും പൂജാഗിരികളുമെല്ലാം ഇല്ലാതാകുമെന്ന് അജ്ഞാന മതക്കാർക്കറിയാമായിരുന്നു. അതുകൊണ്ടു ക്രിസ്ത്യാനിത്വത്തെ നശിപ്പിക്കാൻ അവർ തന്റെ സർവ്വശക്തിയും പ്രയോഗിച്ചു. പീഡനത്തിന്റെ തീജ്വാലകൾ ആളിക്കത്തി. ക്രിസ്ത്യാനികളുടെ സ്വത്തുക്കൾ പിടിച്ചെടുക്കുകയും, അവരെ വീടുകളിൽ നിന്ന് ഓടിച്ചുവിടുകയും ചെയ്തു. അവർ “നിന്ദകളാലും പീഢകളാലും കൂത്തുകാഴ്ചയായി ഭവിച്ചു.” “ചിലർ പരിഹാസം, ചമ്മട്ടി, ചങ്ങല, തടവ്, ഇവയാലുള്ള പരീക്ഷ അനുഭവിച്ചു.”(എബ്രാ. 10:32, 11:36). അനേകം ആളുകൾ അവരുടെ സാക്ഷ്യത്തെ തങ്ങളുടെ രക്തം കൊണ്ടു മുദ്രയിട്ടു. പ്രഭുക്കന്മാരും അടിമകളും, ധനികരും ദരിദ്രരും, വിദ്യാസമ്പന്നരും വിദ്യാവിഹീനരും, എല്ലാവരും ഒരുപോലെ നിഷ്കരുണം കൊല്ലപ്പെട്ടു.

ക്രിസ്തുവിന്റെ സഭയെ അക്രമത്തിലടെ നശിപ്പിക്കാനുള്ള സാത്താന്റെ ശ്രമങ്ങൾ നിഷ്ഫലമായി. യേശുവിന്റെ ശിഷ്യന്മാർ തങ്ങളുടെ ജീവൻ ബലിയർപ്പിച്ചതായ വൻപോരാട്ടം, ഈ വിശ്വസ്തരായ പതാകാവാഹകർ വീഴ്ത്തപ്പെട്ടപ്പോൾ അവസാനിച്ചില്ല. പരാജയത്തിലൂടെ അവർ ആക്രമിച്ചു കീഴ്പ്പെടുത്തി. ദൈവത്തിന്റെ വേലക്കാർ കൊല്ലപ്പെട്ടു. എന്നാൽ അവന്റെ വേല നിർവിഘ്നം മുന്നേറി. സുവിശേഷം പടർന്നുകൊണ്ടേയിരുന്നു. ക്രിസ്ത്യാനികളുടെ സംഖ്യ വർദ്ധിച്ചുകൊണ്ടുമിരുന്നു. ശിഷ്യന്മാർക്കു കടന്നു ചെല്ലാൻ സാധിക്കാത്ത ഇടങ്ങളിലേക്കു കൂടി സുവിശേഷം തുളച്ചു കയറി. റോമൻ പട്ടാളത്തിലും അനേകർ ക്രിസ്ത്യാനികളായി. പീഡനമുറകളുമായി മുന്നിട്ടു നിന്ന ജാതികളുടെ രാജാക്കന്മാരോട് ഒരു ക്രിസ്ത്യാനി പറഞ്ഞു: “നിങ്ങൾ ഞങ്ങളെ കൊന്നുകളഞ്ഞേക്കാം, പീഡിപ്പിച്ചേക്കാം, കുറ്റം വിധിച്ചേക്കാം... ഞങ്ങൾ നിഷ്കളങ്കരാണെന്നുള്ളതിന്റെ തെളിവു നിങ്ങളുടെ അന്യായമാണ്... നിങ്ങളുടെ ക്രൂരത... നിങ്ങളെ സഹായിക്കില്ല.” മറ്റുള്ളവരെ ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്കു നയിക്കാൻ ഇതൊരു നല്ല ഉപകരണമായി. “നിങ്ങൾ ഞങ്ങളെ കൂടുതലായി കൊല്ലുന്തോറും, ഞങ്ങൾ എണ്ണത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു; ക്രിസ്ത്യാനികളുടെ രക്തം മുളപൊട്ടുന്ന വിത്തുകളാണ്.”

ആയിരക്കണക്കിനാളുകളെ തുറങ്കിലടക്കുകയും കൊല്ലുകയും ചെയ്തു; എന്നാൽ അവരുടെ ഒഴിവു നികത്തുവാൻ വേറെ ആളുകൾ കടന്നുവന്നു. വിശ്വാസത്തിനുവേണ്ടി രക്തസാക്ഷികളായവർ ക്രിസ്തുവിങ്കലേക്കു ചേർക്കപ്പെട്ടു; അവൻ അവരെ വിജയികളായി കണക്കാക്കി. അവർ നല്ലപോർ പൊരുതിയിരിക്കുന്നു, ക്രിസ്തു വരുമ്പോൾ അവർ മഹത്വത്തിന്റെ കിരീടം പ്രാപിക്കും. ക്രിസ്ത്യാനികൾ അനുഭവിച്ചതായ കഷ്ടതകൾ അവരെ തമ്മിൽ തമ്മിലും ക്രിസ്തുവിനോടും കൂടുതലായി അടുപ്പിച്ചു. അവരുടെ ജീവിതത്തിന്റെ മാതൃകയും മരണ സാക്ഷ്യവും സത്യത്തിനുവേണ്ടിയുള്ള നിരന്തരമായ സാക്ഷീകരണമായിരുന്നു. ഒരിക്കലും പ്രതീക്ഷിക്കാത്ത തരത്തിൽ സാത്താന്റെ പ്രജകൾ അവന്റെ സേവനം മതിയാക്കിയിട്ടു ക്രിസ്തുവിന്റെ കൊടിക്കീഴിൽ അണിനിരന്നു.

## അന്യമതങ്ങളുമായുള്ള ഒത്തുതീർപ്പ്

സാത്താൻ അതുകൊണ്ടു ദൈവത്തിന്റെ ഭരണകൂടത്തിനെതിരേയുള്ള യുദ്ധം, ക്രിസ്തീയസഭയ്ക്കുള്ളിൽ തന്റെ കൊടി ഉയർത്തിക്കൊണ്ട്, കൂടുതൽ വിജയകരമായി നടത്താനുള്ള പ്ലാനുകൾ തയ്യാറാക്കി. ക്രിസ്തുവിന്റെ അനുയായികളെ വഞ്ചിച്ചു ദൈവത്തിന്റെ അപ്രീതിക്കു പാത്രമാക്കാൻ സാധിച്ചാൽ; അവരുടെ ശക്തിയും, സഹിഷ്ണുതയും, ധൈര്യവും നഷ്ടപ്പെടും. അപ്പോൾ അവർ സാത്താന്റെ മുമ്പിൽ നിസ്സാര ഇരകളായി മാറും.

ശക്തികൊണ്ടു നേടാൻ പരാജയപ്പെട്ടതു വഞ്ചനകൊണ്ടു നേടാൻ വലിയവനായ ശത്രു ശ്രമം തുടങ്ങി. പീഢനം അവസാനിച്ചു. അതിന്റെ സ്ഥാനത്തു താല്ക്കാലിക അഭിവൃദ്ധിയുടെയും ലൗകിക ബഹുമാനങ്ങളുടേയും ആകർഷണങ്ങൾ സാത്താൻ പകരം വെച്ചു. വിഗ്രഹാരാധികൾ ക്രിസ്തീയ വിശ്വാസത്തിന്റെ ഒരു ഭാഗം സ്വീകരിക്കുകയും, പ്രാധാനപ്പെട്ട സത്യങ്ങൾ ഉപേക്ഷിക്കുകയും ചെയ്തു. അവർ യേശുവിനെ ദൈവപുത്രനായി അംഗീകരിക്കുന്നതായും, അവന്റെ മരണത്തിലും ഉയിർപ്പിലും വിശ്വസിക്കുന്നതായും അവകാശപ്പെട്ടു. എന്നാൽ അവർക്കു പാപബോധമില്ലായിരുന്നു. അനുതാപത്തിന്റെയോ ഹൃദയരൂപാന്തരത്തിന്റെയോ യാതൊരാവശ്യബോധവും അവർക്കില്ലായിരുന്നു. എല്ലാവരും ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ഒരേ ഫ്ളാറ്റു ഫോമിൽ ഒന്നിച്ചണിനിരക്കേണ്ടതിന്, ഇരുകൂട്ടരും കുറെ വിട്ടുവീഴ്ചകൾ ചെയ്യണമെന്നവർ നിർദ്ദേശിച്ചു.

ഇപ്പോൾ സഭ ഭയാനകമായ അപകടത്തിൽ അകപ്പെട്ടു. ഇതുമായി താരതമ്യം ചെയ്യുമ്പോൾ; ജയിലും, പീഡനവും, തീയും, വാളും, എല്ലാം അനുഗ്രഹങ്ങളായിരുന്നു. സത്യത്തെ ബലികഴിക്കാൻ ഒരുതരത്തിലും ഒരുക്കമല്ലെന്നു പ്രഖ്യാപിച്ചുകൊണ്ടു ക്രിസ്ത്യാനികളിൽ കുറേപ്പേർ ഉറച്ചുനിന്നു. എന്നാൽ മറ്റുള്ളവർ വിട്ടുവീഴ്ചകൾ ചെയ്തുകൊണ്ടായാലും ഒറ്റമതമാകുന്നതു നല്ലതാണെന്നു വാദിച്ചു. തല്ക്കാലം അവർ ക്രിസ്ത്യാനിത്വത്തെ ഭാഗികമായി മാത്രം സ്വീകരിച്ചാലും, അതിലൂടെ ക്രമേണ അവർ പൂർണ്ണ മാനസാന്തരത്തിലേക്കു കടന്നുവരുമെന്നവർ ചിന്തിച്ചു. ക്രിസ്തുവിന്റെ വിശ്വസ്തരായ അനുയായികൾക്ക് അഗാധമായ ദുഃഖത്തിന്റെ ഒരവസരമായിരുന്നു അത്. ക്രിസ്ത്യാനിത്വത്തിന്റെ ഒരു മൂടപടത്തിന്റെ മറവിൽ, സാത്താൻ സഭയ്ക്കുള്ളിൽ പ്രവേശിക്കുകയായിരുന്നു. അവരുടെ വിശ്വാസത്തെ കളങ്കപ്പെടുത്തി, മനസ്സുകളെ വചനത്തിന്റെ സത്യത്തിൽ നിന്നു തിരിച്ചുകളയുകയായിരുന്നു അവന്റെ ലക്ഷ്യം.

ഒടുവിൽ ക്രിസ്ത്യാനികളിൽ ഭൂരിഭാഗവും അവരുടെ കൊടികൾ താഴ്ത്തി, ക്രിസ്ത്യാനിത്വവും അജ്ഞാനമതവും തമ്മിൽ യോജിച്ചു. വിഗ്രഹാരാധികളായിരുന്നവർ ക്രിസ്ത്യാനികളായെങ്കിലും, തങ്ങളുടെ വിഗ്രഹാരാധന ഉപേക്ഷിച്ചില്ല. അവരുടെ ആരാധനാമൂർത്തികളായിട്ട് ഉണ്ണിയേശുവും, കന്യാമറിയവും, വിശുദ്ധന്മാരും, വിശുദ്ധസ്ത്രീകളും, ദൈവാലയങ്ങളിൽ വിഗ്രഹങ്ങളായി പ്രതിഷ്ഠിക്കപ്പെട്ടു. സഭയ്ക്കുള്ളിൽ കൊണ്ടുവരപ്പെട്ട വിഗ്രഹാരാധനയുടെ പുളിച്ച ദുർഗന്ധം അതിന്റെ നശീകരണ പ്രവർത്തനം തുടർന്നുകൊണ്ടേയിരുന്നു. സഭയുടെ വിശ്വാസത്തിലും ആരാധനയിലും, തെറ്റായ തത്വങ്ങളും, മാനുഷികമായ ആചാരക്രമങ്ങളും, വിഗ്രഹാരാധനാസംബന്ധിയായ കർമ്മങ്ങളും, കൂട്ടിച്ചേർക്കപ്പെട്ടു. ക്രിസ്തുവിന്റെ അനുയായികൾ വിഗ്രഹാരാധികളുമായി യോജിച്ചപ്പോൾ, ക്രിസ്തീയമതം ദുഷി

ക്കുകയും സഭയ്ക്ക് അതിന്റെ വിശുദ്ധിയും ശക്തിയും നഷ്ടപ്പെടുകയും ചെയ്തു. എങ്കിലും ഈ തന്ത്രങ്ങളാലൊന്നും വഴിതെറ്റിപ്പോകാത്ത കുറച്ചു പേർ ഉണ്ടായിരുന്നു. അവർ അപ്പോഴും സത്യത്തിന്റെ ഉറവിടമായിരിക്കുന്നവനോടുള്ള തങ്ങളുടെ വിശ്വസ്തത നിലനിർത്തുകയും, ദൈവത്തെമാത്രം ആരാധിക്കുകയും ചെയ്തു.

ക്രിസ്തുവിന്റെ അനുയായികളെന്ന അവകാശപ്പെടുന്നവരുടെ ഇടയിൽ എല്ലായ്പോഴും രണ്ടുവിഭാഗം ആളുകളുണ്ടായിരുന്നു. ഒരു വിഭാഗമാളുകൾ രക്ഷിതാവിന്റെ ജീവിതത്തേക്കുറിച്ചു പഠിക്കുകയും, തങ്ങളുടെ കുറവുകളെ കണ്ടറിഞ്ഞു നേരേയാക്കിക്കൊണ്ട്, യേശുവിന്റെ ജീവിതമാതൃകയോടു ചേർന്നു വരുവാൻ ശ്രമിക്കുന്നു. മറ്റേ വിഭാഗത്തിലുള്ളവർ, തങ്ങളുടെ തെറ്റുകളെ വെളിപ്പെടുത്തുന്ന യഥാർത്ഥമായ പ്രയോഗിക സത്യങ്ങളെ വേണ്ടെന്നു വെക്കുന്നു. സഭയുടെ ഏറ്റവും നല്ല കാലഘട്ടങ്ങളിൽപ്പോലും; സത്യസന്ധരും, വിശുദ്ധരും, നിഷ്കളങ്കരും മാത്രമായിരുന്നില്ല സഭയിലുള്ളത്. മനഃപൂർവ്വം പാപത്തിൽ ജീവിക്കുന്നവരെ സഭയിൽ ചേർക്കരുതെന്നു കർത്താവുതന്നെ മുന്നറിയിപ്പു കൊടുത്തിട്ടുണ്ട്. എങ്കിലും യേശു മോശമായ സ്വഭാവമുള്ള ആളുകളേയും ശിഷ്യന്മാരായി സ്വീകരിക്കുകയും, തന്റെ മാതൃകയുടെയും പഠിപ്പിക്കലുകളുടെയും വെളിച്ചം അവർക്കു കൊടുക്കുകയും ചെയ്തു. അവരുടെ തെറ്റുകൾ കാണാനും തിരുത്താനും അവൻ അവർക്കൊരവസരം കൊടുക്കുകയായിരുന്നു.

എന്നാൽ വെളിച്ച ദൂതനും അന്ധകാരപ്രഭുവിനും തമ്മിൽ യാതൊരു യോജിപ്പും ഇല്ല. അവരുടെ അനുയായികൾക്കും ഒരുമിച്ചുപോകാനാകില്ല. ജാതികളുടെ ഇടയിൽനിന്നു പകുതി മാനസാന്തരപ്പെട്ടവരുമായി ക്രിസ്ത്യാനികൾ യോജിക്കാൻ തീരുമാനിച്ചപ്പോൾ, സത്യത്തിൽ നിന്ന് അകന്നകന്നു പോകുന്ന ഒരു പാതയിലൂടെ അവർ സഞ്ചരിക്കുകയായിരുന്നു. ക്രിസ്തുവിന്റെ അനുയായികളിൽ സിംഹഭാഗത്തേയും വഞ്ചിക്കാൻ സാധിച്ചതിൽ സാത്താൻ സന്തോഷിച്ചു. പിന്നെയവൻ, ദൈവത്തോടു വിശ്വസ്തരായി നിന്നവരെ ഉപദ്രവിക്കാൻ തക്കവണ്ണം, അവിശ്വസ്തരുടെ ഹൃദയങ്ങളിൽ സ്വാധീനം ചെലുത്തി. യഥാർത്ഥ ക്രിസ്തീയ വിശ്വാസത്തെ എങ്ങനെ എതിർക്കണമെന്നു നന്നായിട്ടറിയാവുന്നത്, ഒരിക്കൽ സത്യത്തിന്റെ കാവൽഭടന്മാരായിരുന്നവർക്കാണ്. ഈ വിശ്വാസത്യാഗികളായ ക്രിസ്ത്യാനികൾ, പകുതി ജാതികളായിരിക്കുന്ന കൂട്ടാളികളുമായി ചേർന്ന്, ക്രിസ്തുവിന്റെ തത്വങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവർക്കെതിരെ യുദ്ധം ആരംഭിച്ചു.

പുരോഹിത വസ്ത്രങ്ങൾക്കുള്ളിൽ വേഷപ്രച്ഛന്നരായി സഭയ്ക്കുള്ളിൽ കൊണ്ടുവരപ്പെട്ട വഞ്ചനകളോടും ദൈവദൂഷണത്തോടും ശക്തമായി എതിർത്തുനില്ക്കാൻ ഭയങ്കര വിഷമമാണെന്നു വിശ്വസ്തരായിരിക്കാൻ

ആഗ്രഹിച്ചവർക്കു മനസ്സിലായി. വിശ്വാസത്തിന്റെ മാനദണ്ഡമായി ബൈബിൾ പിന്നീട് അംഗീകരിക്കപ്പെട്ടില്ല. മതസ്വാതന്ത്ര്യമെന്ന തത്വം ദൈവദൂഷണമായി പ്രഖ്യാപിക്കപ്പെടുകയും, അതിനെ ഉയർത്തിപ്പിടിച്ച വരെ വെറുക്കുകയും കുറ്റവാളികളായി മുദ്രകുത്തുകയും ചെയ്തു.

## അത്യാവശ്യമായി വന്ന വേർപാട്

വിശ്വാസത്യാഗിയായ സഭ വിഗ്രഹാരാധനയും കള്ളത്തരങ്ങളും ഉപേക്ഷിക്കാൻ തയ്യാറാകാത്തതുകൊണ്ട്, അവരുമായുള്ള എല്ലാ ബന്ധങ്ങളും ഉപേക്ഷിക്കാൻ, സുദീർഘവും ശക്തവുമായ ഒരു പോരാട്ടത്തിനു ശേഷം വിശ്വസ്തരായ ചെറിയ സംഘം തീരുമാനിച്ചു. അവർ ദൈവത്തിന്റെ വചനം അനുസരിക്കാൻ തീരുമാനിച്ചിരിക്കയാൽ വേർപാട് അത്യാവശ്യമാണെന്നു മനസ്സിലായി. സ്വന്തം ആത്മാക്കളുടെ നാശത്തിനിടയാക്കുന്ന തെറ്റുകൾ സ്വീകരിക്കാൻ അവർ ധൈര്യപ്പെട്ടില്ല. തെറ്റായ മാതൃക തങ്ങളുടെ മക്കളുടേയും, കൊച്ചുമക്കളുടെയും, വരുംതലമുറകളുടെയും വിശ്വസത്തെ അപകടപ്പെടുത്തും. സമാധാനവും ഐക്യതയും നിലനിർത്താൻ വേണ്ടി, ദൈവത്തോടു സത്യസന്ധത പാലിച്ചുകൊണ്ടുള്ള എന്തു വിട്ടുവീഴ്ചയ്ക്കും അവർ തയ്യാറായിരുന്നു. എന്നാൽ തത്വങ്ങളെ ബലികഴിച്ചുകൊണ്ടുള്ള സമാധാനം അവർ ആഗ്രഹിച്ചില്ല. സത്യവും നീതിയും ഉപേക്ഷിച്ചാൽ മാത്രമെ ഐക്യത വരികയുള്ളുവെങ്കിൽ, ഐക്യത വേണ്ടാ, യുദ്ധം തന്നെ വന്നുകൊള്ളട്ടെ. ദൈവഭാഗത്തുറച്ചുനിന്ന വിശ്വാസികൾ മുറുകെപ്പിടിച്ച സത്യങ്ങൾ, ദൈവജനമെന്നവകാശപ്പെട്ട മറ്റുള്ളവരും സ്വീകരിച്ചിരുന്നെങ്കിൽ സഭയ്ക്കും ലോകത്തിനും അതെത്രമാത്രം ഗുണകരമായേനെ!

അപ്പൊസ്തലനായ പൗലൊസു പ്രസ്താവിക്കുന്നു: “ക്രിസ്തു യേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്ക് എല്ലാം ഉപദ്രവും ഉണ്ടാകും.” (2 തിമൊ. 3:12). അങ്ങനെയെങ്കിൽ എന്തുകൊണ്ടാണ് ഇന്നൊരു വലിയ അളവിൽ പീഡനം ഉറങ്ങിക്കിടക്കുന്നത്? സഭ ലോകവുമായി ഇഴുകിച്ചേർന്നിരിക്കയാൽ ഒരു തരത്തിലുള്ള എതിർപ്പും ഉണ്ടാകുന്നില്ലെന്നുള്ളതാണ് അതിന്റെ കാരണം. ക്രിസ്തുവിന്റെയും അപ്പൊസ്തലന്മാരുടെയും കാലഘട്ടത്തിൽ ഉണ്ടായിരുന്ന വിശുദ്ധ സ്വഭാവത്തോടുകൂടിയ ക്രിസ്തീയ വിശ്വാസമല്ല, ഇന്നു നമ്മുടെ കാലത്തുകാണുന്ന ക്രിസ്തീയ മതം. പാപവുമായുള്ള അനുരഞ്ജനത്തിന്റെ ആത്മാവും, ദൈവവചനത്തിലെ വലിയ സത്യങ്ങളെ നിസ്സാരമായി തള്ളാനുള്ള മനസ്സും, യഥാർത്ഥമായ ദൈവീകത്വം സഭയിൽ തീരെ ഇല്ലാത്തതും നിമിത്തമാണ്, ക്രിസ്ത്യാനിത്വം ഇന്നു ലോകത്തിൽ അംഗീകൃതമതമായിരിക്കുന്നത്. ആദിമസഭയുടെ വിശ്വാസവും ശക്തിയും വീണ്ടും ഒന്നുണരട്ടെ, പീഡനത്തിന്റെ ആത്മാവും ഉണരും, പീഡനത്തിന്റെ അഗ്നിജ്വാലകൾ വീണ്ടും ആളിക്കത്തും.

## അധർമ്മത്തിന്റെ മർമ്മം

പാപ്പാത്വ ശക്തിയുടെ സ്ഥാപനത്തിലേക്കു നയിയ്ക്കുന്ന വലിയ വിശ്വാസ ത്യാഗത്തേക്കുറിച്ചു തെസ്സലൊനീക്യർക്കെഴുതിയ രണ്ടാം ലേഖനത്തിൽ പൗലൊസ് അപ്പൊസ്തലൻ മുന്നറിയിപ്പു കൊടുത്തു. കർത്താവിന്റെ ദിവസം വരുന്നതിനു മുമ്പ്, "ആദ്യമേ വിശ്വാസത്യാഗം സംഭവിക്കുകയും നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും വേണം. അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ടു ദൈവം എന്നു നടിച്ചു, ദൈവം എന്നോ പൂജാവിഷയ എന്നോ പേരുള്ള സകലത്തിനും മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളി അത്രേ."മാത്രവുമല്ല, അപ്പൊസ്തലൻ തന്റെ കൂട്ടു വിശ്വാസികളെ ഓർമ്മിപ്പിക്കുകയാണ്, "അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ട്."(2 തെസ്സ. 2:3,4,7). പാപ്പാത്വത്തിന്റെ വളർച്ചക്കു വഴിതെളിക്കുന്ന ദുരുപദേശങ്ങൾ സഭയ്ക്കുള്ളിലേക്ക് ഇഴഞ്ഞു കയറുന്നത്, ആദിമ കാലഘട്ടത്തിൽതന്നേ പൗലൊസ് ശ്രദ്ധിച്ചു.

ആദ്യമൊക്കെ കുറേശ്ശെ കുറേശ്ശെ, നിശ്ശബ്ദമായും രഹസ്യമായും, പിന്നീടു ശക്തി വർദ്ധിക്കുകയും മനുഷ്യമനസ്സുകളുടെ നിയന്ത്രണം ലഭിക്കുകയും ചെയ്തപ്പോൾ കൂടുതൽ തുറന്നടിച്ചും, അധർമ്മത്തിന്റെ മർമ്മം അതിന്റെ വഞ്ചനയുടേയും ദൈവദൂഷണത്തിന്റേയും പ്രവർത്തനം മുന്നോട്ടുകൊണ്ടുപോയി. ക്രമേണ യാതൊരു തടസ്സവും കൂടാതെ ജാതീയ മതങ്ങളിലെ ആചാര മര്യാദകൾ ക്രിസ്തീയ സഭയ്ക്കുള്ളിൽ കടന്നു വന്നു. അജ്ഞാന റോമ സഭയ്ക്കുനേരെ അഴിച്ചുവിട്ട ഭീകരമായ പീഡനത്തിന്റെ ഫലമായി ലോകവുമായി ഒന്നിച്ചുപോകാനുള്ള ശ്രമങ്ങളും താല്പര്യങ്ങളും കുറച്ചുകാലത്തേക്കു മരവിപ്പിക്കപ്പെട്ടു. എന്നാൽ പീഡനം അവസാനിക്കുകയും, ക്രിസ്ത്യാനിത്വം രാജാക്കന്മാരുടെ അരമനകളിലും രാജസദസ്സുകളിലും പ്രവേശിക്കുകയും ചെയ്തപ്പോൾ, ക്രിസ്തുവിന്റെയും അപ്പൊസ്തലന്മാരുടേയും വിനയപൂർവമുള്ള ലാളിത്യം സഭ ഉപേക്ഷിക്കുകയും, ജാതീയ പുരോഹിതന്മാരുടേയും രാജാക്കന്മാരുടേയും പ്രൗഢിയും അഹംഭാവവും സ്വീകരിക്കുകയും ചെയ്തു. ദൈവീകകല്പനകളുടെ സ്ഥാനത്ത് അവൾ മാനുഷികമായ പ്രമാണങ്ങളും പാരമ്പര്യങ്ങളും പ്രതിഷ്ഠിക്കുകയും ചെയ്തു. നാലാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ റോമൻ ചക്രവർത്തിയായിരുന്ന കോൺസ്റ്റൻന്റൈനിന്റെ നാമധേയ മാനസ്സാന്തരം, വലിയ സന്തോഷം ഉളവാക്കി. നീതിയുടെ വേഷം ധരിച്ചവരായിട്ടു ലോകം മുഴുവനും സഭയ്ക്കുള്ളിലേക്കു കയറിവന്നു. ഇപ്പോൾ സഭയുടെ ദുഷിപ്പിന്റെ പ്രവർത്തനം അതിവേഗം പുരോഗമിച്ചു. ജാതീയ മതം ഇല്ലാതായതുപോലെ തോന്നിയെങ്കിലും, അവൾ ആത്യന്തികമായി വിജയിച്ചു. അവളുടെ ആത്മാവു സഭയെ നിയന്ത്രിച്ചു. ക്രിസ്തുവിന്റെ അനുയായികളെന്ന് അവകാശപ്പെട്ടവരുടെ വിശ്വാസപ്രമാണങ്ങളിലേക്കും ആരാ

ധനയിലേക്കും; ജാതീയ മതങ്ങളുടെ തത്വങ്ങളും, ആചാരക്രമങ്ങളും, അന്ധവിശ്വാസങ്ങളും കൂട്ടിച്ചേർത്തു.

ഇപ്രകാരം ക്രിസ്ത്യാനിത്വവും ജാതീയ മതവും തമ്മിൽ കൂടിച്ചേർന്നതിന്റെ ഫലമായി, പ്രവചനത്തിൽ മുന്നറിയിച്ചിരുന്നതുപോലെ ദൈവത്തിനു മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളിയായ അധർമ്മമൂർത്തിയുടെ വളർച്ചയ്ക്കു കളമൊരുങ്ങി. ഭീമാകാരമായ ആ തെറ്റായ മതസംവിധാനം സാത്താന്റെ ശക്തിയുടെ ഏറ്റവും വലിയ മാതൃകാ സ്ഥാപനമാണ്. തന്റെ ഇഷ്ടപ്രകാരം ലോകം ഭരിക്കുവാൻ വേണ്ടി അധികാരത്തിന്റെ സിംഹാസനത്തിൽ ഇരിക്കാനുള്ള അവന്റെ പ്രയത്നങ്ങളുടെ ഒരു സ്മാരകമാണത്.

ക്രിസ്തുവിന്റെ അഖിലലോകസഭയുടെ കാണപ്പെട്ട തലവനാണു പോപ്പ് എന്നും, ലോകത്തിന്റെ എല്ലാഭാഗത്തുമുള്ള എല്ലാ ബിഷപ്പുമാരുടേയും പാസ്റ്റർമാരുടേയുംമേൽ താൻ സർവ്വാധികാരിയാണെന്നും ഉള്ളത്, റോമൻ മതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു ദുരുപദേശമാണ്. ഇതു മാത്രവുമല്ല, ദൈവത്തിന്റേതു മാത്രമായ എല്ലാ സ്ഥാനപ്പേരുകളും പോപ്പു തന്റേതായി എടുത്തിട്ടുണ്ട്.

തന്റെ വഞ്ചനകളെ തിരിച്ചറിയാനും എതിർത്തു നില്ക്കാനും വിശുദ്ധ തിരുവെഴുത്തുകൾ ജനങ്ങളെ പ്രാപ്തരാക്കുമെന്നു സാത്താനു നന്നായിട്ടറിയാമായിരുന്നു. ലോക രക്ഷിതാവുപോലും അവന്റെ ആക്രമണങ്ങളെ എതിർത്തു നിന്നതു ദൈവവചനം ഉപയോഗിച്ചായിരുന്നു. ഓരോ ആക്രമണത്തിനും എതിരെ ക്രിസ്തു, “ഇപ്രകാരം എഴുതിയിരിക്കുന്നു” എന്ന സത്യത്തിന്റെ പരിചയാണുപയോഗിച്ചത്. ശത്രുവിന്റെ ഓരോ നിർദ്ദേശത്തേയും ദൈവവചനത്തിന്റെ ശക്തിയും ജ്ഞാനവും ഉപയോഗിച്ചാണ് അവൻ ചെറുത്തത്. സാത്താനു ജനങ്ങളുടെ മേലുള്ള തന്റെ സ്വാധീനം നിലനിർത്തുന്നതിനും, പാപ്പാത്വ ശക്തിയുടെ അധികാരം സ്ഥാപിക്കുന്നതിനും, ജനങ്ങൾക്കു തിരുവചനം അറിയാൻ വയ്യാത്ത അവസ്ഥ ഉണ്ടാക്കണം. ബൈബിൾ ദൈവത്തെ ഉയർത്തിക്കാണിക്കുകയും, നിസ്സാരരായ സ്ത്രീ - പുരുഷന്മാരെ ദൈവഭാഗത്തുറപ്പിച്ചു നിർത്തുകയും ചെയ്യും. അതുകൊണ്ടുതന്നെ അതിലെ വിശുദ്ധ സത്യങ്ങൾ മറച്ചു വെക്കുകയും അമർച്ച ചെയ്യുകയും വേണം. റോമൻ സഭ ഈ പ്രവർത്തനശൈലിയാണു സ്വീകരിച്ചത്. നൂറ്റാണ്ടുകളോളം അവർ ബൈബിളിന്റെ പ്രചാരം നിരോധിച്ചു. ജനങ്ങൾ ബൈബിൾ വായിക്കുന്നതും വീട്ടിൽ സൂക്ഷിക്കുന്നതും നിരോധിച്ചു. യാതൊരു മനസ്സാക്ഷിയുമില്ലാത്ത പുരോഹിതന്മാരും ശുശ്രൂഷകന്മാരും തങ്ങളുടെ അവകാശവാദങ്ങൾ സ്ഥാപിക്കാൻ പാകത്തിൽ അതിലെ പഠിപ്പിക്കലുകൾ വിശദീകരിച്ചു. ഈ വിധത്തിൽ പോപ്പു ലോകം മുഴുവനും ഭൂമിയിലെ ദൈവത്തിന്റെ പ്രതിനിധിയായി സ്ഥാനമുറപ്പിച്ചു.

അദ്ദേഹത്തിനു സഭയുടെമേലും രാജ്യത്തിന്മേലും സമ്പൂർണ്ണ അധികാരം ഉണ്ടായിരുന്നു.

## സമയങ്ങളും നിയമങ്ങളും മാറ്റപ്പെട്ടു

തെറ്റു കണ്ടുപിടിക്കാൻ ആളില്ലാതായതോടെ സാത്താൻ തന്നിഷ്ട പ്രകാരം പ്രവൃർത്തിച്ചു. " അവൻ സമയങ്ങളേയും നിയമങ്ങളേയും മാറ്റു വാൻ ശ്രമിക്കുകയും" (ദാനീ. 7:25). എന്നു പ്രവാചകൻ മുൻകൂട്ടി പ്രവചിച്ചി രുന്നു. പാപ്പാത്വം ഈ പ്രവൃത്തി ചെയ്യാൻ അല്പംപോലും അമാന്തിച്ചില്ല. ജാതീയ മതങ്ങളിൽ നിന്നുകടന്നു വരുന്നവർക്കു വിഗ്രഹാരാധനയ്ക്കു സൗകര്യം ഒരുക്കിക്കൊണ്ട്, അവരെ ക്രിസ്ത്യാനിത്വത്തിലേക്കാകർഷി ക്കാൻ വേണ്ടി, ക്രിസ്തീയ ആരാധനയിലും വിഗ്രഹങ്ങൾക്കു മുമ്പിലുള്ള ശുശ്രൂഷകൾ സ്ഥാപിക്കപ്പെട്ടു. പിന്നീട് ഒരു സഭാ കൗൺസിലിലെ കല് പനയിലൂടെ വിഗ്രഹാരാധന പൂർണ്ണമായി സ്ഥാപിക്കപ്പെട്ടു. ദൈവവിരുദ്ധ മായ ഈ പ്രവർത്തനം പൂർത്തീകരിക്കുവാൻ, വിഗ്രഹാരാധന പാടില്ലെ ന്നുള്ള ദൈവത്തിന്റെ രണ്ടാം കല്പന പോപ്പിന്റെ അധികാരമുപയോഗിച്ചു പത്തു കല്പനകളിൽ നിന്നു നീക്കം ചെയ്തു. കല്പനകളുടെ എണ്ണം പത്താ യിട്ടു നിലനിർത്താൻവേണ്ടി പത്താമത്തെ കല്പന രണ്ടായി ഭാഗിച്ചു.

ജാതീയ മതങ്ങൾക്കുവേണ്ടി വിട്ടുവീഴ്ചകൾ ചെയ്യാനുള്ള ഒരുക്കം, സ്വർഗ്ഗത്തിന്റെ അധികാരത്തെ കൂടുതൽ ധിക്കരിക്കുന്നതായ മറ്റൊരു പ്രവൃത്തിയിലേക്കും വഴിതെളിച്ചു. സാത്താൻ ദൈവത്തിന്റെ നാലാം കല് പനയേയും അട്ടിമറിച്ചു. ദൈവം അനുഗ്രഹിച്ചു വിശുദ്ധീകരിച്ച പുരാതന ശബ്ബത്തു മാറ്റിയിട്ട്, ആ സ്ഥാനത്തു ജാതികളുടെ ഉത്സവദിവസമായിരുന്ന "സൂര്യഭഗവാന്റെ മഹൽ ദിനം" സ്ഥാപിച്ചു. ഈ മാറ്റത്തിനുവേണ്ടി ആദ്യം പരസ്യമായി ശ്രമിച്ചില്ല. ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിൽ ക്രിസ്ത്യാനി കൾ സത്യശബ്ബത്തായ ഏഴാം ദിനത്തിൽ തന്നേ ആരാധിച്ചു. അവർ ദൈവത്തെ ബഹുമാനിക്കുന്നതിൽ തീഷ്ണതയുള്ളവരായിരുന്നു. അവർ അവന്റെ കല്പനകൾക്കൊരിക്കലും മാറ്റമില്ലെന്നു വിശ്വസിക്കുകയും, അതിന്റെ തത്വങ്ങളുടെ വിശുദ്ധി വളരെ താല്പര്യത്തോടെ കാത്തുസൂക്ഷി ക്കുകയും ചെയ്തു. എന്നാൽ സാത്താൻ തന്റെ ലക്ഷ്യം നേടാൻ തന്റെ ആളുകളെ വളരെ ശ്രദ്ധയോടെ ഉപയോഗിച്ചു. ഞായറാഴ്ചയിലേക്ക് ആളു കളുടെ ശ്രദ്ധതിരിക്കാൻ വേണ്ടി, ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ബഹുമാനാർത്ഥം ഞായറാഴ്ച ദിവസങ്ങൾ ജനങ്ങൾക്ക് ഉത്സവ ദിവസ ങ്ങളായിട്ടു പ്രഖ്യാപിച്ചു. അന്നു മതപരമായ ശുശ്രൂഷകൾ നടത്തിയിരു ന്നെങ്കിലും, അതൊരു ഉത്സവദിവസം മാത്രമായിരുന്നു ആദ്യമൊക്കെ. ശബ്ബത്ത് വിശുദ്ധ ആരാധനാദിവസമായിത്തന്നെ നിലനിന്നു.

കോൺസ്റ്റൻന്റെൻ ചക്രവർത്തി ക്രിസ്തുമതം സ്വീകരിക്കുന്നതിനു മുമ്പു തന്നെ, റോമാ സാമ്രാജ്യത്തിലുടനീളം ഞായറാഴ്ച ദിവസം ഒരു

ഉത്സവദിവസമായി ആചരിക്കണമെന്ന്, അദ്ദേഹം ഒരു കല്പന പുറപ്പെടുവിച്ചിരുന്നു. അദ്ദേഹത്തിന്റെ മതംമാറ്റത്തിന്റെ ശേഷവും അദ്ദേഹം ഞായറാഴ്ച ആചരണത്തിന്റെ ഒരു ശക്തനായ വക്താവായി നിലകൊണ്ടു. അദ്ദേഹം തന്റെ പഴയ കല്പന ഇപ്പോഴത്തെ പുതിയ വിശ്വാസത്തിന്റെ താല്പര്യപ്രകാരം വീണ്ടും കൊണ്ടുവന്നു. എന്നാൽ ക്രിസ്ത്യാനികളെ, കർത്താവിന്റെ വിശുദ്ധ ദിവസമായി യഥാർത്ഥ ശബ്ബത്തിനെ ആചരിക്കുന്നതിൽ നിന്നു തടയുവാൻ, ഞായറാഴ്ചക്കു നല്കപ്പെട്ട ബഹുമതി മതിയായതായിരുന്നില്ല. വേറൊരു നടപടി എടുത്തേ മതിയാവൂ; വ്യാജ ശബ്ബത്തിനെ യഥാർത്ഥ ശബ്ബത്തിനു തുല്യമായി ഉയർത്തണം. കോൺസ്റ്റൻന്റൈൻ ചക്രവർത്തി കല്പന പുറപ്പെടുവിച്ച ശേഷം ചില വർഷങ്ങൾ കഴിഞ്ഞപ്പോൾ റോമിലെ ബിഷപ്പ് ഞായറാഴ്ച ദിവസത്തെ കർത്തൃദിനമെന്നു വിളിച്ചു ബഹുമാനിച്ചു. അങ്ങനെ ആ ദിവസത്തിനൊരു വിശുദ്ധിയുണ്ടെന്നു ക്രമേണ ജനങ്ങളെ വിശ്വസിപ്പിച്ചു. എങ്കിലും യഥാർത്ഥ ശബ്ബത്താരാധന തുടർന്നുകൊണ്ടിരുന്നു.

വഞ്ചനാപ്രമുഖൻ തന്റെ വേല പൂർത്തിയാക്കിയിരുന്നില്ല. ക്രിസ്തീയ ലോകം മുഴുവനും തന്റെ കൊടിക്കീഴിൽ അണിനിരത്താനും, തന്റെ സ്ഥാനപതിയിലൂടെ തന്റെ അധികാരം ഉറപ്പിക്കാനും അവൻ തീരുമാനിച്ചിരുന്നു. ഭൂമിയിലെ ക്രിസ്തുവിന്റെ പ്രതിനിധിയാണു താനെന്നവകാശപ്പെട്ട റോമിലെ അഹങ്കാരിയായ ബിഷപ്പായിരുന്നു സാത്താന്റെ സ്ഥാനപതി. പകുതി മാനസാന്തരപ്പെട്ട ജാതികളിലൂടെയും, അത്യാഗ്രഹികളായ പുരോഹിതന്മാരിലൂടെയും, ലൗകികരായ സഭാംഗങ്ങളിലൂടെയും അദ്ദേഹം തന്റെ താല്പര്യം നടപ്പിലാക്കി. ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നുമുള്ള വലിയ ആളുകളെ ഉൾപ്പെടുത്തി, ഇടയ്ക്കിടെ സഭാ കൗൺസിലുകൾ നടത്തിയിരുന്നു. എല്ലാ സഭാ സമ്മേളനങ്ങളിലും ദൈവത്തിന്റെ വിശുദ്ധ ശബ്ബത്തിനെ അല്പം താഴ്ത്തുവാനും ഞായറാഴ്ച ആചാരത്തെ കുറച്ചു പുകഴ്ത്തുവാനും ബോധപൂർവ്വം ശ്രമം നടത്തിയിരുന്നു. ഇങ്ങനെയാണു ജാതികളുടെ ഉത്സവ ദിവസമായ ഞായറാഴ്ച ക്രമേണ സഭയുടെ വിശുദ്ധ സ്ഥാപനമാക്കി മാറ്റിയത്. ബൈബിളിലെ ശബ്ബത്തിനെ യെഹൂദന്മാരുടെ ആചാരമെന്നു മുദ്രകുത്തുകയും, ശബ്ബത്താചരണക്കാരെ ശപിക്കപ്പെട്ടവരെന്നു പ്രഖ്യാപിക്കുകയും ചെയ്തു.

ആ വലിയ അധർമ്മമൂർത്തി "ദൈവാലയത്തിൽ ഇരുന്നുകൊണ്ടു ദൈവം എന്നു നടിച്ചു, ദൈവം എന്നോ പൂജാവിഷയമെന്നോ പേരുള്ള സകലത്തിനും മീതേ തന്നെത്താൻ ഉയർത്തുന്നതിൽ വിജയിച്ചു." (2 തെസ്സ. 2:4). സകല മനുഷ്യരേയും ജീവനുള്ള യഥാർത്ഥ ദൈവത്തിങ്കലേക്കു ചൂണ്ടിക്കാണിക്കുന്ന ഒരേയൊരു കല്പന മാറ്റുവാൻ അവൻ ധൈര്യപ്പെട്ടു. നാലാം കല്പനയിൽ ആകാശത്തിന്റെയും ഭൂമിയുടേയും സ്രഷ്ടാ

വായിട്ടാണു ദൈവത്തെ പരിചയപ്പെടുത്തുന്നത്. ഇതാണവനെ എല്ലാ വ്യാജ ദൈവങ്ങളിൽ നിന്നും വ്യത്യസ്തനാക്കുന്നത്. സൃഷ്ടിപ്പിന്റെ ഒരു സ്മാരകമായിട്ടാണ് ഏഴാം ദിവസത്തെ മനുഷ്യർക്കൊരു വിശ്രമ ദിവസമായിട്ടു വിശുദ്ധീകരിച്ചു നല്കിയത്. ജീവനുള്ള ദൈവത്തെ എല്ലാറ്റിന്റെയും ഉറവിടമായും, ഭക്തിയുടെയും ആരാധനയുടെയും പാത്രമായും, എല്ലായ്പോഴും മനുഷ്യമനസ്സുകളുടെ മുമ്പിൽ നിലനിർത്തുവാനായിരുന്നു ദൈവം ഏഴാംദിന ശബ്ബത്തു സ്ഥാപിച്ചത്. ദൈവത്തോടുള്ള ഭക്തിയിൽ നിന്നും, അവന്റെ കല്പനകളെ അനുസരിക്കുന്നതിൽനിന്നും ജനങ്ങളെ പിന്തിരിപ്പിക്കാൻ സാത്താൻ ശ്രമിക്കുന്നു. അതുകൊണ്ടവൻ ദൈവമാണു സ്രഷ്ടാവെന്നു ചൂണ്ടിക്കാണിക്കുന്നതായ ഒരു കല്പനക്കെതിരേ തന്റെ സർവ്വശക്തിയും പ്രയോഗിക്കുന്നു.

പ്രൊട്ടസ്റ്റന്റുകാർ ഇപ്പോൾ പറയുന്നത്: ഞായറാഴ്ച ദിവസം യേശു ഉയിർത്തഴുന്നേറ്റതുകൊണ്ടാണ്, അതു ക്രിസ്തീയ ശബ്ബത്തായതെന്നാണ്. എന്നാൽ ബൈബിളിൽ അതിനു തെളിവില്ല. ക്രിസ്തുവോ അപ്പൊസ്തലന്മാരോ ആ ദിവസത്തിനത്തരമൊരു ബഹുമതി കല്പിച്ചില്ല. പൗലൊസിന്റെ കാലത്തുതന്നെ പ്രവർത്തിക്കാനാരംഭിച്ച "അധർമ്മത്തിന്റെ മർമ്മ"ത്തിലാണ്, ഈ ഞായറാഴ്ച ആചാരം ഒരു ക്രൈസ്തവ പ്രസ്ഥാനമായതിന്റെ ഉത്ഭവം നാം കാണുന്നത്. പാപ്പാത്വത്തിന്റെ ഈ കുഞ്ഞിനെ എവിടെ വെച്ച് എപ്പോഴാണു ദൈവം ദത്തെടുത്തത്? ദൈവവചനത്തിൽ ഒരു തെളിവുമില്ലാത്ത ഒരു മാറ്റത്തിന്, യോഗ്യമായ എന്തു കാരണമാണു പറയാനുള്ളത്?

ആറാം നൂറ്റാണ്ടായപ്പോൾ പാപ്പാത്വം ശക്തമായി ഉറച്ചു. അതിന്റെ ശക്തികേന്ദ്രം റോമിൽത്തന്നെ സ്ഥാപിക്കപ്പെട്ടും. ലോകം മുഴുവനുള്ള ക്രിസ്തീയ സഭയുടെ തലവൻ റോമിലെ ബിഷപ്പാണെന്നു പ്രഖ്യാപിക്കപ്പെട്ടു. ജാതീയ റോമ പാപ്പാത്വത്തിനു വഴിമാറിക്കൊടുത്തു. മൃഗത്തിനു "മഹാസർപ്പം തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു."(വെളി. 13:2). ദാനിയേൽ പ്രവചനത്തിലും യോഹന്നാന്റെ പ്രവചനമായ വെളിപ്പാടിലും മുന്നറിയിച്ചിരുന്ന 1260 വർഷത്തെ പാപ്പാത്വത്തിന്റെ പീഡന പ്രവർത്തനം ഇപ്പോൾ ആരംഭിച്ചു. (ദാനീ. 7:25; വെളി. 13:5–7). ക്രിസ്ത്യാനികൾ പാപ്പാത്വത്തിന്റെ തത്വങ്ങളും ആചാരങ്ങളും ആരാധനയും സ്വീകരിച്ചുകൊണ്ട്, അവരുടെ വ്യക്തിസ്വാതന്ത്ര്യം അടിയറ വെക്കാൻ നിർബ്ബന്ധിക്കപ്പെട്ടു. വഴങ്ങാത്തവരെ ജയിലിലടക്കുകയും, ക്രൂരമായി കൊല്ലുകയും ചെയ്തു. ഇപ്പോൾ യേശുവിന്റെ വാക്കുകൾ നിവൃത്തിയായി: "എന്നാൽ അമ്മയപ്പന്മാരും സഹോദരന്മാരും ചാർച്ചക്കാരും ചങ്ങാതികളും നിങ്ങളെ ഏല്പിച്ചു കൊടുക്കയും നിങ്ങളിൽ ചിലരെ കൊല്ലിക്കയും ചെയ്യും. എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകെക്കും"

(ലൂക്കൊസ് 21:16,17). വിശ്വസ്തരായവർക്കെതിരെയുള്ള പീഢനം എക്കാലത്തേക്കാളും കൂടുതൽ ഭീകരമായിട്ടാരംഭിച്ചു. ലോകം ഒരു വലിയ യുദ്ധക്കളമായി മാറി. നൂറ്റാണ്ടുകളോളം ക്രിസ്തുവിന്റെ സഭ വിജനമായ സ്ഥലങ്ങളിൽ ഒളിവിടങ്ങളിൽ അഭയം തേടി. പ്രവാചകൻ പറഞ്ഞു: "സ്ത്രീ മരുഭൂമിയിലേക്ക് ഓടിപ്പോയി; അവിടെ അവളെ ആയിരത്തിരുന്നൂറ്ററുപതു ദിവസം പോറ്റേണ്ടതിനു ദൈവം ഒരുക്കിയൊരു സ്ഥലം അവൾക്കുണ്ട് (വെളി. 12:6).

## അന്ധകാര യുഗം

റോമൻസഭ രാഷ്ട്രീയ അധികാരവും കൂടെ കൈവശപ്പെടുത്തിയ സമയം മുതലാണ് അന്ധകാരയുഗം ആരംഭിക്കുന്നത്. അവളുടെ ശക്തി വർദ്ധിച്ചപ്പോൾ അന്ധകാരവും വർദ്ധിച്ചു. യഥാർത്ഥ അടിസ്ഥാനമായ ക്രിസ്തുവിൽ നിന്ന്, റോമിലെ പോപ്പിലേക്കു വിശ്വാസം മാറ്റപ്പെട്ടു. പാപക്ഷമയ്ക്കും നിത്യരക്ഷയ്ക്കും വേണ്ടി ദൈവപുത്രനിലേയ്ക്കു നോക്കുന്നതിനു പകരം; ജനങ്ങൾ പോപ്പിലേക്കും, അദ്ദേഹം അധികാരം കൊടുത്തു ചുമതലപ്പെടുത്തിയ പുരോഹിതന്മാരിലേക്കും നോക്കുന്ന സ്ഥിതിയായി. അവരുടെ മദ്ധ്യസ്ഥൻ പോപ്പാണെന്നും, പോപ്പിലൂടെയല്ലാതെ ആർക്കും ദൈവസന്നിധിയിൽ ചെല്ലാൻ സാദ്ധ്യമല്ലെന്നും ജനത്തെ പഠിപ്പിച്ചു. അദ്ദേഹം അവർക്കു ദൈവത്തിന്റെ സ്ഥാനത്താണെന്നും, അതുകൊണ്ട് അദ്ദേഹത്തെ സമ്പൂർണ്ണമായി അനുസരിക്കണമെന്നും പഠിപ്പിച്ചു. അദ്ദേഹത്തിന്റെ ആജ്ഞകളിൽ എന്തെങ്കിലും അനുസരിക്കാതിരുന്നാൽ, കുറ്റക്കാർ ശാരീരികമായും ആത്മീയമായും കഠിനമായി ശിക്ഷിക്കപ്പെടും.

അതുകൊണ്ടു ജനങ്ങളുടെ മനസ്സുകൾ ദൈവത്തിൽ നിന്നകറ്റി, തെറ്റുകാരും കുറ്റക്കാരും ക്രൂരന്മാരുമായ മനുഷ്യരിലേക്കു തിരിച്ചു. മാത്രവുമല്ല, അവരിലൂടെ തന്റെ ഇഷ്ടം നടത്തിക്കൊണ്ടിരിക്കുന്ന അന്ധകാര പ്രഭുവിലേക്കും ജനം തിരിഞ്ഞു. പാപം വിശുദ്ധിയുടെ വസ്ത്രത്തിനുള്ളിൽ വേഷം മാറി വന്നു. ദൈവവചനം അടിച്ചമർത്തുകയും, മനുഷ്യർ സർവ്വാധികാരികളാണെന്നു സ്വയം ചിന്തിക്കുകയും ചെയ്യുമ്പോൾ; കള്ളത്തരവും, വഞ്ചനയും, മ്ലേച്ഛകരമായ പാപവും മാത്രമേ നമുക്കു പ്രതീക്ഷിക്കാനൊക്കുകയുള്ളൂ. മാനുഷിക കല്പനകളും പാരമ്പര്യങ്ങളും ഉയർത്തിപ്പിടിച്ചതോടൊപ്പം, ദൈവത്തിന്റെ കല്പനകളെ ഉപേക്ഷിക്കുമ്പോൾ എപ്പോഴും ഉണ്ടാകുന്ന ദുഷ്ടതയും ഉണ്ടായി.

കഷ്ടതയുടെ നാളുകൾ: ക്രിസ്തുവിന്റെ സഭയ്ക്ക് അതു കഷ്ടതയുടെ നാളുകളായിരുന്നു. വിശ്വസ്തരായ പടയാളികൾ വളരെ ചുരുക്കമായിരുന്നു. സത്യത്തിന്റെ വിശ്വസ്ത സാക്ഷികൾ ഉണ്ടായിരുന്നെങ്കിലും, ചില സമയങ്ങളിൽ വ്യാജവും അന്ധവിശ്വാസങ്ങളും പൂർണ്ണവിജയം നേടുന്നതുപോലെ

തോന്നിയിരുന്നു. സത്യവിശ്വാസം ഭൂമിയിൽ നിന്നു തുടച്ചു നീക്കപ്പെടുമോ യെന്നും സംശയിച്ചിരുന്നു. സഭയ്ക്കു സുവിശേഷത്തിന്റെ ദർശനം നഷ്ട പ്പെട്ടു. എന്നാൽ മതാചാരങ്ങൾ ഒരുപാടു വർദ്ധിച്ചു. മതകർമ്മങ്ങൾ പൂർത്തീ കരിക്കുന്നതിനുവേണ്ടി ജനങ്ങൾ ഒരുപാടു കഷ്ടപ്പെട്ടു.

പാപപരിഹാരത്തിനായി, അവരുടെ മദ്ധ്യസ്ഥനായി പോപ്പിനെ നോക്കാൻ പഠിപ്പിച്ചതു കൂടാതെ, സ്വന്തം പ്രവൃത്തികളിൽ ആശ്രയിക്കാനും പഠിപ്പിച്ചു. സുദീർഘമായ തീർത്ഥാടനങ്ങൾ, പ്രായശ്ചിത്ത പ്രവൃത്തികൾ, പ്രത്യേകതരത്തിലുള്ള ആരാധനകൾ, പള്ളികളും അൾത്താരകളും കുടീര ങ്ങളും ഉണ്ടാക്കൽ, പള്ളിക്കു ധാരാളം പണം സംഭാവന ചെയ്യൽ ഇവയും ഇതുപോലുള്ള മറ്റനേകം പ്രവൃത്തികളും, ദൈവകോപം ശമിപ്പിച്ചു ദൈവ പ്രീതി നേടാൻ വേണ്ടി കല്പിക്ക പ്പെട്ടിരുന്നു. അവർ ദൈവത്തേയും മനുഷ്യരെപ്പോലെ നിസ്സാരകാര്യ ങ്ങൾക്കു കോപിക്കുന്നവനായും, പ്രാശ്ചിത്ത പ്രവൃത്തികളാലും സമ്മാനങ്ങളാലും സമാധാനിപ്പി ക്കാകുന്നവനായും ചിത്രീകരിച്ചു.



പിന്നീടുള്ള നൂറ്റാണ്ടുകളിൽ റോമിൽനിന്നു പുറപ്പെട്ടതായ തത്വ ങ്ങളെല്ലാം വചന വിരുദ്ധമായി രുന്നു. പാപ്പാത്വം അധികാരമേൽ ക്കുന്നതിനു മുമ്പുതന്നെ, ജാതിക ളായ തത്വജ്ഞാനികളുടെ പഠിപ്പി ക്കലുകൾ സഭയ്ക്കുള്ളിൽ ശ്രദ്ധ പിടിച്ചുപറ്റുകയും സ്വാധീനം ചെലുത്തുകയും ചെയ്തിരുന്നു. ക്രിസ്തുമതത്തിലേക്കു കടന്നുവന്നവരിൽ പലരും, അവരുടെ ജാതീയ തത്വശാസ്ത്രത്തിലെ തത്വങ്ങളോടൊട്ടി നിന്നു. അവർ അതിന്റെ പഠനം തുടരുകയും, ജാതികളുടെ ഇടയിലെ തങ്ങളുടെ സ്വാധീനം വർദ്ധിപ്പി ക്കാൻവേണ്ടി മറ്റുള്ളവരെ പഠിപ്പിക്കാൻ നിർബന്ധിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി ക്രിസ്തീയ വിശ്വാസത്തിൽ ഗൗരവമേറിയ തെറ്റുകൾ കടന്നുവന്നു. മനുഷ്യന്റെ സ്വാഭാവികമായ അമർത്യതയും, മരണശേഷം മനുഷ്യന്റെ ആത്മാവു സുബോധത്തോടെ ചുറ്റിക്കറങ്ങുന്നു എന്ന വിശ്വാ സവും, ഇവയിൽ പ്രമുഖങ്ങളാണ്. ഈ തത്വത്തിന്റെ അടിസ്ഥാനത്തി ന്മേലാണ്; വിശുദ്ധന്മാരോടുള്ള പ്രാർത്ഥനയും, കന്യാമറിയത്തിനുള്ള സ്തുതിയും, അമ്മയുടെ മദ്ധ്യസ്ഥതയും, റോമൻസഭ സ്ഥാപിച്ചത്. അനു

തപിക്കാതെ മരിക്കുന്നവർക്കു നിത്യമായ ദണ്ഡനമെന്ന ദൈവദൂഷണവും ഇതിൽ നിന്നുടലെടുത്തതാണ്. പാപ്പാത്വം ഇത് ആദ്യമേതന്നെ അംഗീകരിച്ചു.

ജാതീയ മതങ്ങളുടെ മറ്റൊരു കണ്ടുപിടുത്തം കൂടെ സ്വീകരിക്കാൻ ഈ കാര്യങ്ങൾ വഴിതെളിച്ചു. അതിനു റോം വെസ്പുർഖാനാ (Purgatory) എന്നു പേരിട്ടു. അന്ധവിശ്വാസങ്ങളിൽ മുങ്ങിക്കിടന്ന ജനസമൂഹത്തെ ഭയപ്പെടുത്തി വരുതിക്കു നിർത്താൻ ഇതൊരായുധമായി ഉപയോഗിച്ചു. നിത്യനാശം വിധിക്കപ്പെട്ടിട്ടില്ലാത്ത ആത്മാക്കൾ ചെയ്തുപോയ പാപങ്ങൾക്കു ശിക്ഷ അനുഭവിക്കാൻ മരണശേഷം ചെന്നു ചേരുന്ന ഒരു പീഡന സ്ഥലമാണു വെസ്പുർഖാന. പീഡനത്തിലൂടെ ആത്മാക്കളെ ശുദ്ധീകരിച്ച ശേഷം സ്വർഗ്ഗത്തിലേക്കു സ്വീകരിക്കും.

തങ്ങളുടെ അനുയായികളുടെ പാപങ്ങളും ഭയങ്ങളും പണമാക്കി മാറ്റാൻ വീണ്ടുമൊരു പദ്ധതി റോം തയ്യാറാക്കി. പാപപരിഹാര തത്വമായിരുന്നു അത്. പോപ്പിന്റെ സാമ്രാജ്യ വികസനത്തിനും, ശത്രുക്കളെ ശിക്ഷിക്കാനും, അദ്ദേഹത്തിന്റെ ആത്മീയ അധികാരത്തെ ധിക്കരിക്കാൻ ധൈര്യപ്പെടുന്നവരെ ഇല്ലായ്മ ചെയ്യാനും, അദ്ദേഹത്തിന്റെ സൈന്യത്തിൽ അംഗങ്ങളാകുന്നവർക്ക്, അവരുടെ എല്ലാ പാപങ്ങളും; കഴിഞ്ഞകാലത്തുള്ളതും, ഇപ്പോഴുള്ളതും, ഭാവിയിൽ ചെയ്യാനിടയുള്ളതും–ക്ഷമിച്ചുകൊടുക്കും. അവർക്കു സമ്പൂർണ്ണ പാപക്ഷമ ലഭിക്കുന്നതുകൊണ്ട് എല്ലാത്തരത്തിലുള്ള ശിക്ഷകളും വേദനകളും ഒഴിവാക്കിക്കൊടുക്കും. പണം കൊടുത്തും ജനങ്ങൾക്കു പാപമോചനം നേടാമെന്നു പഠിപ്പിച്ചു. വെസ്പുർഖാനയിലെ തീജ്വാലയിൽ കിടന്നു ഞെരിപിരികൊള്ളുന്ന പ്രിയപ്പെട്ടവരേയും മോചിപ്പിക്കാൻ പള്ളിക്കു പണം കൊടുത്താൽ മതി. ഇങ്ങനെ റോം അവളുടെ ഭണ്ഡാരങ്ങളെല്ലാം നിറച്ചു. ഭൂമിയിൽ തലചായ്ക്കാൻ ഇടമില്ലാതിരുന്ന ഗുരുവിന്റെ പ്രതിനിധികളെന്നവകാശപ്പെട്ടവർ; സമ്പത്തിലും, മഹത്വത്തിലും, സുഖഭോഗങ്ങളിലും ഉല്ലസിച്ചു.

തിരുവചനപ്രകാരമുള്ള തിരുവത്താഴ ശുശ്രൂഷയ്ക്കു പകരം വിഗ്രഹാർപ്പിതയാഗമായ കുർബ്ബാന സ്ഥാപിച്ചു. പുരോഹിതന്മാർ തങ്ങളുടെ മുമ്പിലിരിക്കുന്ന അപ്പവും വീഞ്ഞും, ക്രിസ്തുവിന്റെ ശരീരവും രക്തവുമായി രൂപാന്തരപ്പെടുത്തുന്നതായി അഭിനയിച്ചു. "തങ്ങളുടെ സ്രഷ്ടാവിനെ സൃഷ്ടിക്കാൻ" തങ്ങൾക്കു ശക്തിയുണ്ടെന്നു പരസ്യമായി അവകാശപ്പെട്ടുകൊണ്ടു ദൈവദൂഷണം പറഞ്ഞു. മരണഭയംകൊണ്ട് എല്ലാ ക്രിസ്ത്യാനികളും, സ്വർഗ്ഗത്തെ ലജ്ജിപ്പിക്കുന്ന വഞ്ചനയിൽ തങ്ങളുടെ വിശ്വാസം ബലികഴിക്കാൻ നിർബ്ബന്ധിതരായി എതിർത്തവരെ തീയിലിട്ടുകൊന്നു.

പാപ്പാത്വത്തിന്റെ നട്ടുച്ച സമയം ലോകത്തിന്റെ ധാർമ്മിക അർദ്ധരാത്രിയായിരുന്നു. ജനങ്ങൾക്കും പുരോഹിതന്മാർക്കും ഒരുപോലെ വിശുദ്ധ



തിരുവചനം അപ്രാപ്യമായി. പുരാതന കാലത്തെ പരീശന്മാരേപ്പോലെ, സഭാനേതാക്കന്മാർ തങ്ങളുടെ പാപത്തെ തുറന്നു കാണിക്കുന്ന പ്രകാശത്തെ വെറുത്തു. നീതിയുടെ മാനദണ്ഡമായ ദൈവകല്പനകളെ മാറ്റിയതോടുകൂടി, യാതൊരു പരിധിയുമില്ലാതെ അവർ അധികാരം ഉപയോഗിക്കുകയം, യാതൊരു തടസ്സവുമില്ലാതെ അന്യായങ്ങൾ പ്രവൃത്തിക്കുകയും ചെയ്തു. വ്യാജവും, അത്യാഗ്രഹവും, അധാർമ്മികതയും ഭരണം നടത്തി. ധനവും സ്ഥാനമാനങ്ങളും നേടാൻ വേണ്ടി ജനങ്ങൾ ഏതു തരത്തിലുള്ള അക്രമവും ചെയ്യാൻ തയ്യാറായി. പോപ്പുമാരുടെയും കർദ്ദിനാളന്മാരുടെയും കൊട്ടാരങ്ങൾ മഹാപാപികളുടെ സങ്കേതങ്ങളായി മാറി. അധികാരത്തിലിരുന്ന ചില ബിഷപ്പുമാരുടെ അക്രമം സഹിക്കാൻ വയ്യാതായിട്ട്, പ്രാദേശിക രാജാക്കന്മാർ അവരെ സിംഹാസനത്തിൻ നിന്നിറക്കി കിട്ടണമെന്നാഗ്രഹിച്ചു. നൂറ്റാണ്ടുകളോളം വിദ്യാഭ്യാസത്തിലോ, കലയിലോ, സംസ്ക്കാരത്തിലോ, മനുഷ്യർക്കു യാതൊരു പുരോഗതിയുമുണ്ടായില്ല. ധാർമ്മികവും ബുദ്ധിപരവുമായ ഒരു മരവിപ്പു ക്രിസ്ത്യാനിത്വത്തെ മൂടിയിരുന്നു. ●

അദ്ധ്യായം -12

# വിശുദ്ധ മന്ദിരം

റോമൻ സഭയിലെ അനേകം തെറ്റുകൾക്കെതിരെ പ്രൊട്ടസ്റ്റന്റു നവീകരണം കടന്നുവന്നു. നവീകരണ കർത്താക്കൾ തിരുവചനത്തിൽ കണ്ടെത്തിയതും ദീർഘകാലമായി ഉപേക്ഷിക്കപ്പെട്ടു കിടന്നതുമായ മറ്റു വിഷയങ്ങളും മുന്നോട്ടു കൊണ്ടുവന്നു. 19-ാം നൂറ്റാണ്ടായപ്പോൾ വിവിധ രാജ്യങ്ങളിലും സഭാവിഭാഗങ്ങളിലുമുള്ള വേദ വിദ്യാർത്ഥികൾക്കിടയിൽ ക്രിസ്തുവിന്റെ രണ്ടാം വരവിലുള്ള താല്പര്യം വർദ്ധിച്ചുകൊണ്ടിരുന്നു. ആ നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ യേശു വരുമെന്ന് അനേകർ പ്രതീക്ഷിച്ചു. ഈ പ്രസ്ഥാനം അമേരിക്കയിൽ അതിശക്തമായിരുന്നു. ഇതിലുൾപ്പെട്ട ആളുകളെ "അഡ്വന്റിസ്റ്റുകാർ" എന്നു വിളിച്ചിരുന്നു. ദാനീയേൽ പ്രവചനം 8:14 ൽ ഉള്ള ഒരു പ്രവചന കാലക്കണക്കനുസരിച്ച് 1844-ൽ വിശുദ്ധ മന്ദിരം യഥാസ്ഥാനപ്പെടണം. 1844-ൽ ഈ ഭൂമിയെ ശുദ്ധീകരിക്കാൻ യേശു വരുമെന്ന് അവർ പ്രതീക്ഷിച്ചു. എന്നാൽ അതു സംഭവിക്കാതിരുന്നപ്പോൾ, എന്തുകൊണ്ടു സംഭവിച്ചില്ലായെന്നറിയാൻ അവരിൽ ചിലർ ബൈബിൾ വിശദമായി പഠിച്ചു.



## ഭൗമികവും സ്വർഗ്ഗീയവുമായ വിശുദ്ധമന്ദിരങ്ങൾ

പർവ്വതത്തിന്റെ മുകളിൽവെച്ചു ദൈവം കാണിച്ചുകൊടുത്ത മാതൃകപ്രകാരം, തനിക്കു വസിക്കേണ്ടതിനു ഇസ്രായേൽ മക്കൾ ഒരു സമാഗമന കൂടാരം പണിയണമെന്നു ദൈവം മോശെയോടു കല്പിച്ചു. "ആ കൂടാരം ഈ കാലത്തേക്കു ഒരു സാദൃശ്യമത്രേ... വഴിപാടും യാഗവും അർപ്പിച്ചു പോരുന്നു" (എബ്രാ. 9:9) എന്നു വേദ വിദ്യാർത്ഥികൾ കണ്ടെത്തി. അതിന്റെ വിശുദ്ധമായ രണ്ടു മുറികൾ "സ്വർഗ്ഗത്തിലുള്ളവയുടെ പ്രതിബിംബങ്ങൾ" ആണെന്നും, അവിടെ "കർത്താവു സ്ഥാപിച്ച സത്യകൂടാരത്തിന്റെ ശുശ്രൂഷകനായ മഹാപുരോഹിതൻ നമുക്കുണ്ട്" എന്നും അവർ മനസ്സിലാക്കി. "ക്രിസ്തു വാസ്തവമായതിന്റെ പ്രതിബിംബമായി കൈപ്പണിയായ വിശുദ്ധ മന്ദിരത്തിലേക്കല്ല, ഇപ്പോൾ നമുക്കുവേണ്ടി ദൈവസന്നിധിയിൽ പ്രത്യക്ഷനാവാൻ സ്വർഗ്ഗത്തിലേക്കത്രേ പ്രവേശിച്ചത്." എന്ന വേദഭാഗം അവർ ഗ്രഹിച്ചു. എബ്രാ. 9:23; 8:2; എബ്രാ. 9:24.

നമുക്കുവേണ്ടി യേശു ശുശ്രൂഷ ചെയ്യുന്ന സ്വർഗ്ഗീയ വിശുദ്ധ മന്ദിരം യഥാർത്ഥമായിട്ടുള്ളതാണെന്നും മോശെ പണിത ഭൗമിക വിശുദ്ധ മന്ദിരം അതിന്റെയൊരു പതിപ്പു മാത്രമായിരുന്നുവെന്നും അവർക്കു മനസ്സിലായി. ഭൂമിയിലെ വിശുദ്ധ മന്ദിരത്തിനു വിശുദ്ധ സ്ഥലവും അതിവിശുദ്ധ സ്ഥലവും എന്നു രണ്ടു മുറികൾ ഉണ്ടായിരുന്നതുപോലെ, സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തിനും രണ്ടു മുറികൾ ഉണ്ട്. ദൈവത്തിന്റെ പത്തുകല്പനകൾ അടങ്ങിയ പെട്ടകവും, ധൂപപീഠവും, വിശുദ്ധ മന്ദിരത്തിലെ മറ്റുള്ള എല്ലാ ഉപകരണങ്ങളും സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തിലും ഉണ്ട്. വിശുദ്ധ ദർശനത്തിൽ അപ്പൊസ്തലനായ യോഹന്നാനു സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ അനുവാദം ലഭിച്ചു. അവിടെ അവൻ ഏഴു വിളക്കുതണ്ടും ധൂപപീഠവും കണ്ടു. മാത്രവുമല്ല, "അപ്പോൾ സ്വർഗ്ഗത്തിലെ ദൈവാലയം തുറന്നു, അവന്റെ നിയമപ്പെട്ടകം അവന്റെ ആലയത്തിൽ പ്രത്യക്ഷമായി" (വെളി. 4:5;8:3; വെളി. 11:19).

സ്വർഗ്ഗത്തിൽ ഒരു വിശുദ്ധമന്ദിരം ഉണ്ടെന്നു സത്യാന്വേഷികൾക്കു വ്യക്തമായ തെളിവു ലഭിച്ചു. സ്വർഗ്ഗീയമായതിന്റെ മാതൃക പ്രകാരമാണു മോശെ വിശുദ്ധ മന്ദിരം ഉണ്ടാക്കിയത്. ആ മാതൃക സ്വർഗ്ഗത്തിലുള്ള യഥാർത്ഥമായ വിശുദ്ധമന്ദിരം തന്നെയാണെന്നു പൗലൊസു സാക്ഷ്യപ്പെടുത്തി (എബ്രാ. 8:2,5). യോഹന്നാൻ അതു സ്വർഗ്ഗത്തിൽ കണ്ടെന്നു സാക്ഷ്യപ്പെടുത്തി.

2300 ദിവസ പ്രവചനത്തിന്റെ അവസാനമായ 1844-ൽ ഭൂമിയിൽ ഒരു വിശുദ്ധ മന്ദിരം ഇല്ലായിരുന്നു. ഒന്നാം നൂറ്റാണ്ടിൽ യെരൂശലേം ദൈവാലയം നശിപ്പിക്കപ്പെട്ടശേഷം ഭൂമിയിൽ ഒരു വിശുദ്ധ മന്ദിരം ഉണ്ടായിരുന്നില്ല. അതുകൊണ്ട് "രണ്ടായിരത്തി മുന്നൂറു സന്ധ്യയും ഉഷസ്സും തികയുവോളം തന്നേ; പിന്നെ വിശുദ്ധ മന്ദിരം യഥാസ്ഥാനപ്പെടും" (ദാനീ. 8:14) എന്ന പ്രവചനം, സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തേക്കുറിച്ചാകാനേ സാദ്ധ്യതയുള്ളു. എന്നാൽ സ്വർഗ്ഗീയ വിശുദ്ധ മന്ദിരം എന്തുകൊണ്ടു ശുദ്ധീകരിക്കപ്പെടണം? വേദവിദ്യാർത്ഥികൾ വീണ്ടും തിരുവചനം പഠിച്ചപ്പോൾ, ശുദ്ധീകരണം എന്നുപറയുന്നത്, പുറമേയുള്ള അഴുക്കുകൾ നീക്കം ചെയ്യുന്നതിനെക്കുറിച്ചല്ല, രക്തംകൊണ്ടുള്ള ശുദ്ധീകരണമാണെന്നും, അതുകൊണ്ടതു പാപത്തിൽ നിന്നുള്ളതാണെന്നും മനസ്സിലായി. അപ്പൊസ്തലൻ പറയുന്നു: "ആകയാൽ സ്വർഗ്ഗത്തിലുള്ളവയുടെ പ്രതിബിംബങ്ങളെ ഈവകയാൽ (മൃഗങ്ങളുടെ രക്തം) ശുദ്ധമാക്കുന്നത് ആവശ്യം. സ്വർഗ്ഗീയമായവയ്ക്കോ ഇവയേക്കാൾ നല്ല യാഗങ്ങൾ (യേശുക്രിസ്തുവിന്റെ വിലയേറിയ രക്തം) ആവശ്യം" (എബ്രാ. 9:23).

പ്രവചനത്തിൽ പറയുന്ന ശുദ്ധീകരണത്തെക്കുറിച്ചു കൂടുതൽ മനസ്സിലാക്കുവാൻ, അവർ സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിലെ ശുശ്രൂഷകളെ

ക്കുറിച്ചു കൂടുതൽ മനസ്സിലാക്കണമായിരുന്നു. ഭൗമിക വിശുദ്ധ മന്ദിര ശുശ്രൂഷകളിൽനിന്നു മാത്രമേ അവർക്കതു പഠിക്കാൻ സാധിക്കുകയുള്ളൂ. പൗലൊസു പ്രസ്താവിക്കുന്നതു ഭൗമിക പുരോഹിതന്മാർ "സ്വർഗ്ഗീയ ത്തിന്റെ ദൃഷ്ടാന്തവും നിഴലുമായതിൽ ശുശ്രൂഷചെയ്യുന്നു" എന്നാണ്. (എബ്രാ. 8:5).

## വിശുദ്ധ മന്ദിരത്തിന്റെ ശുദ്ധീകരണം

പുരാതനകാലത്തു പാപയാഗത്തിന്റെ രക്തത്താൽ ജനങ്ങളുടെ പാപം ഭൗമിക വിശുദ്ധമന്ദിരത്തിലേക്കു മാറ്റപ്പെട്ടതുപോലെ, ഇക്കാലത്തു നമ്മുടെ പാപങ്ങൾ യേശുവിന്റെ രക്തത്താൽ സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തിലേക്കു മാറ്റപ്പെടുന്നു. വർഷത്തിലൊരിക്കൽ പാപപരിഹാര ദിവസത്തിൽ ഭൗമിക വിശുദ്ധമന്ദിരം ശുദ്ധീകരിച്ചതുപോലെ, സ്വർഗ്ഗീയ വിശുദ്ധ മന്ദിരവും അവിടെ രേഖപ്പെടുത്തപ്പെട്ട പാപങ്ങൾ മായിച്ചു കളഞ്ഞു ശുദ്ധീകരിക്കേ ണ്ടിയിരിക്കുന്നു. അതു ചെയ്യണമെങ്കിൽ സ്വർഗ്ഗത്തിലെ പുസ്തകങ്ങൾ പരിശോധിച്ച്; ആരൊക്കെ പാപങ്ങളേക്കുറിച്ചനുതപിച്ചും, ക്രിസ്തുവിൽ വിശ്വസിച്ചും, അവന്റെ പാപപരിഹാര ബലിയുടെ പ്രയോജനങ്ങൾക്ക് അവകാശികളായിരിക്കുന്നു എന്നു തീരുമാനിക്കണം. അതുകൊണ്ടു വിശുദ്ധ മന്ദിരത്തിന്റെ ശുദ്ധീകരണ പ്രക്രിയയിൽ ഒരു പരിശോധനാ ന്യായ വിധി ഉൾപ്പെടുന്നു. തന്റെ ജനത്തെ വീണ്ടെടുക്കാനായി ക്രിസ്തു മടങ്ങി വരുന്നതിനുമുമ്പ് ഈ വേല പൂർത്തിയാക്കണം. കാരണം, അവൻ വരു മ്പോൾ ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടു ക്കാൻ പ്രതിഫലം അവന്റെ പക്കൽ ഉണ്ട് (വെളി. 22:12).

അങ്ങനെ 2300 ദിവസ പ്രവചനത്തിന്റെ അവസാനമായ 1844-ൽ യേശു ക്രിസ്തു ഈ ഭൂമിയിലേക്കല്ല വരേണ്ടിയിരുന്നത് എന്നു പ്രവചനങ്ങൾ തുടർന്നു പഠിച്ചവർക്കു മനസ്സിലായി. തന്റെ രണ്ടാംവരവിന്റെ ഒരുക്ക മെന്ന നിലയിൽ, വീണ്ടെടുപ്പിൻ വേലയുടെ അവസാന ഭാഗങ്ങൾ പൂർത്തീ കരിക്കാൻ, യേശു സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിന്റെ അതിപരിശുദ്ധ സ്ഥല ത്തേക്ക്, പിതാവായ ദൈവത്തിന്റെ സന്നിധിയിലേക്കാണ് 1844-ൽ പ്രവേ ശിച്ചത്.

## പരിപാവനമായ ഒരു ദൂത്

വീണ്ടെടുപ്പിൻ വേലയുടെ അവസാന ഭാഗങ്ങൾ പൂർത്തീകരിക്കാൻ, ക്രിസ്തു സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തിന്റെ അതിപരിശുദ്ധ സ്ഥലത്തേക്കു പ്രവേശിച്ചപ്പോൾ, ലോകത്തിന് അന്ത്യകൃപാ ദൂതു കൊടുക്കുന്ന ജോലി തന്റെ ഭൃത്യന്മാരെ ഏല്പിച്ചു. ഇതു വെളിപ്പാടു പുസ്തകം 14-ാം അദ്ധ്യായ ത്തിലെ മൂന്നാം ദൂതന്റെ ദൂതാകുന്നു. ആ ദൂതു പ്രസംഗിക്കപ്പെട്ടു കഴിഞ്ഞാലു ടനേ മനുഷ്യപുത്രൻ ഭൂമിയിലെ കൊയ്ത്തു നടത്തുവാൻ മഹത്വത്തോടെ എഴുന്നെള്ളുന്ന കാഴ്ചയാണു പ്രവാചകൻ കണ്ടത്.

മനുഷ്യർക്കു നേരെ പ്രയോഗിച്ചിട്ടുള്ള ഏറ്റവും ഭയാനകമായ ഭീഷണി യാണു മൂന്നാം ദൂതന്റെ ദൂതിലുള്ളത് (വെളി. 14:9–12). കരുണയില്ലാത്ത ദൈവകോപം വിളിച്ചുവരുത്തുന്ന ആ പാപം എത്ര ഭയങ്കരമായിരിക്കും. ഈ സുപ്രധാന കാര്യത്തെക്കുറിച്ചു ജനങ്ങൾക്കറിവില്ലാതിരിക്കരുത്. ദൈവത്തിന്റെ ന്യായവിധികൾ വരുന്നതിനു മുമ്പേ ഈ ദൂത് ലോകത്തിനു കൊടുക്കേണ്ടിയിരിക്കുന്നു. ദൈവം എന്തുകൊണ്ടാണു ശിക്ഷാവിധികൾ അയച്ചിരിക്കുന്നതെന്ന് എല്ലാവരും അറിയണം. ശിക്ഷാവിധികളിൽനിന്നു രക്ഷപ്പെടാൻ അവർക്കവസരവും ലഭിക്കണം.

വൻപോരാട്ടത്തിന്റെ പശ്ചാത്തലത്തിൽ, അന്യോന്യം എതിർക്കുന്ന രണ്ടു വിഭാഗമായി ആളുകൾ പിരിഞ്ഞുകൊണ്ടിരിക്കുന്നു. ഒരു വിഭാഗ ത്തിൽ "മൃഗത്തെയും അതിന്റെ പ്രതിമയേയും നമസ്ക്കരിച്ച്, നെറ്റിയിലോ കൈമേലോ മുദ്ര ഏൽക്കുന്ന ഏവനും" ഉൾപ്പെടുന്നു. അങ്ങനെ അവർ മൂന്നാം ദൂതൻ പ്രഖ്യാപിച്ചതായ ഭയാനകമായ ന്യായവിധികൾ തങ്ങളുടെ മേൽ വിളിച്ചു വരുത്തുന്നു. മറ്റേ വിഭാഗം, ലോക മനുഷ്യരിൽ നിന്നു തീർത്തും വിഭിന്നരായി, "ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന വിശുദ്ധന്മാരായി നിലകൊള്ളുന്നു (വെളി. 14:9,12).●

അദ്ധ്യായം -13

# വീണ്ടെടുപ്പ്

ഈ അദ്ധ്യായത്തിലും തുടർന്നുള്ള അദ്ധ്യായങ്ങളിലും ലേഖിക ഭാവിയിലുള്ള കാര്യങ്ങളെക്കുറിച്ചാണ് എഴുതിയിരിക്കുന്നത്. എന്നാൽ പലപ്പോഴും നേരത്തെ കണ്ട കാര്യങ്ങൾ എടുത്തെഴുതുന്ന ഒരു ദൃക്സാക്ഷിയെപ്പോലെ ഭൂതകാല ക്രിയകൾ ഉപയോഗിച്ചിരിക്കുന്നു.

## കൃപയുടെ വാതിൽ അടയുന്നു.

മൂന്നാം ദൂതന്റെ ദൂതു പ്രസംഗിച്ചു തീർന്നപ്പോൾ, ദൈവത്തിന്റെ ശക്തി തന്റെ ജനത്തിന്മേൽ ആവസിച്ചു. അവർ തങ്ങളുടെ വേല പൂർത്തീകരിച്ച്, തങ്ങളുടെ മുമ്പിലുള്ള കഷ്ടതകളെ നേരിടാൻ ഒരുങ്ങിയിരുന്നു. അവർക്കു ദൈവസന്നിധിയിൽനിന്നുള്ള പിന്മഴയുടെ ഉണർവ്വു ലഭിച്ചു. ജീവനുള്ള സാക്ഷ്യം പുനരാവിഷ്ക്കരിച്ചു. അവസാനത്തെ വലിയ മുന്നറിയിപ്പിൻ ദൂത് എല്ലായിടത്തും പ്രസംഗിക്കപ്പെട്ടു. ആ ദൂതു സ്വീകരിക്കാൻ മനസ്സില്ലാത്ത ഭൂവാസികളെല്ലാം കോപാകുലരായിരിക്കുന്നു.

ദൂതന്മാർ സ്വർഗ്ഗത്തിൽ അങ്ങോട്ടുമിങ്ങോട്ടും അതിവേഗത്തിൽ പൊയ്ക്കൊണ്ടിരുന്നു. ഒരു ദൂതൻ എഴുത്തുകാരന്റെ മഷിക്കുപ്പിയുമായി ഭൂമിയിൽ നിന്നു കയറിവന്ന്; തന്റെ വേല തീർത്തുവെന്നും രക്ഷിക്കപ്പെട്ടവരെയെല്ലാം എണ്ണി മുദ്രയിട്ടുവെന്നും യേശുവിനോടു പറഞ്ഞു. അപ്പോൾ യേശു, അതുവരെ പത്തുകല്പനകളിരിക്കുന്ന പെട്ടകത്തിന്റെ മുമ്പിൽ ശുശ്രൂഷിച്ചുകൊണ്ടിരുന്നവൻ, തന്റെ കയ്യിലിരുന്ന കലശം താഴേക്കെറിഞ്ഞു. അവൻ തന്റെ കൈകളുയർത്തി, ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: “എല്ലാം നിവൃത്തിയായി” “അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ; നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ” (വെളി. 22:11) എന്നുള്ള പാവനമായ പ്രഖ്യാപനം യേശു നടത്തിയപ്പോൾ എല്ലാ മാലാഖമാരും അവരുടെ കിരീടങ്ങൾ യേശുവിന്റെ കാല്ക്കൽ സമർപ്പിച്ചു.

ജീവനോ മരണത്തിനോ എന്ന് എല്ലാ കേസുകളും തീരുമാനിക്കപ്പെട്ടു. യേശു വിശുദ്ധ മന്ദിരത്തിൽ ശുശ്രൂഷിച്ചുകൊണ്ടിരുന്നപ്പോൾ, മരിച്ചുപോയ വിശുദ്ധന്മാരുടെയും പിന്നെ ജീവനോടിരിക്കുന്ന വിശുദ്ധന്മാരുടെയും ന്യായവിധി നടക്കുകയായിരുന്നു. തന്റെ ജനത്തിനുവേണ്ടിയുള്ള പാപപരിഹാര ശുശ്രൂഷ നിർവഹിച്ച്, അവരുടെ പാപങ്ങൾ മായിച്ചു കളഞ്ഞതുകൊണ്ട്, ക്രിസ്തുവിനു തന്റെ രാജ്യം ലഭിച്ചു. രാജ്യത്തിലെ പ്രജകൾ ആരൊക്കെയെന്നു തീരുമാനമെടുത്തു കഴിഞ്ഞിരുന്നു. കുഞ്ഞാടിന്റെ

കല്യാണം നടന്നിരിക്കുന്നു. രാജ്യവും, ആകാശത്തിൻകീഴുള്ള സർവ്വരാജ്യങ്ങളുടെ മഹത്വവും, യേശുവിനും രക്ഷിക്കപ്പെട്ട ദൈവജനത്തിനും നല്കപ്പെട്ടു. ഇനി യേശു രാജാധിരാജാവും കർത്താധികർത്താവുമായി വാഴേണ്ടിയിരിക്കുന്നു.

യേശു അതിപരിശുദ്ധ സ്ഥലത്തുനിന്നു പുറത്തേക്കു വന്നപ്പോൾ, അവന്റെ വസ്ത്രത്തിലുണ്ടായിരുന്ന മണികൾ കിലുങ്ങി; അവൻ പോയപ്പോൾ, ഭൂമിയിലെ മനുഷ്യരുടെമേൽ ഒരു കാർമേഘം മൂടി. പിന്നെ പാപികളായ മനുഷ്യർക്കും കോപിഷ്ഠനായ ദൈവത്തിനുമിടയിൽ ഒരു മദ്ധ്യസ്ഥനില്ലായിരുന്നു. പാപികളായ മനുഷ്യർക്കും ദൈവത്തിനുമിടയിൽ യേശു നിന്നിരുന്നപ്പോൾ, ജനങ്ങളുടെമേൽ ഒരു സംരക്ഷണമുണ്ടായിരുന്നു. എന്നാൽ യേശു ഇടയിൽനിന്നു മാറിയപ്പോൾ സംരക്ഷണം നീക്കപ്പെട്ടു, മാനസാന്തരപ്പെടാൻ തയ്യാറാകാത്ത ആളുകളുടെ മേൽ സാത്താനു പൂർണ്ണ നിയന്ത്രണം ലഭിച്ചു.

യേശു വിശുദ്ധ മന്ദിരത്തിൽ ശുശ്രൂഷിച്ചുകൊണ്ടിരുന്നപ്പോൾ, ബാധകൾ ഭൂമിയിൽ ഒഴിക്കാൻ സാദ്ധ്യമല്ലായിരുന്നു. എന്നാൽ അവിടുത്തെ അവന്റെ വേല പൂർത്തീകരിച്ച്, മദ്ധ്യസ്ഥത അവസാനിച്ചപ്പോൾ, ദൈവകോപം ചൊരിയുന്നതിനു തടസ്സങ്ങൾ ഒന്നും തന്നെയില്ല. രക്ഷയെ നിസ്സാരമായി കാണുകയും, തെറ്റു തിരുത്തലിനെ വെറുക്കുകയും ചെയ്ത പാപികളുടെ തലമേൽ ദൈവകോപവും ക്രോധവും അണപൊട്ടി ഒഴുകുന്നു. യേശുവിന്റെ മദ്ധ്യസ്ഥത അവസാനിച്ചശേഷമുള്ള ഭയാനകമായ സമയത്ത്, ബൈബിളിൽ വിശുദ്ധന്മാരെന്നു വിളിച്ചിരിക്കുന്ന ദൈവത്തിന്റെ ജനം വിശുദ്ധനായ ദൈവത്തിന്റെ മുമ്പാകെ ഒരു മദ്ധ്യസ്ഥനില്ലാതെ ജീവിക്കുകയായിരുന്നു. എല്ലാ കേസും വിധി കല്പിക്കപ്പെട്ടു, എല്ലാരത്നവും എണ്ണപ്പെട്ടു.



## നന്നാ താമസിച്ചുപോയി!

പിന്നെ യേശു തന്റെ പൗരോഹിത്യവേഷം അഴിച്ചുവെച്ചു, രാജാധിരാജാവിനു യോജിച്ച വേഷം ധരിച്ചു. അവന്റെ തലയിൽ അനേകം കിരീടങ്ങൾ ഉണ്ടായിരുന്നു, ഒരു കിരീടം മറ്റൊന്നിനകത്തുവെച്ച മാതൃകയിലായിരുന്നു. മാലാഖമാരാൽ ചുറ്റപ്പെട്ടവനായി അവൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി. ഭൂമിയിലെ നിവാസികളുടെമേൽ ബാധകൾ വീണുകൊണ്ടേയിരുന്നു. ചിലർ ദൈവത്തെ പഴിക്കുകയും ശപിക്കുകയും ചെയ്യുകയായിരുന്നു. മറ്റുള്ളവർ ദൈവജനത്തിന്റെ അടുക്കൽ ഓടിച്ചെന്നിട്ട്, ദൈവകോപത്തിൽ നിന്നു രക്ഷപ്പെടാനുള്ള വഴി പഠിപ്പിച്ചു തരണേ എന്നു യാചിച്ചു. എന്നാൽ വിശുദ്ധന്മാരായവർക്കു ഒന്നും ചെയ്യാൻ സാദ്ധ്യമല്ലായിരുന്നു. പാപികൾക്കു വേണ്ടിയുള്ള അവസാനത്തെ കണ്ണീർ ഒഴുക്കപ്പെട്ടു കഴിഞ്ഞിരുന്നു, മനോവേദനയോടുകൂടിയ അവസാനത്തെ പ്രാർത്ഥനയും കഴിഞ്ഞിരുന്നു, അവസാനത്തെ ഭാരവും ചുമക്കപ്പെട്ട് അവസാനത്തെ മുന്നറിയിപ്പും കൊടുത്തു കഴിഞ്ഞു. കരുണയുടെ മാധുര്യമേറിയ ശബ്ദം ഇപ്പോൾ അവരെ ക്ഷണിക്കുന്നില്ല. വിശുദ്ധന്മാരും മുഴുസ്വർഗ്ഗവും അവരെ രക്ഷിക്കാൻ താല്പര്യപ്പെട്ടപ്പോൾ, സ്വന്തം രക്ഷയിൽ അവർക്കു യാതൊരു താല്പര്യവും ഇല്ലായിരുന്നു. ജീവനും മരണവും അവരുടെ മുമ്പാകെ വെച്ചിരുന്നു. അനേകരും ജീവൻ വേണമെന്നാഗ്രഹിച്ചു, എന്നാൽ അതു നേടുവാൻ വേണ്ടി യാതൊന്നും ചെയ്തില്ല. അവർ ജീവനെ തെരഞ്ഞെടുത്തില്ല, ഇപ്പോൾ പാപികളെ ശുദ്ധീകരിക്കാൻ രക്ഷിക്കുന്ന രക്തം ഇല്ല, “വെറുതേ വിടൂ, പാപിയെ കുറച്ചുകാലംകൂടെ വെറുതേ വിടൂ”എന്നു നിലവിളിക്കാൻ കരുണാമയനായ ഒരു രക്ഷിതാവില്ല. “എല്ലാം നിവൃത്തിയായി! എല്ലാം പൂർത്തിയായി!”എന്ന ഭയാനകമായ വാക്കുകൾ കേട്ടപ്പോൾ സ്വർഗ്ഗം മുഴുവനും യേശുവിനോടു യോജിച്ചു. രക്ഷാപദ്ധതി പൂർത്തീകരിക്കപ്പെട്ടു, എന്നാൽ ചുരുക്കം ആളുകൾ മാത്രമേ അതു സ്വീകരിച്ചുള്ളു. കരുണയുടെ മാധുര്യമേറിയ ശബ്ദം നിലച്ചപ്പോൾ, ദുഷ്ടന്മാർ ഭയചകിതരായി. “വല്ലാതെ വൈകിപ്പോയി! വല്ലാതെ വൈകിപ്പോയി!” എന്ന വാക്കുകൾ അവർ വ്യക്തമായ ശബ്ദത്തിൽ കേട്ടു.

ബാധകളുടെ കഠിനമായ വേദന അനുഭവിച്ചപ്പോൾ ദുഷ്ടന്മാരിൽ അനേകരും കോപാകുലരായി. മാതാപിതാക്കൾ മക്കളെ പഴി പറഞ്ഞു, മക്കൾ മാതാപിതാക്കളെയും, സഹോദരന്മാർ സഹോദരികളെയും, സഹോദരികൾ സഹോദരന്മാരെയും. എല്ലാ ഭാഗത്തുനിന്നും ഉച്ചത്തിലുള്ള കുറ്റാരോപണം ഉയർന്നു, “ഈ ഭയാനകമായ അനുഭവം ഉണ്ടാകാത വണ്ണം രക്ഷപ്പെടുവാനുള്ള സത്യം സ്വീകരിക്കുന്നതിൽ നിന്നെന്നെ തടഞ്ഞതു നീയാണ്” ജനങ്ങൾ അവരുടെ ശുശ്രൂഷകന്മാരായ സുവിശേഷകന്മാരുടെ നേരേ കയ്പേറിയ വിദ്വേഷത്തോടെ തിരിഞ്ഞു കുറ്റപ്പെടുത്തി

”നിങ്ങൾ ഞങ്ങൾക്കു മുന്നറിയിപ്പു തന്നില്ല. ലോകം മുഴുവനും മാനസാന്തരപ്പെടുമെന്നു നിങ്ങൾ ഞങ്ങളോടു പറഞ്ഞു, എല്ലാ ഭയത്തെയും തണുപ്പിക്കാൻ “സമാധാനം, സമാധാനം”എന്നു നിങ്ങൾ ഞങ്ങളോടു പറഞ്ഞില്ല; അതിനെക്കുറിച്ചു ഞങ്ങൾക്കു മുന്നറിയിപ്പു തന്നവരെ മതഭ്രാന്തരെന്നും. ഞങ്ങളെ നശിപ്പിക്കുന്ന ദുഷ്ടന്മാരെന്നും നിങ്ങൾ പ്രഖ്യാപിച്ചു.” വ്യാജം പ്രസ്താവിച്ച ശുശ്രൂഷകന്മാരും ദൈവക്രോധത്തിനിരയായി. അവരുടെ കഷ്ടത സാധാരണ ജനങ്ങളുടേതിനേക്കാൾ പത്തിരട്ടി ആയിരുന്നു.

## യാക്കോബിന്റെ കഷ്ടകാലം

വിശുദ്ധന്മാർ പട്ടണങ്ങളും ഗ്രാമപ്രദേശങ്ങളും ഉപേക്ഷിച്ച്, ചെറുസംഘങ്ങളായി ഏകാന്തമായ പ്രദേശങ്ങളിലേക്കു മാറിത്താമസിച്ചു. ദുഷ്ടന്മാർ വിശപ്പും ദാഹവുംകൊണ്ടു വലഞ്ഞപ്പോൾ, വിശുദ്ധന്മാർക്കു ദൂതന്മാർ ഭക്ഷണവും വെള്ളവും കൊടുത്തു. ഭൂമിയിലെ ഉന്നതന്മാരായ ആളുകൾ കൂടിയാലോചിച്ചു, സാത്താനും അവന്റെ ദൂതന്മാരും അവർക്കു ചുറ്റും ധൃതിയിൽ സഞ്ചരിച്ചുകൊണ്ടിരുന്നു. വിശുദ്ധന്മാർ അവരുടെ വ്യത്യസ്തമായ ഉപദേശങ്ങൾ ഉപേക്ഷിച്ച്, ശബ്ബത്തും ഉപേക്ഷിച്ച്, ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം വിശുദ്ധമായി ആചരിക്കാൻ തയ്യാറായിക്കൊണ്ടു കീഴടങ്ങുന്നില്ലെങ്കിൽ; ഒരു പ്രത്യേക സമയത്തിനുശേഷം അവരെ കൊന്നുകളയാൻ ഏതൊരു പൗരനും അധികാരം കൊടുത്തുകൊണ്ടുള്ള ഗവൺമെന്റുവിജ്ഞാപനത്തിന്റെ കോപ്പികൾ വിവിധ പ്രദേശങ്ങളിൽ വിതരണം ചെയ്യപ്പെട്ടു. എന്നാൽ ഈ ഭയങ്കരമായ കഷ്ടതയുടെ സമയത്തും വിശുദ്ധന്മാർ ആത്മസംയമനത്തോടെ സൗമ്യരായി കാണപ്പെട്ടു. അവർ ദൈവത്തിൽ വിശ്വസിക്കുകയും, അവർക്കുവേണ്ടി ഒരു രക്ഷാമാർഗ്ഗം ഒരുക്കുമെന്നുള്ള ദൈവീക വാഗ്ദത്തത്തിൽ ആശ്രയിക്കുകയും ചെയ്തു.

ചില സ്ഥലങ്ങളിൽ, ഗവണ്മെന്റിന്റെ ഓർഡറിൽ പറഞ്ഞിരിക്കുന്ന സമയത്തിനും മുമ്പേ ദുഷ്ടന്മാർ വിശുദ്ധന്മാരുടെ മേൽ ചാടിവീണു കൊന്നുകളയാൻ ശ്രമിച്ചു. എന്നാൽ യേശു അവരെ സംരക്ഷിക്കാൻ തന്റെ മാലാഖമാരോടാജ്ഞാപിച്ചു. ചുറ്റിവളയുന്ന ശത്രുക്കളുടെ മുമ്പിൽ, തന്റെ കല്പനകൾ പ്രമാണിച്ച വിശുദ്ധന്മാരെ സംരക്ഷിക്കുന്നതിലൂടെ ദൈവനാമം മഹത്വപ്പെടും. ഏറെക്കാലമായി തനിക്കുവേണ്ടി കാത്തിരുന്ന വിശുദ്ധന്മാരെ മരണത്തിനു വിധേയരാക്കാതെ, ജീവനുള്ളവരുടെ കൂട്ടത്തിൽ നിന്നു രൂപാന്തരപ്പെടുത്തി കൂടെകൊണ്ടുപോകുന്നതിലൂടെ യേശുവിന്റെ നാമവും മഹത്വപ്പെടും.

വിശുദ്ധന്മാർ വളരെയധികം മാനസികവ്യഥ അനുഭവിക്കുകയായിരുന്നു. ഭൂമിയിലെ ദുഷ്ടന്മാർ അവരെ ചുറ്റി വളഞ്ഞതായി കാണപ്പെട്ടു. എല്ലാം അവർക്കു പ്രതികൂലമാണെന്നു തോന്നി. ഒടുവിൽ ദൈവം ദുഷ്ടന്മാരുടെ കയ്യാൽ മരിക്കേണ്ടതിനു തങ്ങളെ ഏല്പിച്ചു കൊടുത്തിരിക്കുക

യാണെന്നു ചിലർ ഭയപ്പെട്ടു.എന്നാൽ അവരുടെ കണ്ണുകൾ തുറന്നിരുന്നെങ്കിൽ, മാലാഖമാർ അവരെ ചുറ്റിയിരിക്കുന്നത് അവർ കാണുമായിരുന്നു. പിന്നെ കോപാകുലരായ ദുഷ്ടന്മാരുടെ ഒരു സംഘം കടന്നുവന്നു, പിന്നെയൊരു സംഘം പിശാചുക്കൾ കടന്നുവന്നു വിശുദ്ധന്മാരെ കൊന്നുകളയാൻ ദുഷ്ടന്മാരെ ഉത്സാഹിപ്പിച്ചുകൊണ്ടിരുന്നു. എന്നാലവർ ദൈവജനത്തിന്റെ അടുക്കൽ എത്തും മുമ്പ്, വിശുദ്ധ ദൂതന്മാരുടെ സംഘത്തെ കടന്നുപോകണമായിരുന്നു. അത് അസാദ്ധ്യവുമായിരുന്നു. ദൈവദൂതന്മാർ ദുഷ്ടന്മാരെ പിന്തിരിപ്പിച്ചുകൊണ്ടിരുന്നു. ദുഷ്ടന്മാരെ മുമ്പോട്ടു തള്ളിവിടാൻ ശ്രമിച്ച പിശാചുക്കളെ ദൈവദൂതന്മാർ പുറകോട്ടു തള്ളിയിട്ടു.

വിടുതലിനു വേണ്ടിയുള്ള നിലവിളി: അതു വിശുദ്ധന്മാർക്കു ഭയാനകമായ മനോവേദനയുടെ സമയമായിരുന്നു. വിടുതലിനുവേണ്ടി അവർ രാവും പകലും ദൈവത്തോടു നിലവിളിച്ചു. പുറമേയുള്ള കാഴ്ചയിൽ അവർ രക്ഷപ്പെടാനുള്ള യാതൊരു സാദ്ധ്യതയും ഇല്ലായിരുന്നു. ദുഷ്ടന്മാർ അവരെ പരിഹസിച്ചുകൊണ്ടു ജയഭേരി മുഴക്കാൻ തുടങ്ങിയിരുന്നു: "നിങ്ങളുടെ ദൈവം ഞങ്ങളുടെ കൈകളിൽനിന്നു നിങ്ങളെ രക്ഷിക്കാത്തതെന്തുകൊണ്ടാണ്? നിങ്ങളങ്ങു മുകളിലേക്കു പൊങ്ങിപ്പോയി നിങ്ങളുടെ ജീവനെ രക്ഷിക്കാത്തതെന്താണ്?" എന്നാൽ വിശുദ്ധന്മാർ അവരെ ശ്രദ്ധിച്ചതേയില്ല. യാക്കോബിനെപ്പോലെ അവർ ദൈവവുമായി മൽപ്പിടുത്തത്തിലായിരുന്നു (ഉല്പത്തി 32:22-32). അവരെ രക്ഷിക്കാൻ ദൂതന്മാർക്കാഗ്രഹമുണ്ടായിരുന്നു, എന്നാലവർ അല്പം കൂടെ കാത്തിരിക്കണമായിരുന്നു. ദൈവത്തിന്റെ ജനം കഷ്ടതയുടെ പാനപാത്രം കുടിക്കുകയും, പരീക്ഷയുടെ അഗ്നിച്ചൂളയിൽ സ്നാനമേൽക്കുകയും ചെയ്യണമായിരുന്നു. ദൂതന്മാർ, തങ്ങളെ ഏല്പിച്ച ചുമതലയ്ക്കനുസരണമായി വിശുദ്ധന്മാരുടെ സംരക്ഷണം തുടർന്നുകൊണ്ടേയിരുന്നു. ജാതികളുടെ ഇടയിൽ തന്റെ നാമത്തിനു നാണക്കേടു വരുവാൻ ദൈവം അനുവദിക്കുകയില്ല. ദൈവം തന്റെ വലിയ ശക്തി പ്രദർശിപ്പിച്ച്, തന്റെ വിശുദ്ധന്മാരെ മഹത്വകരമായി വിടുവിക്കാനുള്ള സമയം ഏകദേശം ആഗതമായി. ജീവന്റെ പുസ്തകത്തിൽ പേരെഴുതപ്പെട്ടവരായി, ക്ഷമയോടെ അവനെ കാത്തിരുന്ന എല്ലാവരെയും അവൻ തന്റെ നാമമഹത്വത്തിനായി രക്ഷിക്കും.

വിശ്വസ്തനായ നോഹയുടെ അനുഭവം പോലെയായിരുന്നു ഇതും. മഴപെയ്തു പ്രളയം വന്നപ്പോൾ നോഹയും കുടുംബവും പെട്ടകത്തിൽ പ്രവേശിച്ചുകഴിഞ്ഞിരുന്നു, ദൈവം വാതിലും അടച്ചു. നോഹ അന്നത്തെ ലോക നിവാസികൾക്കു ജലപ്രളയത്തേക്കുറിച്ചു വിശ്വസ്തമായി മുന്നറിയിപ്പു കൊടുത്തു. എന്നാലവർ അവനെ കളിയാക്കുകയും പരിഹസിക്കുകയും ചെയ്തു. ഒടുവിൽ മഴപെയ്തു വെള്ളമുയരാൻ തുടങ്ങിയപ്പോൾ, ഓരോരുത്തരായി മുങ്ങിച്ചാകുന്ന സമയത്ത്, അവർ പരിഹസിച്ച

തായ പെട്ടകം നോഹയേയും കുടുംബത്തേയും സംരക്ഷിച്ചുകൊണ്ട്, വെള്ളത്തിന്റെ മുകളിലൂടെ സുരക്ഷിതമായി ഒഴുകി നടക്കുന്നതവർ കണ്ടു. ദൈവക്രോധത്തെക്കുറിച്ചു വിശ്വസ്തമായി ലോകത്തിനു മുന്നറിയിപ്പു കൊടുത്ത ദൈവജനത്തെയും കാലാന്ത്യത്തിൽ ഭൂമിമേൽ വരുന്ന ദൈവക്രോധത്തിൽനിന്നു ദൈവം നിശ്ചയമായി രക്ഷിക്കും. മൃഗത്തിന്റെ കല്പനക്കു തലകുനിക്കുകയോ അവന്റെ അടയാളം സ്വീകരിക്കുകയോ ചെയ്യാതെ, മരണം കാണാതെ രൂപാന്തരം പ്രാപിക്കാൻ കാത്തിരുന്ന തന്റെ വിശുദ്ധരെ കൊന്നുകളയാൻ ദൈവം ദുഷ്ടന്മാരെ അനുവദിക്കുകയില്ല. വിശുദ്ധന്മാരെ കൊല്ലാൻ ദുഷ്ടന്മാരെ അനുവദിച്ചിരുന്നെങ്കിൽ, സാത്താനും അവന്റെ ദുഷ്ടസൈന്യവും, ദൈവത്തെ വെറുക്കുന്ന എല്ലാവരും, അമിതമായി സന്തോഷിക്കുമായിരുന്നു. തങ്ങൾ സ്നേഹിച്ചതായ യേശുവിനെ കാണാൻവേണ്ടി ഇത്ര കാലവും കാത്തിരുന്ന വിശുദ്ധന്മാരുടെ മേൽ സാത്താന് അധികാരം കിട്ടിയാൽ, അവസാന പോരാട്ടവേളയിൽ അതവന് എത്രവലിയ വിജയമായിരിക്കും! വിശുദ്ധന്മാർ ഉയരത്തിലേക്കു പോകും എന്ന ആശയത്തെ പരിഹസിച്ചവർ, ഇപ്പോൾ ദൈവം തന്റെ ജനത്തെ സംരക്ഷിക്കുന്നതും മഹത്വകരമായി വിടുവിക്കുന്നതും കാണും.

വിശുദ്ധന്മാർ പട്ടണങ്ങളും ഗ്രാമങ്ങളും വിട്ടു പുറപ്പെട്ടപ്പോൾ ദുഷ്ടന്മാർ അവരെ കൊല്ലാൻവേണ്ടി പിൻതുടർന്നു. എന്നാൽ ദൈവജനത്തെ കൊല്ലാൻ വേണ്ടി ഉയർത്തിയ ആയുധങ്ങൾ വൈയ്ക്കോൽപ്പോലെ ബലഹീനമായി. ദൈവദൂതന്മാർ വിശുദ്ധന്മാരെ സംരക്ഷിച്ചു. അവർ രാവും പകലും നിലവിളിച്ചപ്പോൾ, അവരുടെ നിലവിളി ദൈവമുമ്പാകെയെത്തി.

## വിശുദ്ധന്മാരുടെ വിടുതൽ

ദൈവം തന്റെ ജനത്തെ രക്ഷിക്കാൻ അർദ്ധരാത്രി സമയമാണു തെരഞ്ഞെടുത്തത്. ദുഷ്ടന്മാർ അവരെ ചുറ്റിവളഞ്ഞു പരിഹസിച്ചുകൊണ്ടിരിക്കുമ്പോൾ, പെട്ടെന്നു സൂര്യൻ പൂർണ്ണശക്തിയോടെ പ്രത്യക്ഷപ്പെട്ടു, ചന്ദ്രൻ സ്വസ്ഥാനത്തു നിന്നു. ദുഷ്ടന്മാർ അശ്ചര്യത്തോടെ നോക്കി നിന്നു. എന്നാൽ നീതിമാന്മാർ തങ്ങളുടെ വിടുതലിന്റെ ആദ്യ അടയാളങ്ങൾ കണ്ടു സന്തോഷിച്ചു. അടയാളങ്ങളും അത്ഭുതങ്ങളും ഒന്നിനു പുറകേ ഒന്നായി പിന്തുടർന്നു. പ്രകൃതിയുടെ സ്വാഭാവികമായ നീക്കങ്ങൾ തെറ്റിപ്പോയിരിക്കുന്നതുപോലെ തോന്നി. അരുവികളുടെ ഒഴുക്കു നിലച്ചു. ശക്തിയേറിയ കാർമേഘങ്ങൾ ഉയർന്നുവന്നു കൂട്ടിയിടിച്ചു. എന്നാൽ ഒരു സ്ഥലത്തുമാത്രം ശാന്തഗംഭീരമായ മഹത്വം നിലനിന്നു. അവിടെനിന്നു വെള്ളച്ചാട്ടത്തിന്റെ ഇരച്ചൽപോലെ പുറപ്പെട്ട ദൈവശബ്ദത്തിങ്കൽ ആകാശവും ഭൂമിയും കുലുങ്ങി. അതിശക്തമായ ഒരു ഭൂമികുലുക്കം ഉണ്ടായി. കല്ലറകൾ തുറന്നു; മൂന്നാം ദൂതന്റെ ദൂതിലുള്ള വിശ്വാസത്തിൽ, ശബ്ബത്തു വിശുദ്ധമായി ആചരിച്ചുകൊണ്ടു മരിച്ചവർ, പൊടിയിലുള്ള അവരുടെ

കിടക്കവിട്ട്, മഹത്വധാരികളായി പുറത്തുവന്നു. തന്റെ കല്പനകൾ അനുസരിച്ചവരുമായി ദൈവം ചെയ്യുന്ന സമാധാന ഉടമ്പടി അവർ കേട്ടു.

ആകാശം തുറക്കുകയും അടയുകയും ചെയ്തുകൊണ്ട് അസ്വസ്ഥമായി. കാറ്റിലാടി ഉലയുന്ന മുളങ്കമ്പുപോലെ പർവ്വതങ്ങൾ കുലുങ്ങുകയും, പാറക്കഷണങ്ങൾ നാലുപാടും ചിതറിത്തെറിക്കുകയും ചെയ്തു. കലത്തിൽ വെള്ളം തിളയ്ക്കുന്നതുപോലെ, സമുദ്രം തിളച്ചു മറിയുകയും, തീരങ്ങളിലേക്കു കല്ലുകൾ തെറിച്ചു വീഴുകയും ചെയ്തു. ദൈവം തന്റെ ജനത്തോടുള്ള നിത്യമായ ഉടമ്പടി പ്രസ്താവിക്കാൻ തുടങ്ങി. അവൻ ഒരു വാചകം പ്രസ്താവിച്ചശേഷം അല്പസമയം മൗനമായി. അവിടുത്തെ വാക്കുകൾ ഭൂമിയിലുടനീളം അനുഭവപ്പെട്ടു. യഹോവയുടെ വായിൽ നിന്നു വചനങ്ങൾ പുറപ്പെടുന്നതും, വലിയ ഇടിമുഴക്കംപോലെ ഭൂമിയിൽ ഉരുണ്ടു പ്രതിദ്ധ്വനിക്കുന്നതും ശ്രദ്ധിച്ചുകൊണ്ട്, ദൈവജനം മുകളിലേക്കു നോക്കി നിന്നു. ഭയങ്കരവും പരിപാവനവുമായ അനുഭവമായിരുന്നു അത്. ഓരോ വാചകത്തിന്റെയും അവസാനത്തിൽ വിശുദ്ധന്മാർ ആർത്തുവിളിച്ചു, “മഹത്വം! ഹല്ലേലുയ്യാ!”മോശെ സീനായി പർവ്വതത്തിൽ നിന്നിറങ്ങി വന്നപ്പോൾ അവന്റെ മുഖം പ്രകാശിച്ചതുപോലെ, യഹോവയുടെ മഹത്വത്താൽ അവരുടെ മുഖങ്ങൾ പ്രകാശിച്ചു. മഹത്വം നിമിത്തം ദുഷ്ടന്മാർക്ക് അവരുടെ മുഖത്തേക്കു നോക്കാൻ കഴിഞ്ഞില്ല. തന്റെ ശബ്ബത്തു വിശുദ്ധമായി ആചരിച്ചുകൊണ്ടു തന്നെ ബഹുമാനിച്ചതായ ആളുകളുടെ മേലുള്ള നിത്യമായ അനുഗ്രഹം ദൈവം പ്രസ്താവിച്ചുകഴിഞ്ഞപ്പോൾ, അവർ മൃഗത്തിന്റെമേലും അവന്റെ പ്രതിമയുടെ മേലുമുള്ള വിജയം ആർത്തുഘോഷിച്ചു.

## ക്രിസ്തുവിന്റെ രണ്ടാം വരവ്

ദൈവപുത്രൻ ഇരുന്നിരുന്ന വെളുത്ത മേഘം പെട്ടെന്നു പ്രത്യക്ഷമായി. ആദ്യം വിദൂരതയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ, ഈ മേഘം വളരെ ചെറുതായി കാണപ്പെട്ടു. എന്നാലതു ഭൂമിയോടടുത്തു വന്നപ്പോൾ, കീഴടക്കാനായി വിജയശ്രീലാളിതനായി എഴുന്നള്ളുന്ന യേശുവിന്റെ തേജസ്സും മഹത്വവും എല്ലാവർക്കും വ്യക്തമായി കാണാമായിരുന്നു. ശിരസ്സിൽ വെട്ടിത്തിളങ്ങുന്ന കിരീടങ്ങളണിഞ്ഞ, തേജസ്സുറ്റ വിശുദ്ധ മാലാഖമാരുടെ ഒരു വലിയ സംഘം അവനെ അനുഗമിച്ചു.

ആ കാഴ്ചയുടെ മഹത്വം വർണ്ണിക്കാൻ ഒരു ഭാഷയ്ക്കും സാദ്ധ്യമല്ല. തേജസ്സിന്റെ ജീവനുള്ള മേഘവും അവർണ്ണനീയമായ മഹത്വവും അടുത്തടുത്തുവന്നു. തേജസ്സിന്റെ മകുടമായി യേശു അതിന്മേൽ ഇരുന്നിരുന്നു. ഇപ്പോൾ അവന്റെ വിശുദ്ധമായ ശിരസ്സിൽ മഹത്വത്തിന്റെ കിരീടമാണ്, മുൾക്കിരീടമല്ല. “രാജാധിരാജാവും കർത്താധികർത്താവും എന്ന നാമം അവന്റെ ഉടുപ്പിന്മേലും തുടമേലും എഴുതിയിരിക്കുന്നു (വെളി. 19:16).

“അവന്റെ തലയും തലമുടിയും വെളുത്ത പഞ്ഞിപോലെ ഹിമത്തോളം വെള്ളയും കണ്ണ് അഗ്നിജ്വാലയ്ക്ക് ഒത്തതും കാൽ ഉലയിൽ ചുട്ടു പഴുപ്പിച്ച വെള്ളോട്ടിനു സദൃശവും”ആയിരുന്നു (വെളി. 1:14,15). അവന്റെ ശബ്ദം അനേകം വാദ്യോപകരണങ്ങൾ ഒരുമിച്ചു മുഴങ്ങുന്നതുപോലെ ആയിരുന്നു. അവന്റെ മുമ്പാകെ ഭൂമി വിറച്ചു ആകാശം പുസ്തകച്ചുരുൾ ചുരുട്ടുന്നതു പോലെ മാറിപ്പോയി, എല്ലാ മലയും ദ്വീപും സ്വസ്ഥാനത്തു നിന്നു ഇളകി പ്പോയി. ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനവാന്മാരും ബലവാന്മാരും സകലദാസനും സ്വതന്ത്രനും ഗുഹകളിലും വൻപാറകളിലും ഒളിച്ചുകൊണ്ടു മലകളോടും പാറകളോടും: ഞങ്ങളുടെ മേൽ വീഴുവിൻ; സിംഹാസന ത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാടി ന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറയ്ക്കുവിൻ. അവ രുടെ മഹാകോപദിവസം വന്നു; ആർക്കു നില്പ്പാൻ കഴിയും എന്നു പറഞ്ഞു? (വെളി. 6: 15-17).



അല്പസമയം മുമ്പു ദൈവ ത്തിന്റെ വിശ്വസ്തരായ മക്കളെ ഭൂമിയിൽനിന്നു തുടച്ചുമാറ്റാൻ തയ്യാറായി നിന്നവർ, ഇപ്പോൾ അവരുടെമേൽ ദൈവമഹത്വം ആവസിക്കുന്നതു ദർശിച്ചു. “ഇതാ നമ്മുടെ ദൈവം; അവനെയത്രേ നാം കാത്തിരുന്നത്; അവൻ നമ്മെ രക്ഷിക്കും” (യെശ. 25:9) എന്നു വിശുദ്ധ ന്മാർ സന്തോഷത്തോടെ ആർത്തു ഘോഷിക്കുന്നത്. ഭയന്നുവിറച്ചു നില് ക്കുന്ന ദുഷ്ടന്മാർ കേട്ടു.

## ഒന്നാമത്തെ പുനരുത്ഥാനം

ദൈവപുത്രന്റെ ശബ്ദം, കല്ലറകളിൽ ഉറങ്ങുന്ന വിശുദ്ധന്മാരെ വിളിച്ച പ്പോൾ ഭൂമി കുലുങ്ങി. അവർ ആ വിളിയോടു പ്രതികരിച്ച്, മഹത്വവും അമർത്യതയും ധരിച്ച് എഴുന്നേറ്റു വന്നു... “മരണം നീങ്ങി ജയം വന്നിരി ക്കുന്നു... ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ മരണമേ നിന്റെ വിഷ മുള്ള് എവിടെ? (1 കൊരി. 15:54,55). എന്ന് അവർ ഉച്ചത്തിൽ ആർത്തു കൊണ്ടിരുന്നു. പിന്നെ ജീവനോടിരുന്ന വിശുദ്ധന്മാരും ഉയിർത്തെഴു ന്നേറ്റ വിശുദ്ധന്മാരും ഒരുമിച്ചു ചേർന്ന്, സുദീർഘമായ ഒരു വിജയാ ഘോഷം നടത്തി. രോഗത്തിന്റെയും മരണത്തിന്റെയും പാടുകളോടു

കൂടെ കല്ലറകളിലേക്കു വെയ്ക്കപ്പെട്ടിരുന്ന ശരീരങ്ങൾ, അമർത്യമായ ആരോഗ്യത്തോടും ഉന്മേഷത്തോടുംകൂടെ എഴുന്നേറ്റു വന്നിരിക്കുന്നു. ജീവനോടിരുന്ന വിശുദ്ധന്മാർ നിമിഷനേരത്തിനുള്ളിൽ കണ്ണിമെക്കുന്നിടയിൽ രൂപാന്തരം പ്രാപിച്ച്, ഉയിർത്തെഴുന്നേറ്റ വിശുദ്ധന്മാരോടൊപ്പം ആകാശത്തിൽ തങ്ങളുടെ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെട്ടു. ഹോ, എത്ര മഹത്വമേറിയ കൂടിച്ചേരൽ! മരണത്താൽ വേർപെട്ടുപോയ സ്നേഹിതർ ഇനി ഒരിക്കലും പിരിയാതെവണ്ണം ഒരുമിച്ചു ചേർന്നിരിക്കുന്നു.

മേഘ സദൃശമായ രഥത്തിന്റെ ഇരുവശത്തും ചിറകുകളുണ്ടായിരുന്നു, അടിയിൽ ജീവനുള്ള ചക്രങ്ങളും ഉണ്ടായിരുന്നു. മേഘങ്ങളിൽ എടുക്കപ്പെട്ട വിശുദ്ധന്മാർ "മഹത്വം! ഹല്ലേലുയ്യാ!"എന്ന് ആർത്തുകൊണ്ടിരുന്നു. രഥം മുകളിലേക്ക്, വിശുദ്ധ നഗരത്തിലേക്കു പൊങ്ങിപ്പോയി. വിശുദ്ധ നഗരത്തിൽ പ്രവേശിക്കുന്നതിനു മുമ്പ്, യേശു മദ്ധ്യത്തിലും വിശുദ്ധന്മാർ അവന്റെ നാലുവശത്തുമായി സമചതുരത്തിലും ക്രമീകരിക്കപ്പെട്ടു. വിശുദ്ധന്മാരെക്കാളും ദൂതന്മാരെക്കാളും തോളിനു മുകളിൽ ഉയരമുള്ളവനായി യേശു കാണപ്പെട്ടു. ആ ചതുരത്തിൽ നിന്നിരുന്ന എല്ലാവർക്കും യേശുവിന്റെ സുന്ദരമായ മുഖവും തേജസ്സും കാണാമായിരുന്നു.

## വിശുദ്ധന്മാരുടെ പ്രതിഫലം

പിന്നെ വിശുദ്ധ നഗരത്തിൽ നിന്നു ധാരാളം ദൂതന്മാർ മഹത്വമേറിയ കിരീടങ്ങളുമായി വന്നു. ഓരോ വിശുദ്ധനും തന്റെ പേരെഴുതിയ ഓരോ കിരീടം. യേശു ചോദിച്ചപ്പോൾ ദൂതന്മാർ കിരീടങ്ങൾ അവന്റെ മുമ്പിൽ സമർപ്പിച്ചു. യേശു തന്റെ സ്വന്തം വലതു കരംകൊണ്ടു കിരീടങ്ങൾ ഓരോരുത്തരുടെയും ശിരസ്സിൽ അണിയിച്ചു. അതുപോലെ തന്നെ ദൂതന്മാർ വീണകൾ കൊണ്ടുവന്നു, യേശു വിശുദ്ധന്മാർക്കു വീണകൾ സമ്മാനിച്ചു. നേതാക്കന്മാരായ മാലാഖമാർ വീണകളിൽ ആദ്യസ്വരമുതിർത്തു. പിന്നെ എല്ലാ നാവുകളും നന്ദിയുള്ള സന്തോഷ സ്തുതി ഉയർത്തി, എല്ലാ കരങ്ങളും വീണകളുടെ കമ്പികളിൽ വിദഗ്ധമായി ചലിച്ചു, യാതൊരു തെറ്റുമില്ലാതെ ഇമ്പകരമായ സംഗീതം സ്വരലയ താളങ്ങളോടെ അന്തരീക്ഷത്തിൽ നിറഞ്ഞു.

പിന്നെ യേശു വീണ്ടെടുക്കപ്പെട്ട സമൂഹത്തെ വിശുദ്ധ നഗരത്തിന്റെ പ്രധാന വാതിലിലേക്കു നയിച്ചു. അവൻ വാതിലിൽ പിടിച്ചു മലർക്കെ തുറന്നു, വെട്ടിത്തിളങ്ങുന്ന വിജാവിരിയിൽ അതു പുറകോട്ടു തെന്നിമാറി. സത്യത്തെ സ്നേഹിച്ച എല്ലാവരെയും യേശു അകത്തേക്കു ക്ഷണിച്ചു. നഗരത്തിന്റെ ഉള്ളിൽ എല്ലാ കണ്ണുകൾക്കും ഒരു വിശാലമായ വിരുന്നായിരുന്നു. എല്ലായിടത്തും അവർ വലിയ മഹത്വം ദർശിച്ചു. പിന്നെ യേശു തന്റെ വിശുദ്ധന്മാരെ നോക്കി, അവരുടെ മുഖങ്ങൾ മഹത്വപൂർണ്ണമായി

വെട്ടിത്തിളങ്ങിയിരുന്നു. യേശു തന്റെ സ്നേഹമസൃണമായ ദൃഷ്ടികൾ അവരുടെ മേൽ പതിപ്പിച്ചുകൊണ്ട്, സംഗീത സാന്ദ്രമായ ശക്തമായ ശബ്ദ ത്തിൽ അരുളിച്ചെയ്തു, "എന്റെ അദ്ധ്വാനത്തിന്റെ പ്രതിഫലം ഞാൻ കാണുന്നു, എനിക്കു തൃപ്തിയായി. ഈ വലിയ മഹത്വം എന്നെന്നേക്കും നിങ്ങൾക്കുള്ളതാണ്. നിങ്ങളുടെ ദുഃഖങ്ങൾ അവസാനിച്ചു. ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല." വീണ്ടെടുക്കപ്പെട്ടവർ കുനിഞ്ഞു നമസ്കരിച്ചു, തങ്ങളുടെ കിരീടങ്ങൾ യേശുവിന്റെ കാല്ക്കൽ സമർപ്പിച്ചു. കർത്താവിന്റെ തൃക്കരങ്ങൾ അവരെ പിടിച്ചെഴുന്നേല്പിച്ചപ്പോൾ അവർ തങ്ങളുടെ സ്വർണ്ണവീണകളിൽ വിരലു കൾ ഓടിച്ചു, കുഞ്ഞാടിന്റെ പാട്ടുകളും സംഗീതവും കൊണ്ടു സ്വർഗ്ഗം മുഖരിതമായി.

പിന്നെ യേശു അവരെ ജീവവൃക്ഷത്തിങ്കലേക്കു കൊണ്ടുപോയി. മർത്യകർണ്ണങ്ങളിൽ പതിച്ചിട്ടുള്ള ഏറ്റവും മനോഹരമായ സംഗീതത്തെ ക്കാൾ സുന്ദരമായ ശബ്ദത്തിൽ കർത്താവ് അരുളിച്ചെയ്യുന്നതവർ കേട്ടു, "ഈ വൃക്ഷത്തിന്റെ ഇലകൾ ജാതികളുടെ രോഗശമനത്തിനു വേണ്ടിയു ള്ളതാകുന്നു. നിങ്ങളെല്ലാവരും അതിൽനിന്നു ഭക്ഷിച്ചുകൊള്ളുവൻ." ജീവന്റെ വൃക്ഷത്തിൽ മനോഹരമായ പഴങ്ങളുണ്ടായിരുന്നു, വിശുദ്ധ ന്മാർക്ക് അതിൽനിന്ന് ഇഷ്ടംപോലെ ഭക്ഷിക്കാമായിരുന്നു. നഗരത്തിൽ ഏറ്റവും മഹത്വമേറിയ ഒരു സിംഹാസനമുണ്ടായിരുന്നു. അവിടെനിന്നു വിശുദ്ധമായ ജീവജലമൊഴുകുന്ന പളുങ്കു നദി പുറപ്പെട്ടു. നദിയുടെ ഇരു കരകളിലും ജീവവൃക്ഷമുണ്ടായിരുന്നു, ഭക്ഷണത്തിനുതകുന്ന മനോ ഹരമായ പഴങ്ങൾ നിറഞ്ഞ മറ്റനേകം വൃക്ഷങ്ങളും ഉണ്ടായിരുന്നു.

സ്വർഗ്ഗത്തിന്റെ മഹത്വം വർണ്ണിക്കാൻ മനുഷ്യഭാഷയ്ക്കു ശേഷിയില്ല. "ഹോ, എത്ര വലിയ സ്നേഹം! എത്ര അത്ഭുതകരമായ സ്നേഹം!" എന്നു മാത്രമേ നമുക്കു പറയാൻ കഴിയൂ. സ്വർഗ്ഗത്തിന്റെ മഹത്വവും രക്ഷിതാ വിന്റെ സ്നേഹത്തിന്റെ അളവറ്റ ആഴവും വർണ്ണിക്കാൻ ഏതൊരു ഭാഷയും അശക്തമാണ്. ●

# വിധി

## ആയിരമാണ്ടു വാഴ്ച

മരിച്ചുപോയ ദുഷ്ടന്മാരുടെ ശവശരീരങ്ങൾ ഭൂമിയിൽ നിരന്നു കിടന്നു. അന്ത്യ ഏഴു ബാധകളിലൂടെ ദൈവക്രോധം ഭൂമിയിലെ നിവാസികളുടെ മേൽ വന്നപ്പോൾ, അവർ വേദനകൊണ്ടു പല്ലു ഞെരിച്ചു ദൈവത്തെ ശപിച്ചു. ദൈവശബ്ദത്താൽ വിശുദ്ധന്മാർ വിടുവിക്കപ്പെട്ടു കഴിഞ്ഞപ്പോൾ, ദുഷ്ടന്മാർ കോപത്തോടെ അന്യോന്യം എതിർത്തു. ഭൂമി മുഴുവൻ രക്തച്ചൊരിച്ചിലായി, ശവശരീരങ്ങൾ ഒരറ്റം മുതൽ മറ്റേ അറ്റം വരെ നിരന്നുകിടന്നു.



ഭൂമി ഒരു ശൂന്യ മരുഭൂമിയേപ്പോലെ കാണപ്പെട്ടു. പട്ടണങ്ങളും ഗ്രാമങ്ങളും ഭൂമികുലുക്കത്തിൽ തകർന്നടിഞ്ഞു കൽകൂമ്പാരങ്ങളായിത്തീർന്നു. പർവ്വതങ്ങൾ അവയുടെ സ്ഥാനങ്ങളിൽനിന്നു നീങ്ങിപ്പോയതിനാൽ വലിയ കുഴികൾ കാണപ്പെട്ടു. മലകളിൽനിന്നും സമുദ്രത്തിൽനിന്നും ചിതറി വീണ പാറക്കഷണങ്ങൾ എല്ലായിടത്തും നിരന്നുകിടന്നു. പിഴുതെറിയപ്പെട്ട വലിയ വന്മരങ്ങളും ഇടകലർന്നു കിടന്നു. സാത്താനും അവന്റെ ദുഷ്ടദൂതന്മാർക്കും ഇനിയൊരു ആയിരം വർഷം വസിക്കാനുള്ള വീടായിരുന്നു ഇത്. ഭൂമിയുടെ തകർന്നടിഞ്ഞ ഉപരിതലത്തിലൂടെ അങ്ങോട്ടുമിങ്ങോട്ടും യാത്ര ചെയ്ത്, ദൈവത്തോടുള്ള തന്റെ മത്സരത്തിന്റെ ഫലങ്ങൾ കാണുവാൻ ഇവിടെ അവനെ ബന്ധിക്കും. അവൻ ഉണ്ടാക്കിയതായ ശാപത്തിന്റെ ഫലങ്ങൾ ഇനിയൊരു ആയിരം വർഷക്കാലം അവന് ആസ്വദിക്കാം.

ഈ ഭൂമിയിലേക്കു മാത്രമായി ബന്ധിതനായിരിക്കയാൽ, മറ്റു ഗ്രഹങ്ങളിൽ സഞ്ചരിച്ച്, അവിടെയുള്ള പാപം ചെയ്യാത്ത നിവാസികളെ പരീക്ഷിക്കാനും ശല്യം ചെയ്യാനും അവന് അനുവാദമില്ല. ഈ കാലഘട്ടത്തിലാണു സാത്താൻ ഏറ്റവുമധികം കഷ്ടപ്പെടുന്നത്. അവൻ തെറ്റു ചെയ്ത സമയം മുതൽ അവന്റെ ദുഷ്ടതന്ത്രങ്ങൾ നിരന്തരമായി ഉപയോഗത്തിലായിരുന്നു. എന്നാൽ ഈ ആയിരം വർഷങ്ങളിൽ അവന്റെ അധികാരം അവനു നഷ്ടപ്പെടുകയും, പാപം ചെയ്ത സമയം മുതൽ ഇതുവരെയുള്ള സംഭവവികാസങ്ങൾ പുനർ വിചിന്തനം ചെയ്യാൻ നിർബ്ബന്ധിതനാകുകയും ചെയ്യുന്നു. താൻ ചെയ്ത സകല ദുഷ്ടതയ്ക്കുമുള്ള ശിക്ഷ അനുഭവി

ക്കുവാനുള്ള ഭയാനകമായ ഭാവിയിലേക്കു ഭയത്തോടും വിറയലോടും കൂടെ അവൻ നോക്കുവാനിടയാകുന്നു. അവന്റെ പ്രേരണയാൽ ചെയ്തു കൂട്ടിയ സകല പാപങ്ങൾക്കും അവൻ ശിക്ഷയനുഭവിക്കേണ്ടതായിട്ടുണ്ട്.

ദൂതന്മാരും വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരും ഒരുമിച്ചു പതിനായിരം വാദ്യോപകരണങ്ങളുടെ ശബ്ദത്തിനൊത്തവണ്ണം വിജയാരവം മുഴക്കി. സാത്താൻ ഇനി ഒരിക്കലും തങ്ങളെ പരീക്ഷിക്കാനും ശല്യം ചെയ്യാനും വരികില്ല. മറ്റു ലോകങ്ങളിലെ നിവാസികളേയും അവന്റെ സാന്നിദ്ധ്യത്തിൽനിന്നും പരീക്ഷകളിൽനിന്നും വിടുവിച്ചിരിക്കുന്നു.

യേശുവും വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരും സിംഹാസനങ്ങളിൽ ഇരുന്നു. വിശുദ്ധന്മാർ രാജാക്കന്മാരായും ദൈവത്തിന്റെ പുരോഹിതന്മാരായും വാണു. ഓർമ്മയുടെ പുസ്തകത്തിലുള്ള, നശിച്ചുപോയ പാപികളുടെ പ്രവൃത്തികളെ ദൈവത്തിന്റെ വചനവുമായി താരതമ്യം ചെയ്ത്, ശരീരത്തിലിരിക്കുമ്പോൾ ചെയ്ത പ്രവൃത്തികൾക്കൊത്തവണ്ണം എല്ലാ കേസും തീരുമാനമാക്കിക്കൊണ്ട്, ക്രിസ്തുവും തന്റെ ജനവും ദുഷ്ടന്മാരെ ന്യായം വിധിച്ചു (വെളി. 20:4–6 കാണുക). പിന്നെയവർ അനുസരണം കെട്ടവർക്ക്, അവരുടെ പ്രവൃത്തികൾക്കനുസരിച്ച് അവർ അനുഭവിക്കേണ്ടതായ ശിക്ഷ, മരണത്തിന്റെ പുസ്തകത്തിൽ അവരുടെ പേരിന്റെ നേരെ എഴുതിവച്ചു. സാത്താനേയും അവന്റെ ദൂതന്മാരേയും കൂടെ യേശുവും വിശുദ്ധന്മാരും ന്യായം വിധിച്ചു. സാത്താന്റെ ശിക്ഷ, അവൻ വഞ്ചിച്ചവർക്കുള്ളതിനേക്കാൾ വളരെ കൂടുതലാണ്. അവന്റെ ശിക്ഷ മറ്റുള്ളവരുടേതുമായി ഒരു തരത്തിലും താരതമ്യം ചെയ്യാൻ സാദ്ധ്യമല്ല. അവനാൽ വഞ്ചിക്കപ്പെട്ട എല്ലാവരും മരിച്ചശേഷവും അവൻ ജീവനോടെ ഇരുന്നു ദീർഘകാലം കഷ്ടപ്പെടേണ്ടി വന്നു.

മരിച്ചുപോയ പാപികളുടെ ന്യായവിധി പൂർത്തിയാക്കിയശേഷം, ആയിരം വർഷങ്ങളുടെ അവസാനത്തിൽ, യേശു നഗരംവിട്ടു പുറപ്പെട്ടു, വിശുദ്ധന്മാരും ഒരു കൂട്ടം മാലാഖമാരും അവനെ അനുഗമിച്ചു. യേശു ഒരു വലിയ മലമുകളിൽ ഇറങ്ങി, അവന്റെ പാദം അവിടെ സ്പർശിച്ചയുടനെ മല രണ്ടായി പിളരുകയും ഒരു വലിയ താഴ്‌വര ഉണ്ടാകുകയും ചെയ്തു. പിന്നെ മനോഹരവും മഹോന്നതവുമായ നഗരം, പന്ത്രണ്ട് അടിസ്ഥാനങ്ങളും ഓരോ വശത്തും മൂന്നു വീതം പന്ത്രണ്ടു ഗോപുരങ്ങളും ഉള്ളത്; ഓരോ ഗോപുരത്തിലും ഓരോ മാലാഖമാർ കാവൽ നില്ക്കുന്ന നഗരം മുകളിൽ പ്രത്യക്ഷപ്പെട്ടു. വീണ്ടെടുക്കപ്പെട്ടവർ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: "നഗരം! മഹാനഗരം! അതു ദൈവത്തിങ്കൽ നിന്നു സ്വർഗ്ഗത്തിൽ നിന്നു താഴേക്കിറങ്ങി വരുന്നു!" അത് അതിന്റെ സർവ്വവിധ മഹത്വത്തോടും സൗന്ദര്യത്തോടും കൂടെ താഴേക്കിറങ്ങി വന്ന്, യേശു അതിനായി ഒരുക്കിയിരുന്ന വലിയ താഴ്‌വരയിൽ സ്ഥാനം ഉറപ്പിച്ചു.



## രണ്ടാമത്തെ പുനരുത്ഥാനം

പിന്നെ യേശുവും എല്ലാ വിശുദ്ധ മാലാഖമാരും എല്ലാ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരും പട്ടണംവിട്ടു പുറപ്പെട്ടു. മാലാഖ മാർ അവരുടെ കമാൻഡറെ ചുറ്റി വലയംചെയ്ത് അകമ്പടി സേവിച്ചു, വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാർ അണി യണിയായി അനുഗമിച്ചു. പിന്നെ ഭയങ്കരവും ഭയാനകവുമായ മഹത്വ ത്തോടെ, മരിച്ചുപോയ പാപികളെ യേശു ജീവനിലേക്കു തിരികെ വിളിച്ചു. ശവക്കുഴിയിലേക്കു പോയതായ രോഗഗ്രസ്ഥവും ബലഹീനവുമായ ശരീ രങ്ങളോടെ അവർ എഴുന്നേറ്റു വന്നു. എന്തൊരു കാഴ്ച! ഒന്നാമത്തെ പുനരുത്ഥാനത്തിൽ എഴുന്നേറ്റുവന്നവരെല്ലാം അമർത്യമായ തേജസ്സേറിയ ശരീരങ്ങളോടെയായിരുന്നു. എന്നാൽ രണ്ടാമത്തെ പുനരുദ്ധാനത്തിൽ പങ്കാളികളായ എല്ലാവരുടേയുംമേൽ ശാപത്തിന്റെ അടയാളങ്ങളുണ്ടായി രുന്നു. ഭൂമിയിലെ മഹത്തുക്കളും രാജാക്കന്മാരും, ദരിദ്രരും താണവരും, വിദ്യാസമ്പന്നരും വിദ്യാവിഹീനരും, ശവക്കുഴിയിൽ നിന്ന് ഒരുമിച്ചെഴു ന്നേറ്റു വന്നു. അവരെല്ലാവരും മനുഷ്യപുത്രനെ കണ്ടു. അവനെ കളിയാ ക്കുകയും പരിഹസിക്കുകയും ചെയ്തവർ, അവന്റെ തലയിൽ മുൾക്കി രീടം വെച്ചിട്ട് കോലുകൊണ്ടടിച്ചവർ, എല്ലാവരും ഇപ്പോൾ യേശുവിനെ തന്റെ രാജകീയ മഹത്വത്തിൽ ദർശിച്ചു. യേശുവിന്റെ വിചാരണ വേളയിൽ മുഖത്തു തുപ്പിയവർ, അവന്റെ തുളച്ചു കയറുന്ന നോട്ടത്തിൽ നിന്നും മുഖ തേജസ്സിൽനിന്നും മുഖംതിരിച്ചു. അവന്റെ കൈകാലുകളിൽ ആണിയടിച്ചു കയറ്റിയവർ ഇപ്പോൾ ക്രൂശീകരണത്തിന്റെ അടയാളങ്ങൾ കണ്ടു. അവന്റെ വിലാപ്പുറത്തു കുന്തം കുത്തിക്കയറ്റിയവർ യേശുവിന്റെ ശരീരത്തിൽ തങ്ങളുടെ ക്രൂരതയുടെ അടയാളം കണ്ടു. തങ്ങൾ ക്രൂശിച്ചതും, മരണവേദന യിൽ പിടഞ്ഞപ്പോൾ പരിഹസിച്ചതും, ഇവനെത്തന്നെയാണെന്ന് അവർ ക്കെല്ലാവർക്കും ബോദ്ധ്യപ്പെട്ടു. പിന്നെ രാജാധിരാജാവും കർത്താധികർ ത്താവുമായവന്റെ മുമ്പിൽ നിന്ന് ഒളിച്ചിരിക്കാൻവേണ്ടിയുള്ള അവരുടെ ഓട്ടത്തിനിടയിൽ നീണ്ട ഒരു നിലവിളി ഉയർന്നു.

ഒരിക്കൽ തങ്ങൾ അധിക്ഷേപിച്ചവന്റെ വലിയ മഹത്വത്തിൽ നിന്നു മറഞ്ഞിരിക്കാൻവേണ്ടി എല്ലാവരും പാറകളുടെ മറവു തേടുകയായിരുന്നു. അവന്റെ തേജസ്സും വലിയ മഹത്വവും കണ്ടു വേദനപ്പെട്ട് ആശ്ചര്യപ്പെട്ട്, അവർ ഒരുമിച്ചു വിളിച്ചുകൂവി; “കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ!”

പിന്നെ യേശുവും വിശുദ്ധ ദൂതന്മാരും എല്ലാ വിശുദ്ധന്മാരും വിശുദ്ധ നഗരത്തിലേക്കു മടങ്ങിപ്പോയി. നാശത്തിനു വിധിക്കപ്പെട്ട ദുഷ്ടന്മാരുടെ കരച്ചിലും നിലവിളിയും അന്തരീക്ഷത്തിൽ നിറഞ്ഞുനിന്നു. പിന്നെ

സാത്താൻ തന്റെ വേല പുനരാരംഭിച്ചു. അവൻ തന്റെ പ്രജകളുടെ ഇടയിൽ സഞ്ചരിച്ച്, ബലഹീനരെ ധൈര്യപ്പെടുത്തി. താനും തന്റെ ദൂതന്മാരും ശക്തന്മാരാണെന്ന് അവരോടു പറഞ്ഞു. ഉയിർത്തെഴുന്നേറ്റിരിക്കുന്ന അസംഖ്യമായ കോടിക്കണക്കിനാളുകളെ അവൻ ചൂണ്ടിക്കാണിച്ചു. യുദ്ധ നടത്തിപ്പിൽ നിപുണന്മാരും, സാമ്രാജ്യങ്ങളെ കീഴടക്കിയവരുമായ വലിയ യുദ്ധ വീരന്മാരും രാജാക്കന്മാരും അവിടെയുണ്ടായിരുന്നു. ഒരിക്കൽപോലും യുദ്ധക്കളത്തിൽ തോൽവി രുചിച്ചിട്ടില്ലാത്ത ധീരന്മാരും മല്ലന്മാരും ഉണ്ടായിരുന്നു. രാജ്യങ്ങളെ കിടുകിടെ വിറപ്പിച്ച അത്യാഗ്രഹിയും അഹങ്കാരിയുമായ നെപ്പോളിയനും അവിടെയുണ്ടായിരുന്നു. കീഴടക്കാൻവേണ്ടി ദാഹിച്ച് അടരാടിക്കൊണ്ടിരിക്കുമ്പോൾ യുദ്ധക്കളത്തിൽ മുറിവേറ്റു വീണുപോയ, നല്ല ഉയരമുള്ള കുലീനന്മാരും ഉണ്ടായിരുന്നു.

ശവക്കുഴിയിൽ നിന്നെഴുന്നേറ്റു വന്നപ്പോൾ, അവരുടെ ഓർമ്മ തിരികെ കിട്ടി, ചിന്തകളുടെ ഒഴുക്കു മരണ സമയത്തു നിലച്ച സ്ഥാത്തുനിന്നു വീണ്ടും ആരംഭിച്ചു. അവർ മരിച്ച സമയത്തുണ്ടായിരുന്ന കീഴടക്കാനുള്ള ആഗ്രഹം അതേ അളവിൽ തിരികെ വന്നു. സാത്താൻ ആദ്യം തന്റെ ദൂതന്മാരുമായും, പിന്നെ ആ രാജാക്കന്മാരോടും യുദ്ധവീരന്മാരോടും പരാക്രമികളോടും കൂടിയാലോചിച്ചു. പിന്നെയവൻ ആ മഹാ സൈന്യത്തെ നോക്കിക്കൊണ്ട്, പട്ടണത്തിനകത്തുള്ളവർ എണ്ണത്തിൽ ചുരുക്കവും കഴിവുകെട്ടവരുമാണെന്നും, നമുക്കു മുന്നേറി പട്ടണം പിടിച്ചെടുത്ത്, അതിനകത്തുള്ളവരെ പുറന്തള്ളി, അതിലെ ധനവും മഹത്വവും എല്ലാം സ്വന്തമാക്കാം എന്നവരോടു പറഞ്ഞു.

അവരെ വഞ്ചിക്കുന്നതിൽ സാത്താൻ വിജയിച്ചു. ഉടനേതന്നെ അവരെല്ലാവരും യുദ്ധത്തിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. ആ വലിയ സൈന്യത്തിൽ ആയുധ നിർമ്മാണത്തിൽ വിദഗ്ധരായ ധാരാളം ആളുകൾ ഉണ്ട്. അവർ എല്ലാത്തരത്തിലുള്ള യുദ്ധായുധങ്ങളും നിർമ്മിക്കുന്നതിൽ വ്യാപൃതരായി. പിന്നെ സാത്താന്റെ നേതൃത്വത്തിൽ ജനകോടികൾ അണിയണിയായി മുന്നോട്ടു നീങ്ങി. രാജാക്കന്മാരും പടത്തലവന്മാരും സാത്താന്റെ തൊട്ടു പുറകിലായിരുന്നു. സാധാരണക്കാർ സംഘം സംഘങ്ങളായി അതിന്റെ പുറകേ നീങ്ങി. ഓരോ സംഘത്തിനും അവരുടെ നേതാവുണ്ടായിരുന്നു. ചിട്ടയായും ക്രമമായും അവർ പൊട്ടിപ്പൊളിഞ്ഞ ഭൗമ ഉപരിതലത്തിലൂടെ വിശുദ്ധ നഗരത്തെ ലക്ഷ്യമാക്കി മാർച്ചു ചെയ്തു. വിശുദ്ധ നഗരത്തിന്റെ ഗേറ്റുകൾ യേശു അടച്ചു. ഈ മഹാസൈന്യത്തിലെ പടയാളികൾ, അതിഭയങ്കരമായ ഒരു യുദ്ധം പ്രതീക്ഷിച്ചുകൊണ്ട്, പട്ടണത്തെ വളഞ്ഞു യുദ്ധ സന്നദ്ധരായി നിലയുറപ്പിച്ചു.

## ക്രിസ്തുവിന്റെ കിരീടധാരണം

ഇപ്പോൾ ക്രിസ്തു വീണ്ടും തന്റെ ശത്രുക്കൾക്കു കാണാവുന്ന രീതി

യിൽ ഉയർന്നുവന്നു. പട്ടണത്തിൽനിന്നു വളരെ ഉയരത്തിൽ, ഉലയിൽ ഊതിക്കഴിച്ച ശുദ്ധമായ സ്വർണ്ണംകൊണ്ടുള്ള അടിസ്ഥാനത്തിന്മേൽ, ഉന്നതവും മനോഹരവുമായ ഒരു സിംഹാസനം പ്രത്യക്ഷപ്പെട്ടു. ആ സിംഹാസനത്തിൽ ദൈവപുത്രൻ ഇരിക്കുന്നു, അവന്റെ പ്രജകൾ അവനെ ചുറ്റി നിൽക്കുന്നു. ക്രിസ്തുവിന്റെ മഹത്വവും അധികാരവും ഒരു ഭാഷയ്ക്കും വർണ്ണിക്കാനാവില്ല; ഒരു പേനയ്ക്കും അതു ചിത്രീകരിക്കാനുമാവില്ല. നിത്യ പിതാവിന്റെ മഹത്വം തന്റെ പുത്രനെചുറ്റി വലയം ചെയ്യുന്നു. അവന്റെ സാന്നിദ്ധ്യത്തിന്റെ തിളക്കം ദൈവനഗരത്തിൽ നിറയുന്നു. അതു വാതിലുകൾക്കു വെളിയിലേക്കു കവിഞ്ഞൊഴുകി, അതിന്റെ കിരണങ്ങൾ ഭൂമിയിൽ മുഴുവൻ പ്രതിഫലിച്ചു.

ഒരു കാലത്തു സാത്താന്റെ വീരശൂര പരാക്രമികളായിരുന്നശേഷം, തീയിൽനിന്നു വലിച്ചെടുക്കപ്പെട്ട കൊള്ളികളായി, തങ്ങളുടെ രക്ഷകനെ തീവ്രമായ ഭക്തിയോടെ പിൻപറ്റിയവരായിരുന്നു സിംഹാസനത്തിന്റെ തൊട്ടടുത്ത്. വ്യാജത്തിന്റെയും അവിശ്വാസത്തിന്റെയും നടുവിൽ തങ്ങളുടെ ക്രിസ്തീയ സ്വഭാവങ്ങളെ പൂർണ്ണതയുള്ളതാക്കിയവർ, ദൈവത്തിന്റെ കല്പനകൾ മാറിപ്പോയെന്നു ക്രിസ്തീയ ലോകം കൊട്ടിഘോഷിച്ചപ്പോഴും ദൈവത്തിന്റെ കല്പനകളെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്തവർ, എല്ലാ കാലഘട്ടങ്ങളിലും തങ്ങളുടെ വിശ്വാസത്തിനായി രക്തസാക്ഷികളായ കോടിക്കണക്കിനു വിശുദ്ധന്മാർ, ഇവരെല്ലാം അടുത്ത നിരകളിൽ നിന്നു. "ഇതിന്റെ ശേഷം സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലുംനിന്ന് ഉള്ളതായി ആർക്കും എണ്ണികൂടാത്ത ഒരു മഹാ പുരുഷാരം വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിനും കുഞ്ഞാടിനും മുമ്പാകെ നിന്നു" (വെളി. 7:9). അവരുടെ യുദ്ധം തീർന്നു, അവർ വിജയം വരിച്ചു. അവർ ഓട്ടം ഓടി, സമ്മാനം നേടി. അവരുടെ കൈകളിലുള്ള കുരുത്തോല അവരുടെ വിജയത്തിന്റെ അടയാളമാണ്. ഇപ്പോൾ അവർക്കു സ്വന്തമായിരിക്കുന്ന കളങ്കമില്ലാത്ത ക്രിസ്തുവിന്റെ നീതിയുടെ അടയാളമാണ് വെള്ളനിലയങ്കി.

സ്വർഗ്ഗത്തിന്റെ തെരുവീഥികളിൽ പ്രതിദ്ധ്വനിച്ച് അലയടിച്ചതായ ഒരു ഗാനം വീണ്ടെടുക്കപ്പെട്ടവർ ഒരുമിച്ചു പാടി: "രക്ഷ എന്നുള്ളതു സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം!" സ്തുതിഗീതം ദൂതന്മാരും ചേർന്നുപാടി. സാത്താന്റെ നിഗൂഢലക്ഷ്യങ്ങളും ശക്തിയും വീണ്ടെടുക്കപ്പെട്ടവർ ദർശിച്ചപ്പോൾ, ക്രിസ്തുവിന്റെ ശക്തിയാൽ മാത്രമാണു തങ്ങൾ വിജയം വരിച്ചതെന്ന്, മുമ്പത്തേക്കാളധികമായി അവർക്കിപ്പോൾ ബോദ്ധ്യപ്പെട്ടു. തങ്ങളുടെ സ്വന്തം ശക്തിയാലും നന്മയാലുമാണു വിജയം വരിച്ചതെന്ന് അത്മപ്രശംസ നടത്താൻ താല്പര്യമുള്ള ആരുംതന്നെ വിശുദ്ധന്മാരുടെ ആ സംഘത്തിൽ ഇല്ലായിരുന്നു. തങ്ങൾ കഷ്ടപ്പെട്ടതിനെക്കുറിച്ചോ പ്രവൃത്തിച്ചതിനെ

ക്കുറിച്ചോ അവർക്കൊന്നും പറയാനുണ്ടായിരുന്നില്ല. എല്ലാ പാട്ടിന്റെയും ഉള്ളടക്കം, എല്ലാ സംഗീതത്തിന്റെയും അടിസ്ഥാന ഈണം, "രക്ഷ... ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം"എന്നുള്ളതായിരുന്നു (വെളി. 7:10).

സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിൽ നിന്നും കൂടിവന്നിരിക്കുന്ന നിവാസികളുടെ സാന്നിദ്ധ്യത്തിൽ ദൈവപുത്രന്റെ കിരീടധാരണം ഒടുവിൽ നടക്കുന്നു. ഇപ്പോൾ സമ്പൂർണ്ണ അധികാരവും മഹത്വവും നേടിയവനായി, രാജാധിരാജൻ തന്റെ ഗവണ്മെന്റിനെതിരെ മത്സരിക്കുന്നവരുടെമേൽ വിധി പ്രഖ്യാപിക്കുകയും, തന്റെ കല്പനകളെ ലംഘിക്കുകയും തന്റെ ജനത്തെ ഉപദ്രവിക്കുകയും ചെയ്തവരുടെ മേൽ ന്യായവിധി നടത്തുകയും ചെയ്യുന്നു. ദൈവത്തിന്റെ പ്രവാചകൻ വിവരിക്കുന്നു: "ഞാൻ വലിയോരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽനിന്നു ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിനു ഒത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധിയുണ്ടായി"(വെളി. 20:11,12).

പുസ്തകങ്ങൾ തുറന്നശേഷം യേശുവിന്റെ കണ്ണുകൾ ദുഷ്ടന്മാരെ നോക്കിയപ്പോൾ, അവർ ചെയ്തിട്ടുള്ള എല്ലാ പാപങ്ങളും അവർക്ക് ഓർമ്മ വന്നു. ധർമ്മത്തിന്റെയും വിശുദ്ധിയുടേയും പാതയിൽനിന്ന് അവരുടെ കാലുകൾ വ്യതിചലിച്ചതെപ്പോഴാണെന്ന് അവർ കാണുന്നു. ദൈവത്തിന്റെ കല്പനകളെ ലംഘിക്കുവാൻ തക്കവണ്ണം മത്സരവും അഹങ്കാരവും അവരെ എത്രത്തോളം വഴിതെറ്റിച്ചുവെന്നും അവർക്കു ബോദ്ധ്യമായി. അവർ പാപത്തിൽ രസിച്ചുകൊണ്ടു പ്രോത്സാഹിപ്പിച്ചതായ മനംമയക്കുന്ന പരീക്ഷകൾ, അവർ വികലമാക്കിയ അനുഗ്രഹങ്ങൾ, മാനസ്സാന്തരപ്പെടാത്ത കഠിന ഹൃദയം പുറകോട്ടു തള്ളിയ കരുണയുടെ അലകൾ; എല്ലാം തീയിൽ എഴുതിയ അക്ഷരങ്ങൾപോലെ വെളിപ്പെട്ടു.

## വലിയ യുദ്ധത്തിന്റെ വെള്ളിത്തിര

സിംഹാസനത്തിനു മീതേ അവർ കുരിശു കാണുന്നു. ആദാമിന്റെ പരീക്ഷയും വീഴ്ചയും, അതിനേത്തുടർന്നു രക്ഷാപദ്ധതിയിൽ ദൈവം കൈക്കൊണ്ട ഓരോ നടപടിയും ഒരു വലിയ വെള്ളിത്തിരയിൽ പ്രത്യക്ഷമാകുന്നു. രക്ഷിതാവിന്റെ വിനീതമായ ജനനം, അവന്റെ അനുസരണമുള്ള വിനീതമായ ബാല്യകാലജീവിതം, അവന്റെ യോർദ്ദാൻ നദിയിലെ സ്നാനം, ഉപവാസ പ്രാർത്ഥനയും മരുഭൂമിയിലെ പരീക്ഷകളും, സ്വർഗ്ഗത്തിന്റെ ഏറ്റവും വിലയേറിയ അനുഗ്രഹങ്ങൾ മനുഷ്യർക്കു പ്രദാനം ചെയ്തതായ അവന്റെ പരസ്യ ശുശ്രൂഷ, സ്നേഹവും കരുണയും നിറഞ്ഞ പ്രവൃത്തി

കളാൽ നിറയപ്പെട്ട ദിവസങ്ങൾ, മലമ്പ്രദേശങ്ങളിലെ ഏകാന്തതയിൽ ചെലവഴിച്ചതായ പ്രാർത്ഥനാ നിർഭരമായ രാത്രികൾ, അവൻ ചൊരിഞ്ഞ നന്മകൾക്കു പകരം കിട്ടിയ അസൂയയുടെയും വിദ്വേഷത്തിന്റെയും ചതിക്കുഴികൾ, മുഴുലോകത്തിന്റെയും പാപഭാരത്തിന്റെ കീഴിൽ ഗെത്ത്ശെമന തോട്ടത്തിൽ അനുഭവിച്ചതായ ഭയാനകമായ മനോവേദന, അവനെ കൊലയാളികളായ ജനക്കൂട്ടത്തിന്റെ കൈകളിലേക്ക് ഒറ്റിക്കൊടുത്തത്; ആ ഭീകരമായ രാത്രിയിലെ ഭയാനകമായ സംഭവങ്ങൾ; യാതൊരു എതിർപ്പും പ്രകടിപ്പിക്കാത്ത തടവുപുള്ളി, അളവില്ലാതെ സ്നേഹിച്ച ശിഷ്യന്മാരാൽ ഉപേക്ഷിക്കപ്പെട്ടവൻ, യെരൂശലേമിന്റെ തെരുവീഥികളിലൂടെ നിർഭയം വലിച്ചിഴക്കപ്പെട്ടവൻ, മഹാപുരോഹിതന്റെ കൊട്ടാരത്തിൽ, ഹന്നാവിന്റെ മുമ്പാകെ പരിഹസിക്കപ്പെട്ട ദൈവത്തിന്റെ പുത്രൻ, പീലാത്തോസിന്റെ ന്യായവിസ്താര സഭയിൽ, ഭീരുവും ക്രൂരനുമായ ഹെരോദാവിന്റെ മുമ്പാകെ, പരിഹസിക്കപ്പെട്ട്, നിന്ദിക്കപ്പെട്ട്, പീഡിപ്പിക്കപ്പെട്ട്, മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടു. എല്ലാം വ്യക്തമായി ചിത്രീകരിക്കപ്പെട്ടു.

ഇപ്പോൾ അസ്വസ്ഥരായിരിക്കുന്ന ജനക്കൂട്ടത്തിന്റെ മുമ്പിൽ ബാക്കി സംഭവങ്ങളും ചിത്രീകരിക്കപ്പെട്ടു: ക്ഷമയോടെ കഷ്ടപ്പെടുന്നവൻ കാൽവറിയിലേക്കു നടക്കുന്നത്, സ്വർഗ്ഗത്തിന്റെ രാജകുമാരൻ ക്രൂശിന്മേൽ തൂങ്ങിക്കിടക്കുന്നത്, അഹങ്കാരികളായ പുരോഹിതന്മാരും ആർത്തട്ടഹസിക്കുന്ന ജനക്കൂട്ടവും അവന്റെ മരണവേദനയെ പരിഹസിക്കുന്നത്, അസാധാരണമായ അന്ധകാരം, വിറയ്ക്കുന്ന ഭൂമി, പൊട്ടിപ്പിളർന്ന പാറകൾ, തുറക്കപ്പെട്ട കല്ലറകൾ, ലോകത്തിന്റെ രക്ഷിതാവു തന്റെ ജീവൻ പിതാവിന്റെ കരങ്ങളിൽ ഏല്പിച്ചതായ നിമിഷങ്ങൾ വ്യക്തമായി ചിത്രീകരിക്കപ്പെട്ടു.

ഭയാനകമായ സംഭവങ്ങൾ അതേപടി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. സാത്താനും, അവന്റെ ദൂതന്മാർക്കും, അവന്റെ അനുയായികൾക്കും, തങ്ങളുടെ സ്വന്തം പ്രവൃത്തികളുടെ ചിത്രീകരണം കാണാതെ ഒളിച്ചോടാൻ നിർവ്വാഹമില്ല. ഓരോ അഭിനേതാവും താൻ നിർവ്വഹിച്ച ഭാഗം വ്യക്തമായി കാണുന്നു. ഇസ്രായേലിന്റെ രാജാവിനെ കൊല്ലാനുള്ള പരിശ്രമത്തിൽ ബേത്‌ലേഹെമിലെ നിർദ്ദോഷികളായ പിഞ്ചു കുഞ്ഞുങ്ങളെ അരുംകൊല ചെയ്ത ഹെരോദാവ്; യോഹന്നാൻ സ്നാപകന്റെ നിർദ്ദോഷരക്തം ചുമക്കുന്ന ദുഷ്ടയായ ഹെരോദ്യ; ബലഹീനനും സമയംകൊല്ലിയുമായ പീലാത്തോസ്; പരിഹാസികളായ പടയാളികൾ; “അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വന്നു കൊള്ളട്ടെ” എന്നു നിലവിളിച്ച ഭ്രാന്തു പിടിച്ച ജനക്കൂട്ടവും പുരോഹിതന്മാരും മൂപ്പന്മാരും: എല്ലാവർക്കും തങ്ങളുടെ തെറ്റ് എത്ര വലുതായിരുന്നു എന്നു മനസ്സിലാകുന്നു. സൂര്യന്റെ പ്രകാശത്തെക്കാൾ അതിമഹത്വകരമായി ശോഭിക്കുന്ന അവന്റെ മുഖതേജസ്സിൽ നിന്ന് ഓടിയൊളിക്കാൻ അവർ വ്യർത്ഥമായ ഒരു പരിശ്രമം നടത്തുന്നു, പക്ഷേ വിജയിക്കുന്നില്ല. എന്നാൽ വീണ്ടെടുക്കപ്പെട്ടവർ ഈ സമയത്തു

തങ്ങളുടെ കിരീടങ്ങൾ അവന്റെ കാല്ക്കൽ അർപ്പിച്ചുകൊണ്ട് ഉറക്കെ വിളിച്ചു പറഞ്ഞു: "അവൻ എനിക്കുവേണ്ടി മരിച്ചു!"

വീണ്ടെടുക്കപ്പെട്ടവരുടെ കൂട്ടത്തിൽ ക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ, ധീരനായ പൗലൊസ്, ഉറച്ചു നിന്നപത്രൊസ്, സ്നേഹവാനും സ്നേഹിക്കപ്പെട്ടവനുമായ യോഹന്നാൻ, അവരുടെ സത്യസന്ധരായ സഹോദരന്മാർ, അവരോടൊപ്പം രക്തസാക്ഷികളുടെ വലിയ സമൂഹം. എന്നാൽ മതിലിന്റെ പുറത്ത്, ഇവരെ പീഡിപ്പിച്ചു ജയിലിലടച്ച കുലചെയ്തവർ, സർവ്വവിധ വെറുപ്പോടും വിദ്വേഷത്തോടുംകൂടെ നില്ക്കുന്നു. ക്രൂരതയുടേയും ദുഷ്ടതയുടേയും നിറരൂപമായ നീറോ ചക്രവർത്തി, തന്റെ ഇരകളുടെ മനോവേദനയിൽ സാത്താന്യമായ ആനന്ദം നുകർന്നവൻ, ഇപ്പോൾ, ഒരിക്കൽ താൻ ക്രൂരമായി കുല ചെയ്തവരുടെ സന്തോഷവും ബഹുമാനവും ദർശിക്കുന്നു. അവന്റെ അമ്മയും അവളുടെ സ്വന്തം പ്രവൃത്തികളുടെ ഫലങ്ങൾ ദർശിക്കാൻ അവിടെയുണ്ട്, തന്റെ മകനിലേക്ക് അവൾ പകർന്ന ദുഷിച്ച സ്വഭാവത്തിന്റെ കയ്യൊപ്പും, അവളുടെ സ്വാധീനത്താലും മാതൃകയാലും പ്രോത്സാഹിപ്പിച്ചു വളർത്തിയതായ സ്വഭാവവിശേഷങ്ങളും, മനുഷ്യവംശത്തെ ഞെട്ടിത്തരിപ്പിക്കുന്ന തരത്തിലുള്ള കുറ്റകൃത്യങ്ങളായി വളർന്നു ഫലം കായ്ച്ചിരിക്കുന്നു.

ക്രിസ്തുവിന്റെ സ്ഥാനപതികളാണെന്ന് അവകാശപ്പെട്ടുകൊണ്ട്, ജനങ്ങളുടെ മനസാക്ഷിയെ നിയന്ത്രിക്കാൻ കുണ്ടറകളും, കൊലമരങ്ങളും, അഗ്നികുണ്ഡങ്ങളും ഉപയോഗിച്ചതായ പുരോഹിതന്മാരും കർദ്ദിനാൾമാരും ഉണ്ട്. തങ്ങളെത്തന്നെ ദൈവത്തെക്കാൾ ഉന്നതരായി ഉയർത്തിക്കൊണ്ട്, ദൈവകല്പനകളെ മാറ്റാൻ ധൈര്യപ്പെട്ട പോപ്പുമാരുണ്ട്. സഭയുടെ പിതാക്കന്മാരെന്നഭിമാനിച്ചതായ അത്തരം വ്യക്തികൾ ദൈവമുമ്പാകെ കണക്കു ബോധിപ്പിച്ചേ മതിയാവൂ. സർവജ്ഞാനിയായവൻ തന്റെ കല്പനകളെക്കുറിച്ചു നിർബ്ബന്ധമുള്ളവനാണെന്നും, ലംഘനക്കാരെ അവൻ വെറുതേ വിടുകയില്ലെന്നും വളരെ വൈകിയാണവൻ മനസ്സിലാക്കിയത്. ക്രിസ്തു തന്റെ കഷ്ടപ്പെടുന്ന ജനങ്ങളോടു ചേർന്നു നില്ക്കുന്നു എന്ന് ഇപ്പോൾ അവർ മനസ്സിലാക്കുന്നു. "എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കു ചെയ്തു" (മത്തായി 25:40). എന്നുള്ള യേശുവിന്റെ വാക്കുകളുടെ ശക്തി ഇപ്പോൾ അവർക്കനുഭവപ്പെട്ടു.

ന്യായവിധി സഭയിൽ: സ്വർഗ്ഗീയ ഭരണകൂടത്തിനെതിരെ, അതി ശക്തമായ രാജ്യദ്രോഹക്കുറ്റം ചുമത്തപ്പെട്ട്, ദുഷ്ടലോകം മുഴുവനും ദൈവത്തിന്റെ ന്യായവിധി സഭയുടെ മുമ്പാകെ നിരന്നു നില്ക്കുന്നു. നഷ്ടപ്പെട്ടവർക്കുവേണ്ടി മദ്ധ്യസ്ഥത പറയാൻ ആരും ഇല്ല. ഇനിയവർക്കു വിടുതലില്ല, നിത്യമരണ ശിക്ഷ അവർക്കെതിരേ പ്രഖ്യാപിക്കപ്പെട്ടു. പാപത്തിന്റെ ശമ്പളം ശ്രേഷ്ഠമായ സ്വാതന്ത്ര്യവും നിത്യജീവനുമല്ല; അടിമത്വവും,

നാശവും, മരണവും ആണെന്ന് എല്ലാവർക്കും ഇപ്പോൾ മനസ്സിലായി. തങ്ങളുടെ മത്സര ജീവിതത്തിന്റെ ഫലമായി തങ്ങൾക്കു നഷ്ടപ്പെട്ട തെന്താണെന്നു ദുഷ്ടന്മാർ നേരിൽ കണ്ടു. "ഏറ്റവും ശ്രേഷ്ഠമായ നിത്യ തേജസ്സിന്റെ ഘനം" അവർക്കു ദാനം ചെയ്തപ്പോൾ, അവർ അതിനെ പുച്ഛിച്ചു. എന്നാലിപ്പോൾ അവർ അത് എത്രത്തോളം വാഞ്ഛിക്കുന്നു! നഷ്ടപ്പെട്ടവർ നിലവിളിക്കുന്നു, "ഇതെല്ലാം എന്റേതായിത്തീരുമായിരുന്നല്ലോ, എന്നാൽ ഞാനിതെല്ലാം ദൂരെയെറിഞ്ഞു. ഹോ, എന്തൊരു കഷ്ടമായിപ്പോയി! ഞാൻ സമാധാനത്തിനും സന്തോഷത്തിനും ബഹുമാനത്തിനും പകരമായി ദുഷ്ടതയും ലജ്ജയും നിരാശയും തെരഞ്ഞെടുത്തു." തങ്ങളെ സ്വർഗ്ഗത്തിൽ നിന്നും പുറംതള്ളിയതു ന്യായമാണെന്ന് എല്ലാവരും അംഗീകരിക്കുന്നു. ഈ യേശു ഞങ്ങളുടെ ജീവിതത്തിൽ വാഴണ്ടാ എന്നവർ പറഞ്ഞിരുന്നു.

ദൈവപുത്രന്റെ കിരീടധാരണ ശുശ്രൂഷ എല്ലാ ദുഷ്ടന്മാരും കണ്ടു. തങ്ങൾ പുച്ഛിക്കുകയും ലംഘിക്കുകയും ചെയ്തതായ ദൈവകല്പനകൾ എഴുതിയ കല്പലകകൾ അവന്റെ കൈകളിൽ അവർ കണ്ടു. രക്ഷിക്കപ്പെട്ടവരിൽ നിന്നു പുറപ്പെടുന്ന ആശ്ചര്യവും സന്തോഷവും സ്തുതിയും അവർ കാണുന്നു. ശ്രുതിമധുരമായ സംഗീതത്തിന്റെ സാന്ദ്രത പട്ടണത്തിനു പുറത്തു നില്ക്കുന്നവരേയും മൂടിയപ്പോൾ, ഒറ്റ ശബ്ദത്തിൽ എല്ലാവരും പറഞ്ഞു, "സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ പ്രവൃത്തികൾ വലുതും അത്ഭുതവുമായവ; സർവ്വജാതികളുടെയും രാജാവേ, നിന്റെ വഴികൾ നീതിയും സത്യവുമുള്ളവ"(വെളി. 15:3). അവർ കമഴ്ന്നു വീണു ജീവന്റെ നാഥനെ വന്ദിച്ചു.

രണ്ടാം മരണം: ക്രിസ്തുവിന്റെ തേജസ്സും മഹത്വം കണ്ടു സാത്താൻ തളർന്നുപോയതുപോലെ തോന്നി. ഒരിക്കൽ മറക്കുന്ന കെരൂബായിരുന്ന താൻ എവിടെ നിന്നാണു വീണു പോയതെന്നവൻ ഓർക്കുന്നു ഒരു തിളങ്ങുന്ന മാലാഖ, "അരുണോദയ പുത്രൻ"; എത്ര മാറിയിരിക്കുന്നു, എത്ര അധഃപതിച്ചിരിക്കുന്നു!

തന്റെ സ്വമേധയാ ഉള്ള മത്സരം, തന്നെ സ്വർഗ്ഗത്തിന് അയോഗ്യനാക്കിയെന്നു സാത്താൻ കാണുന്നു. താൻ തന്റെ കഴിവുകളെ ദൈവത്തിനെതിരെ പോരാടാൻ തക്കവണ്ണം ക്രമീകരിച്ചിരിക്കുകയാണ്. അതുകൊണ്ടു സ്വർഗ്ഗത്തിലെ രമ്യതയും, സമാധാനവും, വിശുദ്ധിയും, തനിക്കു സഹിക്കാൻ വയ്യാത്ത പീഡനമാകും. ദൈവത്തിന്റെ നീതിയേയും കരുണയേയും സംബന്ധിച്ചുള്ള തന്റെ ആരോപണങ്ങൾ ഇപ്പോൾ നിലനില്ക്കുന്നില്ല. താൻ യഹോവയുടെ മേൽ ആരോപിച്ചതായ കുറ്റം ഇപ്പോൾ തന്റെ തലമേൽ വന്നിരിക്കുന്നു. ഇപ്പോൾ സാത്താൻ തന്റെ മേലുള്ള ദൈവത്തിന്റെ വിധി ന്യായമാണെന്നു സമ്മതിച്ചു വണങ്ങുന്നു.

സുദീർഘമായ വിവാദത്തിലെ ശരിയും തെറ്റും സംബന്ധിച്ചുള്ള എല്ലാ ചോദ്യങ്ങൾക്കും വ്യക്തമായ ഉത്തരം ലഭിച്ചിരിക്കുന്നു. ദൈവത്തിന്റെ നീതി പൂർണ്ണമായും തെളിയിക്കപ്പെട്ടിരിക്കുന്നു. മനുഷ്യവംശത്തിനു വേണ്ടി പിതാവും പുത്രനും നടത്തിയ വലിയ യാഗം മുഴു ലോകവും വിശദമായി കണ്ടിരിക്കുന്നു. ക്രിസ്തു തന്റെ അർഹമായ സ്ഥാനം അലങ്കരിക്കാനും, എല്ലാ നാമത്തിനും മീതേയുള്ള നാമം ധരിച്ചുകൊണ്ടു വാഴ്ചകൾക്കും അധികാരങ്ങൾക്കും മീതേ മഹത്വപ്പെടുവാനുള്ള സമയം വന്നിരിക്കുന്നു.

ദൈവത്തിന്റെ നീതി അംഗീകരിക്കാനും, ക്രിസ്തുവിന്റെ അധികാരത്തിനു മുമ്പിൽ വണങ്ങുവാനും സാത്താൻ നിർബ്ബന്ധിതനായെങ്കിലും, അവന്റെ സ്വഭാവത്തിനു മാറ്റം വന്നിട്ടില്ല. മത്സരത്തിന്റെ ആത്മാവ് ഒരു വൻ നദിപോലെ വീണ്ടും പൊട്ടിപ്പുറപ്പെടുന്നു. വൻ പോരാട്ടത്തിൽ കീഴടങ്ങുകയില്ലെന്നു വൈരാഗ്യബുദ്ധിയോടെ അവൻ തീരുമാനിക്കുന്നു. സ്വർഗ്ഗീയ രാജാവിനെതിരെ സർവശക്തിയുമുപയോഗിച്ചുള്ള ഒരു അന്തിമ പോരാട്ടത്തിനുള്ള സമയം വന്നിരിക്കുന്നു. ഉടനടിയുള്ള ഒരു യുദ്ധത്തിലേക്കു തന്റെ പ്രജകളെ സജ്ജമാക്കുവാൻ സാത്താൻ കോപാകുലനായി അവരുടെയിടയിൽ പറന്നു നടന്നു. എന്നാലവന്റെ വഞ്ചനയാൽ മത്സരികളായി മാറിയ ജനകോടികളിൽ ആരും തന്നെ ഇപ്പോൾ അവന്റെ നേതൃത്വം അംഗീകരിക്കാൻ തയ്യാറാല്ല. അവന്റെ അധികാരം അവസാനിച്ചിരിക്കുന്നു. സാത്താനെപ്പോലെതന്നെ ദുഷ്ടന്മാരും ദൈവത്തോടു ഭയങ്കരമായ വിദ്വേഷത്തിലാണു നില്ക്കുന്നത്. എന്നാൽ യഹോവയ്ക്കെതിരെ യുദ്ധം ചെയ്തു വിജയിക്കാൻ തങ്ങൾക്കാവില്ലെന്നും, തങ്ങളുടെ സ്ഥിതി ദയനീയമാണെന്നും അവർക്കറിയാം. സാത്താനോടും സാത്താന്റെ വഞ്ചനയിൽ ഏജന്റുമാരായി പ്രവർത്തിച്ചവരോടും അവർ എതിർത്തു. കോപാകുലരായ പിശാചുക്കളെപ്പോലെ അവർ അവരുടെ മേൽ ചാടി വീണതിന്റെ ഫലമായി, കൂടിവന്ന ജനങ്ങളുടെ ഇടയിൽ സർവ്വത്ര കലഹമായി.



അപ്പോൾ പ്രവാചകന്റെ വചനങ്ങൾ നിവൃത്തിയായി: "യഹോവയ്ക്കു സകലജാതികളോടും കോപവും അവരുടെ സർവ്വസൈന്യത്തോടും ക്രോധവും ഉണ്ട്; അവൻ അവരെ ശപഥാർപ്പിതമായി കൊല

യ്ക്കു ഏല്പിച്ചിരിക്കുന്നു" (യെശ. 34:2). "ദുഷ്ടന്മാരുടെ മേൽ അവൻ കെണികളെ വർഷിപ്പിക്കും; തീയും ഗന്ധകവും ഉഷ്ണക്കാറ്റും അവരുടെ പാനപാത്രത്തിലെ ഓഹരിയായിരിക്കും (സങ്കീ. 11:6).സ്വർഗ്ഗത്തിൽ നിന്നു ദൈവസന്നിധിയിൽ നിന്നു താഴേക്ക് തീയിറങ്ങി വരുന്നു. ഭൂമി പൊട്ടിപ്പിളർന്നു. ഭൂമിയുടെ ഉള്ളറകളിൽ ഒളിപ്പിച്ചു വെച്ചിരുന്ന ആയുധങ്ങൾ പ്രകൃതി പുറത്തെടുത്തു. വെണ്ണീറാക്കുന്ന അഗ്നിജ്വാലകൾ എല്ലായിടത്തും ഉയർന്നു കത്തുന്നു. പാറകൾപോലും കത്തിയുരുകുന്നു. "ചൂളപോലെ കത്തുന്ന ദിവസം" (മലാഖി 4:1) വന്നിരിക്കുന്നു. അതിശക്തമായ ചൂടിൽ കത്തിയഴികയും മൂലപദാർത്ഥങ്ങൾപോലും വെന്തുരുകി. ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും (2 പത്രൊസ് 3:10). ഭൂമിയുടെ ഉപരിതലം ഒരു ഉരുകിയ പ്രതലമായി കാണപ്പെട്ടു – അതി വിശാലമായ ഒരു അഗ്നിത്തടാകം. ദൈവത്തോടു മത്സരിച്ചവരുടെ ന്യായവിധിയുടേയും നാശത്തിന്റേയും നാഴികയാണിത് – "അതു യഹോവ പ്രതികാരം നടത്തുന്ന ദിവസവും സീയോന്റെ വ്യവഹാരത്തിൽ പ്രതിഫലം കൊടുക്കുന്ന സംവത്സരവും ആകുന്നു" (യെശ. 34:8).

അനുസരണംകെട്ടവർക്ക് അർഹിക്കുന്ന പ്രതിഫലം ഭൂമിയിൽ കിട്ടിക്കഴിഞ്ഞു. അവർ "താളടിയാകും; വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു" (മലാഖി 4:1). ചിലർ ഒരു നിമിഷത്തിനുള്ളിൽ നശിച്ചു പോയി, മറ്റുള്ളവർ ദിവസങ്ങളോളം കഷ്ടതയനുഭവിച്ചു. എല്ലാവർക്കും അവരുടെ പ്രവൃത്തികൾക്കനുസരിച്ചുള്ള ശിക്ഷ ലഭിച്ചു. സാത്താൻ ശിക്ഷിക്കപ്പെട്ടത്, സ്വന്തം മത്സരത്തിനു മാത്രമല്ല, ദൈവജനത്തേക്കൊണ്ടു ചെയ്യിച്ച സകല പാപങ്ങൾക്കും കൂടിയാണ്. അവൻ വഞ്ചിച്ചതായ ആളുകൾക്കു ലഭിച്ചതിനേക്കാൾ വളരെ വലുതായിരിക്കണമായിരുന്നു അവന്റെ ശിക്ഷ. അവന്റെ വഞ്ചനയാൽ പാപത്തിൽ വീണുപോയ എല്ലാവരും കത്തിച്ചാമ്പലായശേഷവും, അവൻ ജീവിച്ചിരുന്നു കഷ്ടപ്പെടണമായിരുന്നു. ശുദ്ധീകരിക്കുന്ന അഗ്നിയിൽ അനുസരണംകെട്ട സകലരും, ദുഷ്ടന്മാരും, അവസാനം വേരും കൊമ്പുമായി നശിച്ചുപോയി; സാത്താൻ എന്ന വേരും, അവന്റെ അനുയായികളാകുന്ന കൊമ്പുകളും. ദൈവത്തിന്റെ നീതി പൂർത്തിയായി, വിശുദ്ധന്മാരും മാലാഖമാരും അത്യുച്ചത്തിൽ പറഞ്ഞു, ആമേൻ.

ദൈവത്തിന്റെ പ്രതികാരാഗ്നിയിൽ ഭൂമി മൂടപ്പെട്ടപ്പോൾ, വിശുദ്ധന്മാർ വിശുദ്ധ നഗരത്തിൽ സുരക്ഷിതരായിരുന്നു. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവരുടെമേൽ രണ്ടാം മരണത്തിന് അധികാരമില്ല (വെളി. 20:6). അനുസരണംകെട്ടവർക്കു യഹോവ ദഹിപ്പിക്കുന്ന അഗ്നിയായിരിക്കുമ്പോൾ, തന്റെ ജനത്തിന് അവൻ സൂര്യനും പരിചയും ആകുന്നു (സങ്കീ. 84:11). ●

അദ്ധ്യായം - 15

# പുതിയ ആരംഭം

“ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി”(വെളി. 21:1). ദുഷ്ടന്മാരെ ചാമ്പലാക്കിയ അഗ്നി ഭൂമിയെ ശുദ്ധീകരിച്ചു. ശാപത്തിന്റെ എല്ലാ അടയാളങ്ങളും തൂത്തുമാറ്റി. പാപത്തിന്റെ ഭയാനകമായ ഫലമെന്ന നിലയിൽ നിത്യമായി കത്തുന്ന ഒരു നരകാഗ്നി രക്ഷിക്കപ്പെട്ടവരുടെ മുമ്പിൽ ഇല്ല. ഒരേയൊരു ഓർമ്മസ്തംഭം മാത്രം നിലനില്ക്കുന്നു: നമ്മുടെ രക്ഷിതാവു തന്റെ ക്രൂശീകരണത്തിന്റെ അടയാളം എപ്പോഴും തന്റെ ശരീരത്തിൽ സൂക്ഷിക്കും. അവന്റെ മുറിവേറ്റ തലയും ശരീരവും കൈകാലുകളും മാത്രമായിരിക്കും; പാപത്തിന്റെ ക്രൂരതയെക്കുറിച്ച് ഓർമ്മിക്കുവാനുള്ള അടയാളങ്ങൾ.



“നീയോ, ഏദെർ ഗോപുരമേ, സീയോൻ പുത്രിയുടെ ഗിരിയേ, നിനക്കുവരും: പൂർവ്വാധിപത്യം, യെരൂശലേം പുത്രിയുടെ രാജത്വം തന്നെ, നിനക്കുവരും” (മീഖാ 4:8). പാപത്താൽ അടിയറവെച്ച രാജ്യം, ക്രിസ്തു വീണ്ടെടുത്തു, വീണ്ടെടുക്കപ്പെട്ടവർ അവനോടൊപ്പം അത് അവകാശപ്പെടുത്തും. “നീതിമാന്മാർ ഭൂമിയെ അവകാശമാക്കി എന്നേക്കും അതിൽ വസിക്കും” (സങ്കീ. 37:29). വിശുദ്ധന്മാരുടെ അവകാശത്തേക്കുറിച്ചു പലർക്കും തെറ്റിദ്ധാരണകളുണ്ട്. യഥാർത്ഥമായതിനെ ആത്മീയ അർത്ഥത്തിൽ വളച്ചൊടിക്കാനും ശ്രമിക്കാറുണ്ട്. എന്നാൽ പുതിയ ഭൂമിയെ വീണ്ടെടുക്കപ്പെട്ടവരുടെ ഭവനമായിട്ടാണു ദൈവത്തിന്റെ വചനം കാണിച്ചുതരുന്നത്. ക്രിസ്തു തന്റെ ശിഷ്യന്മാർക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു എന്നുറപ്പുകൊടുത്തു. ദൈവവചനത്തിലെ ഉപദേശങ്ങളെ മുറുകെ പിടിക്കുന്നവർ അവരുടെ സ്വർഗ്ഗീയ ഭവനത്തെക്കുറിച്ച് അജ്ഞരായിരിക്കില്ല. അപ്പൊസ്തലനായ പൗലൊസ് പ്രഖ്യാപിക്കുന്നത്, “ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നിയിട്ടു

മില്ല" (1 കൊരി. 2:9). എന്നാകുന്നു. നീതിമാന്മാരുടെ പ്രതിഫലം വർണ്ണിക്കുവാൻ മാനുഷിക ഭാഷകൾക്കു ശേഷിയില്ല. അത്, യഥാർത്ഥമായി കാണുന്നവർക്കു മാത്രമേ മനസ്സിലാകുകയുള്ളൂ. ദൈവത്തിന്റെ പറുദീസയുടെ മഹത്വം ഒരു മർത്യമനസ്സിനും ഉൾക്കൊള്ളാൻ സാദ്ധ്യമല്ല.

രക്ഷിക്കപ്പെട്ടവരുടെ അവകാശത്തെ ഒരു രാജ്യമെന്നാണു ബൈബിൾ വിവരിക്കുന്നത്. (എബ്രാ. 11:14-16). അവിടെ വലിയ ഇടയൻ തന്റെ ആട്ടിൻകൂട്ടത്തെ ജീവജലത്തിന്റെ ഉറവകളിലേക്കു നയിക്കുന്നു. ജീവവൃക്ഷം ഓരോ മാസവും അതതു ഫലം കായിക്കുന്നു, വൃക്ഷത്തിന്റെ ഇലകൾ ജാതികളുടെ രോഗശാന്തിക്കുതകുന്നു.

## പുതിയ യെരൂശലേം

'ദൈവത്തിന്റെ മഹത്വം തന്റെ പ്രകാശമായിരിക്കുന്നു" പുതിയ യെരൂശലേം അവിടെയുണ്ട്. "അതിന്റെ ജ്യോതിസ്സ് ഏറ്റവും വിലയേറിയ രത്നത്തിനു തുല്യമായി സ്ഫടിക സ്വച്ഛതയുള്ള സൂര്യകാന്തംപോലെ ആയിരുന്നു." (വെളി. 21:11). കർത്താവു പറയുന്നു: "ഞാൻ യെരൂശലേമിനേക്കുറിച്ചു സന്തോഷിക്കയും എന്റെ ജനത്തെക്കുറിച്ച് ആനന്ദിക്കയും ചെയ്യും" (യെശ. 65:19). "ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീർ എല്ലാം തുടച്ചു കളയും. ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല; ഒന്നാമത്തേതു കഴിഞ്ഞുപോയി" (വെളി. 21:3,4).

ദൈവത്തിന്റെ നഗരത്തിൽ "രാത്രി ഉണ്ടാകയില്ല"ആർക്കും വിശ്രമം ആവശ്യമില്ല, ആഗ്രഹിക്കയുമില്ല. ദൈവത്തിന്റെ ഹിതം പ്രവൃത്തിക്കുന്നതിനും അവന്റെ നാമത്തിനു സ്തുതിയർപ്പിക്കുന്നതിനും യാതൊരു ക്ഷീണവും അനുഭവപ്പെടുകയില്ല. എല്ലായ്പ്പോഴും നമുക്കു പ്രഭാതത്തിന്റെ ഉന്മേഷം അനുഭവപ്പെടും, സന്ധ്യയിൽ നിന്നു നാമെപ്പോഴും അകലെയായിരിക്കും. "ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നതുകൊണ്ടു വിളക്കിന്റെ വെളിച്ചമോ സൂര്യന്റെ വെളിച്ചമോ അവർക്ക് ആവശ്യമില്ല" (വെളി. 22:5). സൂര്യന്റെ പ്രകാശത്തെ മൂടിക്കളയുന്ന മറ്റൊരു പ്രകാശം, എന്നാലതു കണ്ണിനു വിഷമമുണ്ടാക്കുന്നില്ല, എങ്കിലും അതു മദ്ധ്യാഹ്നസൂര്യന്റെ പ്രകാശത്തെക്കാൾ അനേകം മടങ്ങായിരുന്നു. കുഞ്ഞാടിന്റെയും ദൈവത്തിന്റെയും മഹത്വം വിശുദ്ധ നഗരത്തിൽ അസ്തമിക്കാത്ത പ്രകാശമായിരിക്കുന്നു. വീണ്ടെടുക്കപ്പെട്ടവർ രാത്രിയില്ലാത്ത നഗരത്തിൽ ദൈവത്തിന്റെ മുഖശോഭയിൽ നടക്കുന്നു.

“മന്ദിരം അതിൽ കണ്ടില്ല; സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ മന്ദിരം ആകുന്നു”(വെളി. 21:22). പിതാവിനോടും പുത്രനോടും തുറന്ന കൂട്ടായ്മ ആചരിക്കാൻ ദൈവജനത്തിന് അവകാശം ലഭിക്കുന്നു. “ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു; അപ്പോൾ മുഖാമുഖമായി കാണും” (1 കൊരി. 13:12). പ്രകൃതിയിലും, തന്റെ ജനത്തോടുള്ള ദൈവിക ഇടപെടലിലും, നമ്മൾ ദൈവത്തിന്റെ പ്രതിബിംബം ഒരു കണ്ണാടിയിലെന്നപോലെ ഇപ്പോൾ കാണുന്നു. എന്നാൽ അന്നു നമ്മൾ യാതൊരു മറയുമില്ലാതെ ദൈവത്തെ മുഖാമുഖം കാണും. നമ്മൾ അവന്റെ സന്നിധിയിൽ നിന്നുകൊണ്ട് അവന്റെ മുഖത്തെ തേജസ്സു നോക്കിക്കാണും.



സൃഷ്ടിപ്പിൻ ശക്തിയുടെ അത്ഭുതങ്ങളും, വീണ്ടെടുപ്പിൻ സ്നേഹത്തിന്റെ മർമ്മങ്ങളും. അവരുടെ അമർത്യമായ മനസ്സുകൾ, ഒരിക്കലും ഒളിമങ്ങാത്ത താല്പര്യത്തോടെ പഠിച്ചുകൊണ്ടിരിക്കും. ദൈവത്തെ മറക്കാൻവേണ്ടി നമ്മെ പരീക്ഷിക്കാൻ ക്രൂരനും വഞ്ചകനുമായ ശത്രു അവിടെയില്ല. എല്ലാ കഴിവുകളും വളർന്നുകൊണ്ടിരിക്കും, എല്ലാ ശേഷികളും വർദ്ധിക്കും.അറിവു സമ്പാദനം മനസ്സിനെ ക്ഷീണിപ്പിക്കുകയോ, ഊർജ്ജം നഷ്ടപ്പെടുത്തുകയോ ചെയ്യുകില്ല. അവിടെ ഏറ്റവും മഹത്വമേറിയ പ്രയത്നങ്ങൾ നിർവ്വഹിക്കപ്പെടും, ഏറ്റവും ഉന്നതമായ ആഗ്രഹങ്ങൾ നിവർത്തിക്കപ്പെടും, സുന്ദരമായ അഭിരുചികൾ പൂർത്തീകരിക്കപ്പെടും; എങ്കിലും പുതിയ ഉയരങ്ങൾ കീഴടക്കുവാൻ ബാക്കിയുണ്ടാവും, അഭിനന്ദിക്കുവാൻ പുതിയ അത്ഭുതങ്ങൾ, ഗ്രഹിക്കുവാൻ പുതിയ സത്യങ്ങൾ, ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും കഴിവുകളെ പുറത്തെടുക്കുവാൻ പുതിയ വസ്തുക്കൾ.

നിത്യതയുടെ ആണ്ടുകൾ മുന്നോട്ടു പോകുമ്പോൾ, ദൈവത്തെക്കുറിച്ചും ക്രിസ്തുവിനെക്കുറിച്ചും കൂടുതൽ ധന്യമായ അറിവുകളും കൂടുതൽ മഹത്വകരമായ വെളിപ്പെടുത്തലുകളുമുണ്ടാകും. അറിവു വർദ്ധിക്കുന്നതുപോലെ; സ്നേഹവും, ഭയഭക്തിയും, സന്തോഷവും വർദ്ധിക്കും. ജനങ്ങൾ ദൈവത്തെക്കുറിച്ചു കൂടുതൽ അറിയുന്തോറും, അവർ അവന്റെ

സ്വഭാവത്തെ കൂടുതൽ അഭിനന്ദിക്കും. വീണ്ടെടുപ്പിന്റെ ധനവും, സാത്താനുമായുള്ള പോരാട്ടത്തിൽ കൈവരിച്ച അത്ഭുതകരമായ നേട്ടങ്ങളും, യേശു അവരുടെ മുമ്പാകെ തുറന്നു കാണിക്കുമ്പോൾ, വീണ്ടെടുക്കപ്പെട്ടവരുടെ ഹൃദയങ്ങൾ ശക്തമായ സമർപ്പണത്തിൽ മിടിക്കുന്നു. അവരുടെ കൈവിരലുകൾ സ്വർണ്ണമണി വീണയിൽ ശക്തമായി അമരുന്നു. അത്യുച്ചത്തിൽ സ്തുതിഗീതം പാടുവാൻ ആയിരമായിരവും പതിനായിരം പതിനായിരവും ശബ്ദങ്ങൾ ഒരുമിച്ചു ചേരുന്നു.

"സ്വർഗ്ഗത്തിലും, ഭൂമിയിലും, ഭൂമിക്കു കീഴിലും, സമുദ്രത്തിലും ഉള്ള സകല സൃഷ്ടിയും അവയിലുള്ളത് ഒക്കെയും; സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ എന്നു പറയുന്നതു ഞാൻ കേട്ടു" (വെളി. 5:13).

പാപവും പാപികളും ഇനി ഇല്ല. ദൈവത്തിന്റെ അഖിലാണ്ഡം മുഴുവനും ശുദ്ധീകരിക്കപ്പെട്ടു. വൻവിവാദം എന്നെന്നേക്കും അവസാനിച്ചു.